The extension and strengthening of the runway of Cochin Air Port has been completed. The Indian Airlines has plans to introduce Boeing Flights to Cochin from Bombay and also from Cochin to Bombay in this 1979 summer schedule. But this plan had to be put off because of the inadequacy of additional passenger terminal facilities, like taxi parking, etc. It has been sanctioned and likely to be taken up shortly. അതിനുശേഷം 19-10-1979-ന് ഇൻഡ്യൻ എക്സ്പ്രസിൽ വന്ന റിപ്പോർട്ട് എന്താണെന്നു വച്ചാൽ 22-10-1979-ന് 10 മണിക്ക് വിമാനം ഇവിടെവരുമെന്നും തിരിച്ചു മൂന്നുമണിക്ക് ബോംബേയിലേക്ക് പോകുമെന്നും ആയിരുന്നു. അതിനെ ത്തുടർന്ന് ഇൻഡ്യാഗവൺമെൻറിലെ ഉദ്യോഗസ്ഥന്മാരുമായി ബന്ധ പ്പെട്ടു. അപ്പോഴം അവർ പറഞ്ഞത് രണ്ടാഴ്ചക്കുള്ളിൽ അത് ഏർപ്പെടുത്തു വാൻ സാധിക്കുമെന്നാണ് അറിയിച്ചിരുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ, കേന്ദ്രഗവൺമെൻറ് നൽകിയ വാഗ്ദാനം പാലിക്കുകയുണ്ടായില്ലാ എന്ന കാര്യം ഖേദപൂർവ്വം പറയുകയാണ്. ഈ കാര്യത്തെക്കുറിച്ച് ഇപ്പോഴം നേരിട്ട് എഴുതിയിട്ടുണ്ട്. താമസം വിനാ അതുണ്ടാകുമെന്നാണ് ഗവൺ മെൻറ് വിശ്വസിക്കുന്നത്.

IV. പ്രസ്താവന

പാറശ്ശാലയിൽ പൊഴിയൂർ-കൊല്ലങ്കോട് പ്രദേശത്ത് പടർന്നുപിടിച്ചിരിക്കുന്ന വയറ്റിളക്കവും ഛർദ്ദിയും സംബന്ധിച്ച് ശ്രീ. എം. സത്യനേശൻ ചെയ്ത പ്രസ്താവന

ശ്രീ. എം. സത്യനേശൻ: സർ, പാറശ്ശാല നിയോജകമണ്ഡലത്തിൽ പ്പെട്ട പൊഴിയൂർ-കൊല്ലങ്കോട് പ്രദേശത്ത് രണ്ടുമൂന്നു ആഴ്ചക്കാലമായി വയറ്റിളക്കവും ഛർദ്ദിയും അതിസാരവും പടർന്നു പിടിച്ചിരിക്കുക യാണ്. അതിന്റെ ഫലമായി രണ്ടാളുകൾ മരണപ്പെടുകയും 150 ഓളം ആളുകൾ ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയുമാണ്. ഇതേവരെ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും യാതൊരുവിധ സഹായവും ലഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായും ഗവൺമെൻറിന്റെ ഭാഗത്തുനിന്നും വേണ്ട ദുരിതാശ്വാസനടപടി കൈക്കൊള്ളണം. ഇതിനെ വേണമെങ്കിൽ പട്ടിണി മരണം എന്നുതന്നെ പറയാം. അതുകൊണ്ട് അവിടെ ഫ്റീ റേഷൻ കൊടു ക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഈ കാര്യം ഇപ്പോ ഴാണ് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടത്. ആരോഗ്യവകുപ്പിനെ കൊണ്ട് നടപടിയെടുക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്. ഫ്റീ റേഷനെ സംബന്ധിച്ച് ഇപ്പോഴം വാഗ്ദാനം നൽകുവാൻ കഴിയുകയില്ല.

V. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗം തുടങ്ങുന്ന തിനുമുൻപായി ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് ഒരു കാര്യം പറയാ നുണ്ട്. ഈ ബില്ലിന്റെ പൊതുചർച്ചക്ക് 11 മണിക്കൂർ ആണ് നിശ്ചയി ച്ചിട്ടുള്ളത്. ഇന്നലെ 5 മണിക്കൂർ വിനിയോഗിച്ചു കഴിഞ്ഞു. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള സമയം കൊണ്ട് ഇനി സംസാരിക്കുവാനുള്ള അംഗങ്ങൾ സംസാരിച്ചു തീർത്താൽ നാളെ ഒരുമണിക്കൂർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാൻ കഴിയും. എല്ലാ പാർട്ടിയിലുംപെട്ട ഓരോ അംഗങ്ങൾ വീതം പ്രസംഗിച്ചു കഴിഞ്ഞതിനുശേഷം മാത്രമേ അതേ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളെ പ്രസംഗിക്കുവാൻ ക്ഷണിക്കുകയുള്ളു. ബഹുമാനപ്പെട്ട അംഗങ്ങൾ ഈ വസ്തുതകൾ മാനിച്ചുകൊണ്ട് കഴിയുന്നതും സഹകരിക്കുകയും ചുരുക്കി സംസാരിക്കുവാൻ ശ്രമിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഇന്നലെ എല്ലാപാർട്ടിയിലുംപെട്ട ഓരോരുത്തർക്ക് സംസാരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇനിയും നാലു പാർട്ടിക്കാർ സംസാരിക്കുവാനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ കാര്യം സമ്മതിക്കുമോയെന്ന് സംശയമുണ്ട്. നാളെ (വെള്ളിയാഴ്ച) കൂടി ഇതിന്റെ ഡിസ്ക്കഷൻ വയ്ക്കുന്നത് സൗകര്യം ആയിരിക്കും.

മി. സ്പീക്കർ: ഈ കാര്യം ബിസിനസ് അഡ്വൈസറി കമ്മിറ്റി അവഗാഢമായി ചിന്തിച്ചതിനുശേഷം എടുത്ത തീരുമാനമാണ്.

ശ്രീ. ടി. എ. മജീദ്: അങ്ങനെ തീരുമാനിച്ചതിനുശേഷം ഉണ്ടായ അനുഭവമെന്താണ്. ഓരോപാർട്ടിയിൽ നിന്നും ഓരോരുത്തർക്കുപോലും ഇന്നലെ സംസാരിക്കുവാൻ കഴിഞ്ഞില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്തകാര്യം ഇവിടെ പറയുന്നത് മര്യാദകേടാണ്. എങ്കിലും ഇത് ചൂണ്ടിക്കാണിച്ചുവെന്നേയുള്ളു. ജനറൽ ഡിസ്ക്കഷന് ഒരു ദിവസം കൂടി എടുക്കുവാൻ സാധിക്കുമോയെന്നുള്ളതിനെകുറിച്ച് ആലോചിക്കേണ്ടതാണ്. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിക്കുവാൻ ധാരാളം ആളുകാരുണ്ട്. അതുകൊണ്ട് ആ കാര്യം ഒന്നുകൂടി കൺസിഡർ ചെയ്യണം എന്നുള്ളതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: എല്ലാവരും സഹകരിക്കുകയാണെങ്കിൽ വിചാരിച്ച മാതിരി പോകാൻ കഴിയും.

ശ്രീ. ഇ. പി. ഗോപാലൻ: ഈ ബില്ലിലെ മൂന്നാം വകുപ്പിനെ സംബന്ധിച്ചാണ് ഇന്നലെ സംസാരിച്ചുകൊണ്ടിരുന്നത്. മൂന്നാം വകുപ്പിൽ 6 (സി) എന്ന പേരിൽ നിൽക്കുന്ന വകുപ്പ്, ഒരു പുതിയ വകുപ്പാണ്. 1964-നുശേഷം പുതിയ കുടിയായ്മ ഉണ്ടാകാൻ പാടില്ലെന്ന് അതുത്തുമുറിച്ച് ഒരു വകുപ്പ് നിലവിലുള്ള നിയമത്തിലുണ്ട്. അതിന്റെ കാരണവും ഞാൻ ഇന്നലെ വിശദീകരിക്കുകയുണ്ടായി. ഇത്തരം ഒരു നിയമത്തിൽ അത്തരം ഒരു വകുപ്പ് അനുപേക്ഷണീയമാണ്. 1969-ൽ ഇന്നത്തെ ചില അനുഭവങ്ങൾവച്ച് ഈ വകുപ്പിന് ചെറിയ ഭേദഗതി അനുവദിച്ചു. 1970 ജനുവരി ഒന്നാം തീയതി ആയപ്പോൾ 72-ാം വകുപ്പ് അടക്കമുള്ള എല്ലാ വകുപ്പുകളും ഒറ്റയടിക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്നതിന്റെ മദ്ധ്യേ പത്തുകൊല്ലം തികയാറായ ഈ ഘട്ടത്തിൽ പരിധി നിർണ്ണയം, മിച്ചഭൂമി കണ്ടെത്തൽ, ഭൂമിയില്ലാത്ത ആളുകൾക്ക് കൊടുക്കൽ എന്ന ആ പ്രക്രിയയ്ക്ക് പരമാവധി അപകടം ചെയ്യുന്ന തരത്തിലുള്ള ഒരു അണപൊട്ടിച്ച് ഇറക്കുകയാണ് ചെയ്തത്. സാധാരണഗതിയിൽ ഈ പ്രശ്നങ്ങളുമായി വളരെ അടുത്ത് ബന്ധമില്ലാത്ത ആളുകൾക്ക് ഇതിന്റെ ആപത്ത് മനസ്സിലായിയെന്നുവരില്ല. ഈ ഭേദഗതികളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഒരു അണ പൊട്ടിക്കുന്ന സ്വഭാവമാണ് ഞാൻ കാണുന്നത്. ബഹുമാനപ്പെട്ട സുഹൃത്ത് ജേക്കബ് പറഞ്ഞതുപോലെ ഒരു വാഴവെട്ടി തടുക്കുന്ന പ്രതീതിയാണ് അതിനുള്ള പ്രൊവൈസോകൊണ്ടുള്ളത്. അത് തടയാനുള്ള ശ്രമമുണ്ട്. പക്ഷെ അതുകൊണ്ട് പറ്റുകയില്ല. പ്രസിദ്ധീകരിക്കപ്പെട്ട ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് "......on the basis of a lease deed executed after the 1st day of April 1964, shall be deemed to be a tenant" എന്നാണ്. അതിൽ ഡീഡ് എക്സിക്യൂട്ടഡ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള ഒരു രേഖ ഇതിന് അത്യാവശ്യമാണ്. പുതിയതായിട്ടുള്ള കുടിയായ്മ അംഗീകരിച്ച് കിട്ടുന്നതിന്, എന്നാൽ ശ്രീ. സി. എച്ച്. മുഹമ്മദുകോയ നൽകിയിരിക്കുന്ന ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് " ....on the basis of a lease granted after the 1st day of April 1964 shall be deemed to be a tenant" എന്നാണ്. സാധാരണ നിയമജ്ഞന്മാർക്കും ഇംഗ്ലീഷ് ഭാഷ പരിചയമുള്ള ആളുകൾക്കും ഇതിന്റെ വ്യത്യാസം അത്രവളരെ കൃത്യമായി മനസ്സിലാവുകയില്ല. ലീസ് എക്സിക്യൂട്ടഡ് എന്നും ലീസ് ഗ്രാന്റഡ് എന്നും ആണ് പറഞ്ഞിരിക്കുന്നത്. ലീസ് ഗ്രാന്റഡ് എന്നു പറഞ്ഞാൽ വാക്കാൽ എന്നാണ്. വാക്കാൽ കുടിയായ്മ അംഗീകരിക്കുമെന്നുണ്ടെങ്കിൽ 1964-നുമുമ്പ് ആക്കാൻ ഒരു പ്രയാസവുമില്ല. 1964-നുമുമ്പുള്ള കുടിയായ്മക്ക് യാതൊരു കുഴപ്പവുമില്ലല്ലോ? 1970 ജനുവരി ഒന്നാം തീയതിക്കു ശേഷം തങ്ങളുടെ കൈവശമുള്ള മിച്ചഭൂമി എങ്ങനെ രക്ഷപ്പെടുത്തണമെന്ന് ആലോചിച്ച് നടന്ന ആളുകളെ നമ്മൾ കണ്ടിട്ടില്ലേ. അത്തരക്കാർക്കു മാന്യമായ പ്രതിഫലത്തിന്റെ പേരിൽ തക്കതായ ഉപദേശം നൽകാൻ വിദഗ്ദ്ധന്മാരായ വക്കീലന്മാർ നമ്മുടെ രാജ്യത്തുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ പത്തുകൊല്ലം തികയാൻ പോവുകയാണ്. ഇത് അറിഞ്ഞില്ലെന്നും കേട്ടില്ലെന്നും കണ്ടില്ലെന്നുമൊക്കെ പറയുന്നതും നടിക്കുന്നതും ശരിയല്ല. പരിധിനിർണ്ണയംവഴി മിച്ചഭൂമി കൈവിട്ടുപോകാതിരിക്കാൻവേണ്ടി ചെയ്തുകൂട്ടിയ സാഹസങ്ങളുടെ പട്ടിക ഇവിടെ നിരത്തിവയ്ക്കാൻ പറ്റുകയില്ല. അത്ര വലിയ പട്ടികയാണ്. വളരെ വിപുലമായ തോതിൽ അതിനുള്ള പരിശ്രമം നടന്നിട്ടുണ്ട്. അതിൽ കുറച്ച് പാവപ്പെട്ട ആളുകളും പെട്ടുപോയിട്ടുണ്ട്. പത്തും പതിനഞ്ചും മുപ്പതും സെന്റ് വെറും പറമ്പുള്ളവരുണ്ട്. മലബാർ ഭാഗത്ത് പുല്ല് മുളയ്ക്കുന്നതോ മുളയ്ക്കാത്തതോ ആയ ഒരേക്കർ ഭൂമി എന്നു പറഞ്ഞാൽ അത്ര വലിയ കാര്യമൊന്നുമില്ല. ഒരു വീടുകെട്ടി താമസിക്കുന്നതിനുള്ള സ്ഥലം പാവപ്പെട്ട ആളുകൾ പണം കൊടുത്ത് വാങ്ങിച്ചിട്ടുണ്ട്. അനുകമ്പാപൂർവ്വമായ വഴിയിൽകൂടിയാണ് അനുകമ്പ അർഹിക്കാത്തവരുടെ പ്രവാഹം. അനുകമ്പയർഹിക്കാത്തവർ എന്ന് ഞാൻ പറയുന്നത് അറിഞ്ഞുകൊണ്ടുതന്നെ പണം കൊടുത്തോ അല്ലാതെയോ ധാരാളം ഭൂമിയുള്ളവരുടെ കയ്യിൽനിന്ന് ഭൂമി വാങ്ങിച്ച് കൈവശം വച്ച് ഭേഹണ്ഡിച്ചിട്ട് വില്പന നടത്തിയിട്ടുള്ള വീരന്മാരുണ്ട്. ഒന്നും രണ്ടും കൈമാറ്റം നടന്നിട്ടുണ്ട്. അതൊക്കെ വ്യാപാരമാക്കിയിട്ടുള്ള ആളുകളുണ്ട്. ഇതിനൊക്കെ നിയമപ്രാബല്യം കിട്ടാനുള്ള ശ്രമം നമ്മൾ നടത്തുന്നുണ്ട് അതിനുള്ള കെൽപ്പും കോപ്പും ഞങ്ങളുടെ കയ്യിലുണ്ടെന്ന് അവർ പറഞ്ഞ് നടക്കുന്നുമുണ്ട്. ഇതൊക്കെ മനസ്സിലാക്കണം. അങ്ങനെയാണ് ഈ വിഭാഗക്കാരായിട്ടുള്ള ആളുകൾ ഈ പഴുതിൽക്കൂടി കയറിയിട്ട് ഇപ്പോൾ കുടിയായ്മാവകാശം സമ്പാദിക്കാൻ പോകുന്നത്. കുടിയായ്മാവകാശം സമ്പാദിക്കുന്നതിനുള്ള ബില്ലിന്റെ വകുപ്പുകളുടെ ചർച്ച നടന്ന സമയം ഞാൻ ഓർക്കുകയാണ്. എന്ത് എതിർപ്പായിരുന്നുവെന്ന് അറിയാമോ? ഞാൻ ഈ സഭയിൽതന്നെ പറഞ്ഞിട്ടുണ്ട് കാലാകാലമായി കൃഷിക്കാർ കൈവശംവച്ചുവരുന്ന സ്ഥലം വാക്കാൽ അല്ല കൂവി

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചു ഏൽപ്പിച്ചാൽ അത് അംഗീകരിക്കണമെന്ന്. രാമാ നിന്നെ ആ സ്ഥലം ഏല്പിച്ചിരിക്കുന്നുവെന്ന് കൃവി വിളിച്ച് ഏല്പിച്ചതു പോലും കൈവശമാണ്. അത് കൈവശമായി അംഗീകരിക്കണം. അങ്ങനെ അംഗീകരിപ്പിച്ച് കിട്ടുമെന്നുള്ള അടിസ്ഥാനത്തിലാണ് കൃഷിക്കാരൻ അത് വാങ്ങിച്ചത്. 10 കൊല്ലം മുമ്പ് ആ നിയമങ്ങൾ ഇവിടെ നടപ്പാക്കുകയും ചെയ്തിരിക്കുകയാണ്. അന്നൊന്നുമില്ലാത്ത ഈ കൈവശക്കാരൻ വന്നുകയറിയത് ഏതു വഴിക്കാണ്. നേരായ വഴിക്കല്ല, വാസ്തവത്തിൽ ആ ഭൂമി പോയി ചേരേണ്ടത് ഭൂമി ഇല്ലാത്തവർക്കാണ്. നിയമപരമായി ഇപ്പോൾ അതിൽപ്പെട്ടുപോയവർക്കും കിട്ടാനുള്ള അവകാശം ഉണ്ട്. നിർഭാഗ്യവശാൽ ആ വഴി സ്വീകരിക്കാൻ അവർക്കു കഴിയില്ല. പല കാരണവശാലും മറ്റു മാർഗ്ഗത്തിലാണ് തിരിഞ്ഞത്. അങ്ങനെ അനർഹമായ കൈകളിൽ ഭൂമി അടിഞ്ഞുകൂടിയിരിക്കുകയാണ്. ഞാൻ പറയുന്നത് ഈ പ്രശ്നത്തിന്റെ കാര്യത്തിൽ വീണ്ടും നിയമനിർമ്മാണം വേണ്ടിവരും എന്നാണ്. ഇതിൽ രക്ഷകിട്ടേണ്ടുന്ന ഒരു വിഭാഗം ഉണ്ടെന്നു മനസ്സിലാക്കണം. എന്നാൽ ഇപ്പോൾ മുന്തിനിൽക്കുന്നത് ആ വിഭാഗമല്ല. ഇത് അറിഞ്ഞുകൊണ്ടുതന്നെ വിശേഷിച്ചും വടക്കൻ ഭാഗങ്ങളിൽപോയി ധാരാളം ഭൂമി വാങ്ങി, ഇപ്പോൾ ആ വാങ്ങിയവരുടെ കൈയിൽ ഉണ്ടെന്നെനിക്കു വിശ്വാസമില്ല—അവർ കച്ചവടം ചെയ്ത് മൂന്നാമതും നാലാമതും കച്ചവടം നടത്തി മറ്റുള്ളവരുടെ കൈവശം എത്തിയിട്ടുണ്ട്; അവർ നിരപരാധികളാണ്. ഏതായാലും അപരാധത്തിന്റേയും നിരപരാധിത്വത്തിന്റേയും പ്രശ്നങ്ങൾ ഭൂപരിഷ്ക്കരണ നിയമത്തിന്റെ മുമ്പിൽവച്ച് തീരുമാനിക്കാൻ സാദ്ധ്യമല്ല. സാധിച്ചാൽ ഒരുപാടുകാര്യങ്ങളിൽ കുഴപ്പം വരുമെന്നു മാത്രമല്ല ഞാൻ ഇന്നലെ സൂചിപ്പിച്ച പ്രധാനമായ ഒരു പ്രശ്നം കാർഷിക പരിഷ്ക്കരണത്തിന്റെ ബാക്കി ഭാഗങ്ങളുംകൂടി കഴിയും വേഗത്തിൽ അവസാനിപ്പിക്കുക എന്നുള്ളതിന് തടസ്സം നിൽക്കും. ഇതിന്റെ പ്രത്യാഘാതം വിശേഷിച്ചും lease granted എന്നുള്ള ഭേദഗതികൂടി ചേർത്ത് നോക്കുന്ന അവസരത്തിൽ എത്രയാണ് അതിന്റെ അപകടങ്ങൾ വരിക എന്ന് ന്യായമായി ഞാൻ ഭയപ്പെടുന്നു. മറ്റൊരു പ്രശ്നം ഈ "ലീസ് ഡീഡ് എക്സിക്യൂട്ടഡ്" എന്നുള്ളതിന് അനുവാദം കൊടുക്കേണ്ടവർ "ലീസ് ഗ്രാൻറഡിന്" അനുവാദം തരുമോ എന്ന് ചോദിക്കേണ്ടതുണ്ടോ എന്നും എനിക്കറിഞ്ഞുകൂടാ. ഞാൻ ഭരണഘടനാ വിദഗ്ദ്ധനല്ലാത്തതുകൊണ്ട് ഭരണഘടനയിലുള്ള വൈഷമ്യം നോക്കിയിട്ടല്ല പറയുന്നത്. "ലീസ് ഡീഡ് എക്സിക്യൂട്ടഡ്" എന്നുള്ളതിനാണല്ലോ ഇപ്പോൾ അനുവാദം സിദ്ധിച്ചിട്ടുള്ളത്. അതു മാറ്റി "ലീസ് ഗ്രാൻറഡ്" എന്നുള്ളതിന് ഈ തിരക്കിൽ അനുവാദം കൂടാതെ കഴിയുമെങ്കിൽ ആയതിനൊന്നും ഞാൻ വലിയ പരിശുദ്ധിയൊന്നും കൽപിക്കാത്ത ആളാണ്. ആ മാതിരി പ്രശ്നങ്ങൾ ഉണ്ട്. പക്ഷേ ഇംപ്ലിക്കേഷൻ വളരെ വിപുലമാണ്, വളരെ ആപൽക്കരമാണ് എന്ന് ഈ അവസരത്തിൽ ഞാൻ വളരെ ഉറപ്പിച്ചു പറയുകയാണ്. ഈ ക്ലാസ് മൂന്നിനും ക്ലാസ് പതിനൊന്നിനും ചില ഭേദഗതികളൊക്കെ കൊടുക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, കൊടുത്ത ഭേദഗതികളെപ്പറ്റിപ്പോലും ആലോചിക്കുമ്പോൾ നിൽക്കക്കള്ളി ഇല്ല. ഈ ക്ലാസ് എടുത്തുകളയുകയല്ലാതെ തൽക്കാലം യാതൊരു രക്ഷയുമില്ല. പുതുതായി ഭൂമി കൈവശം ലഭിച്ച പാവപ്പെട്ടവരുടെ കാര്യത്തിൽ ദയ തോന്നുന്ന ആളുകൾ ഉണ്ട്; ദുഃഖം തോന്നുന്ന ആളുകൾ ഉണ്ട്. അവരെ ഒഴിപ്പിക്കപ്പെട്ടാലത്തെ സ്ഥിതി എന്താകും എന്നൊക്കെ വളരെയധികം വൈഷമ്യം കാണിക്കുന്ന ആളുകൾ ഈ ഭൂപരിഷ്ക്കരണനിയമം എന്ന പ്രക്രിയയിൽ സ്വാഭാവികമായും മിച്ചഭൂമിയെടുത്ത് അർഹതപ്പെട്ട ആളുകൾക്ക് കൊടുക്കുക എന്ന ആ നടപടിക്രമത്തിന് വിഘാതം നിൽക്കുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തെ സംബന്ധിച്ചൊന്നും അപ്പോഠം ആലോചിക്കുന്നില്ല. അതു കൊണ്ട് അതിന് സഹായകരമായ വിധത്തിൽ ആളുകാക്ക് ആ മേഖലയിൽ എടുത്തുകൊടുക്കാവുന്ന മിച്ചഭൂമി ഇനത്തിൽപ്പെട്ട ഭൂമി ഉണ്ടെങ്കിൽ അതെടുത്തു കൊടുക്കാവുന്ന നടപടികളെക്കുറിച്ച് ആലോചിക്കണം. അതല്ലേ ശരിയായിട്ടുള്ള മാർഗ്ഗം. അത് എത്ര ഉണ്ട്, എതെല്ലാം രംഗത്താണ് അതിന്റെ ഏർപ്പാട് കിടക്കുന്നത് എന്ന് പരിശോധിച്ച് ആ പരിശോധനയുടെ വെളിച്ചത്തിൽ അർഹതപ്പെട്ടവർക്ക് കുടിയായ്മ കൊടുക്കുന്നതിന് ഞാൻ അനുകൂലിക്കുന്നു. ഈ മാതിരി പ്രശ്നത്തിൽ അത് ആവശ്യമായിവരും. ഈ ഫ്ളഡ്ഗേറ്റ് തുറന്നുവിട്ടാൽ അതിൽക്കൂടി ഒഴുകിവരുന്നത് ആരെല്ലാമാണ്, എന്തെല്ലാമാണ് എന്നുള്ളത് നമ്മാം ഈ ഘട്ടത്തിൽ മനസ്സിലാക്കണം. അതുകൊണ്ടാണ് ഇത് മാറ്റിവയ്ക്കണം എന്നു ഞാൻ പറയുന്നത്. മറ്റൊരർത്ഥത്തിലല്ല. അതുകൊണ്ടുതന്നെയാണ് സർ, ഞാൻ ആ ബില്ലിനെ എന്തെന്തു ഭേദഗതികാം അവതരിപ്പിച്ചാലും അപകടം കൂടുകയല്ലാതെ സ്വൽപവും കുറയുകയില്ല എന്നു പറഞ്ഞത്. അതുകൊണ്ട് യാതൊരു കാരണവശാലും അതിനെ അനുകൂലിക്കുന്ന സ്ഥിതി എടുക്കരുത് എന്നാണ് എന്റെ അഭിപ്രായം. ഈ നിയമത്തിന്റെ പ്രവർത്തനം ഇനിയും നീട്ടി, ആവശ്യം ഉള്ളതും ഇല്ലാത്തതുമായ വികാരങ്ങളെ ഇളക്കിവിട്ട്, അങ്ങനെ ആളുകാക്ക് എത്രകാലം കഴിച്ചുകൂട്ടാം എന്നെനിക്കു പിടിത്തമില്ല. അത് ആവശ്യമില്ല എന്നുള്ളതുകൊണ്ടുതന്നെയാണ് ആ വകുപ്പിനെ എതിർക്കുന്നത്. ആ കൂട്ടത്തിൽതന്നെയാണ് ഈ ക്ലാസ് 11-ന്റെ കാര്യത്തിൽ പല ഭേദഗതികളും കൊടുത്ത് ഒരുമിച്ച് ഒരു ദിക്കിൽ നിൽക്കാൻ പറ്റുമോ എന്ന് ഞാൻ പരിശ്രമിച്ചുനോക്കി. ഇന്നത്തെ സാഹചര്യത്തിൽ, ഈ നിയമത്തിന്റെ സാഹചര്യത്തിൽ ഒരു മട്ടിലും ഒരു നിൽക്കക്കള്ളി ഇല്ലാതെവന്ന ആ വകുപ്പിന്റെ കാര്യത്തിൽ പ്രയാസമാണ്. അതുകൊണ്ട് ഈ ഭേദഗതി നിയമത്തിൽനിന്ന് ക്ലാസ് 11-ം ക്ലാസ് 3-ം മാറ്റിയാൽ വാസ്തവത്തിൽ ബാക്കി സ്വീകാര്യമാണെന്നാണ് എന്റെ അഭിപ്രായം. ഈ നിയമം മുന്നോട്ടു കൊണ്ടുപോകുന്നതിൽ അൽപ്പസ്വൽപ്പ വ്യത്യാസങ്ങളൊക്കെ ഉണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. മൊത്തം എടുത്തുനോക്കിയാൽ ഈ രണ്ടു വകുപ്പാണ് ഏറ്റവുമധികം അപകടം എന്നുമാത്രമല്ല ഞാൻ ഇന്നലെതന്നെ സൂചിപ്പിച്ചപോലെ 'ചൊല്ലി ചൊല്ലി അപ്പടിയാച്ചു' എന്ന് തമിഴിൽ ഒരു ചൊല്ലുണ്ട്. മിച്ചഭൂമി അപ്പുറത്തുപോയതിനെ നിയമസാധുത്വം നൽകുന്നതിൽ ഏറ്റവും വലിയ സഹായം ചെയ്യുന്ന വകുപ്പ് ഏതാണെന്നറിയാമോ? 6 (സി).

മി. സ്പീക്കർ: ഇന്നലെ എത്രസമയം ചൊല്ലി എന്നുള്ളതുകൂടി ഒന്നു കണക്കുകൂട്ടേണ്ടിവരും.

ശ്രീ. ഇ. പി. ഗോപാലൻ: ഇതിലെ മൂന്നാം വകുപ്പിൽ നിൽക്കുന്ന 6 (സി) പ്രകാരം എന്റെ അഭിപ്രായത്തിൽ ഭൂമി ഇല്ലാത്ത ആളുകാക്കം വിതരണം ചെയ്യേണ്ട മിച്ചഭൂമി അപ്പുറത്തു പോകുകയാണ്. പക്ഷേ ഇതിന്റെ പേർ ഇഷ്ടദാന ബിൽ എന്നാണ്. ഇഷ്ടം എവിടെ? ദാനം എവിടെ? അതൊക്കെ വേറെ. എന്നുവച്ചാൽ ക്ലാസ് 11 അനുസരിച്ച് മിച്ചഭൂമി ആയി ഭൂമി ഇല്ലാത്തവർക്ക് കിട്ടേണ്ടുന്ന ഭൂമി കൈമോശം വരുന്നതായിരിക്കും ഇതിൽ പ്രധാനം എന്നാണ് ആളുകാക്കു കേട്ടാൽ തോന്നുന്നത്. എന്നാൽ സത്യം മറിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരു കാര്യം ഉറപ്പുപറയാം. നമ്മുടെ ഭൂപരിഷ്കരണനിയമത്തിൽ മിച്ചഭൂമിയുടെ പ്രശ്നം വേണ്ട എന്ന അഭിപ്രായമുണ്ടോ? എല്ലാം കൂടി നടക്കില്ല. മിച്ചഭൂമിയുടെ കാര്യം നമുക്ക് പറയേണ്ട. മിച്ചഭൂമി വിതരണം ഈ പരിഷ്കാരത്തിന്റെ ഒരു ഭാഗമാണെന്നത് അവസാനിപ്പിക്കേണ്ടതുണ്ട്. ആ രീതിയിൽ എടുത്താൽ അർഹതപ്പെട്ട മിച്ചഭൂമികൾ എടുക്കുന്നതിനെ നേരിട്ടെതിർക്കാൻ വയ്യെങ്കിൽ വളഞ്ഞെങ്കിലും എതിർക്കണം. അത് ഈ നിയമത്തെ സമ്പൂർണ്ണമായി എതിർക്കുന്നതിന് തുല്യമാണെന്നാണ് എന്റെ അഭിപ്രായം. അത് കിട്ടിക്കഴിഞ്ഞാൽ അവനവന് കിട്ടേണ്ടതു കിട്ടി എന്ന ഒരു വമ്പ് ചിലർക്ക് ഉണ്ടാകും. അപ്പോൾ ഇവിടെ കൃത്യമായി ആലോചിക്കേണ്ടത് കാർഷിക പരിഷ്കരണ നിയമത്തിന്റെ കാര്യത്തിലും മിച്ചഭൂമി കണ്ടെത്തുന്നതിന്റെ കാര്യത്തിലും അവയുടെ വിതരണത്തിന്റെ കാര്യത്തിലും നമ്മൾ എന്തു നിലപാട് എടുക്കുന്നുവെന്നാണ്. ആ ന്യായാന്യായങ്ങളെ ഓർത്ത് കണ്ണു ചിമ്മണോ. ന്യായാന്യായങ്ങൾ മനസ്സിലാക്കി ഭൂമി എടുക്കുകയും അർഹതപ്പെട്ട ആളുകൾക്ക് കൊടുക്കുകയും ചെയ്യണമെന്നത് അംഗീകരിച്ചാൽ, ഇപ്പോൾ ഈ രണ്ടു വകുപ്പുകളും മാറ്റിനിർത്തി ഈ ബില്ല് പാസ്സാക്കുന്നതിന് യാതൊരു കുഴപ്പവും ഉണ്ടാവുകയില്ല. മറിച്ച് ഒരു ശാപംപോലെ വലിയ ഒരു കാര്യം നടപ്പാക്കുന്ന രീതിയിൽ എടുക്കുകയാണെങ്കിൽ അത് ശരിയല്ല. ഞാൻ ഇന്നലെ സൂചിപ്പിച്ചതുപോലെ ന്യൂനപക്ഷതാൽപ്പര്യത്തിന്റെ പേരിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തന്നിട്ടുള്ള നോട്ടീസിലും ഈ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിലും ഞാൻ എതിരഭിപ്രായക്കാരനാണ്. വാസ്തവത്തിൽ അത് ന്യായരഹിതമാണ്. നമ്മുടേതുപോലുള്ള ഒരു രാജ്യമാണ് ന്യൂനപക്ഷങ്ങൾക്ക് വേണ്ടത്. എല്ലാ സംരക്ഷണവും നിയമപരമായി നൽകുന്ന ഒരു രാജ്യത്ത് ന്യൂനപക്ഷങ്ങൾക്ക് ഇത് ദ്രോഹമാണെന്ന് പറഞ്ഞുണ്ടാക്കുന്നത് ശരിയല്ല. ഈ നിയമം പാസ്സാക്കിയാൽ ഹിന്ദുക്കൾ അടക്കമുള്ള എല്ലാ ആളുകൾക്കും ന്യൂനപക്ഷങ്ങൾക്കും ഇതുകൊണ്ട് ഗുണം കിട്ടും. പാവപ്പെട്ട ആളുകളെ ഒഴിപ്പിക്കാതിരിക്കാൻവേണ്ടിയാണ്, അവരെ രക്ഷിക്കാൻവേണ്ടിയാണെന്ന് പറയുന്നത് ശരിയല്ല. ആ കാലമൊക്കെ കഴിഞ്ഞുപോയി. ഏതു ഭാഗത്തിരുന്നാലും ഏതു പക്ഷക്കാരും പാർട്ടിക്കാരും അഭിമാനത്തോടുകൂടി പറയാറുണ്ട്, കേരളത്തിൽ ഭൂപരിഷ്കരണ നിയമം സഫലമായി നടപ്പിലാക്കിയിട്ടുണ്ടെന്ന്. അങ്ങനെ ഇനിയും പറയണമെങ്കിൽ ഈ ബില്ലിലെ മൂന്നും പതിനൊന്നും ക്ലാസ്സുകൾ മാറ്റി വയ്ക്കണം. എന്നിട്ട് അതിൽ ഉൾപ്പെട്ട കാര്യങ്ങൾക്ക് പരിഹാരം കാണത്തക്കവിധത്തിലുള്ള ഭേദഗതികൾ ഈ നിയമത്തിൽ വരുത്തുന്നതിന് ഞാനെതിരല്ല. കാർഷിക ബന്ധനിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഞാനെതിരല്ല. എന്തിനു വരുത്തുന്നു, എങ്ങനെ വരുത്തുന്നു എന്നുള്ള കാര്യത്തിലാണ് എനിക്കു സംശയമുള്ളത്. അതിൽ ഈ പറഞ്ഞ 3-ം 11-ം വകുപ്പുകൾ ഇന്നത്തെ നിലയ്ക്ക് വളരെ അപകടകരമായ ഒരു കാര്യമാണ്. അതിന്റെ ഗുണദോഷങ്ങളുടെ കാര്യത്തിൽ കാർഷികപരിഷ്കാരത്തിൽ അവശേഷിച്ചു നിൽക്കുന്ന ഭാഗങ്ങൾ വളരെവേഗം ഫലപ്രദമായി നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നതുകൊണ്ടാണ് ആ കാര്യങ്ങളെ ഞാൻ ശക്തിയുക്തം എതിർക്കുന്നത്. ഒരു തത്വമെന്നുള്ള നിലയ്ക്ക്, മിച്ചഭൂമി കണ്ടെത്തലും മിച്ചഭൂമി വിതരണം ചെയ്യലും ഒരു നിയമത്തിന്റെ അവിഭാജ്യഘടകമാണ്. ആ നിലയിൽ ബാക്കി നിൽക്കുന്ന കാര്യങ്ങളും സഫലമായും സമ്പൂർണ്ണമായും നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ മൂന്നും പതിനൊന്നും വകുപ്പുകളെ ഞാൻ ശക്തിയുക്തം എതിർക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[Sri T. M. Jacob in the Chair]

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, എന്റെ പാർട്ടിയും ഞാനും ഈ ബില്ലിനെ എതിർക്കുന്നു. ഈ ബില്ല് കുറെ മാസങ്ങൾക്കു മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. കുറെ ആഴ്ചകൾക്ക് മുൻപ് ഇതു ഓർഡിനൻസായി വരുകയും പിന്നീട് ആ ഓർഡിനൻസ് റീപ്ലേസ് ചെയ്യാനായിട്ടുള്ള നിയമനിർമ്മാണം എന്നുള്ള രീതിയിൽ ഈ ബില്ല് പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചപ്പോഴും ഈ ബില്ല് പ്രസിദ്ധീകരിക്കപ്പെട്ടപ്പോഴും മറ്റൊരു ഗവൺമെന്റായിരുന്നു അധികാരത്തിൽ ഉണ്ടായിരുന്നത്. ഞങ്ങൾ അന്ന് പ്രതിപക്ഷത്തായിരുന്നു. ഇന്ന് ഞങ്ങൾ ഈ ഗവൺമെന്റിനെ പിൻതാങ്ങുന്ന ഒരു കക്ഷിയാണ്. ആ വ്യത്യാസത്തിന്റെ പേരിൽ ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായത്തെയോ സമീപനത്തെയോ മാറ്റാൻ സാധിക്കുന്നതാണെന്ന് കരുതുന്നില്ല. ഇക്കാര്യത്തിൽ ജനതാപാർട്ടി രൂപീകരണത്തിനുശേഷം വ്യക്തമായ ഒരു അഭിപ്രായം ഉണ്ടാക്കിയിട്ടുണ്ട്. ആ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാലമത്രയും പ്രവർത്തിച്ചിട്ടുമുണ്ട്. 1977-ലെ തെരഞ്ഞെടുപ്പിനുശേഷം ഇത്തരത്തിലൊരു നിയമനിർമ്മാണം കാർഷിക പരിഷ്ക്കരണം ആവുകയില്ലെന്നു പറഞ്ഞുകൊണ്ട് ജനതാപാർട്ടി വിമർശിച്ചിട്ടുണ്ട്, എതിർത്തിട്ടുണ്ട്. ജനതാപാർട്ടി രൂപീകരണത്തിനു മുൻപു ഉള്ളതായ മുൻ ഘടകകക്ഷികളിൽ ഒരു ഘടകകക്ഷിമാത്രമേ മുൻകാലത്ത് ഈ നിയമസഭയിൽ 1957 മുതൽക്ക് പ്രാതിനിധ്യമുണ്ടായിരുന്നുവെന്നും, അവിഭക്തകോൺഗ്രസ് ഇവിടെ ഇരിക്കുന്നുണ്ടായിരുന്നുവെന്നും എനിക്കറിയാം. അതിനെ ഞാൻ പാർട്ടിയുടെ മുൻഘടകകക്ഷി എന്നുള്ള നിലയിൽ കാണുന്നതു ശരിയല്ല. ഈ നിയമസഭയിൽ പ്രാതിനിധ്യമുണ്ടായിരുന്ന മുൻ ഘടകകക്ഷി 1957 മുതൽ കാർഷികപരിഷ്ക്കരണത്തോട് സ്വീകരിച്ചതായ സമീപനമാണ് ഇന്ന് ജനതാപാർട്ടിയും സ്വീകരിക്കുന്നത്. 1957-ൽ കുടിയാൻമാരെ സംരക്ഷിക്കുന്നതിനുവേണ്ടി താൽക്കാലികനിയമം ഇവിടെ കൊണ്ടുവന്നപ്പോൾ ഞാൻ ഈ നിയമസഭയിൽ ഉണ്ടായിരുന്നു. ഞങ്ങൾ ആ നിയമത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരിക്കാം. കാർഷികപരിഷ്ക്കരണ നിയമം ഈ സഭ 1957-ൽ പാസാക്കുമ്പോഴും, അന്ന് ഞാനും ഞാൻ ഉൾക്കൊണ്ടിരുന്ന പാർട്ടിയും എന്തു സമീപനമാണ് എടുത്തിട്ടുള്ളതെന്ന് രേഖകൾ നോക്കിയാൽ ആർക്കും മനസിലാകും. അതിനുശേഷം കേരളത്തിലെ രണ്ടാം നിയമസഭയിലും മൂന്നാം നിയമസഭയിലും നാലാം നിയമസഭയിലുമെല്ലാം സ്വീകരിച്ചിട്ടുള്ള നിലപാട് ഒരുപോലുള്ളതായിരുന്നു. ആ നിലപാടുതന്നെയാണ് ആ കക്ഷി ഗവൺമെന്റിൽ ഇരിക്കുന്ന കാലത്തും പ്രതിപക്ഷത്തിരിക്കുന്ന കാലത്തും സ്വീകരിച്ചിട്ടുള്ളത്. പ്രതിപക്ഷത്തുപോയി എന്നുള്ള കാരണത്താലും ഗവൺമെന്റിൽവന്നു എന്നുള്ള കാരണത്താലും ആ നിലപാട് മാറ്റിയിട്ടില്ല. 1960-നു ശേഷം തെരഞ്ഞെടുപ്പു നടത്തി ഒരു പുതിയ ഗവൺമെന്റ് രൂപീകരിച്ചപ്പോൾ അന്ന് ഭയാശങ്കകൾ ഉണ്ടായിരുന്നു. 1959-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പാസാക്കിയ നിയമം പാടെ റദ്ദാക്കപ്പെടുമെന്നും മറ്റൊരു നിയമം കൊണ്ടുവരുമെന്നും പറഞ്ഞത്. അത് ഉണ്ടായില്ല. ആ നിയമം നടപ്പിലാക്കി. 1960-61 കാലഘട്ടത്തിൽ ഈ സംസ്ഥാനത്ത് കാർഷികപരിഷ്ക്കരണ നിയമത്തിന്റെ പ്രവർത്തനത്തിന്റെ കാതലായിട്ടുള്ള ലാൻഡ് ട്രൈബ്യൂണലുകൾ സംഘടിപ്പിക്കുന്ന കാര്യത്തിൽ എനിക്ക് സാരമായ പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ട്. അതിനുശേഷം നിയമത്തിൽ പല കാരണങ്ങളാലും പല വ്യത്യാസങ്ങളും വന്നു. സർ, ഇവിടെ 1960-ലെ കാർഷിക പരിഷ്ക്കരണ നിയമത്തെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. അന്ന് കാർഷികബന്ധ നിയമം എന്നായിരുന്നു അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേര്. ഹൈക്കോടതിയിൽനിന്നും സുപ്രീംകോടതിയിൽനിന്നും റദ്ദാക്കപ്പെട്ടതിനുശേഷം കാർഷികപരിഷ്ക്കരണ നിയമം വന്നു. കോൺഗ്രസ് ഗവൺമെൻറ് കൊണ്ടുവന്ന ആ നിയമത്തിന് എൻെറ പാർട്ടി പിന്തുണ കൊടുത്തു. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി നയിച്ചിരുന്ന 1967–69-ലെ ഗവൺമെൻറ് അതിൽ വലുതായിട്ടുള്ള തെറ്റുകളൊന്നും കണ്ടില്ല. ഞാൻ രാഷ്ട്രീയ ഛായയോടുകൂടി സംസാരിക്കുകയല്ല. ആരേയും കുറ്റപ്പെടുത്താൻവേണ്ടി സംസാരിക്കുകയുമല്ല. ഞാൻ ഉദ്ദേശിക്കുന്നത് ഈ സംസ്ഥാനത്ത് കാർഷിക പരിഷ്ക്കരണനിയമത്തിൻെറ കാര്യത്തിൽ എല്ലാ പാർട്ടികൾക്കും യോജിപ്പുണ്ടെന്നുള്ളതാണ്. ചെറുതായ വ്യത്യാസങ്ങൾ കണ്ടിരിക്കും. എന്ത് കാരണത്താലാണ് വിമോചനസമരം സംഘടിപ്പിച്ചതെന്നുള്ളതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരു വിമോചനസമരം സംഘടിപ്പിച്ചതിനുശേഷം, ഒരു തെരഞ്ഞെടുപ്പിനുശേഷം പുതിയൊരു ഗവൺമെൻറ് വന്നിട്ടുപോലും ആ ഗവൺമെൻറ് മുൻനിയമം റദ്ദാക്കിയില്ല. നടപ്പിലാക്കുകയാണ് ചെയ്തത്. 1967–69 കാലഘട്ടത്തെപ്പറ്റി ഓർക്കുമ്പോൾ എനിക്കു ലജ്ജ ഉണ്ട്. ആ കാലഘട്ടത്തിൽ എൻെറ പാർട്ടി ആ ഗവൺമെൻറിൽ ഉണ്ടായിരുന്നു. പക്ഷെ ഈ സാഹചര്യത്തിൽ പിന്നോക്കം തിരിഞ്ഞു നോക്കുമ്പോൾ ഒരു വസ്തുത പറയാനുണ്ട്. ഇതിനുമുമ്പും പല വേദികളിലുംവച്ച് പറഞ്ഞിട്ടുള്ളതാണ്. വീണ്ടും ഇന്ന് പറയുന്നു എന്നേ ഉള്ളൂ. ഈ സംസ്ഥാനത്ത് കാർഷിക പരിഷ്ക്കരണനിയമം നടപ്പിലാക്കിയതിൻെറ ചരിത്രം എടുത്ത് നോക്കുകയാണെങ്കിൽ ഏതെങ്കിലും രണ്ട് കൊല്ലം കാർഷിക പരിഷ്ക്കരണനിയമം സ്തംഭനാവസ്ഥയിൽ ഉണ്ടായിരുന്നുവെങ്കിൽ അത് 1967–69 കാലഘട്ടമായിരുന്നുവെന്ന് കാണാൻ കഴിയും. എൻെറ പാർട്ടിയുടെ നേതൃത്വം ഞാൻ അന്നും വഹിച്ചിരുന്നു. അതിലും ഞാൻ കുറ്റക്കാരനാണ്. അത് വേറൊരാളിൻെറ തലയിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 1969-ൽ മാത്രമാണ് ഭേദഗതി ഉണ്ടാക്കാൻ സാധിച്ചത്. പക്ഷെ അതു നടപ്പിലാക്കേണ്ടതായിട്ടുള്ള ബുദ്ധിമുട്ട് ആ ഗവൺമെൻറിനു ഉണ്ടായിരുന്നില്ല. ആ ഗവൺമെൻറ് അതോടുകൂടി അവസാനിച്ചു. പിന്നീട് വന്നതായ ഗവൺമെൻറ് ഈ ഭേദഗതിയും മൂലനിയമവും തമ്മിൽ പല പൊരുത്തക്കേടുകളും ഉള്ളതുകൊണ്ട് ആ പൊരുത്തക്കേടുകളുടെ മദ്ധ്യത്തിൽനിന്നുകൊണ്ട് അതു നടപ്പിലാക്കുന്നതിനേക്കാൾ ഭേദം പുതിയൊരു നിയമം കൊണ്ടുവരുകയാണെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ 1970-ൽ ഇന്നത്തെ കാർഷികപരിഷ്ക്കരണ നിയമം കൊണ്ടുവന്നു. 1–1–1970 മുതൽ അതു നടപ്പിലാക്കപ്പെട്ടു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അന്ന് പുതിയ നിയമം കൊണ്ടുവന്നതാണോ അതോ പഴയ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതാണോ ശരിയെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഉള്ള ഒരു പ്രശ്നത്തിൽ നിയമസഭയിലെ എല്ലാ പാർട്ടികളും അടങ്ങുന്ന ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ച് അതിൻെറ തെളിവെടുപ്പ് നടന്നുകഴിഞ്ഞതിനുശേഷം ആ ബിൽ കൊണ്ടുവരാൻ ഇടയാക്കിയിട്ടുള്ള സാഹചര്യങ്ങളെപ്പറ്റി ആ ബില്ലിൻെറ സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് അന്നത്തെ റവന്യൂ മന്ത്രി സംസാരിച്ചു. മറ്റു മെമ്പർമാർ സംസാരിച്ചു. എല്ലാ പ്രൊസീഡിംഗ്സ് നോക്കിയാലും ഈ കാലാവസ്ഥതന്നെ ആയിരുന്നു എന്നുള്ളതല്ലേ ശരി?

ശ്രീ. കെ. ചന്ദ്രശേഖരൻ: പരിപൂർണ്ണമായും ശരിയാണ്. അതുകൊണ്ടാണ് ഞാൻ ആദ്യമായി സൂചിപ്പിച്ചത് രാഷ്ട്രീയപരമായ ഉദ്ദേശത്തോടുകൂടിയും സമീപനത്തോടുകൂടിയും അല്ല സംസാരിക്കുന്നതെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ചില വസ്തുതകൾ നിരത്തുന്നു എന്നു മാത്രം. വസ്തുതകൾ തെറ്റ് ആയിത്തീരുന്നില്ല. ഞാൻ പറഞ്ഞ വസ്തുത 1967-69 കാലഘട്ടത്തിൽ കാർഷികപരിഷ്ക്കരണത്തിന്റെ നടപ്പിലാക്കൽ ഈ സംസ്ഥാനത്ത് സ്തംഭനത്തിലായിരുന്നു എന്നുള്ളതാണ്. ആ വസ്തുത നില നിൽക്കുന്നു. അടിസ്ഥാനപരമായ കാരണങ്ങൾ അതിന് ഉണ്ടാകാം. അത് ഞാൻ അന്നത്തെ ലെയിസാൺ കമ്മിറ്റിയിൽ പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. ഈ സംസ്ഥാനത്ത് മറ്റ് എന്ത് നടപ്പിലാക്കിയില്ലെങ്കിലും വേണ്ടില്ല ഇതെങ്കിലും നടപ്പിലാക്കാൻ നിങ്ങൾ മുമ്പോട്ട് വരണമെന്ന് പറയുമ്പോൾ പല പ്രതിബന്ധങ്ങളും മുമ്പ് പറഞ്ഞതുപോലെ ഉണ്ടായിരുന്നു എന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഈ ഭേദഗതിബിൽ അവതരിപ്പിക്കുന്നതിനുള്ള കാരണം എന്താണെന്ന് ശ്രീമതി ഗൗരിയമ്മ ഇവിടെ പറഞ്ഞത് ഭക്ഷ്യക്ഷാമം ഉണ്ടായിരുന്നു, അതു പരിഹരിക്കുന്നതിനുള്ള ശ്രമത്തിൽ ഗവൺമെന്റ് ഏർപ്പെട്ടിരുന്നതുകൊണ്ടാണ് ഭേദഗതിബിൽ അവതരിപ്പിക്കാൻ താമസിച്ചത് എന്നുള്ളതാണ്. അതു സഭയുടെ രേഖകളിൽ ഉണ്ട്. അതല്ലേ ശരി?

ശ്രീ. കെ. ചന്ദ്രശേഖരൻ: എനിക്കു അത് അത്ര ഓർമ്മയില്ല. ഈ പറഞ്ഞ കാര്യങ്ങൾ എനിക്കു ഓർമ്മയുണ്ട്. അതിനെപ്പറ്റി ശരിക്കു ഓർമ്മയില്ലാത്തതുകൊണ്ട് അതു നിഷേധിക്കുന്നതും സമ്മതിക്കുന്നതും ശരിയല്ല. പല കാരണങ്ങളും മന്ത്രിമാർ നിയമസഭയിൽ പറയുമെന്നുള്ളത് എല്ലാവർക്കും അറിയാം. അതുകൊണ്ട് ഞാൻ പറഞ്ഞുവരുന്നത് ഈ സംസ്ഥാനത്തെ കാർഷികപരിഷ്ക്കരണ നിയമത്തിന്റെ നടത്തിപ്പിന് ഞാൻ ആണ്, ഞാൻ ആണ് കൂടുതൽ ചെയ്തതെന്ന് 1957-നു ശേഷം ആർക്കും പ്രത്യേകമായി അവകാശപ്പെടാൻ സാധിക്കുന്നതല്ല എന്നുള്ളതാണ്. എല്ലാവരും അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. ഇൻഡ്യയിൽ കാർഷിക പരിഷ്ക്കരണനിയമം നടപ്പിലാക്കുന്നതിൽ കേരള സംസ്ഥാനത്തിന് മുൻപന്തിയിൽ നിൽക്കാൻ സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ചും കുടിയായ്മകൾ സൃഷ്ടിക്കുന്നതിനും കുടിയാൻമാരെയെല്ലാംതന്നെ സ്ഥിരാവകാശവും ഉടമാവകാശവും കൊടുക്കുന്ന ആ കാർഷിക പരിഷ്ക്കരണ നിയമത്തിന്റെ പ്രഥമ കർത്തവ്യം നിർവഹിക്കുന്ന കാര്യത്തിൽ ഈ സംസ്ഥാനം മുന്നിട്ട് നിന്നിട്ടുണ്ടെന്നുള്ളതിൽ എല്ലാവർക്കും കൂട്ടായി സന്തോഷിക്കാം. 1957 മുതൽക്കുള്ള പരിശ്രമത്തിന്റെ അടിസ്ഥാനത്തിൽ, കുറേക്കാലം ഞാൻ നിയമസഭയിൽ ഉണ്ടായിരുന്നില്ലെങ്കിലും വളരെയധികം ബന്ധപ്പെടാനും സാധിച്ചിട്ടുണ്ട്, ആ കാര്യങ്ങൾ വച്ചുകൊണ്ടാണ് ഈ ബില്ലിനെ ഞാൻ എതിർക്കുന്നത്. ഈ കഴിഞ്ഞ കാലഘട്ടത്തിൽ അടിയന്തിരാവസ്ഥക്കാലത്ത് ഞങ്ങളെല്ലാം ജയിലിൽ കിടക്കുന്ന സമയത്ത് പ്ലാനിംഗ് കമ്മീഷന്റെ ലാൻറ് റീഫോംസ് പാനലിന്റെ അദ്ധ്യക്ഷനായിരുന്ന ശ്രീ. എൻ. ജി. ഗോറെയുടെ കമ്മിറ്റി ഇവിടെ വന്നിരുന്നു. അവിടെനിന്നും കിട്ടിയ റിപ്പോർട്ട് വച്ച് ഇന്ന് ഒരു കാര്യത്തിൽ പ്ലാനിംഗ് കമ്മീഷനും കേന്ദ്രഗവൺമെന്റും ഈ സംസ്ഥാനത്തെ കാർഷികപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതിന്റെ കാര്യത്തിൽ വളരെയധികം വിമർശിക്കുന്നുണ്ട്. അതു കുടിയാൻമാർക്ക് ഉടമാവകാശം കൊടുക്കുന്ന കാര്യത്തിലും മിച്ചഭൂമി കൊടുക്കുന്ന കാര്യത്തിലും അത് വിതരണംചെയ്യുന്ന കാര്യത്തിലും ഈ സംസ്ഥാനം പിന്നിട്ടാണ് നിൽക്കുന്നതെന്നു കേന്ദ്ര ഗവൺമെന്റും പ്ലാനിംഗ് കമ്മീഷനും ലാൻറ് റീഫോംസ് പാനലുമെല്ലാംപറയുന്നുണ്ട്. അവർക്ക് അതിനു കണക്കുകൾ ഉദ്ധരിക്കാൻ ഉണ്ട്. ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ മുന്നിട്ടു നിൽക്കുകയാണ്. ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾ കാർഷിക പരിഷ്കരണ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ മിച്ചഭൂമി വിതരണം നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. ബേബി ജോൺ: നമുക്ക് നിലവിലിരിക്കുന്ന നിയമം അനുസരിച്ച് ടെനൻസിക്ക് ഓണർഷിപ്പ് കൊടുക്കുന്നതുകൊണ്ട് മിച്ചഭൂമി കിട്ടാനുള്ളതിന്റെ നല്ലൊരു ഭാഗം അങ്ങനെ ടെനൻസിക്കു ഓണർഷിപ്പായി കൊടുക്കുന്നു എന്നുള്ള കാര്യം അറിയാമോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: അങ്ങനെ പല സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുണ്ട്. പല സംസ്ഥാനങ്ങളിലും ഓണർഷിപ്പ് കൊടുക്കുന്നുണ്ട്. ടെനൻസിനു ഓണർഷിപ്പ് കൊടുത്തതിനുശേഷമാണ് മറ്റുള്ള സ്റ്റേജുകൾ വരുന്നത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഓണർഷിപ്പ് കൺസിഡർ ചെയ്തിട്ടുള്ളത് കേരളം അല്ലാതെ മറ്റ് എവിടെയെങ്കിലും ഉണ്ടോയെന്ന് പറയാമോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: പെട്ടെന്നു പറയാൻ നിവൃത്തിയില്ല. കാരണം തെറ്റ് പറ്റരുതല്ലോ. ഏതായാലും ടെനൻസിക്ക് ഓണർഷിപ്പ് കൊടുത്താലും ഇല്ലെങ്കിലും മിച്ചഭൂമിയുടെ കാര്യത്തിൽ വ്യത്യാസം വരുകയില്ലെന്നാണ എനിക്കു തോന്നുന്നത്. ഈ ടെനൻസിക്ക് കൊടുത്തിട്ടുള്ളതെല്ലാം എന്തു ടെനൻസിയാണ്. അര ഏക്കറും ഒരു ഏക്കറും ഒന്നേകാൽ ഏക്കറും ടെനൻസി ആണ്. ശ്രീ. ചരൺസിംഗിന്റെ ടെനൻസി അല്ല. അവർ സപ്പോർട്ടുചെയ്യുന്ന കരിമ്പു കൃഷിക്കാരെപോലുള്ള കൃഷിക്കാരല്ല. അത്തരത്തിലുള്ള കൃഷിക്കാർ ഇവിടെയില്ല. പടിഞ്ഞാറൻ യു. പി. യിലെ 300 ഏക്കറും 500 ഏക്കറും കരിമ്പുകൃഷിയും ബസുമതി കൃഷിയുമെല്ലാം നടത്തുന്ന കൃഷിക്കാരാണ്. ആ ഏക്കറുകാരോടാണ് ഇപ്പോൾ പ്രേമം വന്നിട്ടുള്ളത്. ഇവിടെ അത്തരത്തിലുള്ള കൃഷിക്കാരല്ല. ഇവിടെ അര ഏക്കറും ഒരു ഏക്കറും ഒന്നര ഏക്കറുമുള്ള കൃഷിക്കാരാണ്. അവർക്ക് സ്ഥിരം കുടിയായ്മ കൊടുത്തതുകൊണ്ട് എങ്ങനെ മിച്ചഭൂമി ഇല്ലാതായി എന്നു ശ്രീ. ബേബി ജോണിനും ശ്രീ. പി. കെ. വാസുദേവൻനായർക്കും വാദിക്കാൻ സാധിക്കും? അതുകൊണ്ടാണ് മിച്ചഭൂമി ഇല്ലാതായതെന്നാണ് ശ്രീ. ബേബി ജോൺ വാദിച്ചത്. ശ്രീ. പി. കെ. വാസുദേവൻ നായർ അത്രത്തോളം വാദിച്ചില്ല. എന്റെ വാദഗതി, ഈ സംസ്ഥാനത്തിൽമാത്രം സ്ഥിരം കുടിയായ്മ കൊടുത്തതുകൊണ്ട്, കുടിയാന്മാർക്ക് ഉടമാവകാശം കൊടുത്തതുകൊണ്ടുമാത്രം ഈ സംസ്ഥാനത്തിൽ മിച്ചഭൂമി ഇല്ലാതാകുന്നില്ല എന്നുള്ളതാണ്. ഈ സംസ്ഥാനത്തിൽ മിച്ചഭൂമിയുണ്ട്. വൻകിട ജന്മിമാരുടെ കൈവശമുള്ള പരിധിയിൽ കവിഞ്ഞ ഭൂമി, ഗവൺമെന്റ് പുറംപോക്കുഭൂമി ഇതെല്ലാംകൂടി മിച്ചഭൂമിയായി നിറുത്തി കാർഷിക ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റു വിതരണം ചെയ്യണം. അതിനുവേണ്ടിയുള്ള നടപടികൾക്കു വേണ്ടത്ര പുരോഗതി ഈ സംസ്ഥാനത്തിൽ ഉണ്ടായിട്ടില്ലെന്നുള്ള കാര്യം തർക്കവിഷയമല്ല. അതാണ് സ്ഥിതിയെന്നുണ്ടെങ്കിൽ തീർച്ചയായും വളരെയധികം ഗൗരവത്തോടുകൂടി ഈ ബില്ലിലെ വകുപ്പുകളെപ്പറ്റി പ്രത്യേകിച്ച് ഇഷ്ടദാന വകുപ്പുകളെപ്പറ്റി ആലോചിക്കേണ്ടതായിട്ടുണ്ട്. സർ, ഈ ബിൽ വളരെ കൊല്ലങ്ങളായി ഇവിടെയുള്ള ഒരു കാര്യം നടപ്പാക്കുന്നു എന്നുമാത്രമേ ഉള്ളു എന്ന തരത്തിലുള്ള ഒരു സമീപനമല്ല ശരി. അതു ശരിയല്ല. അതേ

2/152—2

LIBRARY ARCHIVES Kerala Legislative Assembly

സമയത്തുതന്നെ മറ്റൊരു സമീപനം കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയിൽ നിന്നുണ്ടായി. ഈ ബില്ലിനേക്കാൾ അല്ലെങ്കിൽ ഈ ബില്ലിന്റെ മൂലനിയമത്തിലുള്ള വകുപ്പുകളേക്കാൾ കൂടുതൽ പുരോഗമനമാണ് ബഹുമാനപ്പെട്ട ഗൗരിയമ്മ കൊണ്ടുവന്ന ബില്ലെന്നു പറയുകയുണ്ടായി. ഗൗരിയമ്മ കൊണ്ടുവന്ന ബില്ലെന്നു പറഞ്ഞാൽ ഏതാണെന്ന് അറിയുകയില്ല. ആക്ട് 35 (1969) ആയിരിക്കുമെന്നു വിശ്വസിക്കുന്നു. അല്ല. ആ കാര്യത്തിൽ ശ്രീ. എ. കെ. ആന്റണിയുടെ അഭിപ്രായത്തോട് പരിപൂർണ്ണമായി യോജിക്കുകയാണ്. ശ്രീ. എ കെ. ആന്റണി ശ്രീ. ഇ. എം. എസിനോട് ചോദിക്കുകയുണ്ടായി, ഈ വകുപ്പുകൾക്കു പകരം ഗൗരിയമ്മയുടെ ആ ബില്ലിലെ ആ വകുപ്പുകൾ കൊണ്ടുവന്നാൽ നിങ്ങൾ തൃപ്തരാകുമോ എന്ന്. അദ്ദേഹം പറഞ്ഞു തൃപ്തരാകുമെന്ന്. പക്ഷേ ഞങ്ങൾ തൃപ്തരല്ല. അതു കൊണ്ടുവരുകയാണെങ്കിൽ വലുതായ അപകടം വരും, 1957 മുതൽ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ ബില്ലുകളിലും ഇഷ്ടദാനമുണ്ട്. ഇഷ്ടദാനമില്ലാത്ത വകുപ്പുകളില്ലാത്ത ഒരു ബിൽ പോലും ഈ സഭയിൽ ഇതുവരെ മൂവ് ചെയ്യപ്പെട്ടിട്ടില്ല. ഇന്നു മൂവ് ചെയ്യപ്പെടുന്നുണ്ടെങ്കിൽ, അത് ഒരു ക്രെഡിറ്റ് എന്നുള്ള നിലയിൽ പറയുകയല്ല, നല്ലത് എന്നുള്ള നിലയിൽ പറയുകയാണ്, ഇഷ്ടദാനം അവസാനിക്കാൻ പോകുകയാണ്. ഇതുവരെ ഇഷ്ടദാനം അവസാനിച്ചിട്ടില്ല. 1–1–1970 മുതൽ ഇഷ്ടദാനം അവസാനിച്ചു എന്നു കേൾക്കുന്നത് അതു അവസാനിച്ചോ ഇല്ലയോ എന്നുള്ളത് തർക്കവിഷയമായതുകൊണ്ട് ആ തർക്കം തീർക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെങ്കിൽ ഈ ബിൽ കൊണ്ട് അതു അവസാനിക്കാൻ പോകുകയാണ്. ശ്രീമതി ഗൗരിയമ്മയായാലും വേണ്ടില്ല, ഞാനായാലും വേണ്ടില്ല, പിന്നീടുള്ള റവന്യൂമന്ത്രിമാരായാലും വേണ്ടില്ല ഈ സംസ്ഥാനത്ത് മൂവ് ചെയ്തിട്ടുള്ള ഒരൊറ്റ കാർഷിക പരിഷ്കരണ ബില്ലിലും ഇതുവരെ ഇഷ്ടദാനത്തിന്റെ വകുപ്പ് ഇല്ലാതിരുന്നിട്ടില്ല. അത് യാതൊരു പരിമിതിയുമില്ലാതെ ഏറ്റവും വികാസത്തോടുകൂടിയുള്ള ഇഷ്ടദാനത്തിന്റെ വകുപ്പുകളായിരുന്നു. അതു പരിമിതപ്പെടുത്തിയത് ആക്ട് 1969-ലെ 35-ാം നമ്പർ ആക്ടല്ല. 1967–69 കാലഘട്ടത്തിൽ ഞങ്ങൾകൂടി ഉണ്ടായിരുന്ന ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിലല്ല. 1970-ലെ നിയമത്തിലല്ല. 1972-ലെ 17-ാം നമ്പർ ആക്ടുപ്രകാരമാണ്, 16–8–1968 മുതൽ പിൽക്കാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള 1972-ലെ 17-ാം നമ്പർ ആക്ടുപ്രകാരമാണ് ഇഷ്ടദാനം എന്നുള്ള വസ്തുത ആദ്യം പരിമിതപ്പെടുത്തിയത്. അതു പരിമിതപ്പെടുത്തിയപ്പോൾ മക്കളും മക്കളുടെ മക്കൾക്കുംമാത്രമായി. 16–8–1968 മുതൽ 1–1–1970 വരെ എത്രയുണ്ട്, 1–1–1970 കഴിഞ്ഞതിനുശേഷമുണ്ടെങ്കിൽ 5–11–1974-ന് ഇതു നിറുത്തിക്കളഞ്ഞതാണോ എന്നുള്ളതാണ് അവിടെയുള്ള ചോദ്യം. 1–1–1970 വരെ ഇഷ്ടദാനം ഇഷ്ടംപോലെയാകാം. ഒരാളും അതിനെ ക്രമീകരിച്ചിട്ടില്ല. 1–1–1970 വരെ ഈ സംസ്ഥാനത്തിൽ ഇഷ്ടദാനം ആരും ക്രമീകരിച്ചിട്ടില്ല. കാരണമുണ്ട്. അതിനു ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. 1957–59-ലെ ഗവൺമെന്റിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അതിന്റെ കാരണം എന്താണെന്നുവച്ചാൽ പ്ലാനിംഗ് കമ്മീഷന്റെ ലാന്റ് റിഫോംസ് പാനലിൽ അന്നത്തെ നിലപാട് ഇഷ്ടദാനം വേണമെന്നായിരുന്നു. ഇന്ന് അതു മാറിയിട്ടുണ്ട്, ഇന്ന് ഇവിടെ ഈ ഗവൺമെന്റിനെ പിൻതുണയ്ക്കുന്ന ആൾക്കാർ കൊണ്ടുവന്ന ന്യായം, മതന്യൂനപക്ഷങ്ങളുടെ ന്യായം, മരുമക്കത്തായ ന്യായം, ഈ ന്യായങ്ങളെല്ലാം കൊണ്ടുവന്നിരിക്കുകയാണ്. ഈ ഇഷ്ടദാനം തെറ്റാണെന്നും ഈ വകുപ്പുകൾ എടുത്തുകളയണമെന്നും കോൺഗ്രസ്സുകൂടി ഗവൺമെന്റിൽ ഉണ്ടായിരുന്ന കാലത്ത്, 1960-ൽ അന്നു ഞാൻ കേന്ദ്ര ആഭ്യന്തര മന്ത്രിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഗോവിന്ദവല്ലഭപന്തുമായി അടുത്തിരുന്നു ഒരു ദിവസം മുഴുവൻ സംസാരിക്കുകയുണ്ടായി. അദ്ദേഹവുമായി കാലത്തുതൊട്ട് വൈകുന്നേരം വരെ ഈ ബില്ലിലെ വകുപ്പുകളെക്കുറിച്ച് ഞാൻ ചർച്ച ചെയ്തു. ഈ ബിൽ റദ്ദാക്കാൻ പാടില്ല, ഈ ബിൽ തിരിച്ചയച്ചുതരണം, നിയമസഭ അതു പാസാക്കാൻ പോകുകയാണ്, കമ്മ്യൂണിസ്റ്റുകാർ പാസാക്കിയെന്ന കാരണത്താൽമാത്രം അതു നിരാകരിക്കരുതെന്നു പറഞ്ഞു ധരിപ്പിക്കാൻ ഒരു ദിവസം മുഴുവൻ എടുത്ത കാര്യം ഞാൻ അഭിമാനത്തോടുകൂടി ഓർക്കുകയാണ്. അദ്ദേഹം വളരെ സിമ്പതെറ്റിക്ക് ആറ്റിറ്റ്യൂഡാണ് എടുത്തത്. ഒരു രാഷ്ട്രീയ സമീപനമാണ് അന്നത്തെ ആഭ്യന്തരമന്ത്രി എടുത്തതെങ്കിൽ വെറും കയ്യോടെ മടങ്ങി വരേണ്ടിവരുമായിരുന്നു. അതുകൂടാതെ വരണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇഷ്ടദാനവകുപ്പുകൾ ഭേദപ്പെടുത്തണമെന്നും പരിമിതപ്പെടുത്തണമെന്നുമുള്ള ഉദ്ദേശത്തോടുകൂടി ഒരു ദിവസം മുഴുവൻ ചർച്ച ചെയ്തു. ശ്രീ. പന്ത് ഏതാണ്ട് ആ കാര്യം സമ്മതിച്ചു. അദ്ദേഹത്തിന്റെ കൂടെ ഇരുന്നതായിട്ടുള്ള ഒരുകൂട്ടം ഐ.സി.എസ്. ഉദ്യോഗസ്ഥൻമാർ ഉണ്ടായിരുന്നു. കുറേ പ്ലാനിംഗ് കമ്മീഷന്റെ തലവൻമാരുമുണ്ടായിരുന്നു, ഓരോ സംഗതി പറയുമ്പോഴും അവരെല്ലാം പന്തിന്റെ ചെവിയിൽ എന്തെങ്കിലും മന്ത്രിക്കും. അവസാനം അദ്ദേഹം പറഞ്ഞത്, കമ്മ്യൂണിസ്റ്റുകാരുടെ നിയമത്തിലുള്ള വകുപ്പുകളൊക്കെ പുരോഗമനമാണെന്നു പറഞ്ഞിട്ട് നിങ്ങൾ ഇതു മാറ്റാൻ നിൽക്കരുത്, ഇതു കൊണ്ടുപോകണമെന്നു പറഞ്ഞു. അതുകൊണ്ട് ഞാൻ പറയുന്നത് ഇഷ്ടദാനത്തെ സംബന്ധിച്ചിടത്തോളം ചെറിയ തോതിലെങ്കിലും മാറ്റം വന്നത് 1972-ലെ പതിനേഴാം നമ്പർ ആക്ടുപ്രകാരമാണ്. മുൻകാലത്ത് അതുചെയ്യാൻ സാധിച്ചിട്ടില്ല. ശ്രീമതി ഗൗരിയമ്മയ്ക്കു സാധിച്ചിട്ടില്ല, എനിക്കു സാധിച്ചിട്ടില്ല, മറ്റുള്ള മന്ത്രിമാർക്കു സാധിച്ചിട്ടില്ല. കാരണം പ്ലാനിംഗ് കമ്മീഷന്റെ ആറ്റിറ്റ്യൂഡ് അതായിരുന്നു. ഞാൻ ആരേയും കുറ്റപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ചില വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നു എന്നുമാത്രമേയുള്ളു. 1972-ലെ 17-ാം നമ്പർ ആക്ടുപ്രകാരം ഇഷ്ടദാനം പരിമിതപ്പെടുത്തിയതിൽ പ്രായപൂർത്തി വന്നതായ വിവാഹം കഴിഞ്ഞ ആൺമക്കൾക്കും, പെൺമക്കൾക്കും അവരുടെ മക്കൾക്കും എന്നുപറഞ്ഞ് പരിമിതപ്പെടുത്തിയത് 16-8-1968 മുതൽ 1-1-1970 വരെ വേണമോ 1-1-1970-നു ശേഷവും ഉണ്ടാകുമോ എന്നുള്ളതുമാത്രമാണ് ഇവിടെ ചോദ്യം. 1968 മുതൽ നിയമം നടപ്പിൽ വന്നു എന്നുള്ളതിൽ സംശയമില്ല. ഞാൻ സമർത്ഥിക്കാൻ പോകുന്നത് അത് 1-1-1970 വരെയേ ഉള്ളു എന്നാണ്. 1-1-1970-നു ശേഷം ഇല്ല എന്നുള്ളത് ഞാൻ കാണിച്ചുതരാം. ഇതാണ് സ്ഥിതിവിശേഷമെന്നുണ്ടെങ്കിൽ ഈ നിയമത്തിൽ വരുത്തേണ്ടതായിട്ടുള്ള ഈയൊരു ഭേദഗതി 5-11-1974 വരെ ഈ നിയമത്തിൽ അവധി നീട്ടിക്കൊണ്ടുപോകുന്നതായ ഏർപ്പാട് അവസാനിപ്പിക്കണം. അതു ഞാൻ അവസാനിപ്പിക്കണമെന്നു പറയുമ്പോൾ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു എന്നു പറയുമ്പോൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ഇപ്പോൾ പറയുകയാണ് ഉള്ളിൽ വേറെ ഒന്നാണെന്ന്. എന്റെ ഉള്ളിൽ കയറാനായിട്ടുള്ള പ്രാപ്തി ഇവർക്കു കൊടുത്തതിൽ ഞാൻ ദൈവത്തെ അനുമോദിക്കുകയാണ്. ഏതായാലും ഞാൻ പറയുന്നത് ഉള്ളിൽ വേറെ ഇല്ലെന്നാണ്. ഉള്ളിൽ വേറെ ഉള്ളത് ഇവർക്കാണ്, എനിക്കല്ല. ഉള്ളിൽ വേറെ ഉള്ളത് ഇവരുടെ കൂട്ടത്തിൽ ഇരിക്കുന്നവർക്കാണ്. ബഹുമാനപ്പെട്ട പി. കെ. വാസുദേവൻനായരുടേയും, ബഹുമാനപ്പെട്ട പി. എസ്. ശ്രീനിവാസന്റേയും ഉള്ളിൽ എന്താണ് ഇരിക്കുന്നത്. നിങ്ങൾക്കാണ് വേറെ ഉള്ളിലുള്ളത്, ഇതിന് അനുകൂലമായ സ്ഥിതിവിശേഷമാണ് ഇവരുടെ ഉള്ളിലുള്ളത്. ശ്രീ. ഇ. പി. ഗോപാലന്റെ പ്രസംഗം കേട്ടപ്പോൾ ഉള്ളിൽ എനിക്കു ചിരിച്ചുചിരിച്ചു മതിയായി, പുറത്തേക്കു വന്നില്ല എന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേയുള്ളു. രണ്ടാഴ്ച മുമ്പ് അവിടെയിരിക്കുമ്പോൾ എന്തായിരുന്നു പ്രസംഗം. ആവേശത്തോടുകൂടിയുള്ള പ്രസംഗം, ശക്തിയായ ഭാഷയിലുള്ള പ്രസംഗം ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട്, അതുവിട്ടിട്ട് ഇങ്ങനെയൊരു പ്രസംഗം ചെയ്യാനുള്ള വ്യത്യാസം, ഓന്തിനും, ഗൗളിക്കും പരിസരത്തിന്റെ വ്യത്യാസത്തിനനുസരിച്ച് നിറം മാറാൻ കഴിയും, അങ്ങനെ മാറാൻ ഇവർക്ക് ഇത്ര വിജയപ്രദമായി സാധിച്ചല്ലോ എന്നുള്ള കാര്യത്തിൽ ഇവരെ അനുമോദിക്കണം.

അതുപോലെതന്നെ സർ, ബഹുമാനപ്പെട്ട ബേബി ജോൺ, ഈ ബില്ലിന്റെ സർവ്വസ്വം, ബില്ലിന്റെ എല്ലാമെല്ലാം, ഈ ബില്ലിൽ ഒപ്പിട്ടിട്ടുള്ള ആൾ, അദ്ദേഹം എന്താണ് പറയാൻ പോകുന്നതെന്ന് എനിക്കറിയില്ല. അദ്ദേഹം നല്ല നിലയിൽ പറയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അല്ലാതെ അദ്ദേഹത്തിനു പറ്റുമോ? ഏതായാലും ഇന്ന് ഞങ്ങളുടെ എതിർപ്പിനെപ്പറ്റി വിമർശിക്കുന്നതായിട്ടുള്ള ആൾക്കാരോട് എനിക്കു പറയാനുള്ളത് നിങ്ങളുടെ എതിർപ്പിനെക്കുറിച്ചാണ്. നിങ്ങളുടെ എതിർപ്പ് രണ്ടു വിധത്തിൽ തെറ്റാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഇഷ്ടദാനം വികാസത്തോടുകൂടി നിലനിറുത്തി എന്നല്ലാതെ പരിമിതപ്പെടുത്താൻ ഒന്നും ചെയ്തില്ല. ഇദംപ്രഥമമായി ചെയ്തത് 1972-ലെ 17-ാം നമ്പർ ആക്ട്പ്രകാരമാണ്. രണ്ട്, അവരുടെ സമീപനവും ഞങ്ങളുടെ സമീപനവും തമ്മിൽ ജനാധിപത്യവും ഏകാധിപത്യവും തമ്മിലുള്ള വ്യത്യാസമുണ്ട്. അവർ ഈ നിയമം കൊണ്ടുവരാൻ പാടില്ലെന്നു പറഞ്ഞ് ഗവൺമെൻറിനെ തകർത്തു. ഞങ്ങൾ ഗവൺമെൻറിനെ തകർക്കാൻ ഉദ്ദേശിക്കുന്നില്ല. നിയമസഭയിൽ ബഹുഭൂരിപക്ഷമുണ്ടെങ്കിൽ പാസാക്കിക്കൊള്ളട്ടെ, അല്ലെങ്കിൽ ഇതു പോകും, ബഹുഭൂരിപക്ഷമുണ്ടെങ്കിൽ ഇത് നിലനിൽക്കും. പക്ഷെ ബഹുഭൂരിപക്ഷമുണ്ടായിരുന്നവർ ഇതിനെ ഭയപ്പെട്ട് ഗവൺമെൻറിനെ തകർക്കാൻ പരിപാടിയിട്ടതിനു കൂട്ടുനിൽക്കാൻ ഞങ്ങൾ തയ്യാറില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഗവൺമെൻറ് ഈ ബില്ലിന്റെ പേരിൽ തകർന്നത് തെറ്റാണ്. തകരേണ്ടതിന്റെ ആവശ്യമില്ലായിരുന്നു.

അതുപോലെതന്നെ ഈ ഗവൺമെൻറ് ഈ ബില്ലിന്റെ പേരിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വ്യത്യാസം കാണിക്കേണ്ടതുണ്ടെന്നു ഞങ്ങൾ കണക്കാക്കുന്നില്ല. കാരണം ഈ ഗവൺമെൻറ് രൂപീകരിക്കുന്നതിനുമുമ്പായിട്ടുള്ള നയരൂപീകരണമാണ് ഈ ബില്ലിൽ കാണുന്നത്. ആ നയരൂപീകരണത്തിൽ ഞങ്ങൾ പങ്കാളികളല്ല. അങ്ങനെ ഞങ്ങൾ പങ്കാളികളല്ലാത്ത സ്ഥിതിക്ക് ഈ ഗവൺമെൻറിനെ ഞങ്ങൾ പിന്താങ്ങുന്നുണ്ടെങ്കിൽക്കൂടി തീർച്ചയായും ഈ ബില്ലിനെ ഞങ്ങൾ കാണുന്നത് ഒരു ധനവിനിയോഗ ബില്ലിനെപ്പോലെയോ ഒരു വിശ്വാസബില്ലിനെപ്പോലെയോ അല്ല. ഒരു വിശ്വാസബില്ല് ഗവൺമെൻറിന്റെ നിലനിൽപാണ്. ഒരു ധനവിനിയോഗ ബില്ല് ഗവൺമെൻറിന്റെ നിലനിൽപാണ്. ഈ ബില്ല് സാധാരണഗതിയിലുള്ള ഒരു ബില്ലല്ല, വ്യത്യാസമായിട്ടുള്ള ചില കാര്യങ്ങൾ ഇതിലുണ്ട്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും പല കക്ഷികളെ സംബന്ധിച്ചിടത്തോളവും അല്ലെങ്കിൽ എല്ലാ കക്ഷികളെ സംബന്ധിച്ചിടത്തോളവും—ഞങ്ങളെ ഒഴിച്ച് എന്നുള്ളത് സത്യം മാത്രമാണ്—സാധാരണ ഗതിയിൽ ധനവിനിയോഗബില്ലിനെപ്പോലെയോ വിശ്വാസബില്ലിനെപ്പോലെയോ പ്രാധാന്യം ഉണ്ടെന്നു വാദിക്കുന്നതിൽ തെറ്റില്ല. എന്നാൽക്കൂടി സ്ഥായിയായി ഈ സംസ്ഥാനത്തിന്റെ സ്റ്റാറ്റ്യൂട്ട് പുസ്തകത്തിൽ സ്ഥാനം പിടിക്കാൻ പോകുന്ന നിയമനിർമ്മാണത്തെ രണ്ടാഴ്ചയ്ക്കുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തും ഇന്ന് ഗവൺമെൻറിൻെറ ഭാഗത്തും ആണെന്നുള്ള കാരണത്താൽമാത്രം, ഇന്ന് സി.പി.ഐ. യും ആർ.എസ്.പി. യുമെല്ലാം ചെയ്യുന്നതുപോലെ പിന്തുണച്ചതിനുശേഷം എതിർക്കേണ്ടതായ സ്ഥിതിവിശേഷം ഇല്ല, അത്തരത്തിൽ തരംതാഴേണ്ട ആവശ്യം ഈ പാർട്ടിക്കില്ല. ധൈര്യസമേതം അവനവൻെറ അഭിപ്രായം പറയുന്നതിൽ ഒരു തെറ്റുമില്ല. വളരെ ഒബ്ജക്റ്റീവായ നിലയിൽ ഒരു അഭിപ്രായം പറഞ്ഞാൽ ആ അഭിപ്രായം സ്വീകരിക്കാൻ സാധിക്കുമെങ്കിൽ സ്വീകരിക്കുക എന്നുള്ള നിലപാടാണ് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം തീർച്ചയായും എടുക്കാൻ സാധിക്കുന്നത്.

<u>ശ്രീ. ഇ. പി. ഗോപാലൻ:</u> രണ്ടാഴ്ചമുമ്പ് ഈ ബില്ലിനെ അനുകൂലിച്ച് ഞാൻ ആവേശപൂർവ്വം പ്രസംഗിച്ചു എന്ന് അങ്ങു പറഞ്ഞത് എന്ത് ഓർത്തിട്ടാണ്?

<u>ശ്രീ. കെ. ചന്ദ്രശേഖരൻ:</u> പ്രസംഗിക്കുമായിരുന്നു എന്നാണ്.

<u>ശ്രീ. ഇ. പി. ഗോപാലൻ:</u> എനിക്ക് ഇപ്പോൾ ആവേശമില്ല എന്നാണോ കരുതുന്നത്. പാട്ടബാക്കി റദ്ദാക്കുന്ന അവസരത്തിൽ ഞാൻ പ്രസംഗിച്ചത് കേട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. ചന്ദ്രശേഖരൻ:</u> ആവേശത്തിൻെറ കാര്യത്തിൽ സംശയമില്ല. സർ, ഈ ബില്ല് വരാനുള്ളതായ സാഹചര്യം ഇതിൻെറ സ്റ്റേറ്റുമെൻറ് ഓഫ് ഒബ്ജക്റ്റ്സ് ആൻറ് റീസൺസിൽ എഴുതിയിട്ടുണ്ട്. അതുപോലെതന്നെ ഓർഡിനൻസായി പ്രഖ്യാപിക്കാനുള്ള കാര്യകാരണങ്ങളും എഴുതിച്ചേർത്തിട്ടുണ്ട്. എന്താണു സർ, യാഥാർത്ഥ്യങ്ങൾ? ഈ ബില്ലിൻെറ വകുപ്പുപ്രകാരം ഇഷ്ടദാനബിൽ, ഇഷ്ടദാന ആധാരം, ഇഷ്ടദാന ഏർപ്പാടുകൾ 1-1-1970-നുശേഷം നിരോധിച്ചിട്ടുണ്ട്. അതാണ് സത്യം. 1-1-1970-നുശേഷം നിരോധിച്ചു എങ്കിലും കുറെ ആൾക്കാർ ദാനം ചെയ്തു. ആരാണ് നിയമത്തിന് എതിരായി നിൽക്കുന്നത്. ഈ നിയമത്തിന് എതിരായ ജനങ്ങളുടെ നമ്പർ ജാസ്തി ഉണ്ടെങ്കിൽ ഗവൺമെൻറ് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നിർബന്ധിതമാകും അവരെ സഹായിക്കാൻ. ഗവൺമെൻറു സർവ്വീസിൽ ടെസ്റ്റ് പാസാകണം. ടെസ്റ്റ് പാസാകുന്ന കൂട്ടർ കുറവ്, ടെസ്റ്റ് പാസാകാത്ത കൂട്ടർ ധാരാളം. ഗവൺമെൻറ് ആരെ സഹായിക്കും? സെലക്ഷന്—മെരിറ്റ്—ക്യാപ്പിറ്റൽ(എം) എന്നെല്ലാം പറയും. അവസാനം വന്നുകൂടുക ടെസ്റ്റ് പാസാകാത്തവരെ ഒന്നിച്ച് ടെസ്റ്റ് പാസായതായി കണക്കാക്കണമെന്നുപറഞ്ഞ് ഓർഡർ പുറപ്പെടുവിക്കും. ടെസ്റ്റ് പാസായവർ വിഡ്ഢികൾ, പാസാകാത്തവർ നല്ലവർ. അതുപോലെ കടം വീടിയിട്ടുള്ള ആളുകൾ വിഡ്ഢികൾ. കടം വീട്ടാത്തവർ നല്ലവർ. പാട്ടബാക്കി കൊടുത്തവൻ വിഡ്ഢി, അല്ലാത്തവൻ നല്ലവൻ. ഇങ്ങനെയല്ലേ നിയമം വരുന്നത്. ഞാൻ നിയമത്തെ വിമർശിക്കുകയല്ല ഒരു വസ്തുത വീണ്ടും ചൂണ്ടിക്കാണിക്കുന്നു എന്നുമാത്രമേയുള്ളു. ഈ നിലയിൽ കുറേ ആൾക്കാർക്ക് ബില്ലിൻെറ ഗുണം കിട്ടുമെന്നുണ്ടെങ്കിൽ അതിനെ ക്രമീകരിക്കുന്ന നിയമം വരും ഇന്നല്ലെങ്കിൽ നാളെ. ഇന്നല്ലെങ്കിൽ നാളെ നിയമം വരുമെന്നുള്ളതിൻെറ അടിസ്ഥാനത്തിൽ എഴുതിയിരിക്കുകയാണ്. ഒരാൾ എഴുതിയത് ഒരു ലാൻഡ് ബോർഡ് സമ്മതിച്ചില്ല. ലാൻറ് ബോർഡ് പറഞ്ഞു, 1-1-1970-ൽ നിങ്ങൾ എഴുതിയ ദാനവസ്തു മിച്ചഭൂമിയായി കണക്കാക്കുമെന്ന്. അതിനെതിരായി ഹൈക്കോടതിയിൽ റിട്ടുവന്നു. ആ റിട്ടുവന്നപ്പോൾ വക്കീൽ ഹാജരായി, വാദങ്ങൾ ഉന്നയിച്ചു. 1-1-1970-നുശേഷവും നിലനിൽക്കുമെന്നുള്ള വാദം ഉന്നയിച്ചു. ഹൈക്കോടതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സിംഗിൾ ജഡ്ജ് ആ വാദം സ്വീകരിച്ചുകൊണ്ട് ലാൻഡ് ബോർഡ് ചെയ്തിട്ടുള്ളത് തെറ്റാണെന്നു പറഞ്ഞുകൊണ്ട് അതു മിച്ചഭൂമി കണക്കാക്കുന്നതിന് എടുക്കേണ്ടതില്ലെന്നു പറഞ്ഞുകൊണ്ട് ദാനാധാരം നിലനിറുത്തി. സർ, അന്നു ഹർജിക്കാരന്റെ വക്കീൽ സ്വാഭാവികമായും

10 a. m.] ദാനാധാരം നിലനിൽക്കണമെന്നു പറഞ്ഞു വാദിച്ചു. ഗവൺമെന്റ് ആ കേസ്സിൽ അഡ്വക്കേറ്റു ജനറലിനെ നിശ്ചയിച്ചു. ഞാൻ ഇതു പറയാൻ കാരണം ബില്ലിൽ Intent of the Legislation എന്നു പറയുന്നുണ്ട്. Intent of the Legislation എന്നു ഇതിൽ പറയുന്നതു വസ്തുതകൾക്കു നിരക്കാത്തതാണെന്നു പറയാൻ വേണ്ടി മാത്രമാണ്. കളവ് എന്നു ഞാൻ പറയുന്നില്ല. ഗവൺമെന്റ് അഡ്വക്കേറ്റു ജനറലിനെ നിശ്ചയിച്ച സിംഗിൾ ജഡ്ജിന്റെ മുന്നിൽ വാദിച്ചു 1-1-1970-നു ശേഷം ദാനാധാരങ്ങൾ നിലനിൽക്കുകയില്ല, അതാണ് നിയമസഭയുടെ ഉദ്ദേശം, അതാണു നിയമവകുപ്പിന്റെ ഉദ്ദേശം എന്ന്. എന്നാൽ അഡ്വക്കേറ്റു ജനറലിന്റെ വാദം, ഗവൺമെന്റിന്റെ വാദം നിരാകരിച്ചു, ഹർജിക്കാരന്റെ വാദം സ്വീകരിച്ചു. അതിനെതിരായി സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്തു. അപ്പീലിൽ ഗവൺമെന്റു ജയിച്ചു. ഗവൺമെന്റിന്റെ വാദം, 1-1-1970-നു ശേഷം ദാനാധാരങ്ങൾ ശരിയല്ലെന്ന വാദം സുപ്രീംകോടതി അംഗീകരിച്ചു, സിംഗിൾ ജഡ്ജിന്റെ വിധി റദ്ദാക്കി. അതിനുശേഷം രണ്ടു കേസുകൾ കൊടുത്തു. ഒരു കേസ് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 1974-ൽ തീരുമാനിച്ചു. സിംഗിൾ ബഞ്ചിന്റെ വിധി തെറ്റാണ്, 1-1-1970-നു ശേഷം ദാനാധാരങ്ങൾ നിലനിൽക്കുന്നതല്ല എന്നു വിധിച്ചു. വീണ്ടും കേസ് വന്നു. മൂന്നു ജഡ്ജിമാർ ഉൾപ്പെട്ട ഫുൾബഞ്ചിനു വിട്ടു. 1975-ൽ അവർ തീരുമാനിച്ചു. ഡിവിഷൻ ബഞ്ചിന്റെ തീരുമാനമാണ് 4-11-1974-ൽ. ഫുൾബഞ്ചിന്റെ തീരുമാനം 1975-ൽ. ഫുൾബഞ്ച് പറഞ്ഞു 1-1-1970-നു ശേഷം ദാനാധാരങ്ങൾ നിലനിൽക്കുന്നതല്ലെന്നു. അതുകൊണ്ട് ഗവൺമെന്റു ഇപ്പോൾ ചിന്തിക്കുന്നതു 5-11-1974 വരെ, ഡിവിഷൻ ബഞ്ച് റൂളിംഗ് ഉണ്ടാകുന്നതുവരെ, ഈ രാജ്യത്തിലെ ജനങ്ങൾ ദാനാധാരം ചെയ്യാമെന്നു വിചാരിച്ചുപോയി അതുകൊണ്ട് അതു വകവച്ചുകൊടുക്കണമെന്നാണ്. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ നമുക്ക് സ്വീകരിക്കാം. പക്ഷേ ബഹുമാനപ്പെട്ട ബേബി ജോൺ എഴുതിച്ചേർത്തിട്ടുള്ളതു എന്താണെന്നറിയാമോ? ഇതു ഗവൺമെന്റിന്റെ ഇൻറൻഷൻ ആയിരുന്നു എന്നാണ്. ലെജിസ്ലേച്ചറിന്റെ ഇൻറൻഷൻ 1-1-1970-നു ശേഷവും തുടരുകയെന്നുള്ളതായിരുന്നു എന്നാണ് ബേബി ജോൺ എഴുതിവച്ചിരിക്കുന്നത്. എന്നാൽ അഡ്വക്കേറ്റു ജനറലിനെ ഈ മൂന്നു കേസുകളിലും എന്തിനുവേണ്ടി എൻഗേജ് ചെയ്തു. ഈ മൂന്നു കേസുകളിലും ദാനാധാരം പാടില്ലെന്നു നിർദ്ദേശം കൊടുത്തിട്ടുള്ളത് എന്തിനാണ്? എന്നിട്ടാണോ അഡ്വക്കേറ്റ് ജനറലിനെക്കൊണ്ടു കേരളാ ഗവൺമെന്റിനു വേണ്ടി ഘോരമായ വാദമുഖങ്ങൾ കൊണ്ടുവന്നിട്ടുള്ളത്, 1-1-1970-നു ശേഷം പാടില്ലെന്നു? അഡ്വക്കേറ്റു ജനറലിന്റെ വാദമുഖം സിംഗിൾ ജഡ്ജി അംഗീകരിച്ചില്ല, സുപ്രീംകോടതി അംഗീകരിച്ചു. അഡ്വക്കേറ്റു ജനറലിന്റെ വാദം ഡിവിഷൻ ബഞ്ചും ഫുൾബഞ്ചും സ്വീകരിച്ചു. ഇതല്ലേ സർ ലജിസ്ലേച്ചറിന്റെ ഇൻറൻഷൻ? ലജിസ്ലേച്ചറിന്റെ ഇൻറൻഷൻ 1-1-1970-നു ശേഷം ദാനാധാരങ്ങൾ പാടില്ലെന്നുള്ളതാണ്. ഇതു 1973 മുതൽ 1978 വരെ തുടരെത്തുടരെ വാദിച്ചതിനുശേഷം 1977 അവസാനമോ 1978 ആദ്യമോ ഒരു സുപ്രഭാതത്തിൽ ഇവരെല്ലാം കൂടി (ശ്രീ. ബേബി ജോണിനെയും ശ്രീ. പി. കെ. വാസുദേവൻനായരെയും ചൂണ്ടിക്കൊണ്ട്) തീരുമാനിച്ചു. സ്വകാര്യനിർദ്ദേശം ലാൻഡ് ട്രിബ്യൂണലുകൾക്കു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുക, ദാനാധാരങ്ങൾ വന്നിട്ടുണ്ടെങ്കിൽ അതു തൊടരുത് നിർത്തി വയ്ക്കണം, നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന്. അങ്ങനെ സ്വകാര്യമായി ഈ നിർദ്ദേശം അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയും കൊടുത്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 1978 മുതൽക്കു ഇതേവരെയായി ലാൻഡ് ബോർഡുകൾ കാര്യമായി ദാനാധാരങ്ങളൊന്നും തൊട്ടിട്ടില്ല. അതിനുമുൻപു തൊട്ടു. അതിനു മുൻപു വളരെ കേസുകൾ അവസാനിച്ചു. അതുകൊണ്ടാണ് ഇതിൽ വകുപ്പുവച്ചിരിക്കുന്നത് അതെല്ലാം റീ ഓപ്പൺ ചെയ്യാൻ. ഈ പ്രൊവിഷൻ നടപ്പിലാക്കുമ്പോൾ ദാനാധാരങ്ങൾ സാധൂകരിച്ചു എന്നു മാത്രമല്ല ആ ദാനാധാരങ്ങൾ കണക്കിലെടുക്കാതെ മിച്ചഭൂമി പാവപ്പെട്ട കോരനും കണ്ണനും ചിന്നനും എല്ലാം, ഹരിജനങ്ങൾക്കും പട്ടികജാതിക്കാർക്കും കൊടുത്തിട്ടുണ്ടെങ്കിൽ ആ മിച്ചഭൂമിയെല്ലാം ഗവൺമെന്റിൽ തിരിയെ വരികയും ആ മിച്ചഭൂമിയെല്ലാം വീണ്ടും ഈ സ്വകാര്യവ്യക്തികൾക്ക് കൊടുക്കുകയും ചെയ്യും. പിന്നെ അവരെ സംബന്ധിച്ചിടത്തോളം എന്താണു ചെയ്യുന്നതെന്നു ഗവൺമെന്റ് ആലോചിക്കണം. ആൾട്ടർനേറ്റു ലാന്റ് അവർക്കു കൊടുക്കുകയെന്നുള്ളതാണ് നമ്മൾ സാധാരണയായി ചെയ്തു കാണുന്നത്. പക്ഷേ അങ്ങനെ കൊടുക്കുകയാണെങ്കിൽ തന്നെ അതു മറ്റു വല്ലവരുടെയും സ്ഥലമായിരിക്കും, അതല്ലെങ്കിൽ വനപ്രദേശമോ മറ്റോ ആയിരിക്കും. അതുകൊണ്ട് ഈ രാജ്യത്തിലെ ആയിരക്കണക്കിനു പാവപ്പെട്ട കൃഷിക്കാർ റോഡിലേക്കു പോകാൻ പോകുകയാണ്. സർ, ഇവരുടെ ഭൂമിയെല്ലാം ഒഴിഞ്ഞുകൊടുക്കേണ്ടി വരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

സർ, ഇവിടെ മിച്ചഭൂമി ഇല്ലാതാകും എന്നുള്ളതല്ല പ്രശ്നം. മിച്ചഭൂമി ഇല്ലാതാകുമെന്നുള്ളതു ശരിതന്നെ. അതിനെക്കാളുപരി 1978 വരെ ലാൻഡ് ബോർഡുകൾ തീരുമാനിച്ചിട്ടുള്ളതായ എല്ലാ കാര്യങ്ങളും ഇതിൽ പറഞ്ഞിട്ടുള്ളതായ ക്ലോസ് 12 പ്രകാരം, അതിലെ 85 (10) പ്രകാരം റീ ഓപ്പൺ ചെയ്യേണ്ടിവരും. അക്കാര്യത്തിൽ ബഹുമാനപ്പെട്ട ഇ. പി. ഗോപാലനോടു ഞാൻ യോജിക്കുകയാണ്. കോടതികളിലും ലാൻഡ് ട്രൈബ്യൂണലുകളിലും വ്യവഹാരങ്ങളുടെ വേലിയേറ്റമായിരിക്കും. ഓരോന്നിനും റിവിഷനുണ്ട്, റിട്ടു പെറ്റീഷനുണ്ട്, റിട്ട് അപ്പീലുണ്ട്. വ്യവഹാരങ്ങൾ കൊണ്ട് കൊയ്ത്തുള്ളവർക്കെല്ലാം കന്നിക്കൊയ്ത്തായിരിക്കും. ഞാൻ ഉദ്ദേശിക്കുന്നതു വക്കീലൻമാരെയല്ല, മദ്ധ്യവർത്തികളെയാണ്. ഒരു വ്യവഹാരം വന്നു കഴിഞ്ഞാൽ പാവപ്പെട്ട കർഷകർക്കു എത്രപേരുടെ സഹായം വേണമെന്നു നാം മനസ്സിലാക്കണം. വക്കീലൻമാരെ സംബന്ധിച്ചിടത്തോളം അവർക്കു കൃത്യമായി ഫീസുണ്ട്.

ശ്രീ. പി. കെ. വാസുദേവൻ നായർ: വക്കീലൻമാർക്കും നല്ലതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: വക്കീലൻമാർക്കും നല്ലതാണെന്നു ഇപ്പോൾ ശ്രീ. വാസുദേവൻ നായർ അവിടെ (പ്രതിപക്ഷത്ത്) ഇരുന്നു പറയുന്നു. എന്നാൽപിന്നെ എന്തിനാണു ഇത് എഴുതിക്കൂട്ടിയത്? ഇതു വേണ്ടായിരുന്നു എന്നു പറയേണ്ടതല്ലേ? എന്നിട്ടിപ്പോൾ എന്തിനാണ് അവിടെയിരുന്നു ഇതെല്ലാം പറയുന്നത്? എന്തു വ്യത്യാസമാണ് ബഹുമാനപ്പെട്ട വാസുദേവൻ നായർക്കു വന്നിരിക്കുന്നത്; മിനിയാന്നു അദ്ദേഹത്തിന്റെ കാര്യങ്ങൾ കണ്ടപ്പോൾ ഞാൻ പേടിച്ചുപോയി. എന്തു നല്ല വാസുദേവൻ നായരെയാണ് ലോകസഭയിൽ ഞാൻ കണ്ടത്. ലോകസഭയിലെ പാനൽ ഓഫ് ചെയർമാനായി വാസുദേവൻ നായർ ഇരിക്കുന്നതു കാണാൻ വേണ്ടി

ഞാൻ പോകാറുണ്ടായിരുന്നു. ഒരുകൊല്ലം എത്ര അന്തസ്സോടുകൂടിയാണ് മുഖ്യമന്ത്രിയായി അങ്ങു പെരുമാറിയതെന്നു പറഞ്ഞു രാജിവച്ച ദിവസം ഞാൻ കൈയും കൊടുത്തു വന്നതാണ്. എന്നാൽ മിനിയാന്നു കണ്ട ആകൃതി എന്താണ്? ഈ രാജ്യത്തിലെ ജനങ്ങൾ എന്നോടു ഫോണിൽ ചോദിക്കുകയാണ് ശ്രീ. വാസുദേവൻ നായർക്കു എന്തു പറ്റിയെന്ന്. ഞാൻ അദ്ദേഹത്തെ ഡിഫൻറു ചെയ്തു പറഞ്ഞു, ഒന്നും പറ്റിയിട്ടില്ലെന്നു. ഇന്നു അദ്ദേഹത്തിൻെറ മുന്നിൽവച്ചു പറയുകയാണ് അദ്ദേഹത്തിനു എന്തോ അപകടം പറ്റിയെന്നു. ഞാൻ ഫോൺ ചെയ്തവരോടു ഒന്നും പറ്റിയിട്ടില്ലെന്നു പറഞ്ഞു, ഞാൻ മറ്റൊന്നു പറയുന്നതു ശരിയല്ല. ഇന്നു ഒരു ചിരിയോടുകൂടി ശ്രീ. വാസുദേവൻ നായർ വക്കീലൻമാർക്കും ഗുണം തന്നെയല്ലേ എന്നു ചോദിക്കുമ്പോൾ ഇതു ഉണ്ടാക്കിവച്ചതായ നിങ്ങൾതന്നെ ഇതിനു ഉത്തരം പറയണമെന്നു മാത്രമേ എനിക്കു മറുപടി പറയാൻ കഴിയൂ.

സർ, വളരെയധികം ആളുകൾ ഈ കേസുകളിൽ ഹാജരായി. മിച്ചഭൂമി വാങ്ങിച്ചിട്ടുള്ള ആളുകളുണ്ട്, റിട്ടേൺ എല്ലാം തീരുമാനം ചെയ്യപ്പെട്ടിട്ടുണ്ട്. സർ, ഒരു ചെറിയ കണക്കു ഞാൻ സഭയുടെ മുന്നിൽ വയ്ക്കാം. എനിക്കു ബഹുമാനപ്പെട്ട ബേബി ജോണിനോടു ഒരു പ്രതിഷേധമുണ്ട്. റവന്യൂ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള റിപ്പോർട്ടുകളൊന്നും ശരിക്കു സമയത്തിനു തരികയില്ലായിരുന്നു. ലാൻഡ് ബോർഡ് ലാൻഡ് ട്രൈബ്യൂണലുകളുടെ റിപ്പോർട്ട് ഏറ്റവും റീസൻറായി കിട്ടിയത് 1975–76-ലേതാണ്. അടുത്തകാലത്ത് 1976–77-ലെ റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. 1977–78-ലേതു തരേണ്ടതാണ്. എന്തുകൊണ്ടു അദ്ദേഹത്തിനു ശ്രദ്ധിക്കുവാൻ പറ്റിയിട്ടില്ലെന്നു എനിക്കറിയുകയില്ല. ഞാൻ കുറ്റമായി പറയുകയല്ല. കൂട്ടത്തിൽ പറഞ്ഞു എന്നേയുള്ളു. 1976–77-ലെ ലാൻഡ് ബോർഡ് ലാൻഡ് ട്രൈബ്യൂണലുകളുടെ കേരളാ ഗവൺമെൻറു പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ 79-ാമത്തെ പേജിൽ അനുബന്ധം 8 ബി ആയി ചേർത്തിട്ടുള്ള കണക്കാണു ഞാൻ വായിക്കുന്നത്.

1977 മാർച്ച് 31-ാം തീയതിവരെ ലഭിച്ച ഭൂപരിധി റിട്ടേൺ 51,929.

1977 മാർച്ച് 31 വരെ തീരുമാനമെടുത്തതു 41,371.

സർ, സിംഹഭാഗവും തീരുമാനമെടുത്തിരിക്കുന്നു. എന്നാൽ തീരുമാനമെടുക്കുവാൻ ബാക്കി കിടക്കുന്നതു 10,558. ഇനി വേറൊരു തരത്തിലുള്ള കണക്ക്. 31–3–1977 വരെ എടുത്ത മിച്ച ഭൂമിയുടെ വിസ്തീർണ്ണം. എടുത്തതെല്ലാം വിതരണം ചെയ്തു കഴിഞ്ഞു, അതിനുവേണ്ട കാര്യശേഷിയുണ്ടെന്ന കാര്യംഅംഗീകരിക്കുന്നു. എടുത്ത മിച്ചഭൂമിയുടെ വിസ്തീർണ്ണം 57,144 ഏക്കർ ആണ്. 31–3–1977 വരെ വിതരണം ചെയ്ത മിച്ചഭൂമി 33,256 ഏക്കർ ആണ്. അതിനുശേഷം എനിക്കു മനസ്സിലായതു 57,000 ഏക്കറും കൊടുത്തു തീർത്തു എന്നാണ്. കണക്കിൽ 31–3–1977 വരെ മാത്രമേ ഉള്ളു. 57,144 ഏക്കർ എടുത്ത മിച്ചഭൂമിയിൽ 31–3–1977-വരെ കൊടുത്തത് 33,256 ആണ്, കണക്കനുസരിച്ച്. ഇതാണ് മിച്ചഭൂമിയുടെ വിസ്തീർണ്ണത്തിൻെറ കാര്യം. ഇനി നമുക്ക് മിച്ചഭൂമി കിട്ടിയവരെപ്പറ്റി ഒന്നു നോക്കാം. ഇതിൻെറ അനുബന്ധത്തിൽ തന്നെ ഉള്ള കണക്കാണ്. പട്ടികജാതിക്കാരുടെ എണ്ണം 17,847. അവർക്കു കൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം 11,163 പട്ടികവർഗ്ഗക്കാരുടെ എണ്ണം 3,066. അവർക്കു കൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം 2,571. മറ്റുവിഭാഗക്കാരുടെ എണ്ണം 26,512. അവർക്കു കൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം 17,572. സർ, ഞാൻ ഈ കണക്കുകളിൽ നിന്നു മനസ്സിലാക്കുന്നത് 1977 അവസാനത്തിലോ 1978 ആദ്യമോ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വാസുദേവൻ നായരും ബഹുമാനപ്പെട്ട ബേബി ജോണും സ്വകാര്യനിർദ്ദേശം ലാൻഡ്ബോർഡുകൾക്കു കൊടുത്തപ്പോൾ ഒരുമാതിരി എല്ലാ റിട്ടേണുകളും വന്നുകഴിഞ്ഞു. ഒരുമാതിരി എല്ലാ റിട്ടേൺസും തീരുമാനിക്കപ്പെട്ടിരുന്നു. കുറച്ചു ബാക്കിയുണ്ടെന്നകാര്യം ഞാൻ സമ്മതിക്കുന്നു. എങ്കിലും കുറെ അധികം മിച്ചഭൂമി എടുത്തുകഴിഞ്ഞു. ആ എടുത്ത മിച്ചഭൂമിയെല്ലാം അന്നേ വിതരണം ചെയ്തുകഴിഞ്ഞു. വിതരണം ചെയ്തതായ മിച്ചഭൂമിയുടെ കാര്യത്തിലാണ് ഇപ്പോഴത്തെ ബില്ലിലെ ക്ലാസ് 12 കൊണ്ടുവന്നിരിക്കുന്നത്. ഇത് എഴുതിപ്പിടിപ്പിച്ച ബഹുമാനപ്പെട്ട വാസുദേവൻ നായരേയും ബഹുമാനപ്പെട്ട ബേബി ജോണിനേയും നോക്കിക്കൊണ്ടു കഷ്ടം എന്നല്ലാതെ എന്തുപറയാനാണ്. ഈ മിച്ചഭൂമിയെല്ലാം തന്നെ വിതരണം ചെയ്തത് വീണ്ടും വിതരണം ചെയ്യുന്ന ദുരവസ്ഥയാണ് വരുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: വിതരണം ചെയ്തു കഴിഞ്ഞ മിച്ചഭൂമിയെല്ലാം ഈ പുതിയ ഭേദഗതി നിയമപ്രകാരം തിരിച്ചെടുക്കേണ്ടിവരുമെന്ന് പണ്ഡിതനായ അങ്ങു പറഞ്ഞു. പക്ഷെ ആ സെക്ഷനിൽ പറയുന്നുണ്ട്. Provided that nothing contained in this sub-section shall apply—

(*a*) * * * *

(*b*) in respect of any land which has been assigned on registry under section 96 before the commencement of the Kerala Land Reforms (Amendment) Act, 1979.

ഇതനുസരിച്ച്, സെക്ഷൻ 96 അനുസരിച്ച് വിതരണം ചെയ്തു കഴിഞ്ഞ ഭൂമി എങ്ങനെ ആ വിതരണം ചെയ്തവരിൽ നിന്ന് തിരിച്ചെടുക്കാൻ പറ്റുമെന്നു പറയണം.

ശ്രീ. കെ. ചന്ദ്രശേഖരൻ: എന്നെ പണ്ഡിതൻ എന്നു പറഞ്ഞ് ഇൻസിനിവേറ്റു ചെയ്തതിൽ ബുദ്ധിമുട്ടില്ല. പേരു വിളിക്കുക എന്നുള്ളത് ഇവിടെ ഇപ്പോൾ സർവസാധാരണമാണ്. ഇന്നലെ എന്നെ ഒരാൾ വിളിച്ചു, ''എടാ പട്ടി കടന്നുപോ'' എന്ന് അതു ചില ആവേശത്തിൽ പറയുന്നതാണ്. ഇതു പറഞ്ഞ ആൾ എന്റെ ഏറ്റവും വലിയ സുഹൃത്താണ്. പക്ഷെ ഇതു വലിയ സുഹൃത്താണോ—അറിഞ്ഞുകൂടാ, ആയിരിക്കാം. ആയാലും ശരി ആയില്ലെങ്കിലും ശരി എന്റെ ചുരുങ്ങിയ പാണ്ഡിത്യം വച്ചുതന്നെ ഇതു പറയുകയാണു സർ. എന്റെ അറിവിൽ പെട്ടിടത്തോളം സ്ഥിതി ഇതാണ്. ആ കാര്യമാണ് ഇതിലില്ലാത്തത്. ബേബി ജോൺ അതിൽ ഉൾക്കൊള്ളിക്കേണ്ടതായിരുന്നു. ഇതെല്ലാം രജിസ്റ്റർ ചെയ്തു കൊടുത്തു എന്നു ഉൾക്കൊള്ളിക്കേണ്ടതായിരുന്നു. ആയിരമായിരം കേസുകളിൽ ഇനിയും രജിസ്ട്രി കിട്ടിയിട്ടില്ല. ഈ നിയമം നടപ്പിൽ വരുന്നതിനുമുമ്പു പട്ടയം കിട്ടണമെന്നാണ് പറയുന്നത്. നിയമം നടപ്പിൽ വരുന്നതിനുമുമ്പ് പട്ടയം കിട്ടാത്ത എത്രയെത്ര കേസുകൾ എനിക്ക് നേരിട്ടു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഞാൻ അതെല്ലാം കണക്കിലെടുത്തിട്ടാണ് പറയുന്നത്. അതുകൊണ്ട് എന്റെ ചുരുങ്ങിയ നിലയിലുള്ള പാണ്ഡിത്യത്തിന് അപകടമൊന്നും പറ്റിയിട്ടില്ല. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ പാണ്ഡിത്യത്തിനും അപകടമൊന്നും പറ്റിയിട്ടില്ല; കാര്യവിവരം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലെന്നുള്ളതാണ് ആപത്ത്. ഞാൻ അതു കണക്കിലെടുത്തുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്, പട്ടയം കിട്ടാൻ കാലം എത്രവേണം. പട്ടയം കിട്ടാൻ സർവെ പാർട്ടിയെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ സർവെ പാർട്ടിയെ ബേബി ജോൺ നിശ്ചയിച്ചിട്ടുണ്ട്. ആ സ്പെഷ്യൽ സർവെ പാർട്ടി പല സ്ഥലത്തും പ്രവർത്തിക്കുന്നുണ്ട്. പല കാരണങ്ങളാലും അവർക്ക് വേണ്ടത്ര പുരോഗമിക്കാൻ സാധിച്ചിട്ടില്ല. തൽക്കാലം ലാൻഡ് ബോർഡിൽ നിന്നു കിട്ടിയ രേഖമാത്രമേ ഈ പാവപ്പെട്ട കൃഷിക്കാരന്റെ കയ്യിലുള്ളു. അവർക്ക് രജിസ്ട്രി കിട്ടിക്കഴിഞ്ഞിട്ടില്ല. രജിസ്ട്രി കിട്ടണമെങ്കിൽ ഇനി എത്രകാലം കഴിയണം. അതിനു പല നടപടിക്രമങ്ങളുമുണ്ട്. അതെല്ലാം കൂടി കണക്കിലെടുത്തിട്ടാണ് ഞാൻ പറഞ്ഞത് ബുദ്ധിമുട്ടുണ്ടാകുമെന്ന്. ബുദ്ധിമുട്ടുണ്ടാകുമെന്നു പറയുമ്പോൾ ഈ പറഞ്ഞ ബുദ്ധിമുട്ടൊന്നു മല്ല. ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിലും നിയമസഭാ സാമാജികൻ എന്ന നിലയിലും അല്ല ഒരു വക്കീൽ പരിശോധിക്കുക. അങ്ങനെ പരിശോധിക്കുമ്പോൾ പല ആപത്തുകളും കണ്ടെന്നു വന്നേയ്ക്കാം, അതിനേക്കുറിച്ച് ഞാൻ പറയുന്നില്ല. കാരണം, ഞാൻ ഈ നിയമസഭയിൽ ഇന്നു പരിശോധിക്കുന്നത് വെറും ഒരു രാഷ്ട്രീയ പ്രവർത്തകൻ, വെറും ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ മാത്രമാണ്. എന്നാൽ ഈ രാജ്യത്തെ സാധാരണ ജനങ്ങളെ സേവിക്കാനായി തീരുമാനിച്ച ഒരു പ്രവർത്തകൻ എന്ന നിലയിൽ മാത്രമാണ് ഇവിടെ സംസാരിക്കുന്നത്. കാര്യങ്ങളെല്ലാം നോക്കി കഷ്ടിച്ച് മനസ്സിലാക്കാനുള്ള പാണ്ഡിത്യമേ എനിക്ക് ഉള്ളു. ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിൽ, ആ അടിസ്ഥാനത്തിലാണു ഇതു പറയുന്നത്. വ്യവഹാരങ്ങളുടെ കൂമ്പാരം ഈ നിയമം നടപ്പിലാകുമ്പോൾ ഉണ്ടാകും. ആ നിലയിൽ ബഹുമാനപ്പെട്ട വാസുദേവൻ നായരും ബഹുമാനപ്പെട്ട ബേബി ജോണും കുറച്ചുകൂടി ചിന്തിച്ചിരുന്നെങ്കിൽ അന്ന് ഇതിന് കൂട്ടുനിൽക്കുകയില്ലായിരുന്നു. എല്ലാ അപകടങ്ങളും ചെയ്തതിനുശേഷം ഇനി ഞങ്ങൾ ഇല്ലെന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? അതു മറ്റൊന്നുമല്ല. ഈ രാജ്യത്തെ പാവപ്പെട്ട കുടിയാൻമാരെ ഓർത്തൊന്നുമല്ല നിങ്ങൾ ഇറങ്ങിയത്. പാവപ്പെട്ട കൃഷിക്കാർക്കും ഹരിജനങ്ങൾക്കും ബുദ്ധിമുട്ടു വരുമെന്ന അടിസ്ഥാനത്തിലല്ല നിങ്ങൾ ഇറങ്ങിപ്പോയത്. നിങ്ങൾ ഇറങ്ങിപ്പോയതും ഇറങ്ങണമെന്നു പറഞ്ഞതും സ്വാർത്ഥതാൽപ്പര്യത്തിനുവേണ്ടി മാത്രം. പാവപ്പെട്ട കൃഷിക്കാരന്റെ താൽപ്പര്യത്തിനുവേണ്ടിയല്ല.

സർ, എനിക്ക് ഈ ഇഷ്ടദാന ക്ലാസിനെ എതിർക്കണമെന്നു തോന്നുകയാണ്. കാരണം, അതു ശരിയല്ലെന്നു തോന്നുന്നുണ്ട്. അതു പുനരാലോചിക്കേണ്ടതാണെന്നു തോന്നുന്നുണ്ട്. അതുകൊണ്ടാണ് സെലക്ട് കമ്മിറ്റിക്ക് അയക്കുക എന്നു പറയുന്നതിനുപകരം ഇതു പൊതുജനാഭിപ്രായത്തിനു വിടണമെന്നു പറഞ്ഞത്. അവർക്ക് എന്താണ് പറയാനുള്ളതെന്ന് അറിയുക. ആ അടിസ്ഥാനത്തിലാണ് ഈ അമൻറുമെൻറ് കൊടുത്തത്.

വളരെ ചുരുങ്ങിയ വാക്കുകൾ മാത്രമേ മറ്റു കാര്യങ്ങളെപ്പറ്റി പറയാനുള്ളു. ഇതിൽ ഇഷ്ടദാനമെന്ന പേരു പറഞ്ഞാലും നാലഞ്ചു കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അഞ്ചെണ്ണമെന്ന് വ്യക്തമായി പറയാം. പേര് ഇഷ്ടദാന ബില്ലെന്നാണ്. കാളാശ്ശേരി ബില്ലിൽ ഇങ്ങനെ അല്ല ഉണ്ടായിരുന്നത്. ഇതിൽ പലതും ഉണ്ട്. അതിനെപ്പറ്റി പലതും എനിക്ക് പറയാനുണ്ട്. എല്ലാത്തിലും അപകടമുണ്ട്. രണ്ടെണ്ണം പോയാലും മൂന്നെണ്ണത്തിലെങ്കിലും അപകടമുണ്ട്. അതെല്ലാം പറയാനുള്ള സമയം കാണുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

1-4-1964-നുശേഷമുള്ള കുടിയായ്മകളെപ്പറ്റി പറയുമ്പോൾ അതും നിരോധിച്ചു. അത് നിരോധിച്ചിട്ടുള്ളത് ഇന്ന്, ഈ നിയമം പബ്ലിഷ് ചെയ്യുന്നതുവരെ ഉള്ളതായ ഏതെങ്കിലും കുടിയായ്മ ഉണ്ടെങ്കിൽ അത് ആധാരപ്രകാരമാണെങ്കിൽ സാധുവായി കൊടുക്കാം എന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ അത് വാക്കാലുമാകാം 124-ാം നമ്പർ ഭേദഗതി പ്രകാരം. അതിനെ ചൂണ്ടിക്കാണിച്ച് എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളു. ഈ തരത്തിലുള്ള ഒരു വകുപ്പ് കൊണ്ടുവരുമ്പോൾ പല ബുദ്ധിമുട്ടുകളും വരും. പല കേസുകളിലും ഇതു മിച്ചഭൂമി ഇല്ലാതാക്കാൻവേണ്ടി ചെയ്തതായിരിക്കും. അതു അങ്ങനെ ചെയ്തതാണോ അല്ലയോ എന്ന് പരിശോധിക്കാനുള്ള വകുപ്പുകൾ ഇതിലില്ല. ഡേറ്റിൻെറ അടിസ്ഥാനത്തിൽ മാത്രമാണ് ഇത് പറയുന്നത്. അങ്ങനെ പോകുമ്പോൾ കുറെ പ്രയാസം വരും. ആ പ്രയാസം തീർക്കാൻ ഒരു പ്രൊവിഷൻ ഇതിലില്ല. ഇതിൽ വളരെയധികം വിവേചനമുണ്ട്. വിവേചനത്തിൻെറ അടിസ്ഥാനത്തിൽ അപാകതകൾ ഉണ്ട്.

സർ, കുടിയാൻമാർക്ക് പർച്ചേസ് റൈറ്റുവാങ്ങിക്കാൻ പ്രൊവിഷൻ ഉണ്ട്. 1-1-1964-നുശേഷം കുടിയായ്മ പാടില്ലെന്നുണ്ട്. അതിനുശേഷം ഇപ്പോൾ പറയുന്നു 1-1-1964-നുശേഷം ഇപ്പോൾ ബില്ല് പ്രസിദ്ധീകരിച്ചതുവരെ ഉള്ളതായിട്ടുള്ള കുടിയായ്മകൾ എല്ലാം സാധൂകരിക്കപ്പെടുമെന്ന്. അങ്ങനെ സാധൂകരിക്കപ്പെട്ടാൽ പിന്നെ അവർ എന്താണ് ചെയ്യേണ്ടത്. കരാർ പാട്ടം കൊടുക്കണമോ, മര്യാദപ്പാട്ടം കൊടുക്കണമോ, ഉടമാവകാശം വാങ്ങിക്കാൻ അവകാശമുണ്ടോ? അതിനൊക്കെ തീയതിയുണ്ട് മൂലനിയമത്തിൽ. ആ തീയതിവച്ചുകൊണ്ട് ഇവരെ എന്താണ് ചെയ്യേണ്ടത്. ഇതൊക്കെ വിരോധാഭാസമായിത്തീരും. കാർഷികപരിഷ്ക്കാരനിയമം നടപ്പാക്കുമ്പോൾ കുടിയായ്മ ഇല്ലാതായിരിക്കുന്നു. പിന്നെ ഓരോരോ കുടിയായ്മ ഓരോരോ പ്രദേശത്തു നിൽക്കുക. ഇത് അവസാനിപ്പിക്കാനായിട്ട് യാതൊരു പ്രൊവിഷനും ഇതിനകത്തില്ല. ഇഷ്ടദാനത്തെ സംബന്ധിച്ചിടത്തോളം ഒരു ഫോളോ അപ്പ് പ്രൊവിഷൻ ഉണ്ട്. അത്തരത്തിലുള്ള ഒരു ഫോളോ അപ്പ് പ്രൊവിഷൻ ഇതിൽ ഇല്ലാത്തതുകൊണ്ട് കൂടുതൽ വിഷമതകളുണ്ടാകും. ഇതുമാതിരി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഒന്നു രണ്ടു കേസുകൾ എനിക്കറിയാം. കഷ്ടകാലത്തിനു ലാൻഡ് ബോർഡിൽ ചെന്നു പറഞ്ഞു 1966-ൽ ഏൽപ്പിച്ചുകൊടുത്തതാണെന്ന്. ലാൻഡ് ബോർഡ് സമ്മതിച്ചില്ല. 1963-ൽ വാക്കാൽ ഏൽപ്പിച്ചുകൊടുത്തതാണെന്നു പറഞ്ഞാൽ മതിയായിരുന്നു. അങ്ങനെ പറയാത്തതിൻെറ ഫലമായി ആ ഭൂമി മിച്ചഭൂമിയായി ഗവൺമെൻറ് ഏറ്റെടുത്തു. സർ, ഇത്തരത്തിലുള്ള ഭൂമിക്കുവേണ്ടി റീസണബിൾ ക്ലാസിഫിക്കേഷൻ ഏർപ്പെടുത്തണം. ആ ക്ലാസിഫിക്കേഷൻ significantly absent in this provision എന്നാണെനിക്ക് പറയാനുള്ളത്. ആ ക്ലാസിഫിക്കേഷൻ ഇല്ലാത്തതുകൊണ്ട് ചെറിയൊരു വിഭാഗം കുടിയാൻമാർക്കുമാത്രമേ ആ തരം അവകാശം കിട്ടുകയുള്ളു. മറ്റുള്ളവർക്ക് അതു നിഷേധിക്കപ്പെടും. ഇങ്ങനെയൊരു പ്രൊവിഷൻ നിലനിൽക്കുമോ ഇല്ലയോ എന്നുള്ള ചോദ്യം സ്വാഭാവികമായി കോടതിയിൽ ഉന്നയിക്കപ്പെടുമ്പോൾ വിഷമങ്ങൾവരും. സ്ട്രക്ക്ഡൗൺ ചെയ്യുമെന്നൊന്നും ഞാൻ പറയുന്നില്ല. വിഷമങ്ങൾ വരും. ആ നിലയിൽ പല ബുദ്ധിമുട്ടുകളും ഉണ്ടാകാൻ സാദ്ധ്യതയുള്ളതുകൊണ്ടും ഈ വകുപ്പ് കാർഷികപരിഷ്ക്കരണനിയമത്തിൻെറ ഫണ്ടമെൻറൽ ബേസിസിനെത്തന്നെ ഇറോഡ് ചെയ്യുന്നതുകൊണ്ടും ഈ നിയമം ശരിയാണോ ഇല്ലയോ എന്നുള്ളതു ഗവൺമെൻറ് പുനഃപരിശോധിക്കണമെന്നാണെനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ബേബി ജോണും വാസുദേവൻ നായരും അത്രത്തോളം പരിശോധിച്ചിട്ടാണോ ഈ നിയമം കൊണ്ടുവന്നത് എന്നുള്ളതെനിക്കറിയില്ല. എന്താണതിന്റെ കാരണം എന്നതു അവർ പറയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: വാസുദേവൻ നായരും ബേബി ജോണും ഇട്ടേച്ചുപോയ ഈ നിയമം എടുത്തു വീണ്ടും അവതരിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനു സഹായം നിന്ന അങ്ങു ഈ ബില്ലിനെ എതിർക്കുന്നതിനു എന്താണ് പറയേണ്ടത്?

ശ്രീ. കെ. ചന്ദ്രശേഖരൻ: ഈ ചോദ്യം ഇ. പി. ഗോപാലന്റെ സ്വതസ്സിദ്ധമായ ഭാഷയിലോ ശബ്ദത്തിലോ ചോദിക്കാഞ്ഞതിൽ നിന്നും അദ്ദേഹത്തിനുതന്നെ സംശയമുണ്ടെന്നെനിക്ക് തോന്നുന്നതു കൊണ്ട് ഞാൻ മറുപടി പറയുന്നില്ല.

ശ്രീ. ബേബി ജോൺ: മിച്ചഭൂമി കണക്കുകൂട്ടേണ്ടതെങ്ങനെയാണെന്നു സെക്ഷൻ 84 പറയുന്നുണ്ട്. അതിൽ പറയുന്നത് *Certain voluntary transfers to be null and void*.—Not withstanding anything contained in any law for the time being in force, all voluntary transfers effected after the date of publication of the Kerala Land Reforms Bill, 1963, in the Gazette, otherwise than—

(*i*) by way of partition; or

(*ii*) ** ** **

(*iii*) in favour of a person who was a tenant of the holding before the 27th July 1960, and continued to be so till the date of transfer; or

(*iv*) ** ** ** എന്നാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ആ പ്രൊവിഷൻ പ്രകാരം നടപ്പിലാകുന്നതു മാത്രം നടപ്പിലാകും, ആ പ്രൊവിഷൻകൂടി കണ്ടുകൊണ്ടാണ് ഞാൻ പറഞ്ഞത്. വാദപ്രതിവാദത്തിനൊന്നും ഞാനില്ല.

സർ, ഒന്നു രണ്ടു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മറ്റൊരാവശ്യത്തിനുവേണ്ടി ബഹുമാനപ്പെട്ട മാണിക്ക് പോകേണ്ടതുള്ളതുകൊണ്ട് ഞാൻ ഉടനേ നിറുത്താം. 1–1–1964-നു ശേഷമുള്ള കുടിയായ്മകളെല്ലാം നിരോധിച്ചിട്ടുണ്ട്. ഇന്നു ചില ചില്ലറ എക്സംപ്ഷൻസൊക്കെ കൊണ്ടുവന്നിട്ടുണ്ട്. പാസാകുമെങ്കിൽ അതു നിലനിൽക്കട്ടെ. 1–1–1964-നു ശേഷമുള്ള കുടിയായ്മകൾ നിരോധിച്ചതുപോലെതന്നെ മിച്ചഭൂമി കൈവശം വയ്ക്കുന്നതും നിരോധിക്കേണ്ടതുണ്ട്. അതിനു നിവൃത്തിയുണ്ടോ ഇല്ലയോ എന്നത് എനിക്കറിയില്ല. അക്കാര്യം ലാ ഡിപ്പാർട്ടുമെന്റുമായി ആലോചിക്കാവുന്നതാണ്.

ശ്രീ. ബേബി ജോൺ: സെക്ഷൻ 87-ൽ *Excess land obtained by gift, etc., to be surrendered*.—(1) Where any person acquired any land after the date notified under section 83 by gift, purchase, mortgage with possession, lease, surrender or any other kind of transfer *inter vivos* or by bequest or inheritance or otherwise and in consequence thereof

LIBRARY ARCHIVES Kerala Legislative Assembly

the total extent of land owned or held by such person, exceeds the ceiling area, such excess shall be surrendered to such authority as may be prescribed എന്നു പറയുന്നുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഉണ്ട് സർ. അതു വേഗം ഡിഫീറ്റ് ചെയ്യാൻ സാധിക്കും. ഇവിടെ ധാരാളം പണക്കാരുള്ളതുകൊണ്ട് ആരിൽ നിന്നുവേണമെങ്കിലും മേടിക്കാൻ അവർക്ക് കഴിയും. ഇപ്പോൾ ആശാരിമാർക്കെന്താ കൂലി? അലക്കുകാർക്കെന്താ കൂലി? സാധാരണക്കാർക്ക് ജീവിക്കാൻ സാധിക്കുന്നുണ്ടോ? അതുകൊണ്ട് ഗവൺമെൻറ് ഇക്കാര്യം പുനരാലോചിക്കണമെന്നുള്ള നിർദ്ദേശം ഞാൻ വയ്ക്കുകയാണ്.

സർ, ജനതാപാർട്ടി എന്തിനാണിതിനെ എതിർക്കുന്നതു എന്നൊക്കെ ഇവിടെ ചോദ്യംവന്നു. ജനതാപാർട്ടിയുടെ ഗവൺമെൻറല്ലേ ഇതിന് അസൻറുകൊടുത്തത് എന്നും ചോദിച്ചു. സർ, ജനതാപാർട്ടി വളരെക്കാലമായി ഇതിനെ എതിർക്കുന്നുണ്ട്. ജനതാപാർട്ടിയുടെ പ്രസിഡൻറ് കേരളത്തിൽ വന്നപ്പോൾ ഈ ബില്ലിനെ എതിർത്തു സംസാരിച്ചതു ബേബി ജോണും വാസുദേവൻ നായരും ഓർക്കുന്നുണ്ടായിരിക്കും. അസൻറിനുവേണ്ടി അയച്ചപ്പോൾ ബർണാലയുടെ അടുത്തും പ്രധാനമന്ത്രിയുടെ അടുത്തും ഞാൻ പറഞ്ഞു ഇതിന് അസൻറുകൊടുക്കാൻ പാടില്ല എന്ന്. പക്ഷേ ബേബി ജോണും വാസുദേവൻ നായരുമൊന്നും എന്നെ വിട്ടില്ല. മുഖ്യമന്ത്രിയാണ്, റവന്യൂമന്ത്രിയാണ്, ഇത് കേരളത്തിൻെറ ആവശ്യമാണ് എന്നെല്ലാം പറഞ്ഞു നിങ്ങൾ നിർബന്ധപൂർവ്വം ബർണാലയുടെ അടുത്തും പ്രധാനമന്ത്രിയുടെ അടുത്തും ആവശ്യപ്പെട്ടു. അവസാനം, അവർ പറഞ്ഞ ഒരു കാര്യം സെൻട്രൽ ഗവൺമെൻറിനു സ്വീകരിക്കേണ്ടി വന്നു. അവർ പറഞ്ഞതെന്താണെന്നറിയാമോ? ഇത് സ്റ്റേറ്റ് ലെജിസ്ലേച്ചറിൻെറ ലെജിസ്ലേറ്റീവ് കോംപിറ്റൻസിൽപ്പെട്ടതാണ്, ലിസ്റ്റ് 2-ൽപ്പെട്ടതാണ് ഈ ഓർഡിനൻസ് പാസാക്കാനുള്ള സർവാധികാരം ഈ നിയമസഭക്കും ഗവൺമെൻറിനും ഉള്ളതാണ് അതുകൊണ്ട് ഇതിൻെറ മെറിറ്റിനെ ചോദ്യം ചെയ്യാൻ സെൻട്രൽ ഗവൺമെൻറിനു അധികാരമില്ല എന്നാണവർ വാദിച്ചത്. സർ, ഒരേ പാർട്ടിയാണ് രണ്ടിടത്തും ഭരിക്കുന്നതെങ്കിൽ ഇത് എക്സാമിൻ ചെയ്യപ്പെടും എന്നതിനു യാതൊരു സംശയവുമില്ല. ഇന്ദിരാഗാന്ധിയോ, ജവഹർലാൽ നെഹ്റുവോ ആയിരുന്നെങ്കിൽ അവരുടെ പാർട്ടിയാണ് സംസ്ഥാനം ഭരിച്ചിരുന്നതെങ്കിൽ ഇത് എക്സാമിൻ ചെയ്യുമായിരുന്നു. കഷ്ടകാലത്തിനു മറ്റൊരു ഗവൺമെൻറായിപ്പോയി കേന്ദ്രത്തിൽ. ഞങ്ങളെക്കാരണം എംബരാസ്മെൻറ് ഉണ്ടാക്കേണ്ട എന്നു പറഞ്ഞുകൊണ്ട് അസൻറുകൊടുക്കുകയാണ് ചെയ്തത്. ജനതാപാർട്ടി പഴയ സമീപനത്തിൽത്തന്നെയാണിപ്പോഴും നിൽക്കുന്നത് എന്ന് ഉറപ്പിച്ചും തറപ്പിച്ചും പറയാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. ഈ ഗവൺമെൻറിനോട് ഞങ്ങൾക്കുള്ള സമീപനം സഹകരണത്തിൻെറ സമീപനമാണ്. ഈ ഗവൺമെൻറിനെ പിന്താങ്ങുക എന്നുള്ളതാണ് ഞങ്ങളുടെ സമീപനം. ഇഷ്ടദാനബില്ലിൻെറ പേരിലോ അല്ലെങ്കിൽ മറ്റ് ഏതിൻെറയെങ്കിലും പേരിലോ ഈ ഗവൺമെൻറിനെ തകർക്കാൻ അനുവദിക്കുക എന്നുള്ളതല്ല ജനതാപാർട്ടിയുടെ നയം. ഈ ഗവൺമെൻറിനെ നിലനിറുത്തുക എന്നുള്ളതാണ് ജനതാപാർട്ടിയുടെ നയം. ബഹുമാനപ്പെട്ട ബേബി ജോണിനോടും ബഹുമാനപ്പെട്ട വാസുദേവൻ നായരോടും ഗവൺമെൻറ് രാജിവയ്ക്കേണ്ടതില്ല എന്ന് ഞങ്ങൾ പറഞ്ഞതാണ്. ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയുടെ പ്രത്യേക താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി നിങ്ങൾ രാജിവയ്ക്കേണ്ടതില്ല എന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. നിങ്ങൾ രാജിവച്ചതുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ പിരിച്ചുവിടാനുള്ള സാഹചര്യം വന്നു. അതിന്റെ പേരിൽ ഒരു തിരഞ്ഞെടുപ്പുനടത്തിക്കാൻ ഒരു പ്രത്യേക രാഷ്ട്രീയകക്ഷി ശ്രമിച്ചപ്പോൾ അതിനെ ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും പേരിൽ എതിർക്കേണ്ടതായിവന്നു. അങ്ങനെയാണ് ഞങ്ങൾ ഈ ഗവൺമെൻറിനെ പിന്താങ്ങുന്നത്. ഈ ഗവൺമെൻറ് നിലനിൽക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു; ഗവൺമെൻറിനെ ശക്തിപ്പെടുത്തണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അതോടൊപ്പംതന്നെ ഞങ്ങൾ ഈ ബില്ലിനോടുള്ള സമീപനവും വ്യക്തമാക്കുന്നു.

മി. ചെയർമാൻ: ഈ ബില്ലിന്റെ പൊതുചർച്ചയിൽ ഇനി 13 ആളുകൾകൂടി പങ്കെടുക്കാൻ ഉണ്ട്. ഇത് നമ്മുടെ നിയമസഭാപ്പാർട്ടികൾ എല്ലാം അംഗീകരിച്ചിരിക്കുന്ന ലിസ്റ്റാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചുരുക്കി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട കെ. എം. മാണിക്ക് സംസാരിക്കാം. (ഈ സമയം ശ്രീ. ശങ്കരൻകുട്ടിയും, ശ്രീ. എം. വി. രാഘവനും മറ്റു ചില ബഹുമാനപ്പെട്ട അംഗങ്ങളും സീറ്റുകളിൽ ഇരുന്നു പരസ്പരം എന്തോ പറയുന്നുണ്ടായിരുന്നു) സഭയിലെ ഒരംഗത്തെ സംസാരിക്കാൻ ക്ഷണിച്ചിരിക്കുകയാണ്. നിയമസഭയിൽ സീറ്റിൽ ഇരുന്നു ഉച്ചത്തിൽ സംസാരിച്ചാൽ സഭാനടപടികൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയില്ല. സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, എന്റെ പാർട്ടി ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളെ സംബന്ധിച്ചും അതിന്റെ വ്യാപ്തിയെ സംബന്ധിച്ചും ഇന്നലെയും ഇന്നും അതിർകടന്ന രാഷ്ട്രീയ ചർച്ചകൾ ഇവിടെ ഉണ്ടായി. ഇഷ്ടദാനബിൽ മുന്നണിക്കുവേണ്ടിയാണോ, മുന്നണി ഇഷ്ടദാനബില്ലിനു വേണ്ടിയാണോ—ഞാൻ അതിലേക്ക് കടക്കുന്നില്ല. ഈ ബില്ല് ആത്മാർത്ഥമായി പാസാക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകൾക്കാകട്ടെ, അല്ലെങ്കിൽ ഇതൊരു ആവശ്യമാണെന്നു കണ്ടുകൊണ്ട് ഈ നിയമനിർമ്മാണത്തെ അനുകൂലിക്കുന്ന കക്ഷികൾക്കാകട്ടെ ഒരു മുന്നണിക്കുവേണ്ടി ഇതിൽനിന്നും പിന്തിരിയാൻ സാധ്യമല്ല. ഈ ബില്ലിലെ വ്യവസ്ഥകൾ ശരിയല്ല എന്നു ആത്മാർത്ഥമായി അഭിപ്രായമുള്ള കക്ഷികൾക്ക് ഒരു മുന്നണിക്കുവേണ്ടി ഇതിനെ അനുകൂലിക്കാനും കഴിയുകയില്ല. മുന്നണിക്കുവേണ്ടിയല്ല ഇഷ്ടദാനം. ഇഷ്ടദാനത്തിനുവേണ്ടിയല്ല മുന്നണി. ഇഷ്ടദാനം ഇഷ്ടദാനത്തിനുവേണ്ടിയാണ്. ഇതിന്റെ ഉദ്ദേശലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിരിക്കുന്നതുകൊണ്ട് കേരള കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഇതിനെ പിന്താങ്ങുകയാണ്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന മാറ്റങ്ങൾ വരുത്തണമെന്ന് വളരെ വർഷങ്ങളായി ആഗ്രഹിച്ചിരുന്ന ഒരു പാർട്ടിയാണ്. അതിനു അതിന്റേതായ കാരണങ്ങൾ ഉണ്ടായിരുന്നു. കേരള കോൺഗ്രസിനു ശ്രീ. പി. കെ. വാസുദേവൻ നായർ മന്ത്രിസഭയിൽ പങ്കാളിത്തം ഉണ്ടായിരുന്ന കാലത്തു കൊണ്ടുവന്ന ഒരു നിയമനിർമ്മാണമാണ് ഇത്. ആ ഗവൺമെൻറ് രാജിവച്ച് പ്രതിപക്ഷത്തേക്ക് മാറുന്നതിനുമുമ്പ്, ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ നേതൃത്വത്തിൽ ഒരു ഗവൺമെൻറ് ഉണ്ടാകുന്നതിനുമുമ്പ് ശ്രീ. പി. കെ. വി. ആ കസേരയിൽ ഇരുന്ന സമയത്തു എന്റെ പാർട്ടിയുടെ നിലപാട് വ്യക്തമാക്കുകയുണ്ടായി. ഗവൺമെൻറിന്റെ മാറ്റം പ്രശ്നമല്ല. ഞങ്ങൾ അവിടെനിന്നു ഇങ്ങോട്ടു മാറിയേക്കാം. പക്ഷേ ഞങ്ങൾക്കുകൂടി പങ്കാളിത്തമുള്ള ഒരു ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമം ആവശ്യമാണ് എന്നുള്ള അടിസ്ഥാനത്തിൽ ഒരു ബില്ല് കൊണ്ടുവന്നിരിക്കുന്ന നിലക്ക് പ്രതിപക്ഷത്താണെങ്കിൽപ്പോലും ഞങ്ങൾ അതിനെ സർവാത്മനാ പിന്താങ്ങും എന്ന് അവിടെ നിന്നുകൊണ്ട് പറഞ്ഞതാണ്. സർ, ഇപ്പോൾ അവിടെ നിന്ന് ഇപ്പുറത്തായി. കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം consistent ആയി എടുത്ത നിലപാടിന്റെ അടിസ്ഥാനത്തിൽ ഇഷ്ടദാനത്തെ ഇഷ്ടദാനമായി കണ്ടുകൊണ്ട് അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കൂടി വിലയിരുത്തിക്കൊണ്ട് ഇതിനെ പിന്താങ്ങുകയാണ്. ഇന്നലെയും ഇന്നും നടന്ന ചർച്ചകളിൽ ഈ രാജ്യത്തെ മിച്ചഭൂമി ഇതാ നഷ്ടപ്പെടുത്തുന്നു, മുഴുവൻ വെട്ടിപ്പിടിക്കുന്നു, പാവപ്പെട്ടവർക്ക് വിതരണം ചെയ്തിരുന്ന മിച്ചഭൂമി കയ്യടക്കുന്നു എന്നുള്ള അഭിപ്രായങ്ങളായിരുന്നു പ്രധാനമായും ഉന്നയിച്ചത്. വാസ്തവത്തിൽ നിർഭാഗ്യകരമാണ് ആ പ്രസ്താവനകൾ. ഈ ബില്ലിന്റെ പതിനൊന്നാം വകുപ്പിൽ മൂലനിയമത്തിലെ 84-ാം വകുപ്പിൽ വരുത്തേണ്ടുന്ന മാറ്റങ്ങളുടെ സംഗ്രഹം പറഞ്ഞിട്ടുണ്ട്. ആ സംഗ്രഹങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഈ ബില്ലിൽത്തന്നെ വിലയിരുത്തുന്നുണ്ട്,

Notwithstanding anything contained in sub-section (1), or in any judgment, decree or order of any court or other authority, any voluntary transfer effected by means of a gift deed executed during the period commencing on the 1st day of January, 1970 and ending with the 5th day of November, 1974 by a person owning or holding land in excess of the ceiling area in favour of his son or daughter or the son or daughter of his pre-deceased son or daughter shall be not deemed to be, or ever to have been, invalid—

(*a*) if the extent of the land comprised in the gift does not exceed the ceiling area specified in clause (*a*) of sub-section (1) of section 82

സർ, പ്രധാനപ്പെട്ട ഒരു കാര്യം 1-1-1970-ഓ അതിനു മുമ്പോ പ്രായപൂർത്തിയായ സന്തതികളുടെ പേർക്ക് സ്വന്തം പിതാവ് 1970-നും 1974-നും ഇടക്ക് എഴുതിക്കൊടുത്തിട്ടുള്ള ഇഷ്ടദാനം. അവരുടെ വീതാംശമായി എഴുതിക്കൊടുത്തിട്ടുള്ള ഇഷ്ടദാനം. അത് അറിയപ്പെടുന്നത് ഇഷ്ടദാനത്തിന്റെ പേരിലായിരിക്കും. 1970-ന് മുമ്പ് പ്രായപൂർത്തിയായ മക്കളുടേ പിതാവ് അഞ്ചേക്കറിന്റെ പരിധിക്കകത്ത് ഇഷ്ടദാനം കൊടുക്കുന്നുവെങ്കിൽ അതു ലീഗലൈസ് ചെയ്യുന്ന ഈ നിയമനിർമ്മാണത്തെ സംബന്ധിച്ച്, ഈ രാജ്യത്ത് പാവപ്പെട്ടവർക്ക് മിച്ചഭൂമി നിഷേധിക്കാനുള്ള കുൽസിതമായ നീക്കമാണ് എന്ന നിലക്കുള്ള നിങ്ങളുടെ വ്യാഖ്യാനം ശരിയല്ല. ശ്രീ. പി. ടി. ചാക്കോയും ശ്രീമതി ഗൗരിയമ്മയും കൊണ്ടുവന്നമൂലനിയമത്തിൽ അഡറംട്ട് മെമ്പർക്ക് അഞ്ച് സ്റ്റാൻഡേർഡ് ഏക്കർ വച്ചുകൊണ്ടിരിക്കാൻ വ്യവസ്ഥയുണ്ട്. ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തിൽ സെക്ഷൻ 82-ൽ പറയുന്നത്

Amendment of section 82.—In section 82 of the principal Act,—

(*a*) for sub-section (1), the following sub-section shall be substituted, namely,—

"(1) The ceiling area of land shall be,

LIBRARY ARCHIVES Kerala Legislative Assembly

(*a*) in the case of an adult unmarried person or a family consisting of a sole surviving member, five standard acres, so however that the ceiling area shall not be less than six and more than seven and a half acres in extent. Here it is said that it is five standard acres of land എന്നാണ്. അപ്പോൾ കാർഷിക പരിഷ്ക്കരണ നിയമത്തിൽ ശ്രീ പി. ടി. ചാക്കോ കൊണ്ടുവന്നതാകട്ടെ, ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിലാകട്ടെ, ഒരു അഡൾട്ട് മെമ്പർക്ക് അഞ്ചു സ്റ്റാൻഡേർഡ് ഏക്കർ ഭൂമി കാർഷിക പരിഷ്ക്കരണ നിയമത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. ആ അഞ്ചു സ്റ്റാൻഡേർഡ് ഏക്കർ ഭൂമി സ്വന്തം പിതാവിന് സ്വന്തം മകന് ഇഷ്ടദാനമായി കൊടുക്കാൻ കഴിയുമോ? പേരു് ഇഷ്ടദാനമായിരിക്കാം. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം കാതലായ പ്രശ്നം അതാണ്. ഈ നിയമത്തിൽ അന്തർലീനമായിരിക്കുന്ന പ്രശ്നവും അതാണ്. ഭൂപരിഷ്ക്കരണനിയമത്തെ പരാജയപ്പെടുത്തുന്നതിനുവേണ്ടിയുള്ള ബില്ലാണ് എന്നുള്ള വ്യാഖ്യാനം വാസ്തവത്തിൽ അടിസ്ഥാനരഹിതമാണ്. സർ, ഒരു കുടുംബത്തിന്റെ നിർവചനം ഭർത്താവും ഭാര്യയും മൈനറായ മക്കളും എന്നാണ്. മേജറായ മക്കൾ, പ്രായപൂർത്തിയായ വ്യക്തി ഒരു കുടുംബത്തിന്റെ നിർവചനത്തിൽപ്പെടുന്നില്ല. കാർഷിക പരിഷ്ക്കരണ നിയമത്തിൽ പരമാവധി കൈവശം വയ്ക്കാവുന്ന ഭൂമി, അപ്പനും അമ്മയ്ക്കും മൈനർ മക്കൾക്കും ആണ് ബാധകമാക്കിയിട്ടുള്ളത്. 1–1–1964-ലെ ആക്ടിൽ 83 (2) സെക്ഷൻ പ്രകാരം പ്രായപൂർത്തിയായ മക്കൾക്കുവേണ്ടി പിതാവിനു ഭൂമി വച്ചുകൊണ്ടിരിക്കാമായിരുന്നു. 83 സബ്സെക്ഷൻ (1) ൽ പറയുന്നത് Notwithstanding anything contained in sub-section (1) it shall be lawful for any adult member in a family to own or hold land in excess of the ceiling area to the extent necessary to make up the ceiling area of his lineal descendants, other than his minor unmarried children, who are alive on the date notified under sub-section (1) and who would inherit his lands on his death എന്നാണ്. 1–1–1964-ൽ നടപ്പിൽ വരുത്തിയ മൂലനിയമത്തിൽ 83-ാം വകുപ്പിൽ രണ്ടാം ഉപവകുപ്പിൽ പറയുന്നത് പ്രായപൂർത്തിയായ മക്കൾക്ക് നിയമാനുസൃതം നൽകുന്ന ഭൂമികൂടി കുടുംബനാഥന്റെ പേരിൽ കൈവശം വച്ചുകൊണ്ടിരിക്കാമെന്നാണ്.

സർ, 1–1–1970 വരെ മാതാപിതാക്കൾക്ക് ഇഷ്ടദാനം ചെയ്യേണ്ട കാര്യമില്ലായിരുന്നു. കാരണം, 1–1–1964-ലെ നിയമത്തിൽ പ്രായപൂർത്തിയായ മക്കൾക്കുള്ള വീതാംശംകൂടി കുടുംബനാഥന് വച്ചുകൊണ്ടിരിക്കാമെന്നുള്ള വ്യവസ്ഥ ഉണ്ടായിരുന്നു, അതുകൊണ്ട് അന്നത്തെ കുടുംബനാഥന് ഇഷ്ടദാനം ചെയ്യേണ്ട കാര്യമില്ലായിരുന്നു. 1969-ൽ പാസാക്കപ്പെട്ട നിയമത്തിൽ ഈ അവകാശം എടുത്തുകളഞ്ഞപ്പോഴാണ് മക്കൾക്ക് ഇഷ്ടദാനം ചെയ്യേണ്ട പരിതഃസ്ഥിതി ഈ സംസ്ഥാനത്തുണ്ടായതെന്ന കാര്യം അപ്പുറത്തിരിക്കുന്ന ചില ബഹുമാനപ്പെട്ട മെമ്പർമാർ ഒന്നു മനസ്സിലാക്കണമെന്നു താഴ്മയായി അപേക്ഷിക്കുകയാണ്. അങ്ങനെ വന്നപ്പോൾ ഇഷ്ടദാനം കൊടുക്കാതിരിക്കാൻ നിർവാഹമില്ലെന്നു വന്നു. കാരണം, ഇവിടത്തെ വ്യക്തിനിയമങ്ങളുടെ വ്യത്യാസം വച്ചുകൊണ്ട് അതുകൊടുക്കാതിരിക്കാൻ നിർവാഹമില്ല. സ്വയാർജ്ജിത സ്വത്തുള്ള ഹിന്ദുസമുദായത്തിലെ കുടുംബനാഥന്റെ മക്കൾക്കും ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങളിലെ സന്താനങ്ങൾക്കും സ്വത്തിന്റെ ജന്മാവകാശം ലഭിക്കുന്നില്ല. പിതാവ് എഴുതികൊടുത്തെങ്കിൽ മാത്രമേ അവകാശമുള്ളു. അപ്പോൾ, അങ്ങനെയുള്ള വിഭാഗങ്ങൾക്ക്, എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സ്വത്ത് കിട്ടണമെന്നുണ്ടെങ്കിൽ തീർച്ചയായും ഇഷ്ടദാനം ചെയ്തേ തീരൂ. അങ്ങനെ 1-1-1970-നു ശേഷം ഈ രാജ്യത്തെ കുടുംബനാഥൻമാർ മക്കൾക്ക് ഇഷ്ടദാനംകൊടുക്കുകയുണ്ടായി. ഇതാണ് അതിന്റെ ചരിത്രപരമായ കാരണം. സർ, അങ്ങനെ ചെയ്ത ഇഷ്ടദാനങ്ങൾ ഈ ഗവൺമെന്റ് അംഗീകരിച്ചു. എന്റെ സ്നേഹിതൻ ചന്ദ്രശേഖരൻ പറഞ്ഞ ഒരു കാര്യത്തോടു ഞാൻ യോജിക്കുന്നില്ല. 1972-ലെ 17-ാം ആക്ട് കൊണ്ടുവന്നപ്പോഴത്തെ ഗവൺമെന്റിന്റെ ഇൻറൻഷൻ മി. ചന്ദ്രശേഖരൻ പറഞ്ഞതുപോലെയല്ലായിരുന്നു. 1-1-1970-നുശേഷം ഇഷ്ടദാനങ്ങൾ നിലനിൽക്കണമെന്നുള്ളതായിരുന്നു ഗവൺമെന്റിന്റെ ഇൻറൻഷൻ. 1972-ൽ കൊണ്ടുവന്ന നിയമത്തിൽത്തന്നെ അതു പറയുന്നുണ്ട്. 1972-ലെ 17-ാം ആക്ട് 15-ാം വകുപ്പ് ഞാൻ വായിക്കാം. "......shall be deemed to have been inserted with effect from the 16th August 1968" എന്നാണ്. 1968 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടിയാണ് നിയമം കൊണ്ടുവരുന്നത്. ആ നിയമത്തിൽ പറഞ്ഞിരിക്കുന്നത് വ്യത്യസ്ത വ്യക്തി നിയമങ്ങൾ നിലവിലുള്ള വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരു പിതാവിന് തന്റെ മക്കൾക്കോ മരണമടഞ്ഞ മക്കളുടെ മക്കൾക്കോ ഇഷ്ടദാനം ചെയ്യുന്നതിൽ പിശകില്ല, അങ്ങനെയുള്ള ഇഷ്ടദാനങ്ങൾ ശരിയാണ് എന്നാണ്. ഗവൺമെന്റിന്റെ ഇൻറൻഷൻ അതായിരുന്നു; നിയമസഭയുടെ ഇൻറൻഷൻ അതായിരുന്നു. അതിനെതിരായി ഹൈക്കോടതിയിൽ കേസ് നടന്നു എന്നും അഡ്വക്കേറ്റ് ജനറലിന് ഗവൺമെന്റ് നിർദ്ദേശം കൊടുക്കുകയുണ്ടായി എന്നും അഡ്വക്കേറ്റ് ജനറൽ വാദിക്കുകയുണ്ടായി എന്നുമൊക്കെ പറയുന്നത് എന്നെ സംബന്ധിച്ചിടത്തോളം, ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുതിയ ഇൻഫർമേഷനാണ്. അതെങ്ങനെ സംഭവിച്ചു എന്നെനിക്കറിഞ്ഞുകൂടാ. എന്തായാലും നിയമസഭയുടെ ഇൻറൻഷൻ ഞാൻ നേരത്തേ പറഞ്ഞതുതന്നെ ആയിരുന്നു. ആ നിലക്ക് ഒരു നിയമം കൊണ്ടുവരികയുണ്ടായി.

മി. ചെയർമാൻ: അന്ന് ഗവൺമെന്റ് പറഞ്ഞിരുന്നത് 1-1-1970-ൽ പ്രായപൂർത്തിയായ മക്കളുടെ പേരിൽ കൊടുക്കാമെന്നു കോടതി പറഞ്ഞിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഹൈക്കോർട്ട് ജഡ്ജ്മെൻറിലേക്ക് വരാം. 1974 നവംബർ 5-ാം തീയതിയിലെ ഹൈക്കോടതിവിധിമൂലം ഈ നിലപാട് തുടരാൻ വിഷമംവന്നു. ഹൈക്കോടതി പറഞ്ഞത് മാതാപിതാക്കളുടെ ഭൂസ്വത്തിന്റെ പരിധിനിർണ്ണയിക്കുമ്പോൾ 1970 ജനുവരി 1-ാം തീയതിക്കുശേഷം പ്രായപൂർത്തിയായവരോ അല്ലാത്തവരോ ആയ സന്താനങ്ങളുടെപേരിൽ നടത്തുന്ന ഇഷ്ടദാനങ്ങൾ അവഗണിക്കണം, പരിഗണിക്കത്തക്കതല്ല എന്നാണ്. വാസ്തവത്തിൽ ഹൈക്കോടതിയിലെ ചർച്ചാവിഷയം മേജർമക്കളുടെ കാര്യമല്ലായിരുന്നു. ഹൈക്കോടതിയിലെ കേസിന്റെ ഫാക്ട് 1970-ൽ മൈനറായ ഒരു കുട്ടിക്ക് കുടുംബനാഥൻ നൽകിയ ഇഷ്ടദാനം ശരിയാണോ അല്ലയോ എന്നതായിരുന്നു. 1970-ൽ മൈനറായ ഒരു കുട്ടിക്ക് നൽകുന്ന ഇഷ്ടദാനത്തെപ്പറ്റിയുള്ള ചർച്ചാവേളയിൽ 1-1-1970-നു ശേഷമുണ്ടായിട്ടുള്ള ഇഷ്ടദാനങ്ങൾ മുഴുവൻ അസാധുവാണെന്നാണ് കേരള ഹൈക്കോടതി പറഞ്ഞത്. പക്ഷേ, അങ്ങനെ പറഞ്ഞതിനുശേഷം 1-1-1970-നു ശേഷം മേജറായ മക്കൾക്കുള്ള ഇഷ്ടദാനങ്ങൾ മുഴുവൻ അംഗീകരിച്ചുകൊണ്ടാണ് ലാൻഡ് ബോർഡുകൾ പ്രവർത്തിച്ചത്. മൈനറായ മക്കൾക്ക് ഇഷ്ടദാനംകൊടുക്കേണ്ട കാര്യമില്ല; അവർ കുടുംബത്തിലെ അംഗങ്ങളാണ്. കുടുംബത്തിന്റെ നിർവചനത്തിൽപ്പെടുന്നവരാണ്. അവർക്ക് കൊടുക്കുന്ന ഇഷ്ടദാനം അംഗീകരിക്കത്തക്കതല്ല. പക്ഷേ,

LIBRARY ARCHIVES Kerala Legislative Assembly

കുടുംബത്തിന്റെ നിർവചനത്തിൽ പെടാത്ത പ്രായപൂർത്തിയായ മെമ്പേഴ്സിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ നിയമാനുസൃതം അവർക്ക് ഇഷ്ടദാനം നൽകുന്നുവെങ്കിൽ അതു ശരിയാണ് എന്നുള്ള നിഗമനത്തോടുകൂടിയാണ് ലാൻഡ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നത്. ലാൻഡ് ബോർഡുകൾ ചെയ്തത് ശരിയായില്ല എന്ന് കേരള ഹൈക്കോടതി പറഞ്ഞു. കേരള ഹൈക്കോടതിയുടെ ഈ വിധിതീർപ്പ് ഉണ്ടായില്ലായിരുന്നുവെങ്കിൽ ഇവിടെ നിലവിലിരുന്ന വ്യവസ്ഥയെന്താണെന്നുവച്ചാൽ 1–1–1970-നു ശേഷം നടന്നിട്ടുള്ള ഇഷ്ടദാനങ്ങൾ ശരിയാണെന്നുള്ള അടിസ്ഥാനത്തിലാണ്. അപ്പോൾ, ഗവൺമെന്റിന്റെ ഇന്റൻഷനും നിയമസഭയുടെ ഇന്റൻഷനും ഇവിടത്തെ നടപ്പുരീതിയുമെല്ലാം 1–1–1970-നുശേഷം മക്കൾക്കു നൽകിയിട്ടുള്ള ഇഷ്ടദാനങ്ങൾ ശരിയാണെന്നുള്ള അടിസ്ഥാനത്തിലുള്ളതായിരുന്ന അതിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന ഈ നിയമം നടപ്പിലാക്കിയില്ലെങ്കിൽ ഈ രാജ്യത്തെ ചില സമുദായങ്ങൾ തമ്മിൽ ഒരു വലിയ വിവേചനം, ഉണ്ടാകുമെന്നുള്ളതാണ് വസ്തുത. സർ, എന്നെ സംബന്ധിച്ചിടത്തോളം ഞാൻ കാണുന്നത് ജോയിന്റ് ഫാമിലിയെ സംബന്ധിച്ചിടത്തോളം, കൂട്ടുകുടുംബ വ്യവസ്ഥ നിലവിലുള്ള സമുദായങ്ങളെ സംബന്ധിച്ചിടത്തോളം 1–1–1970-ൽ ഭാഗ ഉടമ്പടി നടന്നില്ലെങ്കിൽത്തന്നെയും 1–1–1970-ൽ പ്രായപൂർത്തി ആയില്ലെങ്കിലും അതിനുശേഷം കൂട്ടുകുടുംബത്തിൽപ്പെട്ട അംഗത്തിന് ഷെയർ അവകാശപ്പെടാവുന്നതാണ്. ഭാഗ ഉടമ്പടി നടന്നിരുന്നാലും എത്ര വീതാംശം അദ്ദേഹത്തിന് ലഭിക്കുമായിരുന്നോ അത്രയും വീതാംശം 1–1–1970-ന് ശേഷവും കൂട്ടുകുടുംബത്തിലെ ഒരു അംഗത്തിന് അവകാശപ്പെടാവുന്നതാണ്. പക്ഷെ കൂട്ടുകുടുംബ വ്യവസ്ഥ ബാധിക്കാത്ത സ്വയാർജ്ജിത സ്വത്തുള്ള ഹൈന്ദവ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളവും മുസ്ലീം-ക്രൈസ്തവ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളവും വരുന്ന ഒരു അനോമലി എന്ന് പറയുന്നത്, ഒരു ഡിസ്ക്രിമിനേഷൻ എന്നു പറയുന്നത് 1–1–1970-നു ശേഷം ഒരു പിതാവ് ആ കുടുംബത്തിലെ ഒരു അംഗത്തിന് ആ കുടുംബത്തിലെ സ്വത്തിന് അവകാശമില്ലെന്ന് പറയാം എന്നുള്ളതാണ്, ഇതാണ് ഡിസ്ക്രിമിനേഷൻ. ആ ഡിസ്ക്രിമിനേഷൻ—അനീതി—ഒരിക്കലും ഒരു നിയമത്തിന്റെ കാര്യത്തിൽ സമുദായങ്ങൾ തമ്മിൽ ഉണ്ടാകാൻ പാടില്ല. ആ അനീതിയെ സംബന്ധിച്ചിടത്തോളം ആണ് ഗവൺമെന്റ് പരിശോധിച്ചത്. 1–1–1970-ൽ പ്രായപൂർത്തി ആയതുകൊണ്ട് പീനലൈസ് ചെയ്യാൻ സാധിക്കുമോ ? ഒരു കുട്ടി 1–1–1970-ൽ ആണ് പ്രായപൂർത്തി ആയത്. അല്ലെങ്കിൽ അതിനു ശേഷമാണ് പ്രായപൂർത്തി ആയത്. ആ കാരണത്താൽ ആ കുട്ടിക്ക് ആ കുടുംബത്തിലെ സ്വത്തിന് അവകാശമില്ല, നിയമപ്രകാരം മറ്റ് വിഭാഗങ്ങളിലെ അംഗങ്ങൾക്ക് ലഭിക്കാവുന്ന ആ ആനുകൂല്യം ലഭിക്കുകയില്ലെന്ന് വരുന്നത് കടുത്ത അനീതിയാണ്. ആ നിലയിൽ ഈ ഡിസ്ക്രിമിനേഷൻ മനസ്സിലാക്കിക്കൊണ്ട് അത് അവസാനിപ്പിക്കാൻ വേണ്ടി ആണ് 1972-ലെ 17-ാം നമ്പർ ആക്റ്റ് കൊണ്ടുവരാൻ ഇടയായത്. ആ 17-ാം നിയമത്തെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മെമ്പർമാർ വളരെ നിശിതമായി വിമർശിക്കുകയുണ്ടായി. പല സ്നേഹിതൻമാരും ഇവിടെ പറഞ്ഞതുപോലെ 64-ലെ 1-ാം ആക്റ്റിൽ ഇഷ്ടദാന വ്യവസ്ഥ ഉണ്ടായിരുന്നു. സ്നേഹ വാൽസല്യങ്ങളുടെ അടിസ്ഥാനത്തിൽ ആർക്കും പിതാവിന്റെ വസ്തുക്കൾ ഇഷ്ടദാനമായി എഴുതികൊടുക്കാം, Act 35 of 1969. ശ്രീമതി ഗൗരിയമ്മ അവതരിപ്പിച്ച ബില്ലിലെ 84 (1)-ാം ഉപവകുപ്പനുസരിച്ച് ഒരു പിതാവിന് അദ്ദേഹത്തിന്റെ സ്വത്ത് ഇഷ്ടം ഉള്ളവർക്ക് സ്നേഹ വാൽസല്യങ്ങളുടെ പേരിൽ ഇഷ്ടദാനമായി കൊടുക്കാമെന്നുള്ളതായിരുന്നു. 1–1–1964-ലെ

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക പരിഷ്ക്കരണ നിയമം ഭേദഗതി ചെയ്തുകൊണ്ടുവന്ന നിയമത്തിൽ ശ്രീമതി ഗൗരിയമ്മ പരിശോധിച്ചപ്പോഴും, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പരിശോധിച്ചപ്പോഴും, അന്നത്തെ ഗവൺമെന്റ് പരിശോധിച്ചപ്പോഴും ശ്രീ. പി. ടി. ചാക്കോ കൊണ്ടുവന്ന നിയമത്തിലെ 84-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് നിലനിറുത്തുന്നതിൽ തെറ്റില്ലെന്ന് കണ്ടുകൊണ്ട് ആ വകുപ്പ് നിലനിറുത്തുകയാണ് ചെയ്തത്.

സർ, എന്റെ സ്നേഹിതൻ ശ്രീ. ടി. കെ. രാമകൃഷ്ണൻ സംസാരിച്ചപ്പോൾ 84-ലെ 2-ാം ഉപവകുപ്പിനെപ്പറ്റി എന്ത് പറയാനുണ്ടെന്ന് ചോദിച്ചു. അത് കമ്പനികളുടെ സ്വത്തിനെ സംബന്ധിച്ചുള്ളതാണ്. ഒരു കുടുംബത്തിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളതല്ല. അഡൽറ്റ് മെംബേഴ്സിന്റേതും അല്ല. 1969-ലെ 35-ാം വകുപ്പിന് രണ്ടാം ഉപവകുപ്പ് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അത് ഒരു പിതാവിന്റെ വസ്തു അന്യാധീനം ചെയ്യുന്നതിന് ഉള്ളതല്ല. 1969-ലെ 35-ാംവകുപ്പിലും ഇഷ്ടദാനം വ്യാപകമായി ഉൾക്കൊള്ളിച്ചിരുന്നു. 1972-ലെ നിയമത്തിൽ ഒന്നുകൂടി പരിമിതപ്പെടുത്തി എന്നുള്ളതേ ഉള്ളൂ. അതാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. പി. കെ. വാസുദേവൻ നായരുടെ ഗവൺമെന്റും ഇപ്പോൾ ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ ഗവൺമെന്റും കൊണ്ടുവരികയും അവതരിപ്പിക്കുകയും ചെയ്തിട്ടുള്ള നിയമസഭയുടെ ചർച്ചയിലുള്ള നിയമമെന്നു പറയുന്നത് 1972-ലെ 17-ാം നിയമത്തിന്റെ അന്തസ്സത്തയുടെ അടിസ്ഥാനത്തിലുള്ളതാണ്. ആ അന്തസ്സത്തയുടെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി വിധി മൂലം ഉണ്ടായിട്ടുള്ള അനീതി ഒഴിവാക്കുന്നതിനുവേണ്ടി 1-1-1970-നും 1974-നും ഇടയ്ക്കുള്ള ഇഷ്ടദാനങ്ങൾക്ക് നിയമസാധുത നൽകുകയാണ് ഇതിന്റെ ഉദ്ദേശം. പിതാവായിരിക്കണം കൊടുക്കുന്നത്. ലഭിക്കുന്നത് മകനോ മരിച്ചുപോയ മക്കളുടെ മക്കളോ ആയിരിക്കണം. സ്വത്തിന്റെ പരിധി അഞ്ച് ഏക്കർ ആയിരിക്കണം. ഇതെല്ലാം പരിശോധിക്കുമ്പോൾ ഈ ചെയ്തിരിക്കുന്നത് ഈ രാജ്യത്തെ മിച്ചഭൂമി നഷ്ടപ്പെടുത്താൻവേണ്ടിയാണോ ? പിടിച്ചെടുക്കാൻവേണ്ടിയാണോ ? എന്തിനുവേണ്ടിയാണ് ഈ പൊളിറ്റിക്കൽ ചർച്ച ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 1969-ലെ നിയമം ചർച്ചചെയ്ത സമയത്തുള്ള ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം വായിച്ചോ ? 1969-നുശേഷം ഉള്ള കൈമാറ്റം അസാധുവാകുമെന്നുള്ള ഭേദഗതിക്ക് അങ്ങു പറഞ്ഞിട്ടുള്ള മറുപടി വായിച്ചോ ? ഏതാണ്ട് ഒന്ന്, ഒന്നര പേജ്‌വരെ ഉള്ള പ്രസംഗം നിയമസഭാ പ്രൊസീഡിംഗ്സിൽ ഉണ്ട്. മിച്ചഭൂമി ഇല്ലാതാക്കാനും പാവപ്പെട്ടവന് കിട്ടാനുള്ള ഭൂമി ഇല്ലാതാക്കാനും കരുതിക്കൂട്ടി കൊണ്ടുവന്നു എന്നുള്ള നിലയ്ക്കാണ് സംസാരിച്ചിരിക്കുന്നത്. ആ വാദവും ഇതും തമ്മിൽ പൊരുത്തപ്പെടുന്നത് എങ്ങനെയാണ്.

ശ്രീ. കെ. എം. മാണി: പഴയ റിക്കാർഡിലുള്ളതെല്ലാം അവിടെ ഉണ്ട്. എന്റെ സ്നേഹിതന് അത് വായിക്കാം. 1969-ൽ എന്റെ സ്നേഹിതന്റെ കക്ഷിയുടെ അഭിപ്രായം എന്തായിരുന്നു ? ഒന്നുകൂടി പുരോഗമനപരമായ, കൂടുതൽ മിച്ചഭൂമി സർക്കാരിലേക്ക് ആർജ്ജിക്കത്തക്കവിധത്തിലുള്ള ഒരു ബില്ലാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതെന്നാണ് ഞാൻ പറയുന്നത്. അതിനെസംബന്ധിച്ചിടത്തോളം ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അതിന് നിയമസഭാ റെക്കാർഡിലേക്ക് പോയിട്ട് കാര്യമില്ല. ഇതിന്റെ ചർച്ചയിലേക്ക് കടന്ന് എനിക്ക് കൂടുതൽ രാഷ്ട്രീയം പറയാൻ ഇല്ല. കേരളത്തിലെ ഏത് കുടുംബാംഗത്തിനും ഒരു അഡൽറ്റ് മെമ്പർക്ക് 5 ഏക്കർ ഭൂമി വച്ചുകൊണ്ടിരിക്കാൻ അവകാശം ഉണ്ടെങ്കിൽ, കേരളത്തിലെ ചില

LIBRARY ARCHIVES Kerala Legislative Assembly

സമുദായാംഗങ്ങൾക്ക് പിതൃസ്വത്തിന്റെ വീതാംശം ലഭിക്കാൻ അവകാശം ഉണ്ടെങ്കിൽ പിതൃസ്വത്ത് നിഷേധിക്കപ്പെടുന്ന ചില സമുദായത്തിലെ അംഗങ്ങൾക്ക് നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഒരു പരിമിതമായ ഭൂമി ഈ ഗവൺമെന്റിന്റെ മുൻനിശ്ചയത്തിന്റേയും നയത്തിന്റേയും അടിസ്ഥാനത്തിൽ നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചുകൊടുക്കുന്നു എന്നു മാത്രമേ ഉള്ളു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്............

ശ്രീ. ഇ. പി. ഗോപാലൻ: കേരളത്തിലെ ഏത് സമുദായത്തിനാണ് ഈ പിതൃസ്വത്ത്? ഇപ്പോൾ മരുമക്കത്തായ സമ്പ്രദായക്കാർക്ക് മാതൃസ്വത്ത് മാത്രമേ ഭാഗിക്കാൻ അധികാരം ഉള്ളു. പിതൃസ്വത്ത് ഭാഗിക്കാൻ അധികാരമില്ല. അത് മനസ്സിലാക്കിയിട്ടാണോ പറയുന്നത്? പിതൃസ്വത്ത് എന്നാണ് പറയുന്നതെങ്കിൽ ഇഷ്ടദാനം കഴിഞ്ഞ് അല്ലാതെ ആർക്കും കൊടുക്കാൻ സാധിക്കുകയില്ല. ഇതിൽ എവിടെയാണ് വിവേചനം ഉള്ളത്?

ശ്രീ. കെ. എം. മാണി: ആ സാങ്കേതികത്വത്തിന്റെ കച്ചിത്തുരുമ്പിലേക്ക് hair splitting argument ന് പോയിട്ടു കാര്യമില്ല. ഒരു കുടുംബത്തിലെ സ്വത്ത് ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം ജോയിന്റ് ഫാമിലി ആയിരിക്കും. കുടുംബത്തിലെ പ്രായപൂർത്തിയായ ഒരു പുത്രന്, ഒരു അംഗത്തിന് ഭൂമി ലഭിക്കാതെ പോകുന്ന അവസ്ഥ വിശേഷം നിയമത്തിന്റെ എന്ത് നൂലാമാലകൾ കൊണ്ടായാലും, ഹൈക്കോടതിയുടെ എന്ത് വ്യാഖ്യാനങ്ങൾ കൊണ്ടായാലും അത് സൃഷ്ടിച്ചിരിക്കുന്ന അനീതി പരിഹരിക്കണം. അതുകൊണ്ട് ഈ രാജ്യത്തെ മിച്ചഭൂമി നഷ്ടപ്പെടുകയില്ല. എന്റെ പാർട്ടിയുടെ അഭിപ്രായം മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തണം എന്നുള്ളതാണ്. ശ്രീ. ചന്ദ്രശേഖരൻ സൂചിപ്പിച്ചതു പോലെ മിച്ചഭൂമി വിതരണത്തെ സംബന്ധിച്ചിടത്തോളം അത് വിലയിരുത്തുമ്പോൾ അതിനു മതിയായ വേഗത ഉണ്ടായില്ല എന്ന അഭിപ്രായമില്ല. ഇനിയും വിതരണം ചെയ്യാൻ മിച്ചഭൂമി ഉണ്ട്. ഇനിയും കേസുകൾ തീർപ്പ് കൽപ്പിക്കാൻ ഉണ്ട്. ഏറ്റെടുക്കാൻ ഭൂമി ഉണ്ട്. ഏറ്റെടുത്തത് വിതരണം ചെയ്യാനും ഉണ്ട്. എടുത്തുവിതരണം ചെയ്ത ഭൂമി രജിസ്ട്രി കൊടുക്കാനുണ്ട്. ഈ നടപടികളെല്ലാം ത്വരിതപ്പെടുത്തണം. ഈ കാര്യത്തിലെല്ലാം ആർക്കും അഭിപ്രായവ്യത്യാസം കാണുകയില്ല.

ശ്രീ. എം. വി. രാഘവൻ: മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. പക്ഷെ ന്യൂനപക്ഷാവകാശം എന്നു പറഞ്ഞിട്ട് 1970-നു ശേഷം നടത്തിയിട്ടുള്ള എല്ലാ മിച്ചഭൂമി കൈമാറ്റങ്ങൾക്കും അംഗീകാരം കൊടുക്കണമെന്നോ? ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്. ന്യൂനപക്ഷത്തിന്റെ റൈറ്റ് എന്നു പറഞ്ഞാൽ മുസ്ലീം സമുദായത്തിന് ഷരിയത്ത് അനുസരിച്ച് 4 കല്യാണം കഴിക്കാം. അതിൽ പത്തോ ഇരുപതോ കുട്ടികൾ കാണും. പിന്നെ അതിന്റെ മക്കളുമെല്ലാം ആയിട്ട് കുറെ കാണും. അപ്പോൾ അഞ്ഞൂറോ ആയിരമോ ഏക്കർ ഉണ്ടായാലും അതിൽനിന്നും മിച്ചഭൂമി എടുക്കാൻ സാധിക്കുകയില്ല. മുസ്ലീമിനേയും ക്രിസ്ത്യാനിയേയും സംബന്ധിച്ചിടത്തോളം എടുക്കുമ്പോൾ അവർ അത്ര വലിയ ന്യൂനപക്ഷമാണോ? പിന്നെ ഏത് അർത്ഥത്തിലാണ് മിച്ചഭൂമി ഉണ്ടാകുമെന്നു പറയുന്നത്?

ശ്രീ. കെ. എം. മാണി: ന്യൂനപക്ഷമെന്നുള്ള വാക്കല്ല ഞാൻ ഉപയോഗിക്കുന്നത്. ഒരു കുടുംബത്തിൽ പിതാവിന്റെ അല്ലെങ്കിൽ കുടുംബത്തിലെ വസ്തുവിന്റെ ഓഹരി ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ അനുസരിച്ച്, ശ്രീ. പി. ടി. ചാക്കോ കൊണ്ടുവന്ന നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് ശ്രീ. ബേബിജോൺ കൊണ്ടുവന്ന നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് കിട്ടാൻ അർഹതയുണ്ടെങ്കിൽ അർഹമായ ഭൂമി നിഷേധിക്കരുത് വ്യത്യസ്തമായ സമുദായങ്ങൾക്ക് നിയമത്തിന്റെ ഫലമായി അല്ലാതെ ഭൂരിപക്ഷം ന്യൂനപക്ഷം എന്നുള്ള അടിസ്ഥാനത്തിലല്ല പറയുന്നത്. പ്രതിപക്ഷ നേതാവ് ശ്രീ. പി. കെ. വാസുദേവൻ നായരോട് എനിക്കൊരു അഭ്യർത്ഥന ഉണ്ട്. ഇപ്പോഴും ഈ ബില്ലിൽ ബേബിജോൺ എന്നാണ് അച്ചടിച്ചിരിക്കുന്നത്. മുൻ ഗവൺമെന്റുകൾ സത്യമെന്നു വിശ്വസിച്ചിരുന്ന, ഒരു കാര്യം, ശരിയെന്ന് വിശ്വസിച്ചിരുന്ന ഒരു കാര്യം, ഓർഡിനൻസ് ആയി കൊണ്ടുവന്നുവെങ്കിൽ ശ്രീ. പി. കെ. വാസുദേവൻനായർ ആ കസേരയിലേക്ക് മാറിയതുകൊണ്ട്, ശ്രീ. ബേബിജോൺ ആ കസേരയിലേക്ക് മാറിയതുകൊണ്ടുമാത്രം ഈ നിലപാട് എടുക്കുന്നത് ശരിയല്ല. പക്ഷെ പി. കെ. വി. യുടെ ഗവൺമെന്റിൽ പങ്കാളിത്തം ഉണ്ടായിരുന്ന കക്ഷികൾക്ക് അന്നു കൊണ്ടുവന്ന ഓർഡിനൻസിനെ അനുകൂലിക്കാനുള്ള ബാധ്യത ഉണ്ട്. അവർ അനുകൂലിക്കണം. അല്ലെങ്കിൽ അതിന്റെ അർത്ഥം ആത്മവഞ്ചന എന്നാണ്. അത് ജനങ്ങളോട് ചെയ്യുന്ന വഞ്ചന ആണ്. ഇതെല്ലാം ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് മുന്നണി ഇഷ്ടദാനത്തിനു വേണ്ടിയാണോ, ഇഷ്ടദാനം മുന്നണിക്കു വേണ്ടിയാണോയെന്ന്. അല്ല. അതിന്റെ വ്യവസ്ഥിതിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തിക്കൊണ്ട്, ഉദ്ദേശ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിക്കൊണ്ട് ഈ നിയമം പാസാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതിനു എന്റെ സുഹൃത്തു ശ്രീ. പി. കെ. വി. യുടേയും ശ്രീ ബേബിജോണിന്റേയും സഹായം ആവശ്യമാണ്. ഇതിനകത്ത് രാഷ്ട്രീയം നോക്കേണ്ട. മുന്നണി ഉണ്ടാകും. മുന്നണി പോകും. അതുപോലെ ഗവൺമെന്റുകൾ വരും പോകും. നിയമങ്ങളെ ആ രീതിയിൽ കാണരുത്. വിലയിരുത്തരുത്. ഈ ബിൽ പാസാക്കണമെന്നുള്ളത് എന്റെ പാർട്ടിയുടെ ആത്മാർത്ഥമായ ആഗ്രഹമാണ്. ആ നിലയിൽ ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

[Mr. Speaker in the Chair]

11 a. m.

ശ്രീ. പി. ആർ. കുറുപ്പ്: സർ, ഈ ഭേദഗതി ബില്ലിനെക്കുറിച്ച് ഇവിടെ നടന്ന ചർച്ചകൾ വളരെയധികം ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. രണ്ട് വാദഗതികളാണ് പ്രസക്തമായി കേട്ടത്. ഇത് കുറേയേറെ ഭൂമി കൈവശമുള്ള ഭൂസ്വാമിമാർക്ക് കൂടുതൽ ഉപകാരപ്രദമായിത്തീർന്നിരിക്കുന്ന ഒരു ഭേദഗതിയാണ് എന്നുള്ളതാണ് ഒന്ന്. മറ്റൊന്ന് ഭൂമിയില്ലാത്തവർക്ക് കിട്ടാൻ ഇടയുള്ള, അല്ലെങ്കിൽ അർഹതയുള്ളവർക്ക് കിട്ടാൻ ഇടയുള്ള ഭൂമിയുടെ വിഹിതം ഇല്ലാതാക്കുവാനുള്ള പ്രവണത ഇതിൽ ഉൾക്കൊള്ളുന്നുവെന്നുള്ളതാണ്. ഇതുരണ്ടും കഴിഞ്ഞ് പിന്നെയൊരു വാദഗതിയുള്ളത് കാർഷികപ്രശ്നങ്ങൾ പരിവർത്തനം ചെയ്യുന്ന കാര്യത്തിലുള്ള കുത്തക ഞങ്ങൾക്ക് മാത്രമാണ് എന്നും അത് ഈ സഭയും കേരളജനതയും വകവച്ചുകൊടുക്കണം എന്നുള്ള ഒരു പിടിവാശിയുമാണ്. ഇതല്ലാതെ കാതലായ മറ്റൊരു വിമർശനവും ഈ സഭാവേദിയിൽ ഉയർന്നു കേട്ടില്ല. ഈ പറഞ്ഞ കാര്യങ്ങൾ വച്ചുകൊണ്ട് മുമ്പോട്ടുപോകുവാൻ സാധിക്കുമോയെന്നുള്ളതാണ് പ്രശ്നം; അതാണ് പരിശോധിക്കേണ്ടത്. ഇതിൽ വളരെയേറെ വിഷമതകൾ സൃഷ്ടിക്കുന്നുണ്ടെങ്കിൽ അത് ആദരണീയമല്ല. ശ്രീ. ടി. കെ. രാമകൃഷ്ണന്റെയും ശ്രീ. ഇ. പി. ഗോപാലന്റെയും ശക്തിയേറിയ

LIBRARY ARCHIVES Kerala Legislative Assembly

വിമർശനങ്ങളുടെ കാതൽ നമുക്ക് അനുഭവിക്കുവാൻ സാധിച്ചു. അവയിലെല്ലാം ഉൾക്കൊള്ളുന്നത് അനർഹമായി ആളുകൾക്ക് കൂടുതൽ ഭൂമി കൈവശംവയ്ക്കുവാൻ അവസരം സൃഷ്ടിച്ചുകൊടുക്കുന്നുവെന്നുള്ളതായിരുന്നു. അപ്പോൾ അർഹത എത്രത്തോളമുണ്ട്, അതൊരു ചോദ്യമാണ്. അർഹതയുടെ കണക്ക് പരിശോധിക്കുമ്പോൾ അർഹതയിൽ കവിഞ്ഞ് കൈവശം വയ്ക്കുവാനുള്ള അവകാശം ഭേദഗതികൊണ്ടുമാത്രം, പണ്ടുണ്ടായ നിയമത്തിനു പുറമേ സിദ്ധിക്കുന്നുണ്ടോയെന്നു പരിശോധിച്ചാൽ എതിർപ്പൊക്കെ നിസ്സാരമാണെന്നു ബോധ്യപ്പെടും. പണ്ട് ഈ നിയമത്തിലുണ്ടായിരുന്ന പ്രശ്നത്തിൽ കവിഞ്ഞ് അർഹതയില്ലാത്തവരുടെ കൈകളിലേയ്ക്ക് ഭൂമി കൈമാറ്റപ്പെടുന്നില്ലായെന്നുള്ളതാണ് മൗലികമായ സത്യം. അതു വിശദീകരിക്കുവാൻവേണ്ടി ചില വാദങ്ങൾ മാത്രം സ്പർശിക്കാം. കർഷകരുടെ കാര്യങ്ങൾ നേടിക്കൊടുക്കുന്നതിനുള്ള കുത്തക ഒരു രാഷ്ട്രീയപ്പാർട്ടിയും പ്രത്യേകമായി അവകാശപ്പെടേണ്ടതില്ല. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് ഏതൊരു രാഷ്ട്രീയ പാർട്ടിയും മുൻപന്തിയിൽ നിന്നിട്ടുണ്ട്. ആ പ്രശ്നത്തിൽ ഇൻഡ്യൻ നാഷനൽ കോൺഗ്രസ് ആണ് മഹത്തായ പങ്ക് വഹിച്ചിട്ടുള്ളത്. ഞാനും കർഷകരുടെ കാര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുന്ന ഒരു എളിയ പ്രവർത്തകനാണ്. ഞാൻ ഉൾക്കൊണ്ടിരുന്ന രാഷ്ട്രീയപ്പാർട്ടിയും നിരവധി കർഷക സമരങ്ങളിൽ പങ്ക് കൊണ്ടിട്ടുണ്ട്. മാർക്സിസ്റ്റു പാർട്ടിയുടെ കാർഷിക സമരങ്ങളോടുള്ള മനോഭാവം, അതിനെ നേരിടാനുള്ള സ്വാഭാവികമായ മാറ്റ് ഉരയ്ക്കൽ ഇതെല്ലാം കണ്ടിട്ടുണ്ട്. അത് പലരുടേയും നെഞ്ചത്തും തലയിലും ഇന്നും തുറന്നു കാണുന്നുമുണ്ട്. കാർഷികസമരങ്ങളെ നേരിടുന്നതിന് കോൺഗ്രസിനെ മാറ്റിനിറുത്തിക്കൊണ്ട് ഞങ്ങൾ നല്ലവർ ആയിരുന്നുവെന്ന് വാദിക്കുവാനുള്ള വ്യഗ്രത ശ്രീ. ടി. കെ. രാമകൃഷ്ണനും ശ്രീ. എം. വി. രാഘവനും കാണിച്ചാൽ അത് ഫലിക്കുവാൻ പോകുന്നില്ല. അതാണ് യാഥാർത്ഥ്യം. അതിനെക്കുറിച്ചു നമുക്ക് പരിശോധിക്കാം. കുടിയാൻ ജന്മിമാരുടെ കൈയിൽനിന്നും മർദ്ദനം അനുഭവിച്ചിട്ടുണ്ട്. അതിനെതിരായി കർഷകർ സ്വയം സംഘടിച്ചിട്ടുണ്ട്. അതിൽ എല്ലാ രാഷ്ട്രീയപാർട്ടികളുടെയും പ്രതിനിധികൾ ഉണ്ടായിട്ടുണ്ട്. കോൺഗ്രസ് ഉണ്ടായിരുന്നു, കർഷകസംഘം ഉണ്ടായിരുന്നു, കർഷക കോൺഗ്രസ് ഉണ്ടായിരുന്നു, കിസാൻ പഞ്ചായത്ത് ഉണ്ടായിരുന്നു, കിസാൻ സംഘങ്ങൾ ഉണ്ടായിരുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞങ്ങൾ ഞങ്ങൾ എന്ന് ശ്രീ. പി. ആർ. കുറുപ്പ് പറയുമ്പോൾ 1957-ലേതിൽ കോൺഗ്രസിനെക്കൂടി പെടുത്തുവാൻ കഴിയുകയില്ല. അപ്പോൾ എത്രകൊല്ലത്തെ കാര്യംവച്ചിട്ടാണ് ഞങ്ങൾ ഞങ്ങൾ എന്നു പറയുന്നത്?

ശ്രീ. പി. ആർ. കുറുപ്പ്: ഞാൻ അവിടേയ്ക്കു വരാം. മാർക്സിസ്റ്റു പാർട്ടി രാഷ്ട്രീയമായി പല കക്ഷികളുടെയുംകൂടെ കിടക്കുവാൻ ശ്രമിക്കുന്നതുപോലെ പലരും ശ്രമിക്കുകയും കിടന്നിട്ടുണ്ടായിരിക്കുകയും ചെയ്തിട്ടുണ്ട്. ആ കാര്യത്തിൽ ആക്ഷേപമില്ല. ഇപ്പോഴും നിങ്ങൾ ഏത് പാർട്ടിയുമായിട്ടൊക്കെ കൂട്ടുചേരാം, ഏതു പാർട്ടിയുമായിട്ട് കിടക്കുവാൻ ഒക്കും എന്നുള്ള ചിന്തയിലല്ലേ മുഴുകിയിരിക്കുന്നത്. ചില ശക്തികളോടൊപ്പമിരുന്ന് കുത്തകത്വം അംഗീകരിക്കാമെന്ന ദുരാഗ്രഹം കൊണ്ടല്ലേ ഇടതുപക്ഷ മുന്നണിയെ ഭിന്നിപ്പിച്ചത്. എന്തായാലും കിടന്നു കിടന്ന് കിടക്കുന്ന പായ് ഇല്ലാതാക്കുവാനുള്ള ശ്രമം നല്ലതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: പാന്നൂരിലെ കോൺഗ്രസുകാർ നിങ്ങളെ എടുത്തില്ല. പിന്നെ ഇപ്പോൾ നിങ്ങൾ ഏത് പാർട്ടിയിലാണ്?

ശ്രീ. പി. ആർ. കുറുപ്പ്: ശ്രീ. എം. വി. രാഘവനെപ്പറ്റി നാട്ടിൽ പോയി അന്വേഷിച്ചാൽ മനസിലാകും. ശ്രീ. എം. വി. രാഘവന്റെ പാർട്ടിയിൽമാത്രം നിന്നുകൊണ്ട് ശ്രീ. രാഘവൻ ഒറ്റക്ക് ആ നിയോജക മണ്ഡലത്തിൽ മൽസരിച്ചാൽ പരാജയപ്പെടുമെന്ന് ഞാൻ ഉറപ്പു പറയുന്നു. ആ കാര്യത്തിൽ ഞാൻ വെല്ലുവിളിക്കുന്നു........... (സഭയിൽ ബഹളം) ....ഒമ്പതാം ഷെഡ്യൂളിൽ നിന്ന് കാർഷിക നിയമത്തെ എടുക്കണമെന്നും ഒമ്പതാം ഷെഡ്യൂളിൽ ചേർത്താൽ ആപൽക്കരമാണെന്നും മറ്റും ശക്തിയായി പ്രഖ്യാപിച്ച ജനതാപാർട്ടിയുടെ കാല് പിടിച്ചു കൊണ്ട് സ്വയംജയിക്കുവാൻ ശ്രീമാൻ രാഘവൻ ശ്രമിച്ചില്ലേ? അപ്പോൾ ആര് ആരുടെകൂടെ നിൽക്കുന്നുവെന്നുള്ളതിലേക്ക് കടക്കേണ്ട. എല്ലാ കാര്യങ്ങളും എല്ലാവർക്കും അറിയാം. ഇന്ന് നിങ്ങൾ ജനതാപാർട്ടിയെ പിന്തിരിപ്പൻപാർട്ടിയായി ചിത്രീകരിക്കുവാൻ ശ്രമിക്കുന്നു. സ്വന്തമായി മുതലെടുക്കുവാനുള്ള വ്യഗ്രതയാണ് കാണുന്നത്. ഞാൻ ഉൾക്കൊള്ളുന്ന രാഷ്ട്രീയപാർട്ടി ഏതാണെന്ന് ഇപ്പോഴും ശ്രീ. രാഘവന് മനസിലാക്കു വാൻ സാധിച്ചില്ലെങ്കിൽ ശ്രീ. രാഘവന് എന്തോ ഒരപകടം എവിടെയോ പറ്റിയിട്ടുണ്ട് എന്നാണ് എനിക്കു തോന്നിപ്പോകുന്നത്.

ശ്രീ. എം. വി. രാഘവൻ: നിങ്ങളെ പാന്നൂരിലെ കോൺഗ്രസുകാർ എടുത്തില്ല. അതുകൊണ്ടാണ് സംശയം ചോദിച്ചത്.

ശ്രീ. പി. ആർ. കുറുപ്പ്: പാന്നൂരിലെ കോൺഗ്രസും വേറെ ദിക്കിലെ കോൺഗ്രസും രണ്ടാണെന്ന് ശ്രീ. രാഘവൻ പറയേണ്ട. അത് വേറെ കാര്യം. അവിടെയുള്ള മാർക്സിസ്റ്റു പാർട്ടിയെക്കുറിച്ച് എനിക്ക റിയാം. അതായത് കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ എന്താണ് ചെയ്തത് എന്നുള്ളതിനെക്കുറിച്ച് എനിക്കറിയാം. ആരെയെല്ലാം കൂട്ടു പിടിച്ചിട്ടുണ്ടെന്നും എനിക്കറിയാം. ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ കൂട്ടുപിടിച്ചിട്ടുണ്ട്, ജനതാപാർട്ടിയെ കൂട്ടുപിടിച്ചിട്ടുണ്ട്, ആർ. എസ്. എസ്. നെ കൂട്ടുപിടിച്ചിട്ടുണ്ട്. എന്നിട്ട് സംസ്ഥാനത്തിന്റെ തലസ്ഥാ നത്തുനിന്നാണ് ഈ പ്രസംഗം നടത്തുന്നത്. എന്തായാലും പ്രാദേശിക കാര്യങ്ങൾ അവിടെ നിൽക്കട്ടെ.

ശ്രീ. എം. വി. രാഘവൻ: ഈ കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ നിങ്ങൾ ഏത് കോൺഗ്രസിലായിരുന്നു, ഏതു കോൺഗ്രസിനെ ആണ് പ്രതിനിധീകരിച്ചിരുന്നത്?

ശ്രീ. പി. ആർ. കുറുപ്പ്: ഞാൻ ഈ കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെ ടുപ്പിൽ ഒരു സ്ഥാനാർത്ഥിയേയും നിറുത്തിയിരുന്നില്ല.

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട ആൻറണിതന്നെ എത്ര ശ്രമിച്ചിട്ടും പാന്നൂരിലെ ആൻറണിയുടെ കോൺഗ്രസുകാർ എടുക്കാത്ത ചരക്ക് അല്ലേ കുറുപ്പേ?

ശ്രീ. പി. ആർ. കുറുപ്പ്: അതിനെക്കുറിച്ച് ഞാനും ആൻറണിയും ആയിട്ട് കണക്കു പറഞ്ഞുകൊള്ളാം. കുത്തകസ്വഭാവം അംഗീകരിക്കുക യെന്നുള്ളതാണ് ശ്രീ. എം. വി. രാഘവന്റെ പാർട്ടിയുടെ ആഗ്രഹം. അതിനെ ഞാൻ എതിർക്കും. ഇവിടെ മാർക്സിസ്റ്റു പാർട്ടി ബ്രഷ്ടദാന

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിനെ എതിർക്കുന്നത് എന്തിനാണ്. ഭരണമുന്നണി തീരുമാനിച്ച ഇടതുപക്ഷ ഐക്യത്തെക്കുറിച്ച് ചർച്ച പുരോഗമിപ്പിക്കേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി നമ്മളെല്ലാവരുമായി കൂട്ടായി ചർച്ച നടത്തണം. ആ തീരുമാനം പുറത്തുവന്നപ്പോൾ ഇഷ്ടദാനബിൽ എന്നുള്ള ടോപ്പിക്കുമായി ശ്രീ. നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ പാർട്ടിയും പുറത്തു വന്നു. ഐക്യമുന്നണിയെ പൊളിച്ച് ഇടതുപക്ഷ ഐക്യമുന്നണി എന്ന തത്വസംഹിതയെ നശിപ്പിച്ച് കേരളത്തിൽ ത്രികോണമൽസരം ഉണ്ടാക്കിയിട്ട് എന്ത് നേടാൻ സാധിക്കുമെന്നുള്ളതിന്റെ പരിശ്രമം ആയിരുന്നു തിരശ്ശീലയ്ക്കു പിന്നിൽ നടന്നത് എന്ന് ഞാൻ പറഞ്ഞാൽ അത് തെറ്റാകാനിടയില്ല. ഇഷ്ടദാനബില്ലിനുവേണ്ടി ഇടതുപക്ഷമുന്നണിയെ നശിപ്പിക്കുവാൻ ശ്രീ. എ. കെ. ആന്റണി ശ്രമിച്ചുവെന്ന് നിങ്ങൾ പറയുന്നു. എന്നാൽ ഞാൻ അങ്ങോട്ടു പറയുന്നു, ഇടതുപക്ഷമുന്നണി ഇവിടെ സുശക്തമായി ഉണ്ടായാൽ സ്വന്തംകുത്തക നിലനിറുത്തുവാൻ സാധിക്കുകയില്ലാ എന്നുള്ളതുകൊണ്ടു സ്വന്തം കുത്തക നിലനിറുത്തുവാൻവേണ്ടി ഇടതുപക്ഷമുന്നണിയെ തകർക്കുകയും ഭരണമുന്നണിയെ തമ്മിൽ തല്ലിച്ച് മുക്കോണമൽസരം ഉണ്ടാക്കുവാനുള്ള തെറ്റായ പ്രവണതയാണ് കാണിക്കുന്നത് എന്ന്. അത് വഞ്ചന എന്നു ഞാൻ പറയുന്നില്ല. ആ വാക്ക് ശ്രീമാൻ രാഘവനിൽ നിന്നും ഞാൻ കടമെടുക്കുന്നതുമില്ല. ശ്രീ. രാഘവന്റെ പാർട്ടിയുടെ വാക്കിൽ, ആ ചെളിക്കുണ്ടിൽ ശ്രീ. പി. കെ. വാസുദേവൻനായർ വീണുപോയല്ലോയെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഈ ബില്ലിന്റെ ചർച്ചാവേളയിൽ ആവക കാര്യങ്ങൾ വിവാദവിഷയമാകേണ്ട കാര്യമില്ല. ആർക്കും എന്തും പറയാം. ഞാൻ ഏത് പാർട്ടിയെന്ന് തീരുമാനിച്ച് എന്നെ തെരഞ്ഞെടുത്തവരോട് പറഞ്ഞു കൊള്ളാം. ചില കോൺഗ്രസുകാരെ കയ്യിൽ പിടിക്കാൻ ശ്രീ. രാഘവന് സാധിക്കും, എല്ലാ പാർട്ടിയിലും രാഘവനെപ്പോലെയുള്ള ആളുകൾ കാണും എന്തും പറയാനും കാണും അതുകൊണ്ട് പ്രശ്നമില്ല. അത് പറയാനുള്ള വേദി നമുക്ക് വരുന്നുണ്ട്. നമുക്ക് അവിടെ പറയാം. ഞാൻ ഇപ്പോൾ ഇവിടെ സംസാരിക്കുന്നത് ശ്രീമാൻ എ. കെ. ആന്റണി നേതൃത്വം കൊടുക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രതിനിധിയെന്നുള്ള നിലയ്ക്ക് ആണ്.

ശ്രീ. എം. വി. രാഘവൻ: നിങ്ങളെക്കൊണ്ട് എ. കെ. ആന്റണി പ്രസംഗിപ്പിക്കുന്നതുതന്നെ പി. ആർ. കുറുപ്പ് കോൺഗ്രസ്സൊന്നും ആയിരുന്നില്ല കുറുപ്പ് പറഞ്ഞതിനൊന്നും ഞങ്ങൾക്ക് ബാധ്യതയില്ല എന്ന രീതിയിലാണ്.

ശ്രീ. പി. ആർ. കുറുപ്പ്: രാഘവൻ കണ്ണാടിയിൽ നോക്കുമ്പോൾ രാഘവന്റെ രൂപംമാത്രം കാണുന്നതുപോലെ രാഘവൻ മറ്റുള്ളവരെ മനസ്സിലാക്കുമ്പോഴും അവരെല്ലാം വഞ്ചകരാണെന്ന് മനസ്സിലാക്കാനുള്ള വഞ്ചകത്വത്തിലാണ് രാഘവന്റെ പരിശീലനം. അതുകൊണ്ട് ഉണ്ടായ സ്വഭാവവ്യത്യാസമാണ്. ഞാൻ അത് തള്ളുന്നു. നമുക്ക് പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. എ. കെ. ആന്റണിയാണ് ഇടതുപക്ഷ ജനാധിപത്യ പാർട്ടിയുടെ മുന്നണിയ്ക്കുവേണ്ടി ആദ്യമായി വാദിച്ചത്. അത് നിഷേധിക്കാനൊക്കുകയില്ല. ഇടതുപക്ഷമുന്നണിയെന്ന വാദഗതിയുമായി എ. കെ. ആന്റണി വന്നപ്പോൾ പ്രതിപക്ഷമുന്നണിയും പ്രവർത്തനവുമായി മുന്നോട്ടുപോകാനാണ് രാഘവന്റെ പാർട്ടി തയ്യാറായത്. അപ്പോഴും ഇടതുപക്ഷ മുന്നണിയിലേയ്ക്ക് വന്നില്ല. ക്രമേണ ഇടതുപക്ഷ മുന്നണിയെ കേരള ജനത സ്വാഗതം ചെയ്യുമോയെന്ന് ഭയപ്പെട്ടു. കേരളജനത

LIBRARY ARCHIVES Kerala Legislative Assembly

സ്വാഗതം ചെയ്തുകഴിഞ്ഞാൽ തങ്ങളുടെ കുത്തക അവസാനിച്ചുപോകുമെന്ന് ഭയംകൊണ്ട് രാഘവന്റെ പാർട്ടി ഇടതുപക്ഷ മുന്നണിയെ തകർക്കുന്നതിനുവേണ്ടി തിരശീലയ്ക്ക് പിന്നിൽനിന്ന് ശ്രമിക്കുകയും ചെയ്തിട്ടുണ്ടാകാം. പക്ഷെ അത് ജയിക്കാൻ പോകുന്നില്ല. ഞാൻ അതിനെ കർശനമായി വിമർശിച്ചുകൊണ്ട് മുന്നോട്ടുപോകാനാഗ്രഹിക്കുന്നില്ല. നമുക്ക് അത് നോക്കാം. എല്ലാ രാഷ്ട്രീയ സംഘടനകളുടെയുമൊപ്പം കർഷകരുടെ പ്രതിനിധികൾ ഉണ്ടായിരുന്നു. ആ രാഷ്ട്രീയ സംഘടനകളെല്ലാം കർഷകർക്കുവേണ്ടി വാദിച്ചിരുന്നു. കുടിയാന് സ്ഥിരാവകാശം കൊടുക്കുന്ന കാലങ്ങളിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നില്ലേ മദ്രാസ് സംസ്ഥാനം ഭരിച്ചിരുന്നത്. 'Fixity of Tenure' നിയമം കൊണ്ടുവന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നില്ലേ? ഒഴിപ്പിക്കൽ നിരോധന നിയമം ആദ്യമായി കൊണ്ടുവന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആയിരുന്നില്ലേ. ആ കാലങ്ങളിലെല്ലാം കർഷകർ സംഘടിതരായിരുന്നു. പക്ഷെ കർഷകന്റെ സംഘടനയിൽ ഓരോ പാർട്ടിയുടെ വ്യത്യസ്ത നേതൃത്വം ഉണ്ടായിരുന്നു. എല്ലാവരും കർഷകന്റെ ആവശ്യത്തിനുവേണ്ടി വാദിച്ചിരുന്നു. കർഷകന്റെ സംഘടിതമായ പരിശ്രമത്തിന്റെ ഫലമായി ലോകം കാർഷികപ്രശ്നങ്ങൾ പരിഹസിച്ചുകൊണ്ട് ഇന്ന് ഇവിടെ പുരോഗമിച്ചു വന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിൽ കർഷകന്റെ പ്രശ്നം പരിഹരിച്ചതിന്റെ കുത്തകയുമായി ആരും വരേണ്ടതില്ല എല്ലാവർക്കും അതിന് അവകാശമുണ്ടെന്നാണ് എന്റെ വാദം. കാർഷികസമരങ്ങളുടെ നേർക്കുള്ള 1957-ലെ ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു. 1969-ലെ ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു? ഇതൊക്കെ അറിയുന്നവരാണ് ഞങ്ങളൊക്കെ. ഓരോ സമരത്തിന്റെയും നേരെ അന്നു ഭരിച്ചിരുന്ന ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വം അംഗീകരിച്ച പ്രതിരോധനിര എത്ര വലുതായിരുന്നു. എത്രപേർ രക്തസാക്ഷിത്വം വഹിച്ചിട്ടുണ്ട്, എത്രപേർക്ക് തല്ല് കിട്ടിയിട്ടുണ്ട്, എത്രപേർ ജയിലിൽ പോയിട്ടുണ്ട്. കർഷകസമരത്തിന്റെയും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിച്ചതിന്റെയും കുത്തകാവകാശവുമായി ഞെളിഞ്ഞുകൊണ്ട് മുന്നോട്ടു വരുന്നതിൽ അർത്ഥമില്ലെന്നേ എനിക്ക് അവരോടു പറയാനുള്ളു. ഭൂനിയമത്തിൽ പഴുതുകൾ ഉണ്ട്, പഴുതുകൾ ഉണ്ടായിട്ടില്ലേ? പഴുതുകൾ ഉണ്ടായിട്ടില്ലാത്ത പരമമായ നിയമമാണോ ഇത്? ആണെന്ന് പറയുകയില്ല. ശ്രീ. ബേബിജോണിന് അറിയാം. ശ്രീ. നമ്പൂതിരിപ്പാട് 1972 ഒക്ടോബർ 24-ാം തീയതി ചെയ്ത ഒരു പ്രസംഗമുണ്ട്. 1969-ലെ നിയമത്തിൽതന്നെ വളരെ പഴുതുകൾ ഉണ്ടായിരുന്നു. ആ പഴുതുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ natural love and affection, religious, charitable മുതലായ വ്യവസ്ഥകളിൽതന്നെ പഴുതുകൾ ഉണ്ടായിരുന്നു. ഇത് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞതാണ്. പഴുതുകൾ മുമ്പത്തെ നിയമത്തിൽ ഉണ്ടായിരുന്നത് തുടർന്നുവരികയാണ്. അത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി എന്തോ എഴുതിച്ചേർത്തതുകൊണ്ടാണെന്ന് പറയാൻ ആളുകൾ ഇവിടെയുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി എഴുതിച്ചേർത്തതല്ല. ആ നിയമത്തിന് ആകെ എന്നപോലെ ആ വകുപ്പിനും ഉത്തരവാദിത്വം ഈ സഭയ്ക്കാണ്. ഞാൻ ഇന്നലെ രാമകൃഷ്ണനോട് ചോദിച്ച ചോദ്യം അതാണ്. ഒരു ബില്ല് പൈലറ്റുചെയ്യുന്ന മന്ത്രിയുടെ ഉത്തരവാദിത്വം സഭ ഏറ്റെടുത്തുവെന്നും സഭ ആ നിയമം പാസ്സാക്കിയെന്നും സമ്മതിക്കാമോ? അതല്ലെങ്കിൽ സഭ പാസ്സാക്കിയെങ്കിലും പൈലറ്റ് ചെയ്ത ഞങ്ങൾക്ക് അതിന് ഉത്തരവാദിത്വം ഉണ്ടെന്ന് സമ്മതിക്കാമോ? ഇതെല്ലാം സാധാരണ നിയമങ്ങളാണെന്ന് പറഞ്ഞു. ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

ആ നിയമങ്ങൾക്കെന്നപോലെ വകുപ്പുകൾക്കും ഉത്തരവാദിത്വം ഈ സഭയ്ക്കാണെന്നാണ്. ഈ സഭയിലെ എല്ലാ പാർട്ടിക്കാരും കൂടിയാണ് ആ നിയമം പാസ്സാക്കിയത്. ആ നിയമം പൈലറ്റുചെയ്ത മന്ത്രി മാർക്സിസ്റ്റുകാരിയായതുകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയ്ക്കാണെന്ന് പറയുകയാണെങ്കിൽ അത് ഏൽക്കാൻ തയ്യാറുണ്ടോ? 1969-ലെ ഭൂനിയമത്തിൽതന്നെ പഴുതുകൾ ഉണ്ടെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാവും ഭരണനിപുണനും ചിന്തകനുമായ ശ്രീ. ഇ. എം. എസ്. ഉത്തരവാദിത്വബോധത്തോടുകൂടി നിയമസഭയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ആ നിയമത്തിൽ പഴുത് ഉണ്ടെന്ന് സമ്മതിച്ചേ തീരൂ. നയം എന്തായിരുന്നുവെന്ന് പരിശോധിക്കാം. സെലക്ടുകമ്മിറ്റിയുടെ ആലോചനയ്ക്കുവന്നു പി. ടി. ചാക്കോ അവതരിപ്പിച്ച ബില്ല്. ആ സെലക്ട് കമ്മിറ്റിയിൽ കർഷകനാവശ്യമുള്ള ഭേദഗതി വരുത്തേണ്ട ബാധ്യത തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റുപാർട്ടിയ്ക്ക് ഉണ്ടായിരുന്നില്ലേ? ഭൂനിയമത്തിന്റെ ജനയിതാവായ ശ്രീമതി കെ. ആർ. ഗൗരി നേതൃത്വം കൊടുത്ത ഒരു രാഷ്ട്രീയ പാർട്ടി നിയമസഭയിൽ നിൽക്കുമ്പോൾ ആ നിയമം അതേപടി അവതരിപ്പിക്കാൻ തയ്യാറായ ശ്രീ. ചാക്കോയുടെ ബില്ലിനെ എടുത്ത് പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കേണ്ടത് ആ പാർട്ടിയുടെ ചുമതലയല്ലേ? ആ പാർട്ടി ആ ചുമതല നിർവഹിച്ചില്ലെന്നുവരികിൽ കർഷകന് ഗുണം ഉണ്ടാകുന്നിടത്ത് അവരെ തടഞ്ഞുനിർത്താൻ ശ്രമിച്ചുവെന്ന് ഞാൻ പറഞ്ഞാൽ അത് സമ്മതിക്കാൻ തയ്യാറാകുമോ? എനിക്ക് ആ അഭിപ്രായമില്ല. സെലക്ട് കമ്മിറ്റിയുടെ രംഗത്തുവന്നപ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടി ഒഴിഞ്ഞുമാറി. സെലക്ടുകമ്മിറ്റിയിൽ നിസ്സഹകരിച്ചു. ശ്രീമതി ഗൗരിയമ്മ 1957-ൽ അവതരിപ്പിച്ച അതേ നിയമം എടുത്ത് പകർത്തി എഴുതുകയാണ് ചെയ്തത് ശ്രീ. ചാക്കോ. സെലക്ടുകമ്മിറ്റിയിൽ കമ്മ്യൂണിസ്റ്റ് അംഗങ്ങൾ നിസ്സഹകരിച്ചു. പുച്ഛിച്ചുതള്ളി. കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്ക് അന്ന് വലിയ സംഭാവനചെയ്ത, ബുദ്ധിമാനായ, കർഷകരുടെ പ്രശ്നങ്ങളിൽ നേതൃത്വം വഹിച്ചിരുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യർ, ഇൻഡ്യയിലെ ഉന്നതന്മാരായ നിയമജ്ഞന്മാരിൽ അഗ്രഗണ്യനാണെന്ന് അറിയപ്പെടുന്ന ശ്രീ. വി. ആർ. കൃഷ്ണയ്യർ സെലക്ടുകമ്മിറ്റിയിൽ ഹാജരായി. അദ്ദേഹം സെലക്ടുകമ്മിറ്റിയിൽ ഉടനീളം പങ്കുകൊണ്ടു. സെലക്ടുകമ്മിറ്റിയിൽ ഹാജരാകാതിരുന്നവർ അതിനെ എന്ത് കാരണം പറഞ്ഞാലും ഈ നിയമത്തെ കൂടുതൽ നന്നാക്കി തീർക്കുന്നതിനുള്ള പരിശ്രമത്തിൽനിന്ന് ഒഴിഞ്ഞുമാറിയെന്ന് പറയാതെ നിവർത്തിയില്ലെന്ന് അദ്ദേഹത്തിന്റെ ഡിസൻറിങ്ങ് നോട്ടിൽ പറഞ്ഞിട്ടുണ്ട്. • അദ്ദേഹം എഴുതിയ ഡിസൻറിങ്ങ് നോട്ട് മുഴുവൻ ഞാൻ വായിച്ചു. ഒരക്ഷരം ഇഷ്ടദാന ബില്ലിനെപ്പറ്റിയോ ഈ വകുപ്പിനെപ്പറ്റിയോ പറഞ്ഞിട്ടില്ല. മറ്റ് പല പ്രശ്നങ്ങളും വിവരിക്കുന്നുണ്ട്. പക്ഷെ ഇങ്ങനെയൊരു ദോഷം ഈ സഭയ്ക്ക് വന്നിട്ടുണ്ടെന്നും ഇഷ്ടദാനബില്ല് പ്രായോഗികമായി അംഗീകരിക്കാൻ പാടില്ലെന്നും ഇഷ്ടദാനങ്ങൾ ഒഴിവാക്കുന്ന ക്ലാസ് എടുത്തുകളയേണ്ടതാണെന്നുപോലും അദ്ദേഹത്തിന്റെ ഡിസൻറിങ്ങ് നോട്ടിൽ പറഞ്ഞിട്ടില്ലായിരുന്നു. കർഷകപ്രേമമില്ലാത്ത ആളാണെന്ന് പറയാൻ ശ്രീ. രാമകൃഷ്ണന് ധൈര്യമുണ്ടോ? പട്ടാളത്തിന്റെ സ്വീപ്പേഴ്സ് ആൻറ് മൈനേഴ്സ് വിഭാഗമുണ്ടല്ലോ ആ ജോലിയാണ് നിങ്ങൾ ചെയ്തത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ശ്രീ. വി. ആർ. കൃഷ്ണയ്യരെ, 'അയ്യർ കിട്ടാ പട്ടർ കിട്ടാ' എന്നൊക്കെ വിളിച്ചുപറഞ്ഞ് നടന്ന ഗുണ്ടാതലവന്മാരിൽ ഒരാളാണ് അങ്ങെന്ന് ഓർക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. കുറുപ്പ്: ശ്രീ. വി. ആർ. കൃഷ്ണയ്യരെപ്പറ്റി എനിക്ക് കുഞ്ഞിക്കണ്ണനുള്ള അഭിപ്രായം ഉണ്ടായിക്കൊള്ളണമെന്നില്ല. മർക്കടമുഷ്ടി പിടിച്ചാൽ പറ്റുകയില്ല എനിക്ക് ആ അഭിപ്രായം ഉണ്ടാവുകയില്ല. എനിക്ക് വ്യത്യസ്തമായ അഭിപ്രായമുണ്ട്. ശ്രീ. വി. ആർ. കൃഷ്ണയ്യർ ബുദ്ധിമാനാണെന്ന് എനിക്കറിയാം. കർഷകപ്രേമമുള്ള ആളാണെന്നും എനിക്ക് അറിയാം. ഒരു കർഷകനെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഒരു ഭരണകൂടം ആ കർഷകന്റെ വ്യത്യസ്ത ഗ്രൂപ്പിന്റെ താല്പര്യംമാത്രം പിടിക്കുന്നത് ശരിയല്ല. എല്ലാവർക്കും പങ്കാളിത്തം വഹിക്കാൻ സാധിക്കുന്ന ഒരു പ്രതീതി ഉളവാക്കൊള്ളുന്ന നിയമനിർമ്മാണമാണ് എന്ന് അദ്ദേഹം ഡിസന്റിങ്ങ് നോട്ടിൽ പറഞ്ഞു. അദ്ദേഹം ഇഷ്ടദാനത്തെ ചോദ്യം ചെയ്യാൻ ശ്രമിച്ചിട്ടില്ല.

The exclusion of plantations, cashew estates of 10 acres and above, pepper and areca gardens of 5 acres and above, Kayal padasekharams of Kuttanad area..............ഇങ്ങനെ നീണ്ടുപോകുന്നു അദ്ദേഹം ഡിസന്റുചെയ്യുന്ന പട്ടികകൾ. ഒരക്ഷരം ഈ ഇഷ്ടദാന വ്യവസ്ഥയെപ്പറ്റി പറഞ്ഞിട്ടുണ്ടോ ? ശ്രീമാൻ വി. ആർ. കൃഷ്ണയ്യർ കമ്മ്യൂണിസ്റ്റ് അല്ലെന്ന് രാഘവനല്ല പടച്ചവൻ പറഞ്ഞാലും ഞാൻ സ്വീകരിക്കാൻ തയ്യാറല്ല. അദ്ദേഹം നല്ല കമ്മ്യൂണിസ്റ്റ് ആണ്. ശ്രീമാൻ കൃഷ്ണയ്യരുടെ ഡിസന്റിംഗ് നോട്ടിൽപോലും ശ്രീമാൻ ചാക്കോ അവതരിപ്പിച്ച ബില്ലിലെ 80-ാം വകുപ്പിലെ ഈ ഇഷ്ടദാനങ്ങൾ ഒഴിവാക്കിയിട്ടുള്ള ക്ലാസ്സിനെതിരായി ഒരക്ഷരവും രേഖപ്പെടുത്താതെ ഇരുന്നതുകൊണ്ടും ആ നിയമം സെലക്ട് കമ്മിറ്റിയുടെ മുമ്പിൽ വരുമ്പോൾ അതിലെ പ്രശ്നങ്ങൾ പറയാനും നല്ല വാക്കുകൾ സംഭാവന ചെയ്യാനും ശ്രമിക്കാതെ ബോധപൂർവ്വം മാറിനിന്ന ഒരു പാർട്ടിയാണ് അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി എന്നതുകൊണ്ട് കർഷകരുടെ താൽപര്യങ്ങൾക്കുവേണ്ടി അന്തരിച്ചുപോയ മഹാനായ ശ്രീ. പി. ടി. ചാക്കോയ്ക്കുപോലും ഉണ്ടായിരുന്ന താൽപര്യങ്ങളിൽ ഒരംശം പോലും ഇന്ന് ഇടതുപക്ഷ പാർട്ടി ആണെന്നുപറയുന്ന ആ പാർട്ടിക്ക് ഉണ്ടായിരുന്നില്ല; ഇതാണ് എന്റെ വാദം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കർഷകരുടെ അഭിവൃദ്ധിക്ക് എതിരായിരുന്നു എന്ന വാദത്തോട് പൂർണ്ണമായി യോജിക്കാൻ എനിക്ക് നിർവാഹമില്ല.

സർ, 1963-ൽ ശ്രീമാൻ ചാക്കോ അവതരിപ്പിച്ച നിയമത്തിൽ, 1963-ൽ നിയമം പ്രായോഗികമായിവരുന്നതുവരെയുള്ള ട്രാൻസാക്ഷൻ മാത്രമേ അംഗീകരിക്കാൻ പാടുള്ളു എന്നു പറഞ്ഞു. സർ, പുരോഗമനപരമായിട്ടുപോയ പോക്കാണ് ഞാൻ പറയുന്നത്. 1963-ൽ അന്നത്തെ ആ നിയമം പാസ്സാക്കി നടപ്പിൽവരുന്ന ദിവസംവരെയുള്ള കൈമാറ്റങ്ങൾ അംഗീകരിക്കും, അതിനപ്പുറം അംഗീകരിക്കുകയില്ല എന്നു പറഞ്ഞു. ശരിയാണ്, പുരോഗമനത്തിന്റേയും രാഷ്ട്രീയ പരിവർത്തനത്തിന്റേയും കുത്തക അവകാശപ്പെടുന്ന ഒരു പാർട്ടി ഭരണത്തിൽവന്ന് 1969-ൽ ഭേദഗതി കൊണ്ടുവന്നപ്പോൾ ആ തീയതി 1-7-1969 വരെ നീട്ടി. 1963-നു ശേഷമുള്ള ചാർട്ടുകളും കൈമാറ്റങ്ങളും സാധുവല്ലെന്നു പറഞ്ഞ പി. ടി. ചാക്കോയോ അദ്ദേഹം പ്രതിനിധാനംചെയ്ത രാഷ്ട്രീയ പാർട്ടിയോ അല്ലെങ്കിൽ 1969 വരെയുള്ളത് സാധുവാണെന്നുപറഞ്ഞ് നിയമത്തിനു ഭേദഗതി കൊണ്ടുവന്ന ഒരു രാഷ്ട്രീയ പാർട്ടിയോ, ഏതാണ് പുരോഗമന ആദർശം പറയുന്നതെന്ന് എനിക്ക് അറിയില്ല. അതുകൊണ്ട് കർഷകന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നത് തച്ചുടയ്ക്കപ്പെടുന്ന ഒരു സ്വഭാവഗതി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് ഉണ്ടായിരുന്നു എന്ന വാദത്തോട് യോജിക്കാൻ ഒരു വിധത്തിലും നിർവ്വാഹമില്ല എന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അത് എക്സസ് ലാൻറിൻെറ കൈമാറ്റമാണെന്നുള്ളതല്ലേ?

ശ്രീ. പി. ആർ. കുറുപ്പ്: കൈമാറ്റങ്ങൾ സാധൂകരിക്കാൻവേണ്ടി എക്സംപ്ഷൻ അംഗീകരിച്ച ക്ലോസിൽ കൈമാറ്റങ്ങൾ ഏതു ഡേറ്റ്‌വരെ എന്നു നിശ്ചയിച്ച ഡേറ്റ്; ആ ഡേറ്റിനാണ് ഈ വ്യതിയാനം ഉണ്ടാക്കിയത്. ആ വ്യതിയാനം ഭേദഗതി പിൻതിരിപ്പിക്കാനായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ഒന്നു ചോദിക്കട്ടെ, ഇവിടെ ഇഷ്ടദാന ബിൽ എന്ന പേർ പറഞ്ഞുകൊണ്ട് ഈ ബില്ലിനെ നമ്മൾ കാണാൻ ശ്രമിക്കുന്നു. സർ, എന്താണത്? ശ്രീമാൻ മാണി പറഞ്ഞ അഭിപ്രായത്തോട് ഞാൻ ഏകദേശം യോജിക്കുന്നു. ഒരു അച്ഛൻ, ഒരു അമ്മ, നാല് മൈനർ മക്കൾ, അല്ലെങ്കിൽ അഞ്ച് മൈനർ മക്കൾ, മൂന്ന് മേജർ മക്കൾ ഇതാണ് ഒരു കുടുംബം. ആ കുടുംബത്തിന് പരിധിവച്ചിട്ടുണ്ട്. വർദ്ധിച്ചുവന്നാൽ 12 ഏക്കർ വരെ വയ്ക്കാം. മേജർ മക്കളുടെ ഷെയർ കൂട്ടില്ല. പക്ഷേ മേജർ മക്കൾക്ക് അവകാശമുണ്ട്. അത് ഇല്ലാതെയാക്കാൻ ഈ ബില്ലിന് കഴിയില്ല. ബാപ്പ മരിച്ചാൽ മകന് അവകാശമുണ്ട്. മകൾക്ക് അവകാശമുണ്ട്. അച്ഛൻ മരിച്ചാൽ അതല്ലെങ്കിൽ അമ്മ മരിച്ചാൽ മകനും, മകൾക്കും അവകാശമുണ്ട്. തോതിനു വ്യത്യാസം ഉണ്ടാകും. പക്ഷേ ഇവിടെ ചെയ്യുന്നത് പരിധി കണക്കാക്കാൻ മൈനർ മക്കളെ മാത്രം കൂട്ടിയാലുള്ള 12 ഏക്കർ ആയിട്ടു വിതരണം ചെയ്യുന്നു. ആ 12 ആൾക്ക് വരുന്നത് അവർക്ക് നാലാൾക്ക് വീതിച്ചുപോകുന്നു. മറ്റുള്ള മക്കൾക്ക് കിട്ടുന്നതിൽ നിന്ന് വീതിച്ച് അപഹരിച്ചാൽ മാത്രമല്ലാതെ സ്വന്തമായി ഒന്നും ഉണ്ടാക്കിയിട്ടില്ലാത്ത ഒരു പ്രായപൂർത്തിയെത്തിയ മകനോ മകളോ വസ്തുവിന് അവകാശം ഉണ്ടെങ്കിലും കിട്ടാനുള്ള ഓഹരി ലഭിക്കാതെപോകുന്ന ഒരു അനുഭവത്തിൽ മാത്രം നിക്ഷിപ്തമാകും. അത് ശരിയാണോ അല്ലയോ എന്ന് ചിന്തിക്കേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ എന്തിന് മൈനർ മക്കൾക്ക് മാത്രമുള്ള വസ്തുവിന് 12 ഏക്കർ കൊടുക്കുന്നത്. മേജർ മക്കൾ മക്കളല്ലേ? അനർഹമായി കിട്ടുന്നത് നിർത്തണമെന്നുള്ള ശ്രീ. ഇ. പി. ഗോപാലൻെറ വാദത്തോട് പൂർണ്ണമായി യോജിച്ചുകൊണ്ടാണ് ഞാൻ പറയുന്നത് അനർഹമാണോ അത്? മേജർ മക്കൾക്ക് വല്ല ദാനപ്രകാരം രേഖ വാങ്ങിയിട്ടുണ്ടെങ്കിൽ ആ രേഖ അംഗീകരിച്ചുകൊടുത്താലും ആ കുടുംബത്തിന് ഒത്തുവയ്ക്കാൻ സാധിക്കുന്ന പരിധിയിലപ്പുറം വയ്ക്കരുതെന്ന് നിർബന്ധമായ വ്യവസ്ഥ അംഗീകരിക്കണമെന്ന് ഈ നിയമം അനുശാസിക്കുന്നതിനാൽ യഥാർത്ഥത്തിൽ കൂടുതൽ കിട്ടാൻ പോകുന്നില്ല. വയ്ക്കാവുന്ന പരിധിയോളം വച്ചുകൊണ്ട് റീ ഡിസ്ട്രിബ്യൂട്ട് ചെയ്യപ്പെടുന്നു എന്നുമാത്രമേയുള്ളു. അവർക്ക് കിട്ടുന്ന അവകാശത്തെ ഈ നിയമത്തിൻെറ ഭേദഗതി ചോദ്യം ചെയ്യുന്നില്ല. ആർക്കു കിട്ടുന്ന അവകാശത്തിൻെറ പേരിലും ഈ നിയമം കൈവയ്ക്കുന്നില്ല. അതുകൊണ്ട് ഈ നിയമത്തെ സംബന്ധിച്ചിടത്തോളം പറയാൻ ശ്രമിക്കുമ്പോൾ അനുഭവിക്കാൻ ഇടയുള്ള കൃഷിഭൂമിയില്ലാത്ത പാവങ്ങൾക്ക് ഭൂമി കിട്ടുന്നു എന്ന വാദത്തിൽ മാത്രം നിലനിൽക്കാനേ ഞാൻ ശ്രമിച്ചുള്ളു. അനർഹമായി കിട്ടുന്നത് നിരോധിക്കാനുള്ള വകുപ്പുകൾ ഇതിൽ ഇല്ലെങ്കിൽ, അതിനുള്ള നിബന്ധനകൾ ഇതിൽ ഇല്ലെങ്കിൽ, ഞാനും എൻെറ പാർട്ടിയും ഇതിനെ കഠിനമായി എതിർത്തേനെ. പക്ഷേ അത് അധികരിച്ച് പോകാതെ 4 ഏക്കറിൽ കൂടുതൽ ഉണ്ടാകാത്ത ഒരു കുടുംബം ആക്കാനും—ഒന്നു ചുരുക്കുന്നു—പരിധികൾക്കപ്പുറം വയ്ക്കാൻ അവകാശം ഇല്ലാതാക്കാനുള്ള ഉപാധികൾ നിർബന്ധമായി വച്ചുകൊണ്ട് അർഹതയുള്ളവന് കിട്ടുന്നത് നിരോധിക്കുന്ന കൊള്ളരുതാത്ത ഒരു സമ്പ്രദായം ഉൾക്കൊള്ളുന്ന പഴുത് അടയ്ക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു നിയമം കൊണ്ടുവരികയുമാണ

മഹാനായ ബേബിജോൺ ചെയ്തത് എന്നതിൽ ഞാൻ സന്തുഷ്ടനാണ്. 1972-ൽ ശ്രീമാൻ നമ്പൂതിരിപ്പാട് പ്രസംഗിച്ചതിന്റെ പിറ്റെ ദിവസം ശ്രീമാൻ എ. കെ. ആന്റണി ഈ സഭയിൽ ചെയ്ത പ്രസംഗം വളരെ സ്തുത്യർഹമായതാണ്. അദ്ദേഹം പറഞ്ഞു, ഭൂമി കിട്ടാൻ അവകാശപ്പെട്ടവരുടെ അവകാശത്തെ നിഷേധിക്കുന്നപക്ഷം ഞാൻ അതിനെ എതിർക്കും. ഇവിടെ കിട്ടാൻ ഇടയുള്ളവരുടെ അവകാശം നിലനിറുത്താനുള്ള പ്രവണതയാണ് ഈ ഭേദഗതിയിൽ ഉൾക്കൊള്ളുന്നത്. ഞാൻ അതിനെ അംഗീകരിക്കുന്നു എന്ന്. ശ്രീ. എ. കെ. ആന്റണി ആ വാദമുഖത്തിൽനിന്നും അഭിപ്രായഗതിയിൽനിന്നും തരിമ്പും ഇടത്തോട്ടും വലത്തോട്ടും മുമ്പോട്ടും വഴിവിട്ടു പോയില്ല. പക്ഷേ മുമ്പോട്ടും പിമ്പോട്ടും പോയവർ ഉണ്ട്. ഇടത്തും വലത്തും നീങ്ങി കളിക്കുന്നവരുണ്ട്. അത് വേറെ ഉദ്ദേശം വച്ചുകൊണ്ടാകാം. ഈ വാദം വച്ചുകൊണ്ട് നമുക്ക് ഇതിനെ കാണാൻ സാധിക്കണം. മണ്ണിൽ പണിയെടുക്കുന്നവന് ഭൂമി കിട്ടണം എന്നതാണ് ശ്രീ. ഇ. പി. ഗോപാലന്റേയും ശ്രീ. ടി. കെ. രാമകൃഷ്ണന്റേയും പ്രസംഗത്തിൽ ഞാൻ കേട്ടത്. മണ്ണിൽ പണി എടുക്കാത്തവന് കിട്ടണം എന്നു പറയാൻ അവർ തയ്യാറുമില്ല. ഈ നിയമത്തിൽ ഉൾക്കൊള്ളുന്ന വകുപ്പുകൾ കാണിക്കുന്നത് അദ്ധ്വാനിച്ച് ഉഭയങ്ങൾ ഉണ്ടാക്കിയ, കുഴിക്കൂറുകൾ ഉണ്ടാക്കിയ ആ മനുഷ്യന്റെ അവകാശം സ്ഥിരപ്പെടുത്തണം എന്നാണ്. സർ, ഭൂപരിഷ്ക്കരണ നിയമത്തിൽ ക്ലാസ് 7-ൽ നിങ്ങൾ എന്തു പറഞ്ഞു. 12 വർഷത്തിനുള്ളിൽ രണ്ടു കൊല്ലമെങ്കിലും നിങ്ങൾ ഭൂമി കൈവശംവച്ചിട്ടുണ്ടെങ്കിൽ ആ കൈവശംവച്ചവർക്ക് ഭൂമി കൊടുക്കണം എന്നാണ്. പക്ഷേ അവരുടെ മര്യാദപാട്ടം തുടങ്ങിയ അവകാശങ്ങൾ കാണിക്കാൻ ഉള്ള രേഖ ഹാജരാക്കുന്ന കാര്യത്തിൽ burden of proof—തെളിയിക്കാനുള്ള ഉത്തരവാദിത്വം കുടിയാന് കൊടുത്തു എന്ന് തോന്നുന്നു, ശ്രീ. ബേബി ജോൺ മന്ത്രിയായിരുന്നപ്പോൾ. കുടിയാന് അത് കൊടുത്തുകൊണ്ട് വല്ല സ്റ്റാൻഡിംഗ് ഓർഡേഴ്സും ഉണ്ടെങ്കിൽ അത് അവർക്ക് അപകടകരമാണ്. 6 (സി) നടപ്പിൽ വരുന്നതോടുകൂടി ഇത്തരം സ്റ്റാൻഡിംഗ് ഓർഡർ പിൻവലിക്കുകയും അവന്റെ കൈയിലല്ല ഭൂമി എന്ന് പറയാനുള്ള ഉത്തരവാദിത്വം ജൻമിയിൽ നിക്ഷിപ്തമാക്കുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതി ഉണ്ടായാൽ കഷ്ടപ്പെടുന്ന നിരവധി കുടിയാൻമാർ സ്വന്തം ഭൂമി പിടിച്ചെടുത്ത് വല്ലവർക്കും കൊടുക്കാനുള്ള പ്രവണതയിൽനിന്ന് അദ്ധ്വാനിക്കുന്ന ഭൂസ്ഥലം രക്ഷപ്പെടുത്താൻ അവർക്ക് സഹായം നൽകും. ഞാൻ എന്റെ സ്നേഹിതൻ ശ്രീ. ഇ. പി. ഗോപാലനോട് ചോദിക്കട്ടെ. ഇന്നലെ ബഹുമാന്യനായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് സംസാരിച്ചപ്പോൾ കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. എ. കെ. ആന്റണി ചോദിച്ചു, 1969-ൽ ശ്രീമതി ഗൗരിയമ്മ അവതരിപ്പിച്ച ബിൽ നിയമമാക്കിയാൽ മതിയോ, നിങ്ങൾ അതിൽ സന്തുഷ്ടരാണോ എന്ന്. വളരെയധികം വിവേകത്തിന്റെ മാതൃകത്വം വഹിക്കുന്ന ശ്രീ. നമ്പൂതിരിപ്പാട് മതി എന്നു പറഞ്ഞു. ശ്രീ. ഇ. പി. ഗോപാലന്റെ അഭിപ്രായം എന്താണ്?

ശ്രീ. എം. വി. രാഘവൻ: സർ, നമ്പൂതിരിപ്പാട് അന്ന് പറഞ്ഞത് ശരിയാണ്. ഈ ഇഷ്ടദാനത്തെ സംബന്ധിച്ച് 1969-ൽ ശ്രീമതി ഗൗരിയമ്മ പാസ്സാക്കിയ നിയമപ്രകാരം 1970-നുശേഷം ഇഷ്ടദാനം ചെയ്യാൻ അവകാശമില്ലെന്നാണ് കോടതി വിധി. ആ കോടതി വിധി നടപ്പിലാക്കിയാൽ മതി. ഇപ്പോൾ ഗൗരിയമ്മയുടെ നിയമം മാറ്റി ഇഷ്ടദാന വ്യവസ്ഥ പുതുതായി ഉണ്ടാക്കുകയാണ് ചെയ്തത്.

ശ്രീ. പി. ആർ. കുറുപ്പ്: ശ്രീമാൻ ആന്റണി ചോദിച്ചപ്പോൾ ഉത്തരം പറഞ്ഞത് ശ്രീ. എം. വി. രാഘവൻ ആയിരുന്നില്ല. ശ്രീ. എം. വി. രാഘവനായിരുന്നെങ്കിൽ ഗൗരിയമ്മ അവതരിപ്പിച്ച ബില്ലിനുവേണ്ടി കോടതി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് മതിയെന്ന് പറയുമായിരുന്നു. ശ്രീ. ആൻറണി ചോദിച്ചപ്പോൾ ശ്രീമാൻ നമ്പൂതിരിപ്പാട് പറഞ്ഞത് ആ ബില്ല് അതേപടി നടപ്പിലാക്കിയാൽ മതിയെന്നാണ്. ആ ബില്ലിൽ ഉൾക്കൊള്ളുന്ന ഉപാധികൾ ആരുടെ ഭാഗം ചരിഞ്ഞുനിൽക്കുന്നു? അത് ഇടത്തോട്ടോ വലത്തോട്ടോ ചരിഞ്ഞുനിൽക്കുന്നത് എന്നാണ് ചോദ്യം. ഏത് പുരോഗമനം ഏത് ഇടത്തോട്ട് എന്നുള്ള വ്യാഖ്യാനവും പൊതുജനങ്ങൾക്കുണ്ട്. അതിന് പുതിയ വ്യാഖ്യാനമൊന്നും ആരും സൃഷ്ടിക്കണ്ട. അതൊക്കെ നമ്മുടെ മുൻപിൽ ധാരാളമുള്ളതാണ്. ഈ സ്ഥിതിവെച്ചുനോക്കുമ്പോൾ ഈ ബില്ല് അവതരിപ്പിക്കുന്നതിന് ശ്രീമാൻ ബേബിജോൺ കാണിച്ച സന്തുഷ്ടമായ വ്യഗ്രത സ്വാഗതാർഹമാണ്. അദ്ദേഹം ഈ ബില്ല് അവതരിപ്പിക്കുന്നതിനുമുൻപ് കാര്യമായി പരിശോധിച്ച് ചർച്ചചെയ്തിട്ടേ തീരുമാനമെടുക്കൂ എന്ന് എനിക്കറിയാം. ഈ കാര്യം വളരെയേറെ ചർച്ചചെയ്ത് തീരുമാനമെടുത്തതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അതൊരു കാരണം കൂടി വച്ചുകൊണ്ടാണ്, ഇഷ്ടദാനബില്ലിൻെറ പേരിലോ, ചാർത്തുകളുടെ പേരിലോ, കൈമാറ്റത്തിൻെറ പേരിലോ മുൻകാലങ്ങൾക്ക് ശേഷമുള്ള തീയതിക്കുള്ളിൽ നടന്നതിനെ സംബന്ധിച്ച് ആക്ഷേപങ്ങളുള്ള കേസുകൾ ലാൻഡ് ബോർഡിൻെറ മുൻപിൽ ആലോചനക്ക് ഉണ്ടെങ്കിൽ, ''ലാൻഡ് ബോർഡിൻെറ ചെയർമാനേ, തൽക്കാലം ഒന്നു നിർത്തിവയ്ക്കണേ ഞങ്ങൾ അതിനെപ്പറ്റി ആലോചിക്കുന്നുണ്ടെ''ന്നു പറയാൻ വളരെയേറെ സഹിഷ്ണുതയും സ്നേഹബോധവും ശ്രീമാൻ ബേബിജോൺ കാണിച്ചത്. അന്തസ്സുറ്റ നട്ടെല്ലുള്ള ഒരു മന്ത്രിയായിരുന്നു അദ്ദേഹം. അദ്ദേഹം ആ തീരുമാനത്തിൽനിന്ന് പുറകോട്ടുപോയി ആരുടേയും സേവപിടിച്ചിട്ടില്ലെന്നാണ് എൻെറ വിശ്വാസം. ശ്രീ. പി. കെ. വാസുദേവൻ നായരെപ്പറ്റി ഞാൻ പറയുന്നില്ല. അദ്ദേഹത്തിന് അങ്ങനെയൊക്കെ ചാരിനിൽക്കാതെ ഒക്കില്ല. പക്ഷേ നമുക്ക് ഈ നാട്ടിലെ കർഷകരെ സംരക്ഷിക്കാനുള്ള ഉപാധികൾ ഉൾക്കൊള്ളുന്ന കാര്യങ്ങളെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ചിലർക്ക് വലതുപക്ഷത്ത് നിൽക്കുന്ന കക്ഷികളെല്ലാം യോജിച്ചുപോകുമോയെന്നൊരു ഭയമാണ്. യോജിക്കുന്നപക്ഷം മുക്കോണമത്സരം ഉണ്ടാക്കി മുതലെടുക്കാനുള്ള ഞങ്ങളുടെ ആ കെട്ടിവച്ച പുസ്തകം തീയിലായിപ്പോകുമോ എന്നാണ് ഭയം. ഇവരെ യോജിപ്പിക്കാൻ ലോകത്ത് ആർക്കെങ്കിലും കഴിവും ശക്തിയും ഉണ്ടെങ്കിൽ അത് നിങ്ങൾക്കുമാത്രമാണ്. നിങ്ങളുടെ എതിർപ്പുകൊണ്ട് അത് യോജിച്ചുപോകുമെന്നാണ് എൻെറ വിശ്വാസം. അതുകൊണ്ട് നല്ലനിലയിൽ നമുക്ക് പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും കർഷകൻെറ താൽപ്പര്യം സംരക്ഷിക്കുന്ന ഉപാധികൾ പൂർണ്ണമായി അംഗീകരിക്കാനും മുന്നോട്ട് കൊണ്ടുപോകാനും നമ്മൾ സഹകരിക്കുക. ശ്രീ. പി. കെ. വാസുദേവൻ നായർ വേദനയോടുകൂടി പരിശ്രമിച്ചിട്ടാണ് ഈ ബില്ലിന് കേന്ദ്രത്തിൻെറ അനുമതി കിട്ടിയത്. അത് പാസ്സാക്കിക്കാൻ നിങ്ങൾക്ക് ഏതു മുന്നണിയോടുവേണമെങ്കിലും ചർച്ചചെയ്യാം. മുന്നണിയില്ലാത്ത ഒരു ഭരണം കേരളത്തിലും കേന്ദ്രത്തിലും ഉണ്ടാവുകയില്ലെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ഒറ്റക്ക് ഒരു കക്ഷിക്കും മുന്നോട്ടുവരാനാവില്ല. നിങ്ങൾ മുന്നോട്ടുവരുക, അതിൽ എനിക്കെതിർപ്പില്ല. പക്ഷെ അതിനുവേണ്ടി കർഷകൻെറ നല്ലപേരും പറഞ്ഞ് ഇടതുപക്ഷമുന്നണിയെ ടോർപ്പിഡോ ചെയ്യുന്ന അവസ്ഥയിലേക്ക് നീങ്ങുന്നത് അപകടകരമാണ്. ആ നില മാറണം. ഒരു കാർഷികപരിവർത്തനത്തേയും ടോർപ്പിഡോ ചെയ്യാൻ ഈ രാജ്യത്ത് ആരും മുന്നോട്ടുവന്നിട്ടില്ല. സംഭവബഹുലമായ പല ലോകചരിത്രങ്ങളും ഉണ്ടായ സന്ദർഭത്തിൽ ഭരണകൂടത്തിനെതിരായിട്ട് നീങ്ങിയിട്ടുണ്ടാകാം. എന്നാലും 1969-ൽ രാജിവച്ചുപോയതാണ്, പിരിച്ചുവിട്ടതല്ല. അതിന് മറ്റുപല കാരണങ്ങളുമുണ്ട്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഈ നിയമം മുന്നോട്ടു കൊണ്ടുവരുന്നതിനു കാണിച്ച സ്നേഹപൂർവ്വമായ സഹിഷ്ണുത ആദരണീയമാണെന്ന് ഞാൻ പറയുന്നു. ആ കാലത്തും ഈ കാലത്തും എല്ലാ പാർട്ടികളോടൊപ്പം അവരുടെ ചിന്താഗതി പഠിച്ചവനാണ് ഞാൻ. ശ്രീമതി ഗൗരിയമ്മ ഈ നിയമം അവതരിപ്പിച്ചപ്പോൾ വന്ന ഭേദഗതികൾ പലതും സപ്പോർട്ടുചെയ്യാൻ ഈ നിയമസഭയിൽ ഞാൻ ഉണ്ടായിരുന്നിട്ടുണ്ട്. ആ ഭേദഗതികളെല്ലാം പുരോഗമനാത്മകമായിരുന്നു. ശ്രീമാൻ രാഘവമേനോൻ അവതരിപ്പിച്ച ഒരു ഭേദഗതിക്ക് കോൺഗ്രസ്സ് എതിരായി വോട്ടുചെയ്ത ഒരു ചരിത്രം ഉണ്ടായിരുന്നു. ആ കാരണം കൊണ്ട് ഈ നാട്ടിൽ പരിവർത്തനകാര്യങ്ങളിലെല്ലാം കോൺഗ്രസ്സ് എതിരായിരുന്നെന്ന് വാദിക്കരുത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കർഷകന്റെ താൽപ്പര്യങ്ങളെ രക്ഷിക്കാൻ പലതും ചെയ്തിട്ടുണ്ട്. അതിൽ ചിലത് പരാജയപ്പെട്ടിട്ടുണ്ട്, ചിലത് മുന്നോട്ടു വന്നിട്ടുണ്ട്. ആ കാരണംകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ബോധപൂർവ്വം അത് നടപ്പിലാക്കാതിരുന്നതാണെന്ന് വാദിക്കാനും ഞാൻ തയ്യാറല്ല. എല്ലാ രാഷ്ട്രീയ കക്ഷികൾക്കും കർഷകൻ വേണം. കർഷകന്റെ താൽപ്പര്യം രക്ഷിക്കാൻവേണ്ടി നാമെല്ലാം യോജിച്ച് നിൽക്കണം. പ്രതിപക്ഷ–ഭരണപക്ഷ വ്യത്യാസമെന്യേ ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഈ സഭാവേദിയിലെ വിമർശനം ഉപകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ആരെയും വ്യക്തിപരമായി ശകാരിക്കാൻ ഞാൻ തയ്യാറല്ല, അങ്ങനെ സംസാരിക്കണമെന്നുള്ളവർ കണ്ടേക്കും. അവർ അതിന് ശ്രമിച്ചപ്പോൾ പലതും പുറത്തുവന്നുകാണും. എന്നാലും കർഷകന്റെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം നല്ലൊരു തീരുമാനമെടുക്കാൻ സഹായിക്കുമെന്ന് ഞാൻ കരുതുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: വാഗ്ദത്തം പാലിക്കാനും കർഷകന് സഹായം ചെയ്യാനും വേണ്ടിയുള്ള ഈ ബില്ലിന്റെ കാര്യത്തിൽ സഹായിച്ചു കഴിഞ്ഞാൽ പിന്നീട് വല്ലതും ആലോചിക്കാൻ ഒരുക്കമുണ്ടോ?

ശ്രീ. പി. സീതി ഹാജി: സർ, ഈ ബില്ലിന്റെ പിതൃത്വം ഏൽക്കാത്ത ഒരു കക്ഷിയും ഈ സഭയിൽ ഇല്ലെന്നാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇന്നലെ പ്രസംഗിച്ചപ്പോൾ ഈ ബില്ല് ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്ക് ഭൂമി കിട്ടുന്നതിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി കോയ–ആന്റണി ഉണ്ടാക്കിയ പദ്ധതികളാണെന്ന് ഇവിടെ പറയുകയുണ്ടായി. 1958–ൽ ഈ സഭയിൽ ശ്രീമതി ഗൗരിയമ്മ കാർഷികബന്ധബിൽ അവതരിപ്പിച്ചപ്പോൾ മഞ്ചേരി കല്ലറയിൽ അന്ത്യവിശ്രമംകൊള്ളുന്ന എന്റെ നേതാവ് ശ്രീ. അഹമ്മദ് കുരിക്കൾ ഈ സഭയിൽചെയ്ത പ്രസംഗം ഞാൻ ഓർക്കുകയാണ്. അദ്ദേഹം അപ്പുറത്തെ ശ്രീ. എം. വി. രാഘവനെപ്പോലെയോ, കുഞ്ഞിക്കണ്ണനെപ്പോലെയോ ഭൂമിയില്ലാത്ത ആളൊന്നുമായിരുന്നില്ല. ഞങ്ങളുടെ നാട്ടിലെ ഭൂഉടമയായിരുന്നു. അദ്ദേഹം ഈ സഭയിൽ പ്രസംഗിച്ചത് ഒരുപ്പൂവിനും ഇരുപ്പൂവിനും ഒരേ പരിധിവയ്ക്കരുതെന്നാണ്. അതുവച്ചാൽ ഈ രാജ്യത്തിലെ കർഷകത്തൊഴിലാളികൾക്കും, കർഷകർക്കും, സാധാരണക്കാർക്കും മിച്ചഭൂമി വിതരണം ചെയ്യാൻ ഉണ്ടാവുകയില്ല. അതുകൊണ്ട് ഒരുപ്പൂവിനും ഇരുപ്പൂവിനും ഒരേ പരിധിവയ്ക്കരുതെന്ന് വാദിച്ചത് എന്റെ പാർട്ടിയിൽപ്പെട്ട ആളാണ്. മഹാനായ ഇ. എം. എസ്. നമ്പൂതിരിപ്പാട് വള്ളുവനാട്ടിൽ ജന്മിയായിരുന്നകാലത്ത് അദ്ദേഹത്തിന്റെ കുടിയാൻമാർ എന്റെ സമുദായത്തിലെ പാവപ്പെട്ട ആളുകളായിരുന്നതുകൊണ്ടാണ്. ഞങ്ങൾ ജന്മിത്വം അവസാനിപ്പിക്കാൻ സമരംചെയ്തിട്ടുണ്ട്. 1921–ലെ മലബാർ കലാപം ഞങ്ങൾക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. ഇ. എം. എസ്സിനെതിരായിട്ട് സമരംചെയ്തിട്ടുള്ളതാണോ?

ശ്രീ. പി. സീതി ഹാജി: അന്ന് ഞങ്ങൾ സമരംചെയ്തിരുന്നു. ശ്രീ. ഇ. എം. എസ്സിന്റെ ആത്മകഥ ഞാൻ വായിച്ചുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെ കർഷകന് ഞങ്ങൾ ഒരിക്കലും എതിരായിട്ട് നിന്നിട്ടില്ല. മിച്ചഭൂമി കർഷകന് വേണമെന്ന ആശയത്തോട് അന്നും ഇന്നും യോജിക്കുന്നവർ ആണ് ഞങ്ങൾ. പല സമരങ്ങളും നടത്തിയിട്ടുണ്ട്. വെള്ളപ്പട്ടാളത്തിന്റെയും കുതിരപ്പട്ടാളത്തിന്റെയും തീ തുപ്പുന്ന പീരങ്കിക്ക് മുമ്പിൽ വിരിമാറു കാണിച്ചുകൊടുത്ത ആയിരക്കണക്കിന് മുസൽമാൻമാർ അവിടെ ഉണ്ടായിരുന്നു. അതുകൊണ്ട് ഞങ്ങൾ ഈ രാജ്യത്തെ ജൻമികളുടെ മുട്ടുതാങ്ങികളാണെന്നു പറഞ്ഞാൽ ഈ രാജ്യത്തെ ജനങ്ങൾ അംഗീകരിക്കുകയില്ല. ഇപ്പോൾ ശ്രീ. ഇ. എം. എസ്സിനെ ഞാൻ എതിർക്കുന്നു. ഇ. എം. എസ്സിനെ പത്തുകൊല്ലമായി ഈ രാജ്യത്ത് ജനങ്ങൾ എതിർക്കുന്നുവെന്ന് ശ്രീ. പി. കെ. വി. യും മനസ്സിലാക്കണം. ശ്രീ. കെ. റ്റി. ജേക്കബിന്റെ റൂഹാനി ഇന്നലെ രാത്രി സഖാവ് പി. കെ. വാസുദേവൻ നായരുടെ നെഞ്ചിൽ വന്ന് ഇടിച്ചോയെന്ന് ഞാൻ സംശയിക്കുന്നു. കാരണം 1969–ൽ ശ്രീ. ഇ. എം. എസ്. മന്ത്രിസഭ ഇട്ടെറിഞ്ഞുപോയപ്പോൾ കാർഷികബന്ധബിൽ നടപ്പാക്കുന്നതിനെതിരായിട്ട് മഹാനായ ബാഫക്കി തങ്ങൾ ഈ മന്ത്രിസഭ പൊളിച്ചതാണ്, ബാഫക്കി തങ്ങളുടെ മൊട്ടത്തലയിൽ ഐ, ആർ. എട്ട് മുളപ്പിക്കും, ബാഫക്കി തങ്ങളുടെ നട്ടെല്ല് ഊരി ഐ. ആർ. എട്ടിന് വളമാക്കുമെന്ന് ഈ രാജ്യത്തിലെ മാർക്സിസ്റ്റ് സഖാക്കൾ തെരുവീഥികളിൽ കൂടി മുദ്രാവാക്യം വിളിച്ചപ്പോൾ ഇന്ന് മക്കായുടെ പുണ്യഭൂമിയിൽ അന്ത്യവിശ്രമംകൊള്ളുന്ന എന്റെ മഹാനായ നേതാവ് കോഴിക്കോട്ടുനിന്ന് ഓടിവന്ന് സഖാവ് സി. അച്യുതമേനോന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് രൂപീകരിക്കുകയും 1970 ജനുവരി ഒന്നാം തീയതി മുതൽ ഈ രാജ്യത്ത് ജൻമിത്വം അവസാനിപ്പിക്കണമെന്ന് ആ ഗവൺമെന്റിന് നിർദ്ദേശം കൊടുക്കുകയും ചെയ്തത് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിയാവുന്ന കാര്യമാണ്. ഈ ബിൽ നടപ്പാക്കുന്നതിനുവേണ്ടി പട്ടയമേള കൊണ്ടു നടന്നപ്പോൾ പട്ടമന്ത്രി എന്നു കെ. ടി. ജേക്കബിനെ ആക്ഷേപിച്ചവരാണ് മാർക്സിസ്റ്റുകാർ. അതുപോലെതന്നെ ഈ രാജ്യത്ത് പുരോഗമന നിയമങ്ങൾ കൊണ്ടുവന്നപ്പോഴെല്ലാം മാർക്സിസ്റ്റുകാർ എതിർത്തിട്ടുണ്ട്. മാർക്സിസ്റ്റുകാർ എതിർക്കുന്നത് ഞങ്ങൾക്ക് മനസ്സിലാക്കാം.

ശ്രീ. എം. വി. രാഘവൻ: ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. നിങ്ങൾ ശ്രീ. ഇ. എം. എസ്. എന്ന ജൻമിക്കെതിരായി സമരംചെയ്തിട്ടാണല്ലോ രാഷ്ട്രീയരംഗത്തുവന്നത്. ഇ. എം. എസ്. എന്നു പറയുന്ന ജൻമിക്ക് തന്റെ കുടുംബത്തിൽനിന്നും തന്റെ ഭാര്യയിൽനിന്നും കിട്ടിയ സ്വത്തു മുഴുവൻ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സംഭാവനചെയ്തിട്ടാണ് രാഷ്ട്രീയത്തിലേക്ക് കടന്നുവന്നത്. എന്നാൽ സീതിഹാജിയെപ്പോലെ എത്രയോ ജൻമിമാർക്ക് അവകാശം ലഭിക്കാനാണ് ഇഷ്ടദാനം കൊണ്ടുവന്നിരിക്കുന്നത്. ആ പേര് ഞാൻ പറയണമോ?

ശ്രീ. പി. സീതിഹാജി: എലംകുളം മനയ്ക്കൽ എന്ന തറവാടിന്റെ ജൻമിയുടെ പാർട്ടനറാണ് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്.

ശ്രീ. എം. വി. രാഘവൻ: ശ്രീ. ഇ. എം. എസ്സിന്റെ സ്വത്തു മുഴുവൻ പാർട്ടിക്ക് കൊടുത്തു. നിങ്ങളെപ്പോലെ മരം കട്ടുവെട്ടി കിട്ടിയ കാശൊന്നുമില്ല.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതി ഹാജി: ബഹുമാനപ്പെട്ട എം. വി. രാഘവന് സംശയമുണ്ടെങ്കിൽ ഇ. പി. ഗോപാലനോട് ചോദിച്ചാൽ അറിയാം. വള്ളുവനാട് താലൂക്കിലെ മുസ്ലീം കർഷകർ നടത്തിയ സമരത്തിൽ എലംകുളം മനയ്ക്കൽ ജൻമിയും പെടും. ഇ. എം. എസ്. അതിലെ മെമ്പറാണ്. ഞാൻ ആ സമരത്തിൽ പങ്കെടുത്തിട്ടുള്ളവനാണ്.

(ബഹളം)

ശ്രീ. എം. വി. രാഘവൻ: നിങ്ങളെപ്പോലെ ഇ. എം. എസ്സിന് തടി കച്ചവടമൊന്നും ഉണ്ടായിരുന്നില്ല. സ്വത്തു മുഴുവൻ പാർട്ടിക്ക് കൊടുത്തിട്ടാണ് രാഷ്ട്രീയത്തിൽ വന്നത്. ഇപ്പോൾ ഇഷ്ടദാനം 'നഹ'ക്കും 'ചാക്കീരി'ക്കും 'സി. എച്ചിനും' അതുപോലെതന്നെ പാണക്കാട് തങ്ങൾക്കും വേണ്ടിയാണ് കൊണ്ടുവന്നിരിക്കുന്നത്. അല്ലാതെ നമ്പൂതിരിപ്പാടിനു വേണ്ടിയല്ല.

മി. സ്പീക്കർ: സ്പീക്കർക്ക് ആവശ്യമില്ല.

ശ്രീ. എം. വി. രാഘവൻ: സ്പീക്കറല്ല, ചാക്കീരി അഹമ്മദ്കുട്ടിക്ക് ഇഷ്ടദാനംകൊടുത്ത ഭൂമിയുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. പി. സീതി ഹാജി: ബഹുമാനപ്പെട്ട എം. വി. രാഘവന്റെ ആക്രമണത്തിൽനിന്ന് ബഹുമാനപ്പെട്ട സ്പീക്കർ എന്നെ രക്ഷിക്കണം. ഞങ്ങൾ 'സി. എച്ചി'നോ 'നഹക്കോ' വേണ്ടിയിട്ടല്ല ഈ നിയമം കൊണ്ടുവന്നത്. 1969-ൽ ഈ നിയമം പാസാക്കി നടപ്പിലാക്കാൻ വന്നില്ലേ? മുൻപ് പട്ടിക്കും പൂച്ചക്കും സ്നേഹവാൽസല്യത്തിന്റെ പേരിൽ ഇഷ്ടദാനം കൊടുക്കാമെന്നു നിയമം കൊണ്ടുവന്നില്ലേ? വസ്തു ആർക്കുവേണമെങ്കിലും കൊടുക്കാം. അതാണ് ഗൗരിയമ്മ കൊണ്ടുവന്ന നിയമം. അന്ന് മിച്ചഭൂമി കർഷകത്തൊഴിലാളികൾക്ക് കൊടുക്കാനില്ല, കർഷകർക്ക് കൊടുക്കാനില്ല, സാധാരണക്കാർക്ക് കൊടുക്കാനില്ല. ഇപ്പോൾ എന്താണ് ചെയ്തത്? മക്കൾക്കും മരിച്ചുപോയ മക്കളുടെ മക്കൾക്കും കൊടുക്കാമെന്ന നിയമമാണ് ഇപ്പോൾ കൊണ്ടുവന്നത്. അന്ന് ഈ നിയമം കൊണ്ടുവന്നപ്പോൾ നിങ്ങൾ എതിർത്തില്ല. ഞാൻ കേട്ടിട്ടുണ്ട്, ചില വക്കീലൻമാർ കേസ് വാദിച്ചുകഴിഞ്ഞശേഷം കോടതിവിധിയെ സംബന്ധിച്ച് ലാപായിൻറുകൾ ഉന്നയിക്കുന്നത്. അതുപോലെയാണ് 1974-ൽ ഹൈക്കോടതി ഇതു തെറ്റാണെന്ന സാങ്കേതിക കാരണം പറഞ്ഞപ്പോഴാണ് ശ്രീ. ഇ. എം. എസ്സിനും ശ്രീ. ടി. കെ. രാമകൃഷ്ണനും ശ്രീ. എം. വി. രാഘവനുമൊക്കെ കർഷകപ്രേമവും കർഷകത്തൊഴിലാളിപ്രേമവുമൊക്കെ ഉണ്ടായത്. അതുവരെ എവിടെയായിരുന്നു ഈ പ്രേമം? ഇത് പാസാക്കിയപ്പോഴൊക്കെ എവിടെയായിരുന്നു? എനിക്ക് ആളില്ലാത്ത വിമതലീഗിന്റെ എതിർപ്പു കണ്ടപ്പോഴാണ് അത്ഭുതം തോന്നിയത്. അവർ ഒരു താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ എതിർക്കുന്നു എന്നു പറഞ്ഞു. സി. എച്ചിന്റെ ഭാര്യക്ക് കിട്ടുമെന്നുള്ളതാണ്. ആർക്കാണ് കൊടുക്കുന്നത്? ചെറിയ മമ്മുകോയക്ക് എന്നാണ് പറയുന്നത്. എന്താണ് സംഗതി? ഈ രാജ്യത്ത് ആയിരക്കണക്കായ ആളുകൾ തെക്കുനിന്ന് വടക്ക് മലയോരപ്രദേശങ്ങളിൽ കുടിയേറിപ്പാർത്തവരുണ്ട്. ഒരേക്കറും രണ്ടേക്കറും മൂന്നേക്കറും കൃഷിചെയ്യുന്നവരാണ്.

ശ്രീ. എം. വി. രാഘവൻ: 'സി. എച്ചി'ന്റെ ഭാര്യയും അതിൽ പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതി ഹാജി: അതിൽ ആക്ഷേപമുണ്ടെങ്കിൽ അത് നമുക്ക് ഒഴിവാക്കാം. പുതിയ അമെൻറുമെൻറു വരുമ്പോൾ നമുക്ക് അത് ആലോചിക്കാം. ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ ഭാര്യക്ക് ഒരേക്കർ ഭൂമി കിട്ടുന്നതിലാണ് വിമതലീഗിന് എതിർപ്പെങ്കിൽ അതൊഴിവാക്കുന്ന കാര്യത്തെക്കുറിച്ച് നമുക്ക് ആലോചിക്കാം. എന്നാൽ ഇതിനെ അനുകൂലിക്കാമോ? നമ്മൾ ഒന്നിച്ചുനിന്നു സമരം ചെയ്തവരാണ്, പ്രകടനം നടത്തിയവരാണ്.

ശ്രീ. പി. എം. അബൂബേക്കർ: ഇഷ്ടദാനത്തിനുവേണ്ടി സമരം നടത്തിയിട്ടില്ല.

ശ്രീ. പി. സീതി ഹാജി: മുസ്ലീംലീഗിൽ പിളർപ്പിന്റെ ആരംഭം കുറിച്ചപ്പോൾ ഇവിടെവന്നു ഇഷ്ടദാനം നടപ്പാക്കണമെന്നുപറഞ്ഞ് ശ്രീ. കരുണാകരനും ശ്രീ. അച്യുതമേനോനും നിവേദനം കൊടുത്ത പാർട്ടിക്കാരാണ് ഇപ്പോൾ ഏതാനും സീറ്റു കണ്ടുകൊണ്ട് മാർക്സിസ്റ്റുകാർ പറയുന്ന കളിയെടാ കാമാക്ഷീ, കുട്ടിപ്പെണ്ണേ എന്നു പറയുന്നതുപോലെ തുള്ളിച്ചാടാൻ വരെ തയ്യാറാകുന്ന ഗതികേടിൽ എത്തിയ നാണംകെട്ട വിമതൻമാരേ നിങ്ങൾക്ക് നാളെ സമുദായം മാപ്പുനൽകുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സി. എച്ചി-നുവേണ്ടി ഈ നിയമം ഉണ്ടാക്കിയിട്ടില്ല. ആയിരക്കണക്കായ ജനങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ ഒരു നിയമമാണ് ഇത്. ഇന്നലെ ഇവിടെ പ്രസംഗത്തിൽ പറഞ്ഞു, ഞങ്ങൾ ഇഷ്ടദാനത്തിനുവേണ്ടിയല്ല ഇടതു ഐക്യത്തിനാണ് പോയതെന്ന്. എന്റെ നേതാവ് അബ്ദുള്ളകോയ ഒപ്പിട്ടല്ലോ എന്ന് ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞു. സർ, അതു തെറ്റാണ്. അദ്ദേഹം പറഞ്ഞത് തെറ്റാണ്, കള്ളമാണെന്ന് ഞാൻ പറയുന്നില്ല. ഞങ്ങൾ എന്താണ് ഒപ്പിട്ടത്? ഞങ്ങൾ ഐക്യമുന്നണി ഒന്നിച്ചാണ്, ഞങ്ങൾ ഒന്നിച്ചുനിൽക്കുമെന്നു പറഞ്ഞു. ഇഷ്ടദാനബിൽ നടപ്പാക്കുമെന്നു പറഞ്ഞു. പിന്നെയാണ് പി. കെ. വാസുദേവൻ നായരുടെ പ്രസ്താവന പത്രത്തിൽ വായിച്ചത്, ഞങ്ങൾക്ക് ഒന്നിച്ചുനിൽക്കാൻ ബുദ്ധിമുട്ടുണ്ടെന്നുള്ളത്. എപ്പോഴാണ് ഞങ്ങളുമായി ഒന്നിച്ചുനിൽക്കാൻ ബുദ്ധിമുട്ടുണ്ടായത്? അതുകൊണ്ട് ഇത്തരം രാഷ്ട്രീയ വഞ്ചന കാട്ടി എന്നു ഞാൻ പറയുന്നില്ല, ഏതായാലും, തെറ്റായിപ്പോയി, അങ്ങനെ പറയാൻ പാടില്ലായിരുന്നു എന്നു മാത്രമേ പറയുന്നുള്ളു. 1969 മുതൽ നമ്മൾ ഒന്നിച്ചുകൊണ്ടുവന്ന ഈ തീരുമാനം—അതേക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. അറബി പദം ഞാൻ പറയുന്നില്ല സർ. വളരെ തെറ്റിദ്ധരിക്കും. ഞാൻ ഇന്നലെ പറഞ്ഞ അറബി പദത്തിന്റെ അർത്ഥം ചോദിച്ച് പലരും നടക്കുകയാണ്. അതുകൊണ്ട് ഞാൻ അറബി പദം പറയുന്നില്ല. എനിക്ക് ഇംഗ്ലീഷ് അറിയാൻ പാടില്ലാത്തതുകൊണ്ട് അറബി പദം ഉപയോഗിക്കുന്നതിൽ തെറ്റിദ്ധരിക്കരുത്. അതുകൊണ്ട് ഈ ബില്ലിനെ ഞങ്ങളാരും കളങ്കപ്പെടുത്തിയിട്ടില്ല, മുസ്ലീംലീഗിനു മാത്രമുള്ളതാണോ സർ ഈ ബിൽ? ഈ രാജ്യത്ത് പി. കെ. വാസുദേവൻ നായരുടെ മകനേയും എന്റെ മകനേയും ഒരുപോലെ കാണാനുള്ള മനസ്ഥിതി ഉണ്ടാകണം. മരുമക്കത്തായത്തിന് കൊടുക്കാം. ഇ. എം. എസ്സിന് 50 ഏക്കർ ഭൂമിയുണ്ടെങ്കിൽ അതിന്റെ സീലിംഗ് കഴിച്ച് ബാക്കിയുള്ള ഭൂമി എല്ലാ മക്കൾക്കും, തറവാട്ടിലെ 6 മാസം ഗർഭത്തിലുള്ള കുട്ടിക്കുവരെ കൊടുക്കാം. നേരേമറിച്ച് ഞങ്ങളെ സംബന്ധിച്ചിടത്തോളം, ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സീലിംഗ് കഴിച്ച് ബാക്കി സറണ്ടർ ചെയ്യണം. ഞങ്ങളുടെ മക്കൾക്ക് ഉപജീവനത്തിന് രണ്ടോ മൂന്നോ ഏക്കർ കൊടുക്കുകയാണെങ്കിൽ അതു മിച്ചഭൂമിയായി കണക്കാക്കണമെന്നു പറയുന്നത് ശരിയാണോ? എന്റെ അഭിപ്രായത്തിൽ മരുമക്കത്തായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൻെറ പേരിൽ പല ആളുകളും ഭൂമി തട്ടിയെടുത്തിട്ടുണ്ട്. അതിൻെറ മറവിൽ ഈ രാജ്യത്തെ പല വൻകിട ജൻമികളും അവിഭക്ത ഹിന്ദു കുടുംബത്തിൽപ്പെട്ട ഭൂമി അപഹരിച്ചെടുത്തതായി കാണാൻ കഴിയും. ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. 'നഹ'സാഹിബ് ഒരു ഏക്കർ ഭൂമി അദ്ദേഹത്തിൻെറ മക്കൾക്ക് കൊടുത്തതാണ് കേസ് എന്നാണ് പറയുന്നത്. അതുപോലെ ഞങ്ങളും കൊടുത്തു എന്നാണ് പറയുന്നത്. അതു വാസ്തവത്തിൽ ഈ രാജ്യത്തിലെ സമുദായങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള പ്രസ്താവനയായിപ്പോയി. ഈ രാജ്യത്ത് ഞങ്ങളുടെ അവകാശങ്ങൾ ഞങ്ങൾക്ക് നിലനിറുത്തണം. ഒരു മതേതരരാഷ്ട്രമാണല്ലോ നമ്മുടെ രാജ്യം. മുസ്ലീങ്ങൾ മൂന്നുനാലു പെണ്ണുകെട്ടി എന്നുള്ള ആക്ഷേപം ഇവിടെ പറഞ്ഞത് തെറ്റായിപ്പോയി. നിങ്ങൾക്കും വേണമെങ്കിൽ അതു ചെയ്യാം. ലേശം വേദന സഹിച്ചാൽമതി. അതു നടക്കുമോ എന്ന് എനിക്കറിയുകയില്ല.

(ബഹളം)

അതുകൊണ്ട് ഇതിൽ നിങ്ങൾ ബേജാറായിട്ട് കാര്യമില്ല. ഈ രാജ്യത്ത് ജീവിക്കാൻവേണ്ടിയാണ് ഞങ്ങൾ ഞങ്ങളുടെ അവകാശം ചോദിക്കുന്നത്. അത് പല കാരണങ്ങളാൽ നീണ്ടുപോയി എന്നുമാത്രമാണ്. ശ്രീ. പി. കെ. വാസുദേവൻ നായർ നെഞ്ചത്തു കൈവച്ചു പറയണം, അന്ന് ഒപ്പിട്ടുകിട്ടാൻ കാലതാമസം ഉണ്ടായപ്പോൾ ഓടിനടന്ന് ഗവർണ്ണറെ കണ്ട് ഒപ്പിടുവിച്ചു വാങ്ങിച്ചില്ലേ? അതുപോലെ ഇതിനു പ്രസിഡൻറിൻെറ അനുമതിയും കിട്ടും.

സർ, പി. കെ. വാസുദേവൻ നായർ ഇതു കൊണ്ടുവന്നു. ഞങ്ങൾ 5-ാം തീയതി പിരിഞ്ഞുപോയിട്ട് എട്ടാം തീയതി സഭയിൽ വന്നപ്പോൾ എന്താണ് ഉണ്ടായത്? അദ്ദേഹം രാജിവച്ചു പോകുന്നതായിട്ടാണ് കണ്ടത്. ഇതു പാസാക്കിയിട്ട് ഇറങ്ങിപ്പോയാൽ മതിയായിരുന്നു. യാതൊരു പ്രകോപനവും ഇവിടെ ഉണ്ടായിട്ടില്ല. ഇഷ്ടദാനത്തേക്കാൾ പ്രധാനം ഇടത് ആണെന്നാണ് പറഞ്ഞത്. ശ്രീ. എം. വി. രാഘവനോട് ഞാൻ പറയുകയാണ്, ഞങ്ങൾ 22 ആളുകളെ അങ്ങോട്ടു തന്നിട്ടുണ്ട്. അതിൽ ഒന്നിനേയും കുറയ്ക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ ബിൽ പാസാക്കി ഈ രാജ്യത്തിലെ എല്ലാ ജനങ്ങളോടും നീതിപൂർവ്വം പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ ആരും ഇതിനെ എതിർക്കാൻ വേണ്ടി ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് നിങ്ങൾകൂടി സഹകരിച്ച് ഈ ബിൽ പാസാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. എം. അബൂബേക്കർ:</u> സർ, കേരള ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ 1979, എന്ന വിവാദപരമായ നിയമനിർമ്മാണത്തെ സംബന്ധിച്ചാണ് ഈ സഭ ഇന്നിവിടെ ചർച്ച നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ചർച്ചയിൽ ഞാൻ സ്വാഭാവികമായും കടന്നുപോകണമെന്ന് ആഗ്രഹിച്ചിട്ടില്ലാത്ത രംഗങ്ങളിലേക്കുകൂടി എന്നെ കടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സീതി ഹാജിയുടെ പ്രസംഗം എന്നെ നിർബന്ധിതനാക്കിയിട്ടുണ്ടെന്ന് ആദ്യമായി പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഒരു സർക്കാരിൻെറ മാറ്റത്തിന് ഹേതുഭൂതമായ ഒരു നിയമനിർമ്മാണമാണ് ഇവിടെ നടക്കുന്നതെന്ന് ഈ സഭയ്ക്കറിയാം. മറ്റൊരു പുതിയ സർക്കാർ നിലവിൽ വരുന്നതിനു കാരണഭൂതമായ ഒരു നിയമനിർമ്മാണമാണ് ഈ സഭയിൽ നടക്കുന്നതെന്ന് ഈ സഭയ്ക്കറിയാം. അതുപ്രകാരംതന്നെ നമ്മുടെ സംസ്ഥാനത്തെ കക്ഷിബന്ധങ്ങളിൽ അഴിച്ചുപണി നടത്തിയ ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ചാണ് ഈ സഭ ചർച്ച നടത്തുന്നതെന്നും ഈ നാട്ടിലെ ആളുകൾക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ നാട്ടിലെ ഭൂപരിഷ്കരണത്തിന്റെ ചരിത്രത്തെക്കുറിച്ച് ഈ സന്ദർഭത്തിൽ കൂടുതൽ വിശദമായി സംസാരിക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. മലബാറിൽ, കൊച്ചിയിൽ, തിരുവിതാംകൂറിൽ, തിരു-കൊച്ചിയിൽ, കേരളത്തിൽ എല്ലാം ഓരോരോ കാലഘട്ടങ്ങളിലുണ്ടായ ഭൂപരിഷ്കാരങ്ങളുടെ പുരോഗതിയെ സംബന്ധിച്ച് ഇന്നലെയും ഇന്നും ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ അവരുടെ അഭിപ്രായപ്രകടനങ്ങൾ നടത്തിയിട്ടുണ്ട്. നിരവധി ത്യാഗങ്ങളിലൂടെ, സമരങ്ങളിലൂടെ ഈ നാട്ടിലെ കർഷകരും കർഷകത്തൊഴിലാളികളും നേടിയെടുത്തിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ശ്രീ. സീതി ഹാജി പറഞ്ഞ ഭാഗത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കർഷകന്റെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി ഏറനാട്ടിലേയും വള്ളുവനാട്ടിലേയും ധീരരായ മാപ്പിളമക്കൾ നടത്തിയ ധീരോദാത്തമായ സമരത്തിലെ ഷഹീദാവുകയും രക്തസാക്ഷികളാകുകയും ചെയ്തിട്ടുള്ള ആ വീരസേനാനികളെ അനുസ്മരിച്ചുകൊണ്ടുതന്നെ ഞാൻ പറയുകയാണ്, ആ ത്യാഗത്തിലൂടെ, വീരോചിതമായ ആ ത്യാഗത്തിലൂടെ നേടിയെടുത്തിട്ടുള്ള അവകാശങ്ങൾ നഷ്ടപ്പെടുത്തുന്നതിന് അവരുടെ പേരിൽ പൊങ്ങച്ചം പറയുന്നനിങ്ങൾ അരുനിൽക്കരുതെന്ന അഭ്യർത്ഥനയാണ് ആമുഖമായി എനിക്കു വയ്ക്കുവാനുള്ളത്.

സർ, എന്താണ് ഈ നിയമം? ഭൂപരിഷ്കരണ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ മുസ്ലീം ലീഗിന്റെ നിലപാട് എന്താണെന്നുള്ളത് സുവിദിതമാണ്. ഇന്നലെ ജനാബ് സി. എച്ച്. മുഹമ്മദുകോയ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ പറയുകയുണ്ടായി, കേരളത്തിൽ ഭൂപരിഷ്കരണനിയമങ്ങളുടെ കാര്യങ്ങൾ വരുമ്പോൾ എന്റെ കയ്യും അതിനനുകൂലമായി പൊങ്ങിയിട്ടുണ്ടെന്ന്. അതു വാസ്തവമാണ്. അദ്ദേഹത്തിന്റെ കൈ മാത്രമല്ല അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കുകയും ഇന്ന് ഈ ഭാഗത്തിരിക്കുകയും ചെയ്യുന്ന ഞങ്ങളെപ്പോലുള്ള ആളുകളുടെ കയ്യും ഈ ഭൂപരിഷ്കരണനിയമത്തിന് അനുകൂലമായി പൊന്തിയിരുന്നുവെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭിമാനത്തോടുകൂടി ഓർക്കുകയാണ്. പുരോഗമനപരമായ നിയമനിർമ്മാണമെന്നുള്ള നിലയിൽ ഭൂപരിഷ്കരണനിയമങ്ങളെ ഒരു കാലഘട്ടത്തിലും മുസ്ലിംലീഗ് എതിർത്തിരുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഭൂപരിഷ്കരണ രംഗത്ത് ഒട്ടേറെ ആനുകൂല്യങ്ങൾ പ്രദാനംചെയ്യുന്ന ഒരു നിയമം 1969-ൽ ശ്രീമതി ഗൗരിയമ്മ കൊണ്ടുവന്നിട്ടുള്ള ബില്ലായിരുന്നു എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ആ ബിൽ ഈ സഭ പാസ്സാക്കുന്നതിനുമുമ്പ് അതിന്റെ മൂന്നാം വായനയുടെ സന്ദർഭത്തിൽ ഇത്തരത്തിലുള്ള പുരോഗമനപരമായ ഒരു നിയമനിർമ്മാണം കൊണ്ടുവന്നതിന് ശ്രീമതി ഗൗരിക്ക് പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട് അന്ന്, ഞാനും ശ്രീ. ഇ. അഹമ്മദും ശ്രീ.സി.എച്ച്.മുഹമ്മദുകോയയുമെല്ലാംഉൾക്കൊള്ളുന്ന മുസ്ലിംലീഗ് പാർട്ടിയിൽനിന്ന് സംസാരിച്ചത് എന്റെ സ്നേഹിതൻ ശ്രീ. ശ്രീ. ഇ. അഹമ്മദ്ആയിരുന്നുവെന്ന് ഈ സന്ദർഭത്തിൽഞാൻഓർക്കുകയാണ് അതേ സന്ദർഭത്തിൽ തന്നെ 1969-ലെ ഭൂപരിഷ്കരണനിയമത്തോടു ബന്ധപ്പെട്ടുകൊണ്ട് അതിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ മുസ്ലീം ലീഗിന്റെ ഭാഗത്തുനിന്ന് എഴുതിയിട്ടുള്ള ഭിന്നാഭിപ്രായക്കുറിപ്പിനെക്കുറിച്ച് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ സംസ്ഥാനത്ത് ഭൂപരിഷ്കരണ ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിനോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഭൂപരിഷ്കരണ

ആക്ടിൽ മൗലികമായ ഭേദഗതികൾ വരുത്തുമ്പോൾ ഭൂപരിഷ്കരണത്തിന്റെ അംഗീകൃത തത്വത്തിൽനിന്ന് വ്യതിചലിക്കരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. നൈസർഗ്ഗിക നീതിക്കനുസരണമായിട്ടായിരിക്കണം ഭൂമി സംബന്ധിച്ച നിയമനിർമ്മാണമെന്ന് ഞങ്ങൾ കരുതുന്നുവെന്ന് ഇതു സംബന്ധിച്ച് മുസ്ലിം ലീഗ് എഴുതിച്ചേർത്ത ഭിന്നാഭിപ്രായക്കുറിപ്പിൽ ആമുഖമായി പറഞ്ഞിട്ടുണ്ട്. ആ ഭിന്നാഭിപ്രായക്കുറിപ്പിൽ ഒപ്പുവച്ചിട്ടുള്ളത് മുൻ നിയമസഭാ സ്പീക്കർ ബഹുമാനപ്പെട്ട കെ. മൊയ്തീൻകുട്ടി ഹാജി, എന്റെ സ്നേഹിതൻ ശ്രീ. ഇ. അഹമ്മദ്, മറ്റൊന്ന് വിനീതനായ ഞാൻ, മറ്റൊന്ന് ഈ സഭയിൽ അംഗമായിരുന്ന ദിവംഗതനായ ശ്രീ. എം. ചടയൻ. സെലക്ട് കമ്മിറ്റിയംഗങ്ങൾ എന്നുള്ള നിലയിൽ, മുസ്ലിം ലീഗിന്റെ പ്രതിനിധികൾ എന്നുള്ള നിലയിൽ ഈ അഭിപ്രായം ഞങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട് സർ. എന്നിട്ട് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഭൂപരിഷ്കരണത്തെ സംബന്ധിച്ചിടത്തോളം മുസ്ലീം ലീഗ് അംഗീകരിച്ചിട്ടുള്ള അംഗീകൃത തത്വങ്ങളിൽനിന്ന് വ്യതിചലിക്കാതെ എന്നുള്ള വാചകം ഞാൻ അടിവരയിട്ട് ഒന്നുകൂടി ആവർത്തിക്കുന്നതിന് ആഗ്രഹിക്കുന്നു. എന്താണ് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള അംഗീകരിക്കപ്പെട്ട അംഗീകൃതമായ തത്വം. ഞാനും എന്റെ പാർട്ടിയും മനസ്സിലാക്കുന്നത് 1964 ഏപ്രിൽ ഒന്നാം തീയതി മുതൽ നമ്മുടെ കേരള ഭൂപരിഷ്കരണനിയമത്തിലെ 74-ാം വകുപ്പനുസരിച്ച് ജൻമി-കുടിയാൻ ബന്ധം എന്നന്നേയ്ക്കുമായി അവസാനിച്ചുകഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഭൂപരിഷ്കരണയിയമത്തിൽ പറയുന്നത് 1–4–1964 മുതൽ അവസാനിച്ചുകഴിഞ്ഞ ജൻമി-കുടിയാൻ ബന്ധം അതേപ്രകാരംതന്നെ ഭൂപരിധി നിർണ്ണയിച്ചുകൊണ്ട് പരമാവധി മിച്ചഭൂമിയുള്ളത് സർക്കാർ ഏറ്റെടുത്ത് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും വിതരണം ചെയ്യുക എന്നുള്ള അടിസ്ഥാനപരമായ തത്വങ്ങളിൽനിന്ന് വ്യതിചലിക്കരുതെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അപ്പുറത്തുള്ള ആളുകളെ ഓർമ്മിപ്പിക്കാനുള്ളത്. ഈ അംഗീകരിക്കപ്പെട്ട തത്വങ്ങൾ ഇപ്പോൾ ഇഷ്ടദാനമെന്നോ, ഏത് ഓമനപ്പേരിൽ വിളിച്ചാലും ഞങ്ങൾ ആ ഭൂപരിഷ്കരണനിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളെ ഏതു വിധത്തിലാണ് ബാധിക്കുകയെന്ന് പരിശോധിക്കേണ്ട ഒരു സന്ദർഭമാണ് സർ. ഇതിൽ വളരെ പ്രധാനമായിട്ട് ഒരു വകുപ്പ്; സെക്ഷൻ 6 (സി) എന്നുള്ള ഒരു പുതിയ ക്ലാസ് ഉണ്ട്. ഈ പുതിയ ക്ലാസിനെ സംബന്ധിച്ച് വളരെ വ്യക്തമായ രൂപത്തിൽതന്നെ ബില്ലിൽ പറഞ്ഞിട്ടുണ്ട്. അതിനു പുറമെ ജനാബ് സി. എച്ച്. മുഹമ്മദുകോയയുടെ പേരിൽ ഒരു പുതിയ ഭേദഗതിക്ക് നോട്ടീസു നൽകുകയും ചെയ്തിട്ടുണ്ട്. എന്റെ പാർട്ടിയുടെ അഭിപ്രായത്തിൽ ഈ 6 (സി) പ്രാവർത്തികമാക്കുകയാണെങ്കിൽ 1–4–1964 മുതൽ അവസാനിച്ചുകഴിഞ്ഞിട്ടുള്ള കുടിയായ്മ, എന്നന്നേക്കുമായി അവസാനിച്ചുകഴിഞ്ഞിട്ടുള്ള കുടിയായ്മ പുന:സ്ഥാപിക്കപ്പെടുകയും പുനരുജ്ജീവിക്കപ്പെടുകയും ചെയ്യുമെന്നുള്ളതാണ്. ജൻമി-കുടിയാൻ ബന്ധം അവസാനിപ്പിച്ചുകൊണ്ട് 74-ാം വകുപ്പിന്റെ ആസ്തിത്വത്തെ തന്നെ അതിന്റെ കടയ്ക്കൽത്തന്നെ കത്തിവയ്ക്കുന്ന ഒരു പുതിയ നിയമനിർമ്മാണമായിത്തീരും ഇതെന്നുള്ള അഭിപ്രായമാണ് എന്റെ പാർട്ടിക്കുള്ളത്.

സർ, ഇതോടു ബന്ധപ്പെട്ടുകൊണ്ട് മറ്റൊരു സംഗതികൂടി ഈ നിയമസഭയുടെ ശ്രദ്ധയിൽ പെടുത്തേണ്ട ആവശ്യമുണ്ടെന്ന അഭിപ്രായം എനിക്കുണ്ട്. ഭൂപരിധി നിയമത്തിൽ സറണ്ടർ ഓഫ് എക്സസ് ലാൻഡ് എന്നതിനെ ബാധിക്കുന്ന സെക്ഷൻ 85-ൽ അതു നടപ്പാക്കുന്ന കാര്യത്തിൽ ഈ നിർദ്ദിഷ്ട ഭേദഗതി തടസ്സമായി നിൽക്കുമെന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താൻ ഈ സന്ദർഭത്തിൽ ഞാനാഗ്രഹിക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച പല സുഹൃത്തുക്കളും ഈ കാര്യത്തെ സംബന്ധിച്ച് ഇവിടെ വളരെ വിശദമായി സംസാരിച്ചിട്ടുണ്ട്. ശ്രീ. ചന്ദ്രശേഖരൻ ഇക്കാര്യത്തെ സംബന്ധിച്ച് വളരെ വിശദമായി ഇവിടെ സംസാരിച്ചു. ലാൻഡ് ബോർഡിന്റെ മുമ്പാകെ പല കേസുകളും, ഈ കേസുകളെ സംബന്ധിച്ച് ലാൻഡ് ബോർഡ് എടുത്ത തീരുമാനങ്ങളും എല്ലാംതന്നെ വീണ്ടും ഒരു പുനഃപരിശോധനയ്ക്കു വിധേയമാക്കി മിച്ചഭൂമിയെന്ന നിലയിൽ എടുക്കപ്പെട്ടുകഴിഞ്ഞിട്ടുള്ള ഭൂമി തിരിച്ചുനൽകുന്നതിനും ചിലപ്പോൾ വിതരണം ചെയ്യപ്പെട്ട ഭൂമിയെക്കൂടി ബാധിക്കത്തക്കവിധത്തിൽ അത് നീട്ടിവലിച്ചുകൊണ്ടുപോയി 85-ാം വകുപ്പിനെ പ്രതികൂലമായി ബാധിക്കുന്നിടത്തോളം ഇത് എത്തിച്ചേരുമെന്ന് എന്റെ പാർട്ടി വിശ്വസിക്കുന്നു. മിച്ചഭൂമിയായി പ്രഖ്യാപിക്കേണ്ടത്, പ്രഖ്യാപിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഇതു സംബന്ധിച്ചു ഉണ്ടായിത്തീരുമെന്നാണ് എന്റെ പാർട്ടിയുടെ വ്യക്തമായ അഭിപ്രായം. ജനാബ് സി. എച്ച്. മുഹമ്മദുകോയയുടെ പേരിൽ ഇവിടെ നോട്ടീസു നൽകിയിട്ടുള്ള ഭേദഗതിയെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ഉണർത്തിക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്കഭിപ്രായമുണ്ട്. ആ ഭേദഗതിയെക്കുറിച്ച് ഇവിടെ പല കാര്യങ്ങളും ചൂണ്ടിക്കാണിച്ചതാണ്. On the basis of lease deed executed എന്നതിനു പകരം lease granted എന്നുള്ള ഭേദഗതിയാണ് ഇവിടെ ശ്രീ. സി. എച്ച്. മുഹമ്മദുകോയ നിർദ്ദേശിച്ചിട്ടുള്ളത്. Lease deed executed എന്നു പറഞ്ഞാൽ രേഖാമൂലമുള്ള, ഏതെങ്കിലും രൂപത്തിലുള്ള deed execute ചെയ്യുക എന്നുള്ളതാണ്. ലീസ് ഗ്രാന്റഡ് എന്നു പറഞ്ഞാൽ അതു വാക്കാൽചാർത്തിലെത്തിച്ചേരും എന്നുള്ളതാണ്. അതിന്റെ പരിധി വളരെ വളരെ നീണ്ടുപോയി. ഭൂപരിഷ്കരണത്തിന്റെ ഉദ്ദേശ്യത്തെത്തന്നെ പരാജയപ്പെടുത്തുന്നിടത്തോളം അതിന്റെ വ്യാപ്തി വർദ്ധിക്കുന്നുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഞാൻ വലിയ നിയമപണ്ഡിതനൊന്നുമല്ല. എങ്കിലും നിയമപരമായ ഒരു കാര്യം സർക്കാരിന്റേയും ഈ സഭയിലെ അംഗങ്ങളുടേയും അവഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കേണ്ട ആവശ്യമുണ്ടെന്നാണ് എന്റെ അഭിപ്രായം. മുഹമ്മദുകോയയുടെ ഭേദഗതിയിൽത്തന്നെ നൽകിയിട്ടുള്ള ഒരു പ്രൊവൈസോയിൽ in excess of the ceiling area എന്നു പറയുന്നുണ്ട്. കയ്യിൽ മിച്ചഭൂമിയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അതു ബാധകമല്ല എന്നുള്ള സുന്ദരമായ വാദം ഉന്നയിക്കാൻ അതു സഹായകമാകും. അതിനുവേണ്ടിയായിരിക്കും ഒരുപക്ഷെ ഇതു കൊണ്ടുവന്നിട്ടുണ്ടായിരിക്കുക. എനിക്കു ന്യായമായ ഒരു സംശയം അവശേഷിക്കുന്നു. സീലിംഗ് ഏരിയ ഡിറ്റർമിൻ ചെയ്യുന്നത് എന്നാണ്, അതു നിർണ്ണയിക്കുന്നത് എന്നാണ്. എന്റെ അറിവു ശരിയാണെങ്കിൽ 1970 ജനുവരി ഒന്നാം തീയതിയാണ് സീലിംഗ് നിർണ്ണയിക്കപ്പെട്ടത്. 1964 മുതൽ 1979 ഡിസംബർ 31-ാം തീയതിവരെ നടന്നിട്ടുള്ള എല്ലാ ഇടപാടുകൾക്കും നിയമപ്രാബല്യം, നിയമസാധുത നൽകുന്നതിനുവേണ്ടിയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു വകുപ്പിൽ ഈ രൂപത്തിലുള്ള വാചകം എഴുതിച്ചേർത്താൽ അത് സീലിംഗ് ഏരിയ ഡിറ്റർമിൻ ചെയ്യുന്നത് 1970 ജനുവരി ഒന്നാം തീയതിയായിരിക്കെ അതിനുമുമ്പ് ഈ വിധത്തിലുള്ള ഇടപാടുകൾ നടത്തുകയാണെങ്കിൽ അന്ന് എക്സസ് ലാന്റുണ്ടോ എങ്കിൽ സീലിംഗ് ഏരിയ ഏതു വിധത്തിലാണ് നിർണ്ണയിക്കപ്പെടുകയെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ ഒരു വിശദീകരണം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് എനിക്കഭിപ്രായമുണ്ട്. അതുപോലെ 6 (സി) യുടെ വേറൊരു വശമുണ്ട്. ഇതിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

'It was brought to the notice of the Government that in spite of the provisions contained in section 74 of the Act, prohibiting the creation of tenancies after the 1st April 1964, some persons have obtained leases of lands after that date and have effected substantial improvements on such lands. It was considered that it would be very hard if such lessees are evicted from their holdings. It was therefore necessary to incorporate a provision to give protection to such persons എന്നാണ്.

സർ, ലാൻഡ് റിഫോംസ് ആക്ടിലെ 84-ാമത്തെ വകുപ്പിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. കേരള ഭൂപരിഷ്കരണ നിയമം 1963-ൽ ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട തീയതി മുതൽ ചെയ്ത സ്വേച്ഛാപരമായ ചില കൈമാറ്റങ്ങൾ അസാധുവും നിഷ്ഫലവുമാണെന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അതു വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ അതിനെ മറികടന്നുകൊണ്ട് മറുകണ്ടം ചാടാൻവേണ്ടിയുള്ള സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് 1-4-1964 മുതൽ ആരെങ്കിലും ഈ കൈമാറ്റത്തിനു മുതിർന്നിട്ടുണ്ടെങ്കിൽ അവർക്കു സംരക്ഷണം നൽകുന്നത് ഭൂപരിഷ്കരണനിയമത്തിന്റെ സത്തയെ കളഞ്ഞുകുളിക്കുന്ന കാര്യമാണെന്നു ഓർമ്മിപ്പിക്കുകയാണ്.

12 Noon

സർ, ഞാൻ പറയരുതെന്ന് ആഗ്രഹിച്ച ഒരു കാര്യം പറയാൻ ജനാബ് സീതിഹാജി എന്നെ നിർബന്ധിതനാക്കിയിരിക്കുകയാണ്. സി. എച്ച്. മുഹമ്മദുകോയ സാഹിബിനോടുള്ള എല്ലാ ആദരവും ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെ അദ്ദേഹത്തെപ്പറ്റി വ്യക്തിപരമായി പരാമർശിക്കേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ട്. ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ ഭാര്യയുടെ പേരിലുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച് ന്യായമായും ആളുകൾക്കു സംശയങ്ങളുണ്ടാകാം. അതിന്റെ കഥ പലരും അറിഞ്ഞിട്ടുണ്ട്, പലരും അറിയാതിരിക്കുകയും ചെയ്തിട്ടുണ്ട്. സർ, 1965 ഒക്ടോബർ 28-ാം തീയതി തലശ്ശേരിയിലെ സി. കെ. പി. പള്ളിയുമ്മ ഹജ്ജുമ്മ കോഴിക്കോട് കോർപ്പറേഷനതിർത്തിയിൽ പുതിയങ്ങാടിക്കടുത്തുള്ള ഒരേക്കർ 90 സെൻറ് സ്ഥലം ജനാബ് സി. എച്ച്. മുഹമ്മദുകോയയുടെ ഭാര്യയുടെ പേരിൽ വെറുംപാട്ടം കൊടുത്തിട്ടുണ്ട്. ജനാബ് സി. എച്ച്. മുഹമ്മദുകോയാ സാഹിബും ഈ ഭൂമിയുടെ ഉടമയായ പള്ളിയുമ്മ ഹജ്ജുമ്മയുടെ പുത്രൻ സി. കെ. പി. ചെറിയമമ്മുക്കേയി സാഹിബും തമ്മിലുണ്ടായിരുന്ന അഭേദ്യമായ സ്നേഹബന്ധത്തിന്റെ ബഹിർഭാവം എന്ന നിലയിൽക്കൂടി അതു നൽകിയിരിക്കും. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. അതിനെക്കുറിച്ച് മറ്റു വിധത്തിലുള്ള പരാമർശം നടത്താനും ഞാനാഗ്രഹിക്കുന്നില്ല. സർ, എന്നാൽ ഇതിനെ സംബന്ധിച്ച് കോഴിക്കോട് മുനിസിഫ് കോടതിയിൽ 1970-ലെ 353-ാം നമ്പർ ആയി ഒരു സിവിൽ വ്യവഹാരം നിലവിലുണ്ട്. ആ സിവിൽ അന്യായത്തെ സംബന്ധിച്ച് കോടതിയിൽനിന്നും സമൻസ് ലഭിച്ചപ്പോൾ സി. എച്ച്. മുഹമ്മദുകോയാ സാഹിബിന്റെ ഭാര്യയ്ക്കുവേണ്ടി അഫിഡവിറ്റ് കോടതിയിൽ സമർപ്പിച്ചു. ഞാൻ ഈ അഫിഡവിറ്റിന്റെ കാര്യം പറയുന്നത് അതിനു വേറെ പ്രസക്തിയുള്ളതുകൊണ്ടാണ്. ആ അഫിഡവിറ്റ് ഇതായിരുന്നു: 'കോഴിക്കോട് താലൂക്കിൽ കച്ചേരി ജംഗ്ഷൻ ദേശത്തു താമസം മുസൽമാൻ 34 വയസ് എസ്. ഐ. മുഹമ്മദ് മകൻ ചാത്തുംകുടി അബു എന്നു പേരായ ഞാൻ സത്യത്തിൻമേൽ സമർപ്പിക്കുന്ന അഫിഡവിറ്റ്. മേൽനമ്പരിൽ പ്രതിയുടെ ഭർത്താവ് ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ പേഴ്സനൽ സ്റ്റാഫ് ആണ് ഞാൻ. പ്രതിക്കുവേണ്ടി ഞാൻ ഈ അഫിഡവിറ്റ് സമർപ്പിക്കുന്നതാണ്,

LIBRARY ARCHIVES Kerala Legislative Assembly

മേൽനമ്പരിലെ പ്രതി കുഞ്ഞാവുവിന് സുഖമില്ലാതെ കാലിക്കറ്റ് നഴ്സിംഗ് ഹോമിൽ ഡോ. എൻ. കെ. മുഹമ്മദു കോയയുടെ ചികിൽസയിലാണ്. പ്രതിക്ക് ഇതേവരെ സുഖമായിട്ടില്ല. ഡോക്ടർ മൂന്നു മാസം റസ്റ്റ് എടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. തൻമൂലം 14–7–1978-നു മാറ്റി വെച്ച മേൽനമ്പർ കേസിൽ ഹാജരായി തെളിവു കൊടുക്കാൻ കഴിയാതെവന്നിരിക്കുന്നു. മേൽ നമ്പർ കേസിൽ പ്രതിക്കു കാര്യമായ വാദങ്ങളുണ്ട്. അതിനാൽ മേൽനമ്പർ കേസ് മൂന്നു മാസത്തേക്ക' നീട്ടിവയ്ക്കേണ്ടതാണ്. 'ഇതു സത്യം'. ഇതാണ് അഫിഡവിറ്റ്. അതിന്റെ അടിസ്ഥാനത്തിൽ കോടതി കേസ് നീട്ടിവച്ചു. അതിനിടയിലാണ് ഭൂപരിഷ്കരണ (ഭേദഗതി) ഓർഡിനൻസ് നിലവിൽ വന്നത്. ഈ ഓർഡിനൻസ് നിലവിൽ വന്നപ്പോഠം ആ ഓർഡിനൻസിലുള്ള പ്രസക്തമായ ഭാഗം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. അതിലെ 6 (സി) ഒഴിവാക്കപ്പെടുന്നതിന് ആധാരമായ 6 (സി) യിൽ പറയുന്നത് 1964 ഏപ്രിൽ ഒന്നാം തീയതിക്കുശേഷം നടന്നിട്ടുള്ളതാണ്. ഈ പറഞ്ഞ ട്രാൻസാക്ഷൻ നടക്കുന്നത് 1965-ലാണ്. ഞാൻ ചോദിക്കട്ടെ. ഇക്കാര്യത്തിൽ സീതിഹാജി പറഞ്ഞതുപോലെ ആയിരുന്നെങ്കിൽ അതിന്റെ പരിധി 1966-ലോ 1967-ലോ ആകാമായിരുന്നില്ലേ? അതേ സന്ദർഭത്തിൽത്തന്നെ കൈവശം വയ്ക്കുന്ന........

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിൽ ഹാജരില്ലാത്ത ആളുകളെ സംബന്ധിച്ചും കോടതിയുടെ പരിഗണനയ്ക്ക് ഇരിക്കുന്നതുമായ കാര്യങ്ങളെ സംബന്ധിച്ചും ഈ സഭയിൽ അവതരിപ്പിക്കുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ഈ സഭയിലില്ലാത്ത ആളുകളെ സംബന്ധിച്ച് പറയാൻ പാടില്ലെന്നുള്ളതാണ് സർവ്വസമ്മതമായ ഒരു നിയമം ഈ സഭയ്ക്കുള്ളത്. സന്ദർഭവശാൽ അങ്ങനെ പറഞ്ഞുവെന്നേയുള്ളു. There is no point of order in it.

ശ്രീ. ടി. എച്ച്. മുസ്തഫ: ഈ സഭയിൽ ഇല്ലാത്ത ആളുകളെ സംബന്ധിച്ചും കോടതിയിൽ പരിഗണനയിലിരിക്കുന്ന കാര്യങ്ങളും ഈ സഭയിൽ കൊണ്ടുവന്ന് അവതരിപ്പിക്കുന്നത് ഓർഡറിലാണോ? കോടതി തീരുമാനമെടുക്കേണ്ടതാണ്. കോടതിയിലുള്ള അഫിഡവിറ്റാണ് ഇവിടെ ചർച്ചാവിഷയം.

ശ്രീ. എം. വി. രാഘവൻ: മുസ്തഫാ വാദിച്ചു വാദിച്ച് കേസു തോൽപ്പിക്കല്ലേ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. കോടതിയിലുള്ളതുകൊണ്ടു പറയരുതെന്ന് അർത്ഥമൊന്നുമില്ല. അതിന്റെ മെറിറ്റിലേക്കു പോകരുതെന്നു മാത്രമേയുള്ളു.

ശ്രീ. പി. എം. അബുബേക്കർ: സർ, ഞാൻ ഇക്കാര്യങ്ങഠം പറയുമ്പോഠം മറുപടിപ്രസംഗത്തിൽ സി. എച്ച്. മുഹമ്മദുകോയാ സാഹിബ് 'കാകതാലീയന്യായേന' എന്ന നിലയിലുള്ള വാദങ്ങളുമായി മുന്നോട്ടു വരരുതെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു കാര്യത്തെ സംബന്ധിച്ചിടത്തോളം ഓർമ്മിപ്പിക്കുവാനുണ്ട്. ഞാൻ ഇതിൽ കാതലായി മറ്റൊരു കാര്യം കാണുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുകയും മറ്റും ചെയ്യുന്ന ചട്ടങ്ങളിലും നിയമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലും കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റിഅംഗങ്ങളായ് ആളുകളെ വ്യക്തിപരമായി ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച ചർച്ച നടത്തുകയാണെങ്കിൽ ആ ചർച്ചയിൽ ബന്ധപ്പെട്ട വ്യക്തി പങ്കെടുക്കരുതെന്നു വ്യവസ്ഥയുണ്ട്. നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം അങ്ങനെ വ്യവസ്ഥയുണ്ടോ എന്നറിയില്ല. ഇല്ലെന്നാണ് എന്റെ അറിവ്. അങ്ങനെയാണെങ്കിൽ ജനാബ് സി. എച്ച്. മുഹമ്മദുകോയക്ക് ഈ നിയമം അവതരിപ്പിക്കുവാനുള്ള ധാർമ്മികമായ അവകാശത്തെ ഞാൻ ചോദ്യംചെയ്യുകയാണ്. ഇങ്ങനെ വിശദീകരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ വ്യക്തിപരമായി അദ്ദേഹം ബന്ധപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ ബില്ല് അവതരിപ്പിക്കുന്നതിനുള്ള ധാർമ്മികമായ അദ്ദേഹത്തിന്റെ ഔചിത്യത്തെ ഞാൻ ഈ സന്ദർഭത്തിൽ ചോദ്യംചെയ്യുന്നു. അദ്ദേഹത്തിന്റെ ധാർമ്മികമായ ഔചിത്യത്തെ ചോദ്യംചെയ്യുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തിന് അങ്കലാപ്പ് ഉണ്ടാകുമെന്ന ധാരണയും എനിക്കില്ല. കാരണം ഔചിത്യബോധത്തോടുകൂടിയല്ലല്ലോ ജനാബ് സി. എച്ച്. മുഹമ്മദുകോയ മുഖ്യമന്ത്രിയായി ഇവിടെയിരിക്കുന്നത്. അദ്ദേഹത്തിന്റെ ഭാഷയിൽത്തന്നെ പറഞ്ഞാൽ ജനസംഘമെന്ന ആർ. എസ്. എസ്. എന്ന ജനതയുടെ നേതാവായ സാക്ഷാൽ രാജഗോപാലന്റെയും അതുപോലെതന്നെ സാമ്പത്തികസംവരണത്തിനുവേണ്ടി നിൽക്കുന്ന കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയുടേയും ഇൻഡ്യയിലെ മുസ്ലീങ്ങളെ കൊന്നൊടുക്കിയ രക്തക്കറ ഇപ്പോഴും കൈകളിലുണ്ടെന്നു പറയുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ ശിഷ്യൻ കരുണാകരന്റെയും പിന്തുണയോടുകൂടി അധികാരത്തിലിരിക്കുന്ന അങ്ങയുടെ ഔചിത്യത്തെക്കുറിച്ച് ഞാൻ പറഞ്ഞാൽ അതു പറയുന്ന എന്നെ വേണം കുറ്റം പറയാൻ എന്നു മാത്രമേ ഞാൻ അതിനെ സംബന്ധിച്ചു പറയുന്നുള്ളു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിധത്തിലുള്ള ഔചിത്യബോധവും ഉണ്ടാകുമെന്ന അഭിപ്രായം എനിക്കില്ല.

സർ, മറ്റൊരു ഭേദഗതി സെക്ഷൻ 84 സംബന്ധിച്ചുള്ളതാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിക്കെതിരായി വളരെയേറെ അപവാദങ്ങൾ ഉള്ള ഒരു വകുപ്പാണ് ഇതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതു ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങൾക്കുവേണ്ടിയാണെന്നുള്ള അവകാശവാദം പുറത്തുകൊണ്ടുവന്നിട്ടുണ്ട്. അതല്ലെന്ന് ഇന്നും ഇന്നലെയും ഈ സഭയിൽ നടന്ന ചർച്ചയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ അംഗീകരിച്ചിട്ടുണ്ട്. അവിഭക്ത ഹിന്ദുകുടുംബം ഒഴികെ ഹിന്ദുക്കൾ അടക്കം മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും, അങ്ങനെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ രൂപത്തിലുള്ള ഒരു നിയമമെന്ന നിലയിലാണ് ഞാൻ ഇതിനെ കാണുന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ അഭിപ്രായം അഖിലേന്ത്യാ മുസ്ലീം ലീഗിനുണ്ട്. സീതിഹാജി വിമതം എന്നോ മറ്റെന്തു പേരിലോ വിളിച്ചാലും ശരി അഖിലേന്ത്യാ മുസ്ലീം ലീഗിന് ഇതിനെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായമുണ്ട്. ഇഷ്ടദാനത്തിന്റെ പേരിൽ അഖിലേന്ത്യാ മുസ്ലീം ലീഗ് മുൻപു സ്വീകരിച്ച നിലപാടിനു യാതൊരു മാറ്റവും ഇല്ലെന്നു അടിവരയിട്ടു പ്രഖ്യാപിക്കുവാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. പക്ഷേ ഇക്കാര്യത്തിൽ നിങ്ങളും ഞങ്ങളുമായി ഒരു വ്യത്യാസമുണ്ട്. അതെന്താണെന്നു നിങ്ങൾ മനസ്സിലാക്കണം. 1–1–1970 മുതൽ 5–11–1974 വരെ എഴുതിവച്ച ആളുകളുടെ സൗകര്യത്തിനു വേണ്ടി മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മാണിയുടെ ഭാഷയിൽ പറഞ്ഞാൽ പറയാനുള്ളത്. അതു നിങ്ങൾ അംഗീകരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. ഞാനൊന്നു ചോദിക്കട്ടെ. 1–1–1970 മുതൽ 5–11–1974 വരെ എഴുതിവച്ചിട്ടുള്ള നിങ്ങളുടെയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

അറിവോടും സമ്മതത്തോടുംകൂടി എഴുതിവച്ചിട്ടുള്ള അതിബുദ്ധിമാൻമാർ മാത്രമാണോ മുസ്ലീം സമുദായം? ആ അതിബുദ്ധിമാൻമാർ മാത്രമാണോ ക്രിസ്ത്യൻ സമുദായം എന്നു ഞാൻ ചോദിക്കുകയാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ അതല്ല. മുസ്ലീം സമുദായത്തെ ജനറലായി എടുത്തുകൊണ്ട് ഇക്കാര്യങ്ങൾ കണക്കിലെടുക്കണമെന്ന അഭിപ്രായം അഖിലേന്ത്യാ മുസ്ലീം ലീഗിനുണ്ട്. ഇവിടെ ഇഷ്ടദാനത്തെ സംബന്ധിച്ചു പറഞ്ഞു. ഇഷ്ടദാനത്തെ സംബന്ധിച്ചിടത്തോളം മുസ്ലീം ലീഗ് അതിന്റെ നിലപാട് വ്യക്തമാക്കിക്കഴിഞ്ഞു. ഇക്കാര്യത്തിൽ മുസ്ലീംലീഗ് കാണുന്നത് അതിപ്രധാനമായ ഒരു വിവേചനത്തിന്റെ പ്രശ്നമാണ്. സഖാവ് ഇ. പി. ഗോപാലൻ ഏതു രൂപത്തിൽ വിശദീകരിച്ചാലും ഹിന്ദു അവിഭക്ത കുടുംബങ്ങൾ ഈ നിയമത്തിന്റെ ആനുകൂല്യം അനുഭവിക്കുന്നുണ്ട്. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും മറ്റു വിഭാഗങ്ങൾക്കും അനുഭവിക്കുവാനുള്ള സൗകര്യവും സാഹചര്യവും ഉണ്ടായിരുന്നു. അതു കേരള ഹൈക്കോടതിയുടെ വിധിയെത്തുടർന്നു നഷ്ടമായി. ഒരു നിയമത്തിന്റെ ആനുകൂല്യം ഒരു വിഭാഗം അനുഭവിക്കുകയും മറ്റു വിഭാഗങ്ങൾക്ക് അതു നിഷേധിക്കുകയും ചെയ്യുന്ന വിവേചനം ഒഴിവാക്കണമെന്നുള്ള കാര്യത്തിൽ അഖിലേന്ത്യാ മുസ്ലീംലീഗിന് വ്യക്തമായ അഭിപ്രായമുണ്ട്. ആ വിവേചനം ഒഴിവാക്കാൻ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതി പര്യാപ്തമല്ലെന്നുള്ള അഭിപ്രായമാണ് അഖിലേന്ത്യാ മുസ്ലീംലീഗിനുള്ളത്.

"According to the guidelines drawn up on the basis of the conclusions of the Chief Minister's Conference on ceiling on agricultural holdings held on July 23, 1972, every major son should be treated as a separate unit for the purpose of application of ceiling and it should be ensured that there is no discrimination between major children governed by several systems of personal laws."

ഏതു വിധത്തിലുള്ള ദായക്രമം സ്വീകരിക്കുന്ന ആളുകളായാലും ഭൂപരിഷ്കാരനിയമത്തിന്റെ ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം വിവേചനമുണ്ടാകാൻ പാടില്ലെന്നുള്ള മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിലെ ഗൈഡ്ലൈൻ ഇവിടെ സ്വീകരിക്കപ്പെടുന്നില്ലെന്നുള്ളതാണ് അഖിലേന്ത്യാ മുസ്ലീം ലീഗിന്റെ അഭിപ്രായം. ഈ വിവേചനം ഇപ്പോഴും നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ ദുർബല മതന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി നിലവിലുള്ള ഭൂപരിഷ്കാര നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പരാജയപ്പെടുത്താതെ സമഗ്രമായ ഒരു ഭേദഗതി ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്തു കൊണ്ടുവരണമെന്ന അഭിപ്രായം അഖിലേന്ത്യാ മുസ്ലീം ലീഗിനുണ്ട്. ഇടതുപക്ഷ ഐക്യത്തെ സംബന്ധിച്ച സംഭാഷണത്തിൽ ഇതു സംബന്ധിച്ച പരാമർശം ഉണ്ടായതാണ്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ ഇടതുപക്ഷ ഐക്യത്തെ സംബന്ധിച്ചു സംസാരിക്കുന്ന അവസരത്തിൽ ഇഷ്ടദാനത്തിന്റെ കാര്യം വന്നപ്പോൾ ഇടതുപക്ഷവിഭാഗത്തിന്റെ ഭാഗത്തുനിന്ന് ഈ അഭിപ്രായം ഉയർന്നുവന്ന കാര്യവും ഈ സഭയെ ഞാൻ അനുസ്മരിപ്പിക്കുകയാണ്.

അതുപോലെതന്നെ ശ്രീ. എ. കെ. ആൻറണിയെ ഇവിടെ കാണുന്നില്ല. ഇഷ്ടദാനം അംഗീകരിച്ചുകിട്ടാൻ ഞങ്ങൾ സമരം നടത്തിയെന്നു പറഞ്ഞു. ഈ കാര്യത്തെച്ചൊല്ലി അഖിലേന്ത്യാ മുസ്ലീം ലീഗ് സമരം നടത്തിയിട്ടില്ലെന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിക്കാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: നിവേദനം കൊടുത്തിരുന്നോ?

ശ്രീ. പി. എം. അബൂബേക്കർ: മുസ്ലീം ലീഗ് ഒന്നായിരുന്നപ്പോൾ കൊടുത്തിരുന്നു.

ശ്രീ. ഇ. അഹമ്മദ്: രണ്ടായിക്കഴിഞ്ഞിട്ട് കൊടുത്തിട്ടുണ്ട്.

ശ്രീ. പി. എം. അബൂബേക്കർ: രണ്ടായിക്കഴിഞ്ഞശേഷം കൊടുത്തിട്ടില്ല. മുസ്ലീം ലീഗ് ഒന്നായിരുന്ന അവസരത്തിൽ മുസ്ലിം ലീഗിൽ രാഷ്ട്രീയ ധ്രുവീകരണം നടന്നുകൊണ്ടിരുന്ന അവസരത്തിൽ—അന്ന് മുസ്ലീം ലീഗ് ഒന്നായിരുന്നു—ആ മുസ്ലീം ലീഗിന്റെ പേരിൽ ആ മുസ്ലീം ലീഗിനുവേണ്ടി നിവേദനം കൊടുത്തിട്ടുണ്ടെന്നുള്ള വസ്തുത മറച്ചു വയ്ക്കുന്നില്ല. ഞങ്ങൾ ഈ കാര്യത്തിനുവേണ്ടി സമരം നടത്തിയിട്ടില്ല. എന്നാൽ നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണമെന്നു പറഞ്ഞു സമരം നടത്തിയിരുന്നു. നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ സമരം നടത്തിയിരുന്ന സന്ദർഭത്തിൽ ആ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള സമരപരിപാടികളിൽ ബഹുമാനപ്പെട്ട സി.എച്ച്. മുഹമ്മദുകോയയുടെ പാർട്ടിയും ഉണ്ടായിരുന്നു. അവരുടെ യുവജനവിഭാഗം ഉണ്ടായിരുന്നു. ഞങ്ങളുടെ പത്രം ആ ആവശ്യം ഉന്നയിച്ചുകൊണ്ട് മുഖപ്രസംഗം എഴുതുകയും ലേഖനങ്ങൾ എഴുതുകയും ചെയ്തപ്പോൾ സി. എച്ച്. പ്രധാന പത്രാധിപരായ അദ്ദേഹത്തിന്റെ പത്രവും ഇതു സംബന്ധിച്ച അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു. ആ കാര്യങ്ങളിലൊന്നും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. എന്നിട്ട് ഒരു സുപ്രഭാതത്തിൽ ആരെയോ പ്രീണിപ്പിക്കുന്നതിനുവേണ്ടി നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് കബറടക്കം ചെയ്തതിനുശേഷം വീണ്ടും ഒരു കമ്മീഷനെ കൊണ്ടുവരുമെന്ന് ആണയിട്ടു പറഞ്ഞിട്ട് ഇതുവരെ കമ്മീഷനെ കൊണ്ടുവരാത്ത ആളുകളെ സംബന്ധിച്ചിടത്തോളം സഹതാപവും പുച്ഛവും മാത്രമേയുള്ളു.

സർ, പിന്നെ ഒന്നുരണ്ടു കാര്യങ്ങൾ സർക്കാരിൽനിന്ന് അറിയേണ്ടതുണ്ട്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പ്രസംഗിക്കുന്ന അവസരത്തിൽ ലാൻഡ് ബോർഡുകൾ ശേഖരിച്ച കണക്കുകൾ പറഞ്ഞു. മിച്ചഭൂമി എത്ര ഉണ്ടായിരുന്നു, എത്ര കിട്ടി. എത്ര കൊടുത്തു.

അതുപോലെ മറ്റു ഒന്നുരണ്ടു കാര്യങ്ങളെ സംബന്ധിച്ചുകൂടി വിശദീകരണം കിട്ടിയാൽ കൊള്ളാം. 1–1–1970 മുതൽ ഹിന്ദു അവിഭക്ത കുടുംബത്തിന്റെ എണ്ണം കുറവാണെന്ന് ഇവിടെ പലരും പറഞ്ഞു. ഈ ഹിന്ദു അവിഭക്ത കുടുംബങ്ങൾ എത്ര നമ്മുടെ സംസ്ഥാനത്തുണ്ട്. അതുപോലെ തന്നെ ദായക്രമമനുസരിച്ച് അവരുടെ പരിധിക്കുള്ളിൽ വരുന്ന ഭൂമിയുടെ വിസ്തീർണ്ണം എത്രവരും എന്നുള്ളതിനെ സംബന്ധിച്ച വിവരവും കിട്ടണം.

അതുപോലെതന്നെ 6 (സി) അനുസരിച്ച് കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം എത്രത്തോളം വരും, എത്ര കൈമാറ്റങ്ങൾ നടന്നിട്ടുണ്ട് എന്നുള്ളതിനെ സംബന്ധിച്ചിടത്തോളവും സർക്കാരിൽനിന്ന് ഒരു വിശദീകരണം വേണം. ഈ ബില്ലിനെ സംബന്ധിച്ച പൊതുവായ അഖിലേന്ത്യാ മുസ്ലീം ലീഗിന്റെ അഭിപ്രായഗതിയാണ് ഞാൻ പറഞ്ഞത്. ഓരോ വകുപ്പിനേയും സംബന്ധിച്ചുള്ള അഭിപ്രായം ഖണ്ഡിക ഖണ്ഡികയായുള്ള ചർച്ച വരുമ്പോൾ വ്യക്തമാക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യും എന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. പ്രതിപക്ഷത്തിരിക്കുന്ന മാർക്സിസ്റ്റു പാർട്ടിയും നേതാവ് ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാടും ഈ ബില്ലിനെ എതിർത്തത് രാഷ്ട്രീയ കാരണങ്ങൾ പറഞ്ഞുകൊണ്ടാണ്. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത് ഈ ബില്ല് അവതരിപ്പിച്ചത് ഇവിടെ ഉണ്ടായിരിക്കുന്ന പുതിയ കൂട്ടുകെട്ടുനിമിത്തമാണ്, അതുകൊണ്ട് അദ്ദേഹം ഇതിനെ എതിർക്കുന്നു എന്നു പറഞ്ഞാണ്. അതുപോലെ മറ്റൊരുവശത്തു ഉണ്ടാകണമെന്ന് ആഗ്രഹിച്ച, എന്നാൽ പൊളിഞ്ഞുപോയ ആ കൂട്ടുകെട്ട് നിമിത്തംകൂടി ആയതുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ ഈ ബില്ലിനെ എതിർത്തു പ്രസംഗിച്ചു. ഇത് ഭൂസ്വാമിമാരെ സംരക്ഷിക്കുന്നതിനുള്ള നിയമമാണ്, സംഘടിത കർഷകവർഗ്ഗം എത്രയോ വർഷമായി നേടിയെടുത്ത അവകാശത്തെ ഇല്ലാതാക്കുന്നതിനുള്ളതാണ്, കുടിയാന്റെ താൽപര്യത്തിനെതിരായിട്ടുള്ളതാണ് എന്നൊക്കെ അദ്ദേഹം പറഞ്ഞു. 1963-ലെ നിയമത്തിന്റെ ക്ലാസ് ബൈ ക്ലാസ് ചർച്ചകൾ നടക്കുമ്പോൾ 84-ാം വകുപ്പിന് ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. രാമകൃഷ്ണൻ പ്രസംഗിച്ചു. അദ്ദേഹം അവതരിപ്പിച്ച ഭേദഗതി ആ ആക്ടിന്റെ 84-ാം വകുപ്പിന് 15-12-1957 മുതൽ പ്രാബല്യം കൊടുക്കണമെന്നാണ്. അതുവരെ നടന്നിട്ടുള്ള കൈമാറ്റങ്ങൾ 18-12-1957 മുതൽ നിരോധിക്കണമെന്നു പറയുന്നതോടൊപ്പംതന്നെ 18-12-1957 മുതൽ ഇഷ്ടദാനത്തിനു ന്യായീകരണം കൊടുക്കണമെന്നുള്ള ഭേദഗതിയാണ് ശ്രീ. രാമകൃഷ്ണനും ശ്രീമതി ഗൗരിയമ്മയും അന്ന് അവതരിപ്പിച്ചത്. അങ്ങനെ ഒരുകാലത്ത് ഇഷ്ടദാനത്തിന് പിൽക്കാലപ്രാബല്യം കൊടുക്കണമെന്നു വാദിച്ച ആളുകൾ ഇന്ന് അതിനെതിരായി പ്രചരണം അഴിച്ചുവിട്ടിരിക്കുകയാണ്. ഇവിടെ അഴിച്ചുവിട്ടിരിക്കുന്ന പ്രചരണം പലവിധത്തിലാണ്, കുടിയാന് അനുവദിച്ചുകിട്ടിയിട്ടുള്ള ഭൂമിപോലും തിരിച്ചെടുക്കും, കുടിയാനു കിട്ടേണ്ടതായ മിച്ചഭൂമി മുഴുവൻ ഇല്ലാതാകും ഇങ്ങനെയൊക്കെയുള്ള പ്രചരണമാണ് അഴിച്ചുവിട്ടിരിക്കുന്നത്. സർ, ഇതിന്റെ സത്യാവസ്ഥ അവരുടെ പ്രവർത്തകൻമാരെ, അനുയായികളെ പറഞ്ഞു മനസ്സിലാക്കാൻ തയ്യാറാവുകയാണ് അവർ ചെയ്യേണ്ടത്.

സർ, ഇഷ്ടദാനത്തെ എതിർത്തു സംസാരിക്കുമ്പോൾ ഇഷ്ടദാനം രണ്ടു തരത്തിലുണ്ട്. ഈ ബില്ലിന്റെ സാഹചര്യം പരിശോധിക്കുമ്പോൾ രണ്ടു തരത്തിലുണ്ട്. 1970-നുമുമ്പ് വളരെയധികം ഭൂമി സ്വന്തമായുണ്ടായിരുന്ന ഭൂ ഉടമകൾ അവരുടെ ഭൂമി ഗവൺമെന്റ് ഏറ്റെടുക്കുന്നതിൽനിന്നും സംരക്ഷിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള കള്ളക്കൈമാറ്റങ്ങളുടെ കൂട്ടത്തിൽ വരുന്ന ഇഷ്ടദാനങ്ങൾക്ക് 1959-ലെ ആക്ടിലും 1969-ലെ ആക്ടിലും മാർക്സിസ്റ്റ് പാർട്ടി അടക്കമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ന്യായീകരണംകൊടുത്ത ഇഷ്ടദാനങ്ങളും കൈമാറ്റങ്ങളും ഒരുവശത്ത്. മറ്റൊരു വശത്ത് 1970-ന് ശേഷമുണ്ടായ ഇഷ്ടദാനങ്ങൾ. 1970-നുശേഷം മാതാപിതാക്കൾക്ക് തങ്ങളുടെ മൈനറായ കുട്ടികൾക്കുവേണ്ടി ഉള്ള ഭൂമി കൈവശം വയ്ക്കാൻ അവകാശമില്ലാതായപ്പോൾ ആ അവകാശം നഷ്ടപ്പെട്ടുപോയ കുട്ടികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ചെയ്ത ഇഷ്ടദാനങ്ങൾ 1970-നു മുമ്പുചെയ്ത ഇഷ്ടദാനമായി കാണുന്നത് ശരിയല്ല സർ. മിച്ചഭൂമി നഷ്ടപ്പെട്ടുപോകുമെന്നാണ് പറയുന്നത്. എന്നാൽ 1969-ന് ശേഷം ഇവിടെ മിച്ചഭൂമി ഉണ്ടായിരുന്നോ സർ? 1969 വരെ മാറിമാറി വരുന്ന നിയമനിർമ്മാണങ്ങളുടെ പേരിൽ തീയതി മാറ്റിമാറ്റിവച്ച് ഭൂമി കള്ളക്കൈമാറ്റംചെയ്ത ആളുകൾക്ക് അംഗീകാരം കൊടുത്തതിന്റെ ഉത്തരവാദിത്വം പ്രധാനമായും മാർക്സിസ്റ്റ് പാർട്ടി ഏറ്റെടുക്കണം. 1957-ൽ

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടദാനം അനുവദിച്ചുകൊണ്ടുള്ള നിയമം 1958-ൽ പാസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റംചെയ്യാനുള്ള അവസരം ഇവിടത്തെ ഭൂസ്വാമിമാർക്ക് അനുവദിക്കുകയും 1959-ലെ ആക്ടിൽ അംഗീകാരം നൽകുകയും ചെയ്തത് മാർക്സിസ്റ്റുപാർട്ടിയാണ്.

അതുപോലെതന്നെ 1963-ലെ ബില്ല് പാസായെങ്കിലും അത് നടപ്പാക്കാൻ കാലതാമസമുണ്ടായി. 1967-ൽ അധികാരത്തിൽവന്ന മാർക്സിസ്റ്റ് പാർട്ടിക്ക് ആ ബില്ലിലെ വളരെ പ്രധാനപ്പെട്ട വകുപ്പുകൾ നടപ്പാക്കാനുള്ള അവസരമുണ്ടായിരുന്നു. ആ ബില്ലിന്റെ 72-ാം വകുപ്പ് ഒരു നോട്ടിഫിക്കേഷനിലൂടെ നടപ്പാക്കാനും ജൻമിയുടെ അവകാശം കുടിയാനിൽ നിക്ഷിപ്തമാക്കാനും ഉള്ള അവസരം മാർക്സിസ്റ്റ് പാർട്ടിക്ക് ഉണ്ടായിരുന്നു സർ. 82 മുതൽ 86 വരെയുള്ള വകുപ്പുകൾ, സീലിംഗിനെ കുറിച്ചുള്ള വകുപ്പുകൾ നോട്ടിഫിക്കേഷൻവഴി നടപ്പാക്കാനുള്ള അവസരം ആ പാർട്ടിക്കുണ്ടായിരുന്നു സർ. 32 മാസം അതുചെയ്യാതെ നീട്ടിക്കൊണ്ടുപോയശേഷമാണ് ബിൽ അവതരിപ്പിച്ചത്. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് 1972-ൽ ശ്രീ. സി. ബി. സി. വാര്യർ ഇവിടെയൊരു പ്രസംഗം നടത്തി. അദ്ദേഹം പറഞ്ഞതിതാണ്: 1969-നുശേഷം കേരളത്തിൽ മിച്ചഭൂമി വളരെ കുറവായിരിക്കും. കൃത്രിമംകാണിച്ച് മിച്ചഭൂമിയുള്ളത് ശരിപ്പെടുത്തിയെടുക്കാനാഗ്രഹിക്കുന്ന ആളുകൾക്ക് 1957 മുതൽ 1969 വരെയുള്ള സമയം മതി. സർ, അതിൽനിന്നും മനസ്സിലാക്കേണ്ടത് മിച്ചഭൂമിയുണ്ടായിരുന്ന ഭൂസ്വാമിമാർ അത് കൈമാറ്റംചെയ്യാനുള്ള അവസരം ആ കാലഘട്ടത്തിൽ ശരിക്കും വിനിയോഗിച്ചു എന്നാണ്. അതിനുശേഷം സാരമായ തോതിൽ മിച്ചഭൂമിയില്ലായിരുന്നു എന്നുള്ളതാണ് സത്യം. എന്നാൻ, ബില്ലവതരിപ്പിച്ചുകൊണ്ട് ശ്രീ. ബേബി ജോൺ ഈ സഭയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പറയുന്നു, 1957 മുതൽ 1963 വരെയുള്ള ഇഷ്ടദാനങ്ങൾ ഇൻവാലിഡേറ്റ് ചെയ്യാൻ ഈ നിയമംമൂലം ഉദ്ദേശിക്കുന്നില്ല. അങ്ങനെ സങ്കീർണ്ണമാക്കുന്നതുകൊണ്ട് പ്രയോജനമില്ല. നേരേമറിച്ച് നിയമം ലളിതമാക്കുകയാണ് വേണ്ടത്; വേഗം പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടിയാണ് വേണ്ടത്. സങ്കീർണ്ണമാക്കിയതുകൊണ്ട് കാര്യമായ ഭൂമിയൊന്നും കിട്ടുകയില്ല. അങ്ങനെ, ആ നിയമം അവതരിപ്പിക്കുമ്പോൾത്തന്നെ സാരമായ തോതിൽ മിച്ചഭൂമിയൊന്നും ഇവിടെ കിട്ടാനില്ലെന്ന ബോധം മന്ത്രിക്കുതന്നെ ഉണ്ടായിരുന്നു. അതിൽനിന്നും നാം മനസ്സിലാക്കേണ്ടത് ഭൂമി കൈമാറ്റംചെയ്യാനാഗ്രഹിച്ചിരുന്ന ഭൂസ്വാമിമാർ 1970-ന് മുൻപുതന്നെ ഇവിടെ ഉണ്ടായിരുന്ന മിച്ചഭൂമി മുഴുവൻ കൈമാറ്റംചെയ്തിരുന്നു എന്നാണ്. അവർക്ക് സംരക്ഷണം കൊടുക്കുന്നതിനുള്ള നിയമമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സർ, 1957-ന് മുമ്പും ഇവിടെ നിയമങ്ങളുണ്ടായിട്ടുണ്ട്. ഭൂപരിഷ്ക്കരണനിയമം ഉണ്ടാക്കിയതിനെക്കുറിച്ചും അവതരിപ്പിച്ചതിനെക്കുറിച്ചുമൊക്കെ പലരും പല അവകാശവാദങ്ങളും ഉന്നയിക്കാറുണ്ട്. മുൻ തിരുവിതാംകൂർ സംസ്ഥാനത്ത് കൊല്ലവർഷം 1007 മുതൽ കുടിയാന് കൈവശാവകാശം കൊടുക്കുന്ന ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്. 1040-42-ൽ പാട്ടം റിക്ലമേഷൻ, കായൽ റിക്ലമേഷൻ തുടങ്ങിയ പുരോഗമനപരമായ ബില്ലുകൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. 1947-നുശേഷം ശ്രീ. പട്ടംതാണുപിള്ളയാണ് ആദ്യമായി ഇതെക്കുറിച്ചൊരു ബിൽ അവതരിപ്പിച്ചത്. ഭൂമിയെമാത്രം ആശ്രയമാക്കി, കർഷകനെമാത്രം ആശ്രയമാക്കി സോഷ്യലിസം നടപ്പാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇവിടെ ബില്ലവതരിപ്പിച്ചത് ശ്രീമതി ഗൗരിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പക്ഷേ, ഒറ്റയടിക്ക് വിപ്ലവം നടത്താൻ സാദ്ധ്യമല്ലെന്നുള്ള ബോധം ശ്രീമതി ഗൗരിക്കും ഉണ്ടായിരുന്നു, ആ നിയമത്തെ പിന്താങ്ങിയിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വിപ്ലവബോധം അവരുടെ നാച്ചുറൽ ജസ്റ്റിസിനെക്കുറിച്ചുള്ള ബോധത്തിന് വഴങ്ങിക്കൊടുത്തിരുന്നു എന്നുള്ളതാണ് സത്യം; 1957-ൽ നിയമം അവതരിപ്പിക്കുമ്പോഴും ഇഷ്ടദാനം കൊടുക്കാനുള്ള അവസരം നൽകിയിരുന്നു. ആ ബിൽ ആദ്യമായി അസംബ്ലിയിൽ അവതരിപ്പിച്ച് സെലക്ട് കമ്മിറ്റിയുടെ ചർച്ചയ്ക്ക് വിട്ടിരുന്ന സമയത്തുതന്നെ വളരെയധികം ഭൂമി കൈമാറ്റംചെയ്യപ്പെട്ടിരുന്നു. അതിനുശേഷം 1967-ൽ അധികാരത്തിൽവന്ന മാർക്സിസ്റ്റുപാർട്ടി 1969 വരെ ആ നിയമം നടപ്പിലാക്കുന്നതിലും മിച്ചഭൂമി ഏറ്റെടുത്ത് ഇവിടത്തെ സാധാരണക്കാർക്ക് വിതരണംചെയ്യുന്നതിലും പരാജയപ്പെട്ടു. ഞാൻ അവരെ കുറ്റംപറയുകയല്ല; വിപ്ലവബോധം, സെൻസ് ഓഫ് ജസ്റ്റിസിന്, നാച്ചുറൽ ജസ്റ്റിസിനെക്കുറിച്ചുള്ള ബോധത്തിന് വഴങ്ങിക്കൊടുത്തതിന്റെ, ഏറ്റവുംവലിയ വിപ്ലവകാരികൾക്കുപോലും വഴങ്ങിക്കൊടുക്കേണ്ടിവരുന്നതിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയാണ്. 1969-ലെ ബില്ലിലും ഇഷ്ടദാനം കൊടുക്കുന്നതിനുള്ള വകുപ്പുകളുണ്ടായിരുന്നു. അതിന്റെ ഫലമായി 1970-നുശേഷവും ചില ഇഷ്ടദാനങ്ങൾ നടന്നിട്ടുണ്ട്. ആ ഇഷ്ടദാനങ്ങൾ—ശരിക്കും കുടുംബത്തിൽനിന്നുള്ള ഭൂമി അർഹരായ കുട്ടികൾക്കു ലഭിക്കുന്നതിനാവശ്യമായ സംരക്ഷണം കൊടുക്കുന്നതിനുള്ള ഒരു വകുപ്പാണ് ഈ ഭേദഗതിയിൽക്കൂടി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ പിന്നിലുള്ളത് നാച്ചുറൽ ജസ്റ്റിസിന്റെ തത്വംമാത്രമാണ്. അതിനെ എതിർക്കുന്ന ആളുകളുണ്ട് സർ. അവരോടെനിക്കൊന്നേ ചോദിക്കാനുള്ളു. അതായത് 1070 വരെ ഇവിടെ എന്തുമാത്രം മിച്ചഭൂമി ഇവിടത്തെ ഭൂസ്വാമിമാർ കള്ളപ്രമാണങ്ങളിൽക്കൂടിയും മറ്റും സംരക്ഷിച്ചെടുത്തിട്ടുണ്ടോ അതിന്റെ ചെറിയൊരു ശതമാനം മാത്രമേ ഈ പുതിയ നിയമംകൊണ്ട് നഷ്ടപ്പെടുന്നുള്ളു. അതവർ മനസ്സിലാക്കണം. 1970-നുമുമ്പ് ഇവിടെ മിച്ചഭൂമി നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം മാർക്സിസ്റ്റുപാർട്ടി ഏറ്റെടുക്കണമെന്നാണെനിക്കു പറയാനുള്ളത്. അതിനുശേഷമുള്ളതിന്റെ ഉത്തരവാദിത്വംമാത്രം ഈ നിയമം അവതരിപ്പിച്ച ആളുകൾക്കു നൽകിയാൽമതി. സർ, അല്പംചില പ്രധാനപ്പെട്ട കുടിയാൻമാർക്ക് സംരക്ഷണം നൽകുന്ന വകുപ്പുകളുംകൂടി ഈ ബില്ലിലുൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു പുതിയ വർഗ്ഗം കുടിയാൻമാരെ സൃഷ്ടിക്കുന്നു എന്നതിനെ ഇവിടെ ആക്ഷേപിച്ചു. നാച്ചുറൽ ജസ്റ്റിസ് എന്ന ബോധമുള്ള ഏതൊരാൾക്കും ഇത്തരം നിയമം കൈകാര്യംചെയ്യുമ്പോൾ അതു ചെയ്യേണ്ടിവരും. ശ്രീമതി ഗൗരി ബില്ലവതരിപ്പിച്ചപ്പോൾത്തന്നെ പറഞ്ഞിട്ടുണ്ട് ഇത് അന്തിമമായ നിയമമൊന്നുമല്ല, കാലാകാലങ്ങളിൽ മാറ്റംവരുത്തേണ്ടിവരും എന്ന്. മാർക്സിസ്റ്റുപാർട്ടിയുടെ ഭാഷയിൽ രണ്ടുതരം കുടിയാൻമാരുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. 1970-ന് മുൻപുള്ള കുടിയാൻമാരും അതിനുശേഷമുള്ള കുടിയാൻമാരും തമ്മിൽ സോഷ്യലിസ്റ്റ് ലക്ഷ്യത്തിന്റെ കാര്യത്തിൽ വ്യത്യസ്തമായ പരിഗണനയർഹിക്കുന്നവരാണോ എന്നുള്ളതാണ് എന്റെ സംശയം. ഭൂമി വാങ്ങിക്കുന്നതിനുള്ള അധികാരം കൊടുത്തിട്ടുള്ള കർഷകർക്ക് വലിയ ആനുകൂല്യമാണ് ഈ നിയമത്തിൽക്കൂടി കൊടുത്തിരിക്കുന്നത്. പർച്ചേസ് റൈറ്റ് കണക്കാക്കുന്നതിനും ഫെയർ റെൻറ് കണക്കാക്കുന്നതിനും കോൺട്രാക്ട് നിശ്ചയിക്കുന്നതിനുള്ള തുക കണക്കാക്കുന്നതിനും കൊടുക്കേണ്ടിവരുന്ന നികുതിയും പലിശയും കുറച്ചു കണക്കാക്കണമെന്നുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതുകൊണ്ട് കുടിയാൻമാർക്ക് വളരെ അനുകൂലമായിട്ടുള്ള ഒരു നിയമമാണിത്. ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[Shri T. M. Jacob in the Chair]

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ ബിൽ പൊതുജനാഭിപ്രായത്തിനയക്കണമെന്നാണ് ആദ്യമായി എനിക്ക് പറയുവാനുള്ളത്. പൊതുജനാഭിപ്രായമാരായാൻവേണ്ടി ഏതെങ്കിലുമൊരു ബിൽ തിരഞ്ഞെടുക്കേണ്ടതുണ്ടെങ്കിൽ അതിൽ ഏറ്റവും മുമ്പിൽ ഇതാണെന്നുള്ളതാണ് എന്റെ അഭിപ്രായം. ഈ ബില്ലിനെക്കുറിച്ച് കേൾക്കാൻ തുടങ്ങിയിട്ട് മൂന്നാലഞ്ചു വർഷമായി. ഈ ബില്ലിൽ പറയുന്ന കാര്യങ്ങൾ ഓർഡിനൻസായി വരുന്നതിനുമുൻപുള്ള സാഹചര്യം നോക്കിയാൽ ഇത്രയേറെ വിവാദവിഷയമായിട്ടുള്ള ഒരു നിയമനിർമ്മാണം നമ്മുടെ മുൻപിൽ ഉണ്ടായിട്ടില്ലെന്നുള്ളതു നമുക്കു കാണാൻ കഴിയും. ഈ ബിൽ ഓർഡിനൻസായി വരുന്നതിന് കേന്ദ്രഗവൺമെന്റ് വളരെക്കാലം തടസ്സം നിൽക്കുകയുണ്ടായി. വളരെ ശക്തമായ തടസ്സമായിരുന്നു. ഇൻഡ്യയിലൊട്ടാകെത്തന്നെ ഈ നിയമനിർമ്മാണത്തിനെതിരായി വലിയതോതിൽ അഭിപ്രായങ്ങൾ പൊന്തിവന്നിട്ടുണ്ട്. ഇതിന്റെ ഉള്ളടക്കമെന്താണ്, വസ്തുതകളെന്താണ് എന്നുള്ളതിനെ സംബന്ധിച്ചെല്ലാം വളരെ നന്നായി അറിയാവുന്നത് നമുക്കാണ്. എന്നാലും രാജ്യത്തൊട്ടാകെ ഈ നിയമത്തിന്റെ പേരിൽ വലിയ ആശങ്കയാണുണ്ടായിരുന്നത്. അതുകൊണ്ട് ഈ നിയമം വളരെ തിടുക്കത്തിൽ പാസ്സാക്കിയെടുക്കുന്നതു ശരിയായിരിക്കുകയില്ലെന്നുള്ളതുകൊണ്ടാണ് പൊതുജനാഭിപ്രായമറിയണമെന്നു ഞാനാവശ്യപ്പെടുന്നത്. സർ, ഈ നിയമം ഇങ്ങനെ കൊണ്ടുവരാനുണ്ടായിരുന്ന തടസ്സങ്ങൾ നീക്കാൻവേണ്ടി മുൻ മുഖ്യമന്ത്രി വളരെ പാടുപെടുകയും ഡൽഹിയിൽ പലതവണ പോകുകയും മുൻ ഗവൺമെന്റ് വളരെ ശാഠ്യപൂർവ്വം പ്രവർത്തിക്കുകയുമൊക്കെ ചെയ്തുവെന്ന് അപ്പുറത്തുനിന്നു സംസാരിച്ച പല സുഹൃത്തുക്കളും പറയുകയുണ്ടായി. സർ, ഞങ്ങൾക്കതിലുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും ഞങ്ങളുടെ പാർട്ടിക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും ഈ നിയമനിർമ്മാണത്തിന്റെ കാര്യത്തിലും അതേത്തുടർന്നുണ്ടായിട്ടുള്ള സംഭവവികാസത്തിലുമൊക്കെ ഞങ്ങൾ എടുത്തിട്ടുള്ള നിലപാടിനെക്കുറിച്ചുമൊക്കെ വളരെയധികം തെറ്റിദ്ധാരണകളുണ്ട്. ഞങ്ങളെ കുറ്റപ്പെടുത്താൻവേണ്ടിയും അല്ലാതെയുമൊക്കെ ഇവിടെ പലരും അതേക്കുറിച്ചു പറഞ്ഞു. ന്യായമായ സംശയം വച്ചുകൊണ്ടും പറഞ്ഞിട്ടുണ്ടാകും. അതുകൊണ്ട് ആ കാര്യങ്ങൾ കുറെക്കൂടി വ്യക്തമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു.

ഇഷ്ടദാനത്തെ സംബന്ധിച്ചുള്ള ഈ വ്യവസ്ഥ ഞാൻ മുമ്പ് പറഞ്ഞതുപോലെ വളരെയധികം വിവാദം ഉണ്ടാക്കിയ കാര്യമാണെന്നു എല്ലാവർക്കും അറിയാം. ഞങ്ങൾ ഭരണം നടത്തിയിരുന്ന അവസരത്തിൽ ഭരണകക്ഷിയിൽ തന്നെ പല ആളുകൾക്കും ഇതേസംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. ആർക്കൊക്കെ എന്തൊക്കെ അഭിപ്രായങ്ങൾ ആയിരുന്നു എന്നു പറയുന്നില്ല. അതൊക്കെ നമ്മുടെ അന്തഃപുര രഹസ്യങ്ങളാണ്. എല്ലാ കാര്യങ്ങളും ഇപ്പോൾ പറയുന്നത് ഉചിതമായിരിക്കുകയില്ല. ചിലർക്ക് എതിർപ്പ് ഉണ്ടായി. ഇതൊരു കോംപ്രമൈസ് ആയിരുന്നു. വാസ്തവത്തിൽ ലാൻഡ് റിഫാംസ് ബില്ലുതന്നെ ഒരു കോംപ്രമൈസ് ആയിരുന്നു. ലാൻഡ് റിഫാംസ് ബില്ല് പല ഘട്ടങ്ങളിലായി പല തരത്തിൽ രൂപം മാറ്റി. അതിനകത്ത് ഒരു പ്രത്യേകതയുള്ളത് ഓരോ ഘട്ടത്തിലും കൂടുതൽ കൂടുതൽ പുരോഗമനപരമായി മുന്നോട്ടുപോകുക എന്നതായിരുന്നു. കൂടുതൽ കൂടുതൽ പാവപ്പെട്ട ആളുകൾക്കും കുടിയാൻമാർക്കും കുടികിടപ്പുകാർക്കും ഭൂരഹിതരായ ആളുകൾക്കും അനുകൂലമായ തീരുമാനങ്ങൾ എടുക്കുകയായിരുന്നു. കഴിഞ്ഞ എട്ടുപത്തു കൊല്ലക്കാലം ഞങ്ങൾ ഒരുപാടു നല്ല ശ്രമങ്ങൾ നടത്തുകയും ചെയ്തു. നമ്മുടെ

സംസ്ഥാനത്ത് ഈ കാര്യത്തിൽ പരമാവധി പരിശ്രമിച്ചു. ഇക്കാര്യത്തിൽ നമ്മുടേത് ഇൻഡ്യാരാജ്യത്തിലെ ഏറ്റവും മുൻപന്തിയിലുള്ള ഒരു സംസ്ഥാനമാക്കി മാറ്റി. ഇവിടെ ഞങ്ങൾ ഈ കാര്യത്തിൽ ഒരു കോംപ്രമൈസ് ആയ നിലപാട് എടുത്തത് എന്തുകൊണ്ടാണ്, അതിന് വേഗത്തിൽ മാറ്റം വന്നത് എന്തുകൊണ്ടാണ്, എന്തുകൊണ്ടാണ് വ്യത്യസ്തമായ സമീപനം ഉണ്ടായത് എന്നു ചോദിക്കുന്നവരുണ്ട്. ന്യായമായ സംശയം. ഞങ്ങൾ ആരെയോ വഞ്ചിച്ചു എന്നും ഇവിടെ പറയുകയുണ്ടായി. സർ, ഇതിൽ വഞ്ചനയുടെ ഒരു പ്രശ്നവും ഇല്ല. കോംപ്രമൈസ് ആയിരുന്നു എന്നു നേരത്തെ പറഞ്ഞു. അവസാനം കോംപ്രമൈസ് ഉണ്ടാക്കാമെന്നു ഞങ്ങൾ വിചാരിച്ചിരുന്നു. കോംപ്രമൈസ് ഉണ്ടാക്കാമെന്നു ഞങ്ങൾ വിചാരിച്ചപ്പോൾ നിർഭാഗ്യവശാൽ അപ്പുറത്തിരിക്കുന്ന എ. കെ. ആൻറണി കോംപ്രമൈസ് ഉണ്ടാക്കാമെന്നു വിചാരിച്ചില്ല. അദ്ദേഹം ആ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുകളഞ്ഞു. എന്നുമാത്രമല്ല ഇപ്പോഴത്തെ ഈ സ്ഥിതിഗതികൾ ഉണ്ടാകാൻ അദ്ദേഹം പരസ്യമായി ചില പ്രസ്താവനകൾ ചെയ്തുകളഞ്ഞു. ഞങ്ങൾക്ക് അതിൽ വളരെ ഖേദം ഉണ്ട്. നിർഭാഗ്യവശാൽ അങ്ങനെയുള്ള സംഭവങ്ങൾ എല്ലാം ഉണ്ടായി. അതുകൊണ്ട് ഞങ്ങളുടെ നിലപാട് വളരെ വ്യക്തമാണ്.

അപ്പുറത്തിരിക്കുന്ന ശ്രീ. പി. ആർ. കുറുപ്പ് വിപ്ലവാവേശത്തോടുകൂടി കോൺഗ്രസ് അങ്ങനെ ചെയ്തില്ലേ, കോൺഗ്രസ് ഇങ്ങനെ ചെയ്തില്ലേ, കോൺഗ്രസ് ആന്ധ്രയിൽ ചെയ്തില്ലേ, മദ്രാസിൽ ചെയ്തില്ലേ എന്നെല്ലാം ചോദിച്ചു. ശ്രീ. എ. കെ. ആൻറണി കറാച്ചി പ്രമേയത്തിൻെറ കാര്യം അനുസ്മരിപ്പിച്ചു. ആ കാര്യത്തിൽ ആർക്കാണ് അഭിപ്രായ വ്യത്യാസം ഉള്ളത്? ഭൂപരിഷ്ക്കരണം എന്നുള്ളത് ജനാധിപത്യ നടപടിയാണ്, അത് സോഷ്യലിസ്റ്റ് നടപടിയല്ല. ജനാധിപത്യ നടപടി എന്ന നിലയ്ക്ക് സ്വതന്ത്ര ഇൻഡ്യ ആദ്യം ചെയ്യേണ്ട കാര്യമായിരുന്നു. മനസ്സ് ഉണ്ടായിരുന്നുവെങ്കിൽ അഞ്ചുവർഷത്തിനകം ചെയ്യാൻ കഴിയുമായിരുന്നു. അത് ചെയ്യാതെയിരുന്നതിൻെറ കുറ്റം ആർക്കാണ്? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപോലെ ഈ രാജ്യം മുഴുവൻ തൻെറ കൈവെള്ളയിൽ ആയിരുന്ന മഹാനായ ഒരു പ്രധാനമന്ത്രിക്ക്, ഒരു നേതാവിന് അദ്ദേഹം രാജ്യം ഭരിച്ചിരുന്നപ്പോൾ അഞ്ചു വർഷക്കാലംകൊണ്ട് ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കാമായിരുന്നില്ലേ? ആരെയാണ് കുറ്റം പറയുന്നത്? സർ, ജപ്പാനിൽ അഞ്ചേക്കറാണ് ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമി. അത് നടപ്പാക്കിയത് ആരാണെന്നോ? സോഷ്യലിസ്റ്റുകാരൊന്നുമല്ല, മക്കാർതർ ആണ്. അമേരിക്കൻ അധിനിവേശഭരണം ജപ്പാനിൽ വന്നശേഷം പട്ടാളമേധാവിയായ മക്കാർതർ ആണ് ജപ്പാനിൽ ഭൂപരിഷ്ക്കരണം നടപ്പിലാക്കിയത്. ഈ രാജ്യം ആദ്യം ചെയ്യേണ്ട കാര്യമായിരുന്നു. ആദ്യം ചെയ്യേണ്ട കാര്യത്തിനുവേണ്ടി ആയിരക്കണക്കിന് ആളുകളെ ആത്മാഹൂതിക്ക് വിട്ടവരാണ് നമ്മൾ. സർ, പുന്നപ്ര-വയലാർ സമരം. ഞങ്ങളുടെ സഖാക്കൾ, ആയിരക്കണക്കിന് വെടിയേറ്റു മരിച്ചപ്പോൾ, ഭൂമി കൃഷിക്കാർക്ക് കൊടുക്കണമെന്നും ജന്മിത്തം അവസാനിപ്പിക്കണമെന്നും മുദ്രാവാക്യം വിളിക്കുകയായിരുന്നു. ഞങ്ങളുടെ സഖാക്കൾ കഴുമരത്തിലേറി, ഭൂപരിഷ്ക്കരണം നടപ്പിലാക്കാൻ വേണ്ടി കഴുമരത്തിൽനിന്നു വിളിച്ചു. ഈ രാജ്യത്ത്, പ്രത്യേകിച്ചും ഈ കേരളത്തിൽ ഞങ്ങൾ തൊഴിലാളി വർഗ്ഗത്തിൻെറയും കൃഷിക്കാരുടെയും പ്രതിനിധികൾ എന്ന നിലയ്ക്ക് പ്രവർത്തിക്കുകയും സംഘടിക്കുകയും ശക്തിയാർജ്ജിക്കുകയും സമരം ചെയ്യുകയും ചെയ്തതിൻെറ ഫലമായി ചോരയിൽക്കൂടി നീന്തിവന്നാണ് ഈ നിയമനിർമ്മാണം നേടി

LIBRARY ARCHIVES Kerala Legislative Assembly

എടുത്തത്. ആരുടെ എങ്കിലും സൗജന്യം എന്നു പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങളുടെ ചുമതല ഞങ്ങൾ വഹിക്കുകയാണ്. അതു സോഷ്യലിസ്റ്റ് നടപടിയാണ് എന്ന് അവകാശപ്പെട്ടിട്ടില്ല. തെറ്റിദ്ധാരണകളൊന്നും ആരും വച്ചുപുലർത്തരുത്. ഈ നിയമം നടപ്പാക്കുന്നതിന് നമ്മൾ എടുത്ത മാർഗ്ഗം എന്താണ്? നമ്മുടെ രാജ്യത്തിന്റെ മൊത്തം സ്ഥിതി എന്താണ്? ഇവിടത്തെ കൃഷിക്കാരുടെയും ഇവിടത്തെ ജനങ്ങളുടെയും ഭൂസ്വത്തിന്റെ നിലവാരം എന്ത്? കാർഷികത്തൊഴിലാളികളുടെയും മറ്റു ജനവിഭാഗങ്ങളുടെയും മനോഭാവം എന്ത്? ആ നിലവാരത്തിന്റെ തോതനുസരിച്ച് മാറ്റങ്ങൾ വരുത്തണം. ആ നിലവാരത്തിന്റെ തോതനുസരിച്ച് നിയമം നിർമ്മിക്കാൻ ഞങ്ങൾ ശ്രമിച്ചു. ആ തോത് മാറുമ്പോൾ മാറ്റം വരുത്താൻ ഞങ്ങൾ പരിശ്രമിച്ചു. അങ്ങനെ മാറ്റി അത് ഈ നിലയിൽ എത്തിയതിനു ശേഷം ഇപ്പോൾ നാം പോകുന്നത് പുറകോട്ടാണ്. അതു ശരിയല്ല. പിന്നെ എന്തുകൊണ്ടാണ് ഇങ്ങനെ 'ചെയ്തത് എന്നു ചോദിച്ചേക്കാം. ആ സാഹചര്യം എല്ലാവർക്കും അറിയാവുന്നതാണ്.

ഇവിടെ ഒരു ഐക്യമുന്നണി ഉണ്ടായിരുന്നു. ആ ഐക്യമുന്നണിയെ നിലനിറുത്തേണ്ടത് ആവശ്യമാണെന്നു ഞങ്ങൾ കരുതി. ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ഒരു ഐക്യമുന്നണിക്കുവേണ്ടി, ഒരുപക്ഷേ ഇതിനെക്കാൾ അടിസ്ഥാനപരമായി നല്ല കാര്യങ്ങൾ ചെയ്യാൻവേണ്ടി ചില വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവന്നു. ആ വിട്ടുവീഴ്ചയുടെ അടിസ്ഥാനത്തിലാണ് ഇത് വന്നത്. ഇൻഡ്യയിലെ സ്ഥിതി വളരെ വ്യത്യസ്തമായിരിക്കുന്നു. പഴയ ഇൻഡ്യ അല്ല. ഇക്കഴിഞ്ഞ അഞ്ചാറുമാസമായി ഇൻഡ്യയുടെ ചിത്രം ആകെ മാറിയിരിക്കുന്നു, ഇന്നത്തെ ഇൻഡ്യയിൽ നമ്മുടെ മുമ്പിലുള്ള കടമകൾ നിറവേറ്റുന്നതിന് ആവശ്യമായ ശക്തി ഒരുമിപ്പിക്കാൻ വേണ്ടി ഇപ്പോൾ ഈ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണെന്ന് ഞങ്ങൾ കരുതി. അല്ലാതെ സാധിക്കുമായിരുന്നുവെങ്കിൽ ഞങ്ങൾ ഇതിനു മുതിരുമായിരുന്നില്ല. അത്തരം ഒരവസ്ഥ ഇല്ല എന്ന് ആന്റണി വിശ്വസിക്കുന്നുണ്ടോ? അദ്ദേഹത്തിന്റെ മുഖം ശോഭനമായി തിളങ്ങുന്നു. അദ്ദേഹത്തിന് ഇഷ്ടമായ ചില അഭിപ്രായങ്ങൾ ഉണ്ടെന്നു തോന്നുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ: അഭിപ്രായങ്ങൾ ഉണ്ട്. ഡാങ്കേയുടെ....

ശ്രീ. പി. എസ്. ശ്രീനിവാസൻ: കളയൂ, ഒരു ഡാങ്കേയുടെയോ അല്ലെങ്കിൽ ഒരു രാജേശ്വരറാവുവിന്റെയോ ഒരു നേതാവിന്റെയോ മുമ്പിൽ നിൽക്കുന്നവരല്ല ഞങ്ങൾ. നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. ഞങ്ങൾ വിചാരിക്കുന്നത് ഈ രാജ്യത്തു മുഴുവൻ മാറ്റം വരുത്തേണ്ടത് ജനങ്ങളാണ്, ജനങ്ങളാണ് നേതാക്കൻമാരെ സൃഷ്ടിക്കേണ്ടത്. ജനങ്ങൾ വിചാരിച്ചാൽ ഏതു ഉന്നതനും പിൻതള്ളപ്പെടും. മഹാത്മാഗാന്ധി ആണെങ്കിലും, നെഹ്റു ആണെങ്കിലും മറ്റാരായിരുന്നാലും. ആ സ്ഥിതിക്ക് ഡാങ്കേയുടെ പ്രശ്നം വലിച്ചിഴച്ച് കൊണ്ടുവരേണ്ട. ഞങ്ങളുടെ അഭിപ്രായമാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങളുടെ അഭിപ്രായത്തിൽ ഇന്നത്തെ ഇൻഡ്യ വളരെ ആപൽക്കരമായ സ്ഥിതിയിലാണ്. ആ ആപൽക്കരമായ സ്ഥിതി എന്താണ്? ആ ആപൽക്കരമായ സ്ഥിതി എന്നു പറയുന്നത്......

ശ്രീ. പി. സിറിയക് ജോൺ: ഈ ആറുമാസക്കാലമായിട്ട് ഇൻഡ്യയുടെ പരിതഃസ്ഥിതി വളരെ വ്യത്യസ്തമായി എന്നാണല്ലോ അങ്ങ് പറയുന്നത്? കഴിഞ്ഞ 25-ാം തീയതിവരെ ഈ ആറുമാസത്തിനുള്ളിൽ പെടില്ലായിരുന്നോ? ഈ 25-ാം തീയതിക്കുശേഷം പ്രത്യേകമായിട്ടുള്ള എന്തെങ്കിലും പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഉണ്ടായിരുന്നില്ല,

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: ആ ആപൽക്കരമായ സ്ഥിതി ഞങ്ങൾക്കുകൂടി പഠിപ്പിച്ചുതന്നാൽ തരക്കേടില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: എനിക്ക് അതിനു കഴിവുണ്ടോ എന്നറിയില്ല. അതു പഠിപ്പിക്കാൻ കഴിവുള്ള ആളാണോ ഞാൻ എന്നതിൽ എനിക്ക് സംശയമുണ്ട്. എന്നാലും ആകാവുന്നത്ര പഠിപ്പിച്ചുതരാം. ഞങ്ങൾ ഈ ആറുമാസമായി അല്ല, കുറെക്കാലംകൊണ്ട് ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്തുകൊണ്ട് നിങ്ങൾ മാറ്റം വരുത്തിയത് എന്നു ചിലർ ചോദിക്കുന്നുണ്ട്.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: മാറിയ പരിതഃസ്ഥിതി. പഞ്ചായത്ത് ഇലക്ഷനിലും മറ്റും......

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതുതന്നെയാണ് ഞാനും പറഞ്ഞത്. പഞ്ചായത്ത് ഇലക്ഷൻ, ഓരോ പരിതഃസ്ഥിതിയിലും മാറ്റിവച്ചു. ഓരോ അവസരത്തിലും ഓരോ പ്രത്യേകപരിതഃസ്ഥിതി ഉണ്ടായി. ഞങ്ങൾ അപ്പുറത്ത് ഐക്യമുന്നണിയിൽ തുടരുകയായിരുന്നു. ആ ഐക്യമുന്നണി വളരെ വളരെ സമ്മിശ്രമായിരുന്നല്ലോ ? മാർക്സിസ്റ്റുകാർ ആദ്യം മുതൽക്കേ ഞങ്ങളുടെ കൂടെ വരുമായിരുന്നു. ഞങ്ങൾ തമ്മിൽ തർക്കവും വഴക്കും ഉണ്ടായി. വളരെ അകന്നുപോയി. ഒരു പക്ഷേ ഒരു ചെറിയ പോയിൻറിൽ കഠിനമായി പിടിച്ചുകാണും. എന്നിരുന്നാലും അപ്പുറത്തു വരണമെന്ന അഭിപ്രായമുണ്ടായിരുന്നു. നമ്മുടെ രാജ്യത്തെ ദേശീയമായ ഒരു ഐക്യത്തിൽക്കൂടി വരണമെന്നു ആഗ്രഹമുണ്ടായിരുന്നു. മഹാഭൂരിപക്ഷം ജനങ്ങളെയും ഒരുമിപ്പിച്ചുകൊണ്ടുമാത്രമേ നമ്മുടെ മുന്നിലുള്ള കടമകൾ നിറവേറ്റാൻ കഴിയൂ എന്ന വിശ്വാസം ഉണ്ടായിരുന്നു. അതിൽ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അധികം ശക്തമായ ഇടതുപക്ഷ ശക്തിയായ കമ്മ്യൂണിസ്റ്റു (മാർക്സിസ്റ്റു) പാർട്ടി ഇപ്പുറത്തായിരുന്നു. സർ, ഞങ്ങളുടെ അന്നത്തെ ഐക്യമുന്നണിക്കകത്ത്, ഇന്നത്തെ ഭരണമുന്നണിക്കകത്ത് ചില ദൗർബല്യങ്ങൾവന്നു. കരുണാകരനും അതിൽനിന്നും പോയി ഞാൻ അതിൻെറ കഥയിലേക്കൊന്നും കടക്കുന്നില്ല—കരുണാകരനും അദ്ദേഹത്തിൻെറ സംഘക്കാരും പോയി, എൻ. ഡി. പി. ക്കാർ പോയി. ബാക്കിയുള്ള ആളുകളും ഞങ്ങളും കൂടെ തിരഞ്ഞെടുപ്പിൽ മൽസരിച്ച് നോക്കി. അല്ലാതെ പ്രവർത്തിച്ചുനോക്കി. കാര്യങ്ങൾ നടപ്പിലാക്കാൻ ഞങ്ങൾ മാത്രം പോരാ എന്നു ഞങ്ങൾക്ക് വ്യക്തമായി. ഞങ്ങൾ മാത്രം പോരാ എന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണ്. ഞങ്ങൾ പറഞ്ഞു തീർച്ചയായും അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടി കൂടെ വരണം. പുരോഗമന സ്വഭാവമുള്ള ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ ഗവൺമെൻറു വരണം എന്നു ഞങ്ങൾ പറഞ്ഞു. ഭരണകക്ഷികൾക്കെല്ലാം യോജിപ്പായിരുന്നു. ഇൻഡ്യയിലെ ആകെ സ്ഥിതിഗതികൾക്കുമാറ്റം വന്നു. ഇൻഡ്യയിലെ മാറ്റം എന്താണെന്നു എല്ലാവർക്കും അറിയാം. ശക്തമായ ഒരു ഗവൺമെൻറ് ഉണ്ടാകണമെങ്കിൽ ശ്രീമതി ഇന്ദിരാഗാന്ധി തിരിച്ചുവരണമെന്നാണ് അവർ പറയുന്നത്. ശ്രീമതി ഇന്ദിരാഗാന്ധിയെക്കുറിച്ചും അവരുടെ മകനെക്കുറിച്ചും അവരുടെ ചെയ്തികളെക്കുറിച്ചും എഴുതിയ പുസ്തകങ്ങളുടെ എത്രകോടി കോപ്പികളാണ് അച്ചടിച്ചിറക്കിയത് ? എന്തൊക്കെ വിനോദങ്ങളാണവർ ചെയ്തത്; എന്തൊക്കെ കാര്യങ്ങളാണവർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്, ഇന്ദിരാഗാന്ധി വീണ്ടും അധികാരത്തിൽവരാൻവേണ്ടി കഠിനമായ പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അവർ അവരുടെ മകനെ ഇപ്പോൾ വെളിയിൽ നിർത്തുന്നില്ല. കംഗാരുവിനെപ്പോലെ കൊണ്ടുനടക്കുന്നുമില്ല; മുൻവശത്തുതന്നെ നിർത്തിയിരിക്കുയാണ്. ഇന്ദിരഗാന്ധിയും അവരുടെ സ്വേച്ഛാധിപത്യമോഹങ്ങളും വിജയിക്കാൻ അവസരമുണ്ടാക്കുന്നതിനുവേണ്ടി ആ കൂട്ടർ പരിശ്രമിക്കുന്നു. അപ്പുറത്തു ജനതാ പാർട്ടി വേറെ പരിശ്രമം നടത്തുന്നു. ഇന്നലെ ഇവിടെ വഴുതക്കാട് ആർ. എസ്. എസ്സിന്റെ യോഗമുണ്ടായിരുന്നു. ഇവിടെയെല്ലാം യോഗങ്ങൾ നടക്കുന്നു. ആർ. എസ്. എസ്. ആണ് അതിന്റെ കാതൽ; ചന്ദ്രശേഖരന്റെ പാർട്ടിയല്ല. ഈ രണ്ടു ശക്തികളും അധികാരത്തിൽ വരരുതെന്നും വേറൊരു ശക്തി അധികാരത്തിൽ വരണമെന്നും ഇടതുപക്ഷ പുരോഗമന ശക്തികൾ യോജിച്ച് ഈ തിരഞ്ഞെടുപ്പിൽ മൽസരിക്കാൻ കഴിയണമെന്നും അവർ വിജയിച്ചു വരണമെന്നുമുള്ള ആഗ്രഹത്തോടുകൂടി നാം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലൊട്ടാകെയുള്ള സ്ഥിതിഗതികളെപ്പറ്റി പലർക്കും വ്യക്തമായ രൂപമുണ്ടായിരിക്കും. എങ്കിലും ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാം. ഒരു സംസ്ഥാനത്തും ആൻറണിയുടെ കോൺഗ്രസ്സും, കോൺഗ്രസ് (ഐ) യും യോജിച്ചുകണ്ടിട്ടില്ല. ഇതുവരെയുള്ള സംഭവങ്ങൾ നോക്കിയാൽ ഒരിടത്തും ഇവർ യോജിച്ചിട്ടില്ല. ഇവിടെ ഇപ്പോൾ ഇഷ്ടദാനബില്ലിൽ എല്ലാവരും ഒരു മുഖം മൂടിയാക്കി നിർത്തിയിരിക്കുന്നു,

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഇത്രയും നിഷിദ്ധമായ ഇന്ദിരാകോൺഗ്രസ്സുമായി പഞ്ചായത്തുതിരഞ്ഞെടുപ്പിൽ സി. പി. ഐ. എങ്ങനെ യോജിച്ചു ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പഞ്ചായത്തുതിരഞ്ഞെടുപ്പൊക്കെ പോകട്ടെ. അതൊക്കെ എന്തു കാര്യമാണ്: ആനക്കാര്യത്തിനിടയിൽ ചേനക്കാര്യം. ഇതു അധികാരത്തിന്റെ പ്രശ്നമാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: പൊതുജനങ്ങളെ മണ്ടൻമാരാക്കല്ലേ ഇങ്ങനെ

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇത് ഭരണാധികാരത്തിന്റെ പ്രശ്നമാണ്. ഇപ്പോൾ ഇതിൽ 6 (സി) പാസാവുകയാണെങ്കിൽ ഭൂപരിധി മുഴുവൻ പോകും എന്നാൽ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ ആരു ജയിച്ചാലും അങ്ങനെയൊന്നും ഉണ്ടാവുകയില്ല. നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും രാജ്യത്തിന്റെ ജീവിതത്തെക്കുറിച്ച് തീരുമാനമെടുക്കുന്ന പാർലമെൻറിലേക്കും അസംബ്ളിയിലേക്കുമുള്ള തിരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്, അവിടെ എന്തുചെയ്യണം എന്നുള്ളതാണു പ്രശ്നം. അതിനെക്കുറിച്ചാലോചിക്കേണ്ടേ ? അതിന് രാജ്യത്തിലെ പുരോഗമന ശക്തികൾ ജനാധിപത്യശക്തികൾ, യോജിച്ച ഒരു നിലപാടെടുക്കണം എന്നുള്ള ഞങ്ങളുടെ..........

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: 6 (സി) കണ്ടത് രാജിവച്ചുവന്ന ശേഷമാണോ ?

ശ്രീ. പി. എസ്, ശ്രീനിവാസൻ: അതു ഞാൻ പറയാം . സർ, അത്തരം ഒരു നിലപാടിലേക്ക് കേരളത്തിലെ രാഷ്ട്രീയ സംവിധാനത്തെ തിരിച്ചുവിടാനുള്ള ഞങ്ങളുടെ പരിശ്രമത്തിൽ........

(തടസ്സം)

LIBRARY ARCHIVES Kerala Legislative Assembly

തൊലിക്കട്ടി മാത്രമല്ല; എന്തെല്ലാം കട്ടി ഉണ്ടെന്ന് അറിയാമോ? നിങ്ങൾക്ക് അറിയില്ല. ഒരു മന്ത്രിസ്ഥാനത്തിനോ എം. എൽ. എ. സ്ഥാനത്തിനോ വേണ്ടി എന്തുചെയ്യാനും തയ്യാറാകുന്നവരാണ് അധികം പേരും. മനസ്സിലായോ? നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഇവിടെ ചിലർ അപ്പുറത്തുനിന്നു പ്രസംഗിച്ചപ്പോൾ ഞങ്ങളുടെ പാർട്ടിയെ ക്കുറിച്ചു പറഞ്ഞു, ഏതെ കുഴലിൽകൂടി നോക്കിയിട്ടും കാണാനില്ല എന്ന്. ബഹുമാന്യനായ എന്റെ സുഹൃത്തു ദേവസ്സിക്കുട്ടിയും വേറെ ചില ആളുകളുമാണ് പറഞ്ഞത്. ഞങ്ങൾ ഒരു കൊച്ചു പാർട്ടിയാണ്. ചെറിയ പാർട്ടി. ഞങ്ങൾ കോൺഗ്രസ്സിൽ ഉണ്ടായിരുന്നപ്പോൾ രണ്ടു മൂന്നുപേരൊക്കെ കൂടിചേർന്നാണ് ഈ കൊച്ചുപാർട്ടി ഉണ്ടാക്കിയത്. കോൺഗ്രസ്സ് അന്ന് ഈ രാജ്യം മുഴുവൻ പടർന്നുപന്തലിച്ചു കിടന്നിരുന്ന, രാജ്യം മുഴുവൻ എടുത്ത് അമ്മാനമാടാൻ കഴിയുന്ന, പാർട്ടിയായിരുന്നു. പക്ഷേ ഞങ്ങൾ കോൺഗ്രസ്സിനെതിരായി നിന്നു. കോൺഗ്രസ്സിനെ ഞങ്ങളുടെ നയത്തിനനുസരിച്ചുകൊണ്ടുപോകാൻ ഞങ്ങൾ പരിശ്രമിച്ചുനോക്കി. സാധിച്ചില്ല. ഞങ്ങൾ പോയി. ഞങ്ങൾ കൊച്ചുപാർട്ടിയായിരുന്നു. ഇപ്പോഴും രാജ്യത്തു വേറെ പല വലിയ പാർട്ടികളും ഉണ്ട്. അണ്ണാ ഡി. എം. കെ. വലിയ പാർട്ടിയാണ്. അതുകൊണ്ട് ഞങ്ങൾ അതിൽ ചേരുമോ? നിങ്ങൾ കുറച്ച് ഇമ്മിണി വലുതാണ്; അതുകൊണ്ട് ഞങ്ങൾ അതിൽ ചേരുമോ? ഇല്ല. കാരണം, നിങ്ങൾ ഒരു ബൂർഷ്വാ പാർട്ടിയാണ്. നിങ്ങൾ മുതലാളിപ്പാർട്ടിയാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. മനസ്സിലായോ? ഞങ്ങളുടെ പാർട്ടി ഒരു തൊഴിലാളിവർഗ്ഗ പാർട്ടിയാണ്. ഒരു കൊച്ചു പാർട്ടിയാണ്. പക്ഷേ ഞങ്ങൾക്കാണു ഭാവിയുള്ളത്. ഞങ്ങൾ ഈ ലോകം മുഴുവൻ പിടിക്കാൻ നിൽക്കുന്ന പാർട്ടിയാണ്. നിങ്ങൾ നശിച്ചുകൊണ്ടിരിക്കുന്ന പാർട്ടിയാണ്; നശിക്കാൻപോകുന്നവരാണ്.

(തടസ്സം)

നിങ്ങളും നിങ്ങളുടെ വർഗ്ഗവും നാളെ നശിക്കാൻ പോകുന്നവരാണ്. നേരേമറിച്ച് ഞങ്ങളുടെ വർഗ്ഗം, തൊഴിലാളിവർഗ്ഗം, അദ്ധ്വാനിക്കുന്ന വർഗ്ഗം, വളരാൻ പോകുന്നവരാണ്; ഈ ലോകം മുഴുവൻ പിടിച്ചടക്കാൻ പോകുന്നവരാണ്; പുതിയ ലോകം സൃഷ്ടിക്കാൻ പോകുന്നവരാണ്. അതുകൊണ്ടാണ് ഈ കൊച്ചു പാർട്ടി ക്ഷീണിക്കുമ്പോഴും തളരുമ്പോഴും വീഴുമ്പോഴും മനോവീര്യത്തോടുകൂടി നിൽക്കുന്നത്; തോക്കിന്റെയും തൂക്കുമരത്തിന്റെയും മുൻപിൽ നിൽക്കുന്നത്.

(തടസ്സം)

എനിക്കു പറയാനുള്ള കാര്യങ്ങൾ പറഞ്ഞു ഞാൻ ഇരിക്കാൻ പോകുന്നുള്ളൂ ഞാൻ ആവശ്യമില്ലാതെ ഒന്നും പ്രസംഗിക്കുന്നില്ല. അത്യാവശ്യമുള്ള കാര്യങ്ങൾ മാത്രമേ പറയുന്നുള്ളു.

മി. ചെയർമാൻ: ശ്രീ. മജീദ് തന്നെ ഇന്നലെ ഇവിടെ ഒരു നിർദ്ദേശം വച്ചു. എല്ലാ പാർട്ടിയിൽനിന്നും ഓരോരുത്തർ ആദ്യം സംസാരിക്കട്ടെ എന്നു പറഞ്ഞു. അതനുസരിച്ച് ബഹുമാനപ്പെട്ട മെംബറുടെ പാർട്ടിയിൽ നിന്ന് ഒരാൾ സംസാരിച്ചു. ഇനി ആർ. എസ്. പി. യിലെയും പി. എസ്. പി. യിലെയും രണ്ടാളുകൾ കൂടി സംസാരിക്കാനുണ്ട്. അതുകൊണ്ട് ചുരുക്കമായി സംസാരിക്കണം. മി. മജീദുതന്നെയാണ് ആ നിർദ്ദേശം സഭയിൽ വച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഞങ്ങൾ ഒരു കോമ്പ്രമൈസ് എന്ന നിലയിലാണ് ഭൂപരിഷ്ക്കരണമെന്ന പ്രശ്നത്തെ മൊത്തത്തിൽ എടുത്തിട്ടുള്ളത്.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഓരോ പാർട്ടിയുടെയും ഓരോ പ്രതിനിധിവീതം സംസാരിക്കുക എന്നു തീരുമാനിച്ചു. ചെയറിൽനിന്നു നിർദ്ദേശമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഓരോ പാർട്ടിയുടെയും ഓരോ പ്രതിനിധി സംസാരിച്ചു. ഇനി രണ്ടു പാർട്ടികളുടെ പ്രതിനിധികൾ അങ്ങനെ സംസാരിക്കാനുണ്ടെന്നാണ്. അങ്ങു പറഞ്ഞത്. ഇന്നലെ സംസാരിച്ച പാർട്ടികളുടെ ഓരോ പ്രതിനിധികളുടെ പേരുകൂടി തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീനിവാസന്റെ പാർട്ടിയുടെ പ്രതിനിധി ശ്രീ. ഇ. പി. ഗോപാലൻ ഇന്നലെ സംസാരിച്ചതാണ്. ഇങ്ങനെ അനുവദിക്കുകയാണെങ്കിൽ ഈ രണ്ടാളുകളുടെ പേരു തന്നിട്ടുള്ള എല്ലാ പാർട്ടികളുടെയും പ്രതിനിധികൾക്ക് അവസരം കൊടുക്കണ്ടേ? എല്ലാ പാർട്ടികളുടെയും ഓരോ പ്രതിനിധി സംസാരിക്കുന്നതിനുമുൻപ്, സംസാരിച്ച പാർട്ടിയുടെ രണ്ടാമത്തെ ആളിനെ വിളിക്കുന്നത് ആർഡറിലാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മൂന്നു ദിവസം പൊതുചർച്ചയ്ക്ക് വിനിയോഗിക്കണമെന്നാവശ്യപ്പെട്ടത് ആ അടിസ്ഥാനത്തിലാണ്. അപ്പോൾ പറയേണ്ടകാര്യമായിരുന്നു ഇതൊക്കെ.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഭൂപരിഷ്കരണത്തെ ഞങ്ങൾ എടുക്കുന്നത് ഒരു കോമ്പ്രമൈസ് എന്ന നിലയിലാണ്. ഫ്രഞ്ചു വിപ്ലവം നടക്കുമ്പോൾ അവരുയർത്തിയ മുദ്രാവാക്യം ഭൂമി ദേശവൽക്കരിക്കുക എന്നതായിരുന്നു. അന്നു കമ്മ്യൂണിസ്റ്റുപാർട്ടി അവിടെയുണ്ടായിരുന്നില്ല. തൊഴിലാളിവർഗ്ഗത്തിന് ആ വിപ്ലവത്തിൽ കാര്യമായ പങ്കും ഉണ്ടായിരുന്നില്ല. അതൊരു ജനാധിപത്യവിപ്ലവമായിരുന്നു. സർ, ഭൂമി ദേശവൽക്കരിക്കുക എന്നുള്ളതാണ് ശരിയായ മുദ്രാവാക്യം. അത് ഇന്നിവിടെ നടപ്പിലാക്കാൻ നമുക്ക് നിവൃത്തിയില്ല. എന്നാൽ ശരാശരി ഭൂമി 40-42 സെൻറുണ്ട് കേരളത്തിൽ; അതു കൊടുക്കാൻ നിവൃത്തിയുണ്ടോ? അതിനും നിവൃത്തിയില്ല. പിന്നെ ഇവിടെ ഉള്ളത് നമ്മുടെ വിവിധ ജനവിഭാഗങ്ങളുടെ ഞാൻ മുൻപുപറഞ്ഞതുപോലെയുള്ള പരിതഃസ്ഥിതിയെല്ലാം കണക്കിലെടുത്തുകൊണ്ടു നിയമനിർമ്മാണം വരണം എന്നുള്ളതാണ്. അതാണ് വന്നത്. അങ്ങനെ നടപ്പിലാക്കുന്നതിൽ കേരളത്തിൽ എന്തുകൊണ്ടാണ് വിജയിച്ചത്? മറ്റു സ്ഥലങ്ങളിൽ എന്തുകൊണ്ട് നടന്നില്ല? കോൺഗ്രസ് മറ്റു സ്ഥലങ്ങളിലൊക്കെ ഇല്ലേ? ശ്രീ ചന്ദ്രശേഖരന്റെ പാർട്ടി മറ്റു സ്ഥലങ്ങളിൽ ഇല്ലേ? ഇവിടെ ചന്ദ്രശേഖരന്റെ പാർട്ടി വളരെ ശക്തമായ പാർട്ടിയൊന്നുമല്ലെങ്കിൽ അവർക്ക് ശക്തിയുള്ള സംസ്ഥാനങ്ങളിൽ, അവർക്ക് മുഖ്യമന്ത്രിമാരുള്ള സംസ്ഥാനങ്ങളിൽ, എന്തുകൊണ്ടു നടന്നില്ല? അതിന്റെ കാരണവും വളരെ ലളിതമാണ്. ഇവിടെ ഞങ്ങളും കൂടെ ഉള്ളതുകൊണ്ടാണു നടന്നത്. ഞങ്ങളുടെ ശക്തികൊണ്ടല്ല, നമ്മൾ ഒരുമിച്ചു ചേർന്നതുകൊണ്ടാണ്. ഇത്രയും ഭംഗിയായി നടന്നത്. അതുകൊണ്ടാണു ഞങ്ങൾ പറയുന്നത്. നമുക്ക് ഒരുമിച്ചു ചേരാം. ഈ ചെറിയ കാര്യം പറഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും ഇരിക്കാതെ കോമ്പ്രമൈസ് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ഇൻഡ്യയിൽ കാർഷിക പരിഷ്ക്കരണത്തിന്റെ കാര്യത്തിൽ, മിച്ചഭൂമിയുടെ ഏരിയായുടെ കാര്യത്തിൽ ഒന്നാമതായി നിൽക്കുന്ന സംസ്ഥാനം കർണ്ണാടകം ആണെന്നറിയാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ശരിയല്ല.

ശ്രീ. എ. കെ. ആന്റണി: പ്ലാനിംഗ് കമ്മീഷന്റെ അടുത്ത പ്രഖ്യാപനം ഉണ്ട്. ഏറ്റവും കൂടുതൽ മിച്ചഭൂമി വിതരണം ചെയ്തിട്ടുള്ളത് കർണ്ണാടകം ആണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: കുടിയാൻമാരുടേയും മറ്റും പ്രശ്നം എടുത്തുകൊണ്ട് ആലോചിക്കുമ്പോൾ കേരളം ആണ് ഏറ്റവും മുന്നിലായി നിൽക്കുന്നത്. അത് നമ്മുടെ മാത്രം അഭിപ്രായമല്ല. യു. എൻ. ഒ. യുടെ അഭിപ്രായവും ഇതാണ്. ഇൻഡ്യയുടെ സ്ഥിതി എടുത്തു നോക്കുമ്പോൾ........

ശ്രീ. എ. കെ. ആന്റണി: ഇൻഡ്യയിൽ ഏറ്റവും കൂടുതൽ സർപ്ലസ് ലാൻറ് യൂട്ടിലൈസ് ചെയ്തിരിക്കുന്നത് ശ്രീ. ദേവരാജ് അരശ് മുഖ്യമന്ത്രിയായിട്ടുള്ള കർണ്ണാടകയിലാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങുതന്നെ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഗവർണ്ണറെ കൊണ്ട് നയ പ്രഖ്യാപന പ്രസംഗം നടത്തിയതിൽ ഭൂപരിഷ്ക്കരണത്തിന്റെ കാര്യത്തിൽ മുന്നണിയിൽ നിൽക്കുന്ന ഒരു സ്റ്റേറ്റാണ് കേരളം എന്ന് പറഞ്ഞിട്ടുണ്ടല്ലോ.

ശ്രീ. പി. കെ. വാസുദേവൻ നായർ: കർണ്ണാടകയിലെ സീലിംഗ് ലിമിറ്റ് എത്രയാണെന്നുള്ളത് അറിയാമോ?

മി. ചെയർമാൻ: ഇവിടെ ബഹുമാനപ്പെട്ട മെംബർമാർക്ക് വാദപ്രതിവാദം നടത്താനുള്ള സമയമില്ല. ബഹുമാനപ്പെട്ട ശ്രീനിവാസനോട് ഒരു ചോദ്യം ചോദിച്ചു. അതിന് മറുപടിയും പറഞ്ഞു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ശ്രീ. ചന്ദ്രശേഖരൻ ഇവിടെ 300 ഏക്കറുള്ള കരിമ്പ് കൃഷിക്കാരുടേയും മറ്റും പ്രശ്നം പറഞ്ഞു. അതുകൊണ്ട് ഞാൻ പറയുന്നത് നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിന്, പുരോഗതിക്ക്, ഇൻഡ്യയിൽ ആകെ വളർന്നുവന്നിട്ടുള്ള രാഷ്ട്രീയ സാഹചര്യങ്ങൾക്ക് തടസ്സമാകുന്ന ഒരു നിലപാട്, അതിന് പ്രതിബന്ധമാകുന്ന നിലപാട് ഈ നിയമം മൂലം വരരുത് എന്നാണ്. ആ രീതിയിലുള്ള ഒരു പൊസിഷനാണ് ഞങ്ങൾ എടുത്തത്. ശ്രീ. എ. കെ. ആന്റണിയും അത്തരത്തിലുള്ള നിലപാട് എടുക്കുമെന്നായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ അതാണ് ഉള്ളത്. അദ്ദേഹം ആ നിലപാട് എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ സ്ഥാനം വന്നു വന്ന് ഒരു കടന്നൽ കൂട്ടിലാണ്. അതിന് ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് ഈ കാര്യത്തിൽ കുറേകൂടി പോസിറ്റീവായിട്ടുള്ള ഒരു നിലപാട് എടുക്കണമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എനിക്ക് അതാണ് പറയാനുള്ളത്. അദ്ദേഹത്തിന്റെ ആ ഇരിപ്പ് വളരെ വികൃതമായ ഇരിപ്പാണ്. ആ ഇരിപ്പ് മാറണം. കുറേക്കൂടി ശരിയായ രീതിയിൽ ഇരിക്കണം. അങ്ങോട്ടു മിങ്ങോട്ടും പരിഭവങ്ങൾ കാണും. പരാതികൾ ഉണ്ടാകും. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത് ഈ രാജ്യത്തിൻെറ ഈ സ്റ്റേറ്റിൻെറ മുന്നോട്ടുള്ള ഗതിക്ക് ആവശ്യമായിട്ടുള്ള നിലപാടാണ് സ്വീകരിക്കേണ്ടതെന്നാണ്. ഞാൻ ബില്ലിലേക്ക് വരികയാണ്. '6 സി' യെക്കുറിച്ചാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്.

ശ്രീ. പി. സിറിയക്ക് ജോൺ: ആറു മാസക്കാലത്തിനിടയിൽ ഈ സാഹചര്യം ഉണ്ടായതും ഈ ബില്ലും തമ്മിൽ വളരെയധികം അന്തരം ഉണ്ടെന്ന് പറഞ്ഞു. അത് വളരെ നിസ്സാരമാണെന്നാണ് ഇവിടെ പറഞ്ഞത്. അങ്ങനെയാണെങ്കിൽ അതിൻെറ ഗൗരവസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഇനിയും കോംപ്രമൈസിനെ സംബന്ധിച്ചിടത്തോളം ഉള്ള സാദ്ധ്യത ഉണ്ടെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുകൊണ്ട് ഉദ്ദേശിക്കേണ്ടത്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഞാൻ വളരെ ലളിതമായി പറഞ്ഞു. ആവർത്തിച്ചാവർത്തിച്ച് ചോദിച്ചിട്ട് എന്ത് വിശേഷമാണ് ഉള്ളത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഇതിൽ 3-ാമത് ക്ലാസ് വളരെ ആപത്ത് വരുത്തുമെന്നാണ് ഞാൻ പറഞ്ഞത്. അതിൻെറ ലീഗൽ ആസ്പക്റ്റ്സോ ഭരണഘടനാപരമായ കാര്യങ്ങളോ വിദഗ്ദ്ധൻമാരോട് ചോദിച്ചാൽ മതി. അടുത്തകാലത്ത് ഉണ്ടായിട്ടുള്ള സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലോ, ഏതെങ്കിലും രൂപത്തിലോ നമ്മുടെ സ്റ്റേറ്റിലെ നിയമസഭയ്ക്ക് നിയമം പാസ്സാക്കി നടപ്പിലാക്കാനുള്ള അവകാശം ഉണ്ടായിരിക്കും. എന്നാൽ നമ്മുടെ ഈ മൂല നിയമത്തിലെ മർമ്മപ്രധാനമായ ഒരു വകുപ്പിന്, ഒരു ഭേദഗതി എന്നുള്ള നിലയിൽ വരുന്ന ആ വകുപ്പും അതിനോട് ബന്ധപ്പെട്ടു കിടക്കുന്ന വകുപ്പുകളും എങ്ങനെ ഡിസ്റ്റർബ് ചെയ്യപ്പെടുന്നു എന്നുള്ളത് വളരെ ഗൗരവമായി ആലോചിക്കണം. അതിനെപ്പറ്റി വേണ്ടത്ര ആലോചിച്ചിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത് ആലോചിച്ചിട്ടില്ലെന്ന് മാത്രമല്ല ഇപ്പോൾ വന്നിരിക്കുന്ന ഭേദഗതി ആണെങ്കിൽ അതിനേക്കാൾ ആപൽക്കരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ഭേദഗതി ലീസ് ഗ്രാൻറഡ് എന്നാണ്. അതിൻെറ അർത്ഥം എന്താണ്? 1970 ജനുവരി 1 മുതൽക്കാണ് ഈ നിയമം നടപ്പിലായത്. അപ്പോൾ മുതലാണ്, അതിൻെറ സീലിംഗ് ക്ലാസ് നടപ്പിലായത്. 64 മുതൽ ഇങ്ങോട്ടുള്ള മുഴുവൻ കരണങ്ങളും സീലിംഗിൽ പെട്ടതാണോ അല്ലയോ എന്നുള്ളതിനെക്കുറിച്ച് ആർക്കും സംശയം ഉന്നയിക്കാം, തർക്കം ഉന്നയിക്കാം. എന്നുവേണ്ട 100 ഏക്കർ റബ്ബർ തോട്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് വയ്ക്കുക. പുതിയതാണെന്ന് വന്നാൽ പുതിയ പ്ലാൻേറഷനുകൾ നിയമത്തിൻെറ പരിധിയിൽ പെടുകയില്ലെന്നാണ് വച്ചിട്ടുള്ളത്. ആ പ്ലാൻേറഷനുകൾ 4 ഏക്കർ വീതം വീതിച്ച് പല ആളുകളുടെ കൈയിൽ വച്ച് ജൻമിമാർ പോവുകയാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ: '6 സി' ഉൾപ്പെടെ ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ ബിൽ അങ്ങ് മന്ത്രി ആയിരിക്കുകയും അങ്ങയുടെ നേതാവ് മുഖ്യമന്ത്രി ആയിരിക്കുകയും ചെയ്ത അവസരത്തിൽ അങ്ങ് ഉൾപ്പെട്ട ക്യാബിനറ്റിൽ വച്ച് പ്രസിഡൻറിൻെറ അനുമതിക്കായി അയച്ച്, വരുത്തി, അങ്ങ് ഉൾപ്പെട്ട ഗവൺമെൻറ് ഈ നിയമസഭയിൽ പ്രസൻറ് ചെയ്തത് അല്ലേ? ഇത്ര ദ്രോഹം വരുന്ന ഒരു വകുപ്പ് അന്ന് പരിഗണനയ്ക്ക് വന്ന സമയത്ത് അങ്ങുകൂടി ഉൾപ്പെട്ട ക്യാബിനറ്റ് ആ വകുപ്പ് നീക്കം ചെയ്യാൻ എന്തു കൊണ്ട് അഭിപ്രായപ്പെട്ടില്ലെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിനുള്ള മറുപടി ഞാൻ നേരത്തെ പറഞ്ഞതാണ്. അതുകൊണ്ട് ആവർത്തിക്കുന്നില്ല.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: എന്റെ ചോദ്യം അതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന ഭേദഗതി പിൻവലിച്ചാൽ പിന്നെ ആ വകുപ്പ് ആപൽക്കരമാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഡീഡ്സ് ഉണ്ടെങ്കിൽ പിന്നെ അതിലും ഉപയോഗിക്കാം. ഒരു പ്രമാണമുണ്ടെങ്കിൽ ഇന്ന സ്ഥലമാണെന്ന് പറയാം. നേരെമറിച്ച് മറ്റേതും കൂടി ആണ് വരുന്നതെങ്കിൽ പരിധിക്കപ്പുറം ഉള്ള ഏത് ഭൂമിയും ആരെങ്കിലും പരസ്പരം അങ്ങോട്ടുമിങ്ങോട്ടും അറിഞ്ഞുകൊണ്ട് കൈമാറ്റം ചെയ്തമൂലം ഇതിനകത്ത് കൊണ്ടുവരാൻ കഴിയും.

മി. ചെയർമാൻ: പ്രൊവൈസോയിൽ അത് റെസ്ട്രിക്റ്റ് ചെയ്യുന്നുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: പ്രൊവൈസോയുടെ ആവശ്യമില്ല. കാരണം ഇതിൽ പ്രൊവൈസോ ഇല്ലാതെതന്നെ അങ്ങനെയേ ചെയ്യാൻ സാധിക്കുകയുള്ളു.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ശ്രീനിവാസൻ പറയുന്നത് ബഹുമാനപ്പെട്ട ശ്രീനിവാസൻ കൂടി ഉണ്ടായിരുന്ന ഗവൺമെന്റ് കൊണ്ടുവന്ന ആ ഭേദഗതി മാത്രമേ പാടുള്ളു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി വേണ്ടെന്നാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ആ ഭേദഗതിയോടു തന്നെ എനിക്ക് യോജിപ്പില്ല. ആ കാര്യം പറഞ്ഞിട്ട് കാര്യമില്ല. നമുക്ക് കുറേ കാര്യങ്ങൾ അറിയാമല്ലോ, ഞാൻ പറഞ്ഞല്ലോ അന്തഃപുര രഹസ്യങ്ങൾ ഒന്നും പറയുകയില്ലെന്ന്. ആ അവസരത്തിൽ എനിക്ക് തോന്നിയത് അപ്പുറത്തിരിക്കുന്ന ചില സുഹൃത്തുക്കൾക്കെങ്കിലും ആ വകുപ്പ് പിൻവലിച്ചാൽ കൊള്ളാമെന്ന് തോന്നിയിരിക്കുന്നു എന്നാണ്. അത് വേണ്ടെന്ന് വച്ചു കളയാമെന്ന് വിചാരിച്ചിരുന്നതായി എനിക്ക് ഒരു തോന്നൽ ഉണ്ടായിരുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ബഹുമാനപ്പെട്ട ശ്രീനിവാസൻ പ്രസംഗിച്ചത് കേട്ടാൽ ഈ ബിൽ പൈലറ്റ് ചെയ്ത ശ്രീ. ബേബി ജോൺ നിയമ വകുപ്പിനോടും മറ്റ് ആരോടും ആലോചിക്കാതെയാണ് കൊണ്ടുവന്നതെന്ന് തോന്നിപ്പോവുകയാണ്. അത് ശരിയാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഞാൻ പറഞ്ഞല്ലോ ഈ വകുപ്പ് എങ്ങനെ വന്നാലും തരക്കേടില്ല. നമ്മൾ തമ്മിലുള്ള വർത്തമാനത്തിൽ എനിക്ക് വന്ന ഒരു തോന്നൽ അത് വേണ്ടെന്ന് വയ്ക്കാമെന്നായിരുന്നു.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട ശ്രീനിവാസൻ പറഞ്ഞത് ആദ്യം കൊണ്ടുവന്ന 6 സിയുടെ അമൻറുമെൻറാണ് ശരി; ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന അമൻറുമെൻറ് പാടില്ലെന്നാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി വളരെയധികം ആപൽക്കരമാണ്. മറ്റേതിനേക്കാൾ കൂടുതൽ ആപൽക്കരം ആണെന്നാണ് ഞാൻ പറഞ്ഞത്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി പരിധി നിർണ്ണയം ഇല്ലാതാകും. കാരണം എല്ലാ പരിധിയെ ക്കുറിച്ചും ചോദ്യം ചെയ്യാൻ കഴിയും. എന്നിട്ട് കോടതിയിൽ പോയി ആ പരിധി നിശ്ചയിച്ചിട്ടില്ലെന്ന് പറയും. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞതുപോലെ ആ കേസ്സുകളുമായി നമ്മുടെ കൂടിയാൻമാർ കഴിയേ ണ്ടിവരും. അതുകൊണ്ടാണ് ആ വകുപ്പ് ആപൽക്കരമാണെന്ന് ഞാൻ പറഞ്ഞത്. ഞാൻ മനസ്സിലാക്കുന്നത് കോൺഗ്രസ് പറഞ്ഞിട്ടാണ് ആ ഭേദഗതി കൊണ്ടുവന്നതെന്നാണ്.

ശ്രീ. എ. കെ. ആൻറണി: ശ്രീ. അഹമ്മദ് ചോദിച്ചത് ഞാൻ മനസ്സിലാക്കിയിടത്തോളം ഇപ്പോഠം മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഇല്ലെങ്കിൽ ഈ ബിൽ എല്ലാംകൊണ്ടും കുറ്റമറ്റതാണെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്നാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: എനിക്ക് ഈ ബില്ലിനെപ്പറ്റി പറയാനുള്ളത് ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണെന്നാണ്. അതിനെ ചുറ്റിപ്പറ്റിയാണ് ഈ രാഷ്ട്രീയം മുഴുവൻ നിൽക്കുന്നത്. ബഹുമാനപ്പെട്ട മാണി ഇഷ്ടദാനം ഇഷ്ടദാനത്തിനുവേണ്ടി, കല കലയ്ക്കുവേണ്ടി എന്നെല്ലാം പറഞ്ഞതുപോലെ ഇഷ്ടദാനം ഇഷ്ടദാനത്തിനുവേണ്ടി എന്നുള്ള രീതിയിൽ എടുക്കണം എന്നു പറയുകയുണ്ടായി. എന്നാൽ അങ്ങനെ യല്ല ഇപ്പോഠം. ഇപ്പോഠം നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ ജനങ്ങളുടെ മനസ്സിൽ ഇതൊരു രാഷ്ട്രീയ പ്രശ്നം ആയിത്തീർന്നിട്ടുണ്ട്. അത് അങ്ങനെ വിചാരിച്ചാലേ പറ്റുകയുള്ളു. ഞാൻ പറഞ്ഞത് നമുക്ക് ഈ കാര്യത്തിൽ ഒരു പുനർവിചാരം വേണം. അതിന് ഇനിയും സ്വല്പം സമയം ഉണ്ട്. അതുപോലെതന്നെ ബില്ലിലെ ഈ ഏർപ്പാടുകളെല്ലാം ഉണ്ടല്ലോ. അതിനേക്കുറിച്ച് വളരെ വേഗത്തിൽ ഒരു പുനർ വിചാരം വേണ മെന്നാണ് എനിക്ക് വീണ്ടും പറയാനുള്ളത്. ബഹുമാനപ്പെട്ട ആൻറണി യോട് എനിക്ക് പ്രത്യേകിച്ചും പറയാനുണ്ട്. ശ്രീ. സി. എച്ച്. മുഹമ്മദു കോയയോടും എനിക്ക് പറയാനുണ്ട്. അതുകൊണ്ട് ഞാൻ പറഞ്ഞതു പോലെ ഈ ബില്ലിനെസംബന്ധിച്ചുള്ള പോക്കുകഠം ഞാൻ പറഞ്ഞതു പോലെ ഒരു കോംപ്രമൈസ് ആയിരുന്നു, ആ കോംപ്രമൈസ് ഒരു പ്രത്യേക കാലഘട്ടത്തിൽ, രാജ്യത്തിൻെറ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി, ജനങ്ങളുടെ പൊതുവായ താൽപ്പര്യങ്ങഠം സംരക്ഷിക്കാൻ വേണ്ടി ഞങ്ങളുടെ എളിയ പാർട്ടി ചെയ്യേണ്ട നിർബന്ധപൂർവമായ ഒരു ബാധ്യത എന്നുള്ള നിലയിൽ ആണ് ഞങ്ങഠം ഇങ്ങനെ ചെയ്തിട്ടുള്ളത് എന്നുള്ളത് അറിയിച്ചുകൊണ്ട് എൻെറ പ്രസംഗം ഉപസംഹരിക്കുന്നു.

[Mr. Speaker in the Chair]

ശ്രീ. ബേബിജോൺ: സർ, ഇന്ന് നമ്മുടെ നിയമസഭയിൽ ചർച്ച നടത്തുന്ന 'കേരള ലാൻറ് റീഫോംസ് അമെൻറുമെൻറ് ബിൽ
1 p. m. 1979' എൻെറ പേരിൽ മൂവ് ചെയ്തിരിക്കുകയാണ്. ഓർഡിനൻസ് റീപ്ലെയിസ് ചെയ്യുന്നതിനുള്ള ഒരു ബില്ലാ ണിത്. ഓർഡിനൻസ് പ്രസിദ്ധീകരിച്ചപ്പോഴും അതിനുമുൻപും ഈ സംസ്ഥാനത്തിനകത്തും ഈ രാജ്യമൊട്ടുക്കും ഈ ബില്ലിലെ ഉള്ളടക്കത്തെ ക്കുറിച്ചും ചില പ്രത്യേക സെക്ഷനെ സംബന്ധിച്ചും അനുകൂലമായും പ്രതികൂലമായും ഉള്ള വാദപ്രതിവാദങ്ങഠം നടന്നിട്ടുണ്ട്. പ്രചരണ ത്തിൻെറപോക്ക് അതിൻെറ എക്സ്ട്രീംപൊസിഷനിൽ എത്തിയപ്പോഠം കേരള ലാൻറ് റിഫോംസ് അമെൻറ്മെൻറ് ബിൽ 1979 എന്നുള്ളത് മാറി ഇപ്പോഠം ഇഷ്ടദാന ബിൽ എന്ന പേരിലാണ് അറിയപ്പെടുന്നത്. പല

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട വകുപ്പുകളും അതിൽ ഉൾക്കൊള്ളുന്നുണ്ട്. അതിനെ സംബന്ധിച്ച് വളരെ ദീർഘമായ ചർച്ചകൾ നടന്നിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അനുകൂലമായും പ്രതികൂലമായും ചർച്ചകൾ നടന്നു. അങ്ങനെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ ഈ രാജ്യത്ത് പൊതുവായി വളർന്നുവരുന്ന സാഹചര്യം, ഈ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ആ മാറ്റങ്ങൾക്കനുസൃതമായി രാഷ്ട്രീയപ്പാർട്ടികൾ അനുവർത്തിക്കേണ്ട നയം എന്നീ കാര്യങ്ങളെക്കുറിച്ചും ചർച്ചകൾ നടന്നിട്ടുണ്ട്. ഈ രാജ്യത്ത് പ്രവർത്തിക്കുന്ന ഇടതുപക്ഷപ്പാർട്ടികൾ, മാർക്സിസ്റ്റ് പാർട്ടിയിൽ വിശ്വസിക്കുന്നവർ ഇടതുപക്ഷ ഐക്യമുന്നണിയുടെ ആവശ്യകതയെക്കുറിച്ച്, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആവശ്യകതയെക്കുറിച്ച് ഉറക്കെ ചിന്തിക്കുവാനും അത് പ്രാവർത്തികമാക്കുവാനുംവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യൻ ഭരണകൂടത്തിൽ വിള്ളലുണ്ടായപ്പോൾ, ആഴമേറിയ പ്രശ്നങ്ങളുണ്ടായപ്പോൾ അധികാരം കയ്യടക്കിവച്ചിരുന്ന വർഗ്ഗം പിൻതള്ളപ്പെട്ടപ്പോൾ, ഉണ്ടായ വിടവിൽനിന്നും രാജ്യത്ത് അധ്വാനിക്കുന്ന ജനതക്ക് തൊഴിലാളിക്ക്, കർഷകത്തൊഴിലാളിക്ക്, അധ്വാനിക്കുന്ന ജനതക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി പുരോഗമനാശയമുള്ള ഇടതുപക്ഷപ്പാർട്ടിക്കാർ പ്രത്യേകിച്ച് ആലോചിച്ചു. അപ്പോൾ ആർ.എസ്.എസിന്റെ മേധാവിത്വമുള്ള ജനതയും സ്വേച്ഛാധിപത്യ നേതൃത്വമുള്ള ഇന്ദിരാകോൺഗ്രസും എതിർക്കപ്പെടേണ്ട ശക്തികളാണെന്ന് ഉള്ള ബോധ്യം ഇടതുപക്ഷപ്പാർട്ടിക്ക് മാത്രമല്ല വലിയൊരു ജനവിഭാഗത്തിന് ഉണ്ടായി. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണി വളരെക്കാലത്തിനുമുൻപ് ഒരു മൂന്നാംചേരിയുടെ കാര്യം പറയുകയുണ്ടായി. ആ മൂന്നാംചേരി രൂപീകരിക്കേണ്ടത് കോൺഗ്രസ് (ഐ) യെയും ജനതയെയും അതുപോലെ പിന്തിരിപ്പൻ സ്വഭാവമുള്ള മറ്റു ശക്തികളേയും മാറ്റിനിറുത്തിക്കൊണ്ടായിരിക്കണമെന്നും പറഞ്ഞു. ഏതായാലും ഈ രാജ്യത്തെ സ്ഥിതിഗതികൾ വിശകലനം ചെയ്തുകൊണ്ട് ഞങ്ങൾ ഒരു നിഗമനത്തിലെത്തിച്ചേർന്നു. ഞങ്ങളോട് കൂട്ടാളികളായിരുന്നവർ, 8-ാം തീയതിക്ക് മുൻപ് ഭരണം നടത്തിയിരുന്ന കക്ഷികളെല്ലാംതന്നെ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് വിശകലനം ചെയ്തപ്പോൾ ഈ രാജ്യത്തെ ജനങ്ങളെ സഹായിക്കുന്നതിന് ഈ രാജ്യത്തെ ജനങ്ങളെ വർഗ്ഗീയ സ്വേച്ഛാധിപത്യശക്തികളിൽനിന്നും രക്ഷിക്കുന്നതിന് ഇങ്ങനെയൊരു മുന്നണി ആവശ്യമാണെന്ന് എല്ലാവരും തീരുമാനിച്ചു. അങ്ങനെ അത് പ്രാവർത്തികമാക്കുന്നതിനുള്ള പരിശ്രമം നടന്നു. അതേസമയത്ത് ഇന്ന് ചർച്ചാവിഷയമായിരിക്കുന്ന ഇഷ്ടദാന വ്യവസ്ഥ ഉൾക്കൊള്ളുന്ന ബില്ലും പാസാക്കണമെന്നു തീരുമാനിച്ചു. അതിൽനിന്നും ഞങ്ങൾ ഒഴിഞ്ഞുമാറുന്നില്ല; അപ്രകാരം ഒഴിഞ്ഞുമാറുന്നത് ശരിയുമല്ല. ശ്രീമാൻ ശ്രീനിവാസൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇൻഡ്യാ രാജ്യത്തെ പൊതുവായ സ്ഥിതിഗതികൾ നോക്കുമ്പോൾ ഇങ്ങനെ ഒരു കൂട്ടുകെട്ട് ആവശ്യമാണ്. സുശക്തമായ ഒരു ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്ന് പറയുമ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള ഒരു മുന്നണിയെ ഇടതുപക്ഷമുന്നണി എന്ന് പറയുവാൻ ആർക്കും സാധിക്കുകയില്ല.

കഴിഞ്ഞ പത്തുവർഷംകൊണ്ട് പടുത്തുയർത്തിയിരുന്ന ഐക്യമുന്നണി ഇന്ന് തകർന്നിരിക്കുകയാണ്. ആ തകർച്ചക്ക് കാരണം ഇഷ്ടദാന വ്യവസ്ഥ എന്ന വലിയ പാറയിൽ തട്ടിപ്പോയതുകൊണ്ടാണെന്നു പറയുന്നവരുണ്ട്. എന്നാൽ ഞാൻ അതിനെ ഒരു വലിയ പാറയായിട്ടല്ല, ഒരു ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റിയായിട്ട് മാത്രമേ കാണുന്നുള്ളൂ. അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം എന്നൊരപേക്ഷയുണ്ട്.

ഇപ്പോഴത്തെ കൂട്ടുകെട്ടിനെക്കുറിച്ച് ഇവിടെ പലരും പറഞ്ഞുകേട്ടു. എന്തായാലും കൂട്ടുകെട്ട് നല്ലതുതന്നെ. ശ്രീ. സി. എച്ച്. മുഹമ്മദുകോയ മുഖ്യമന്ത്രിയായി കണ്ടതിൽ വളരെയധികം സന്തോഷം എനിക്കുണ്ട്. എന്നാൽ എനിക്ക് ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ ഇന്നത്തെ കൂട്ടുകെട്ടിൽ അങ്ങേയറ്റം ദുഃഖവുമുണ്ട്. ഈ രാജ്യത്ത് വളരേണ്ട കക്ഷികളാണ് ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടേയും ശ്രീ. എ. കെ. ആൻറണിയുടേയും കക്ഷികൾ. അതുപോലെതന്നെയാണ് കേരള കോൺഗ്രസും. എൻെറ സ്നേഹിതൻ ശ്രീ. മുഹമ്മദുകോയക്ക് കോടതിവിധിയുടെ ഫലമായി കുറച്ചുനാൾ നിയമസഭാംഗത്വം നഷ്ടപ്പെട്ടു. എന്നാൽ പിന്നീട് സുപ്രീംകോടതിവിധിയുടെ ഫലമായി നിയമസഭാംഗത്വം പുനഃസ്ഥാപിച്ചുകിട്ടി. അങ്ങയുടെ കക്ഷിയുടെ നേതാവ് ശ്രീ. ഇബ്രാഹിം സുലൈമാൻസേട്ട് ഇന്നും സുപ്രീംകോടതിയുടെ വിധിയും കാത്തിരിക്കുകയാണ്. അങ്ങ് ഒരു പ്രസംഗം നടത്തിയിട്ടുണ്ട്; ആർ.എസ്.എസ്-ൻെറ മേധാവിത്വമുള്ള ജനത, സ്വേച്ഛാധിപത്യസ്വഭാവമുള്ള ജനത ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ ജനാധിപത്യാവകാശസംരക്ഷണത്തിന് എതിരാണെന്ന് ആലങ്കാരികമായ ഭാഷയിൽതന്നെ അങ്ങ് പറഞ്ഞിട്ടുണ്ട്. അപ്പോൾ മുസ്ലീംസമുദായത്തിന് എന്തുമാത്രം എതിർപ്പാണ് ജനതയോടുള്ളതെന്നുള്ളതിന് ഇതിൽകൂടുതൽ തെളിവുകൾ ഹാജരാക്കേണ്ട കാര്യമില്ല. ഇഷ്ടദാനബില്ല് അല്ലെങ്കിൽ ഇഷ്ടദാന വ്യവസ്ഥ പാസാക്കുകയെന്നുള്ളതിലാണോ ഇൻഡ്യയിലെ മതന്യൂനപക്ഷത്തിന് അപകടമുണ്ടാക്കുന്ന ശക്തികളെ ജനാധിപത്യ പ്രസ്ഥാനത്തിന് അപകടമുണ്ടാക്കുന്ന ശക്തികളെ എതിർക്കുന്നതിനാണോ നാം പ്രാധാന്യം നൽകേണ്ടതെന്ന് ഗൗരവമായി ആലോചിക്കണം.

ശ്രീ. പി. സീതിഹാജി: ഞങ്ങളുടെ നേതാവിൻെറ പ്രസംഗത്തെ ചോദ്യംചെയ്തുകൊണ്ട് കേസ് കൊടുത്തത് ആർ. എസ്. എസുകാരും ജനസംഘക്കാരുമല്ല അങ്ങയുടെ അടുത്തിരിക്കുന്ന അബൂബേക്കറിൻെറ കക്ഷിയാണെന്ന് അറിയാമോ?

ശ്രീ. ബേബിജോൺ: അതു ശരിയാണ്. അബൂബേക്കറിൻെറ കക്ഷിയാണ് അത് കൊടുത്തതെങ്കിലും പറഞ്ഞത് ആർ. എസ്. എസിനെ കുറിച്ചുള്ള പ്രയോഗത്തെ കുറിച്ചായിരുന്നുവെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഞാൻ ആരേയും വിമർശിക്കാൻ പറയുന്നതല്ല. വേദനാജനകമായ സ്ഥിതിവിശേഷമാണ്, പത്തുവർഷമായി പടുത്തുയർത്തിയ ഒരു പ്രസ്ഥാനം കൂടുതൽ സുശക്തമാക്കുന്നതിനുവേണ്ടി ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനതയുടെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി ജനാധിപത്യാവകാശങ്ങൾ നിലനിർത്തുന്നതിനുവേണ്ടി സ്വേച്ഛാധിപത്യത്തിനും വർഗ്ഗീയതക്കും എതിരായി പോരാടുന്നതിനുവേണ്ടി നാം പടുത്തുയർത്തിയിരുന്ന മുന്നണി വിപുലപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമം തകർന്നത് നിർഭാഗ്യകരമായി................

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സ്വേച്ഛാധിപത്യത്തിനെതിരായിട്ടുള്ള ശക്തികളെ ജനാധിപത്യശക്തികളെ ശക്തിപ്പെടുത്താൻവേണ്ടി ഒന്നിക്കണമെന്ന് പറഞ്ഞു. ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഏതുഭാഗത്തായിരുന്നു ബേബിജോൺ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: ശങ്കരൻകുട്ടി നമ്മൾ തമ്മിൽ ഇത് വേണോ? എന്റെ സ്നേഹിതൻ ചന്ദ്രശേഖരന്റെ കക്ഷി അടുത്തകാലത്ത് പ്രമേയം പാസാക്കി ആർ. എസ്. എസുകാരെ ഒഴിച്ചുനിർത്തണമെന്ന്. ഞാൻ സമ്മതിക്കുന്നു. പക്ഷെ ചന്ദ്രശേഖരന്റെ ജനതാപാർട്ടിയിൽനിന്ന് ആളുകൾ പാർലമെന്റിലേക്ക് പോയാൽ ആരുടെകൂടെ വോട്ടുചെയ്യും. ആർ. എസ്. എസിനെ ഒഴിവാക്കണമെന്ന് പറഞ്ഞ ചന്ദ്രശേഖരന്റെകൂടെ രാജഗോപാലൻ ഇപ്പോഴും ഇല്ലേ? പിന്നെ നിങ്ങൾ എങ്ങനെ ഒഴിവാക്കും. ഇവിടെ പല രീതിയിലുള്ള പ്രചരണം നടന്നു. ആഭ്യന്തരമായ അപകടം ഉണ്ടാക്കിയിരിക്കുന്നുവെന്ന് പറഞ്ഞു. എനിക്ക് ആ അഭിപ്രായത്തോട് യോജിപ്പില്ല. കഴിഞ്ഞകാല സംഭവം തള്ളിപ്പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മറിച്ച് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിടത്തൊക്കെ അത് ഏറ്റെടുത്തിട്ടുണ്ട്. ഖേദിക്കാനൊന്നുമില്ലെന്ന അഭിപ്രായക്കാരനാണ് ഞാൻ. കഴിഞ്ഞ ഐക്യമുന്നണി ഭരണകാലത്ത് നടന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചൊന്നും ഖേദിക്കാനില്ല. ഒരു പർപ്പസ്ഫുൾ ഗവൺമെന്റ് ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുവെന്ന അഭിമാനബോധമാണ് എനിക്കുള്ളത്. ഈ സംസ്ഥാനത്ത് ജനങ്ങളുടെ താൽപര്യസംരക്ഷണത്തിനുവേണ്ടി പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരിശ്രമിച്ചു. അവശതകൾ പൂർണ്ണമായും പരിഹരിച്ചുവെന്ന് അവകാശപ്പെടുന്നില്ല. പ്രശ്നങ്ങൾ നിരവധിയുണ്ട്, കൂമ്പാരംകൂടിയിരിക്കുകയാണ്. പക്ഷെ ആ പ്രശ്നങ്ങൾക്ക് നിശ്ചയദാർഢ്യത്തോടുകൂടി പരിഹാരംകാണാൻ പരിശ്രമിച്ചു. ആ പരിശ്രമം കൂടുതൽ ഫലപ്രദമാകുമായിരുന്നു കൂടുതൽ സുശക്തമായ ഒരു ഇടതുപക്ഷ ജനാധിപത്യമുന്നണി ഉണ്ടായിരുന്നെങ്കിൽ. ഞാൻ ആ കാര്യത്തിലേക്ക് കടക്കുന്നില്ല. സെക്ഷൻ 3-ലെ 6 (സി)-യെ കുറിച്ച് പറയാനാഗ്രഹിക്കുകയാണ്. ഈ ബില്ലിലെ മറ്റ് വകുപ്പുകളെ സംബന്ധിച്ച് വലിയ വിവാദമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. റവന്യൂറിക്കവറിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. സെക്ഷൻ 73 അനുസരിച്ച് റവന്യൂറിക്കവറിയെന്ന നടപടിയാണ്. അത് സെക്ഷൻ 26-നും കൂടി ബാധകമാക്കണമെന്ന് വച്ചിരിക്കുന്നത് വലിയ ദ്രോഹകരമായ നടപടിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഏകീകൃതരൂപം വേണമെന്നുള്ളതാണ്. എന്നുമാത്രമല്ല ഡെറ്റ് റിലീഫ് ആക്റ്റ് പാസ്സായതോടുകൂടിയും ഇൻസ്റ്റാൾമെന്റ് ഫെസിലിറ്റീസ് നമ്മൾ നൽകുന്നതോടുകൂടിയും ആ ബുദ്ധിമുട്ട് ഇല്ലെന്നാണ് എന്റെ അഭിപ്രായം. അതുകഴിഞ്ഞാൽ പിന്നീട് ഉണ്ടാകുന്ന ഒരു പ്രധാനപ്പെട്ട വകുപ്പാണ് ഹൈക്കോടതി വിധിമൂലം വന്നിട്ടുള്ളത്. നേരത്തെ ഇവിടെ സൂചിപ്പിച്ചു. എക്സംപ്റ്റഡ് ക്യാറ്റഗറിയിൽ പിന്നീട് കൺവർഷൻ വരുമ്പോൾ അത് ഭൂപരിധിക്കുള്ളിൽ കൊണ്ടുവരണമെന്നും മിച്ചം വരുന്നത് എടുക്കണമെന്നും വ്യവസ്ഥ ചെയ്യുന്ന വകുപ്പാണ്. അതിന് വലിയ അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല. സെക്ഷൻ 6 (സി) ആണ് പ്രധാനമായിട്ടുള്ളത്. എന്റെ സ്നേഹിതൻ പി. എസ്. ശ്രീനിവാസൻ 6 'സി'-യെക്കുറിച്ച് പറഞ്ഞു. അതുപോലെതന്നെ മറ്റു പലരും പറഞ്ഞു. നിർഭാഗ്യകരമായ പല പ്രചരണങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ സഭയുടെ അന്തസ്സിന് ചേരാത്ത രീതിയിലുള്ള പ്രചരണമാണ് നടക്കുന്നത്. ചില വ്യക്തികൾക്കു സഹായം നൽകാനാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നതെന്ന് പറയുന്നത് കഷ്ടമാണ്. കഴിഞ്ഞ കാലത്തെക്കുറിച്ച് ചാരിതാർത്ഥ്യത്തോടുകൂടി നോക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 25 ലക്ഷം കുടിയാന്മാർ ഭൂമിയുടെ ഉടമസ്ഥന്മാരായി മാറി. ഒരു ലക്ഷത്തി നാല്പത്തയ്യായിരം ഏക്കർ മിച്ചഭൂമിയായി എടുക്കാൻ തീരുമാനമുണ്ടായി. അതിൽ മുപ്പതിനായിരം ഏക്കർ ഭൂമി കോടതിവിധിമൂലം

സ്റ്റേ ചെയ്തിരിക്കുകയാണ്. ബാക്കിയുള്ളതിന്റെ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ സ്നേഹിതൻ ചന്ദ്രശേഖരനും മാണിയും സൂചിപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും കാലതാമസമുണ്ടാകും. അതിന്റെ കണക്ക് പരിശോധിച്ചാൽ സ്ഥിതിഗതികൾ മനസ്സിലാക്കിയാൽ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി നാം സ്വീകരിച്ചുവെന്ന് കാണാൻ കഴിയും. സങ്കീർണ്ണമായിരുന്നു നിയമം. അതുകൊണ്ടാണ് അതിന്റെ കാലതാമസത്തെപ്പറ്റി പറഞ്ഞത്. ചന്ദ്രശേഖരൻ പറഞ്ഞു ആൾ ഇൻഡ്യാ അടിസ്ഥാനത്തിലുള്ള കണക്കനുസരിച്ച് മിച്ചഭൂമി വിതരണത്തിൽ ഗുജറാത്തും മഹാരാഷ്ട്രയും മുൻപന്തിയിൽ നിൽക്കുന്നുവെന്ന്. ശ്രീ. ഏ. കെ. ആൻറണി പറഞ്ഞു മിച്ചഭൂമി വിതരണം ചെയ്യുന്ന കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനം കർണ്ണാടകമാണെന്ന്. പക്ഷെ ഒരു വസ്തുത നാം മനസ്സിലാക്കണം. ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കുന്നതിന് മുമ്പുതന്നെ നാം ഇവിടത്തെ സ്ഥിതിഗതികൾ പഠിച്ചു. ഈ സംസ്ഥാനത്ത് ഒരു പഠനം നടത്തി. 1967-ൽതന്നെ പഠനത്തിനുള്ള സമഗ്രമായ ഒരുക്കങ്ങൾ നടത്തി. അന്ന് ഏകദേശരൂപമുണ്ടായിരുന്നു. ഒരുലക്ഷത്തി അമ്പതിനായിരം ഏക്കർ മിച്ചഭൂമി കാണുമെന്നായിരുന്നു കണക്ക്. അക്യൂറേറ്റാണ് കണക്കെന്ന് ഞാൻ പറയുന്നില്ല. ഒരുലക്ഷത്തി നാല്പത്തയ്യായിരം ഏക്കർ എടുക്കാൻ തീരുമാനമായിട്ടുണ്ട്. ഒരുപക്ഷേ പതിനായിരം അപ്പുറത്തോട്ടോ ഇപ്പുറത്തോട്ടോ കാണുമായിരിക്കും. എങ്കിലും ഒരു റഫ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. മറ്റ് സംസ്ഥാനത്ത് കാണുന്നതുപോലെ ഇവിടെ മിച്ചഭൂമി കാണുകയില്ല. ആ കാര്യത്തിൽ എനിക്ക് സംശയമില്ല. ഈ സംസ്ഥാനത്തിന്റെ ഹോൾഡിംഗ്സ് എത്രയാണ്. അറുപത് ശതമാനത്തോളം ശരാശരി രണ്ടേക്കറിന് താഴെയാണ് ഹോൾഡിംഗ്സ്. 90 ശതമാനത്തോളം അഞ്ചേക്കറിന് താഴെയാണ്. പിന്നെ എവിടെയാണ് മിച്ചഭൂമി കാണുന്നത്. എന്റെ കക്ഷിയുടെ നേട്ടമായിട്ട് പറയുന്നില്ല, കഴിഞ്ഞ ഐക്യമുന്നണിയുടെ നേട്ടമായിട്ട് ഞാൻ പറയുന്നില്ല അതിനുമുമ്പ് ഈ സംസ്ഥാനത്ത് വളർന്നുവന്ന ശക്തികൾ പ്രവർത്തിച്ചതിന്റെ ഫലമായി പുരോഗമന ആശയമുള്ള ഇടതുപക്ഷ ശക്തികൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ട് മറ്റൊരു സംസ്ഥാനത്തും നടപ്പാക്കിയിട്ടില്ലാത്ത വകുപ്പാണ് കുടിയാന് ഉടമസ്ഥാവകാശം നൽകുന്ന വകുപ്പ്, മറ്റേതെങ്കിലും സംസ്ഥാനത്ത് ഇത് നടപ്പാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. തമിഴ്നാട്ടിൽ ഇപ്പോഴും കുടിയാന് ഉടമസ്ഥാവകാശമില്ല. ഇരുപത്തിയഞ്ചുലക്ഷം കുടുംബങ്ങൾക്ക് ഭൂമികിട്ടിയെന്ന് പറഞ്ഞു. ഇരുപതുലക്ഷം ഏക്കറാണെന്ന് തോന്നുന്നു. എല്ലാവരും മിച്ചഭൂമിയുള്ളവരാണെന്ന് ഞാൻ പറയുന്നില്ല. മിച്ചഭൂമി തിട്ടപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ എന്താണ്? 1964-നു മുമ്പുള്ള എക്സംപ്ഷൻ കഴിഞ്ഞാൽ അയാളുടെ കൈവശമുള്ള ഭൂമിയാണ് മിച്ചഭൂമിയായി തിട്ടപ്പെടുത്താൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കുടിയാന്റെ കൈവശമുള്ള ഭൂമിയുടെ ഉടമസ്ഥാവകാശവുമായി കൂട്ടി മിച്ചഭൂമി തിട്ടപ്പെടുത്തുകയല്ല. നേരെമറിച്ച് കുടിയാന്റെ കൈവശമുള്ള ഭൂമി കഴിച്ചിട്ട് ബാക്കി ഭൂമി എടുത്തിട്ട് അതിൽ എന്തു മിച്ചമുണ്ടെന്നാണ് കണക്കാക്കുന്നത്. അതാണ് മിച്ചഭൂമി കണക്കാക്കുന്ന വ്യവസ്ഥ. നാം അറിയാതെ മിച്ചഭൂമി എന്നുള്ള നിലയിൽത്തന്നെ എടുക്കാതെ മിച്ചഭൂമിയുടെ നല്ലൊരു ഭാഗം സെക്ഷൻ 72 നടപ്പാക്കിയതുവഴി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ സ്ഥിതിയിൽ ഇതിൽ വളരെക്കൂടുതൽ മിച്ചഭൂമിയുണ്ടെന്ന് പറയുന്നത് യാഥാർത്ഥ്യബോധത്തോടുകൂടിയായിരിക്കുകയില്ലെന്നു മാത്രമേ പറയാനുള്ളു. സർ, എനിക്ക് തികഞ്ഞ ചാരിതാർത്ഥ്യത്തോടുകൂടി മാത്രമേ കഴിഞ്ഞകാല പ്രവർത്തനങ്ങളെ കാണാൻ കഴിയുകയുള്ളു. കുടികിടപ്പുകാരുടെ അവകാശത്തെക്കുറിച്ചായാലും അതുതന്നെ.

LIBRARY ARCHIVES Kerala Legislative Assembly

മിച്ചഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലും അതുതന്നെ. ഞാൻ പറഞ്ഞുവന്നത് ക്ലാസ് 3 (6) സി-യെക്കുറിച്ചാണ്. 25 ലക്ഷം കുടിയാൻമാർക്ക് ഉടമാവകാശം കിട്ടിയപ്പോൾ എത്രയോപേർ അതിൽ കാണും. ഏതെങ്കിലും ഒരു വ്യക്തിയെ കണ്ടുകൊണ്ടാണോ ആ കുടിയായ്മ അവസാനിപ്പിക്കാനുള്ള തീരുമാനം എടുത്തത്? അങ്ങനെ ആരും പറയുമെന്നു ഞാൻ കരുതുന്നില്ല. മറിച്ച് ഈ സംസ്ഥാനത്തിൽ ആവശ്യമായിരുന്നു കുടിയാന് ഉടമാവകാശം നൽകുക എന്നുള്ളത്. അതനുസരിച്ച് ചെയ്തു. ഇവിടെ ചില കണക്കുകൾ ചോദിക്കുന്നു. എവിടെന്ന് എങ്ങനെയെന്നു ചോദിക്കുന്നു. ശ്രീ. ജേക്കബ് ഇവിടെ അതു വായിച്ചു. 1973-ൽ അന്നത്തെ റവന്യൂ സെക്രട്ടറിയായിരുന്ന ശ്രീ. ഏ. കെ. കെ. നമ്പ്യാർ, അന്നത്തെ അഗ്രികൾച്ചറൽ ഡയറക്ടറായിരുന്ന ശ്രീ. കാളീശ്വരൻ, ലാ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ ഇവരെല്ലാം ചേർന്ന് അന്നുവരെ നടപ്പാക്കിയിട്ടുള്ള നടപടികളെ സംബന്ധിച്ച് ഒരു പരിശോധന നടത്തി. ഒരു ടാസ്ക്ക് ഫോഴ്സ് ഉണ്ടാക്കി. അവരുടെ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഇന്നലെ അത് ഇവിടെ വായിച്ചു. അതിലെ പ്രസക്തമായ ചില ഭാഗങ്ങൾ മാത്രം വായിക്കുകയാണ്. 196±-നുശേഷമുള്ള ടെനൻസിയെല്ലാം അസ്ഥിരപ്പെടുത്തിയെന്നു പറയുന്നത് ശരിയല്ല. അതുകൊണ്ടാണ് ഞാൻ ഇത് വായിക്കുന്നത്.

It is stated in that report, "Allied with the question of implementation of section 72 has come up the problem of persons who have been admitted into lands as tenants after 1st April 1964. Under section 74 of the Kerala Land Reforms Act, any tenancy created from and after 1st April 1964 is invalid. This prohibition was introduced in the 1964 Act when it was thought that the process of conferment of proprietorship rights on the cultivating tenants will be taken up and completed immediately on the commencement of the Act as passed in 1963. However, this did not happen. We should recognise that for various reasons the implementation of the relevant sections relating to the conferment of proprietorship rights on tenants was not taken up seriously till 1970. In the meanwhile, thousands of tenancies have been created and persons genuinely, believing themselves to be tenants have been admitted into the lands. There seems to be no justification for denying these tenants the same benefits as are available to those admitted as tenants before April 1964. The only possible argument against the recognition of these post 1964 tenancies is that it will help the landlords to setup claims of false tenancies with a view to evading the ceiling provisions. The Task Force does not consider that this provides adequate justification for denying rights to genuine tenant who have been in possession of the lands upto six years. Claims of false tenancies have to be found out by other administrative means. The preparation of a Record of Rights covering enterity of holdings in the State as envisaged in paragraph 12 earlier, would go a long way to uncover these false claims.

It may also be pointed out in this context that tenancies created after 1964 have not been denied the benefits of section 72 in all cases uniformly. Under section 7 of the Kerala Land Reforms

LIBRARY ARCHIVES Kerala Legislative Assembly

Act, any person who was continuously in occupation of a land honestly believing himself to be a tenant for not less than two years within a period of twelve years immediately preceding the 11th day of April 1967 is entitled to all the benefits that a tenant may get അതിനുമുൻപ് രണ്ടുവർഷം എന്നു പറയുമ്പോൾ 1965 ഏപ്രിൽ 11-ം തീയതിവരെയുള്ള ആളുകൾ under the various provisions of the Act, including section 72."

It concludes "in the circumstances, the Task Force would recommend that section 74 of the Kerala Land Reforms Act should be so modified as to make it effective only in respect of tenancies created from the commencement of the Kerala Land Reforms (Amendment) Act, 1969."

ആരെയെങ്കിലും സഹായിക്കാൻവേണ്ടിയാണോ ഇങ്ങനെ എഴുതിവച്ചത്? ചില ആൾക്കാർ പാട്ടക്കാരായി വരുമെന്നും അവർക്ക് ചില സഹായങ്ങൾ വേണ്ടിവരുമെന്നും കണ്ടിട്ടാണോ ഇങ്ങനെ എഴുതിവച്ചത്? ഈ സംഗതികളെക്കുറിച്ച് പഠനംനടത്തിയ ഒരു ടാസ്ക്ക്ഫോഴ്സ്—നമ്മുടെ സംസ്ഥാനത്തിലെ പ്രഗൽഭന്മാരായ ഉദ്യോഗസ്ഥന്മാർ ഉൾക്കൊണ്ടിട്ടുള്ള ഒരു ടാസ്ക്ക്ഫോഴ്സ് പഠനം നടത്തിയിട്ട് സമർപ്പിച്ച റിപ്പോർട്ടാണ് ഇത്. ഏതെങ്കിലും ഒരു വ്യക്തിയെ 'സഹായിക്കാനാണോ? അങ്ങനെ പറയുന്നത് വെറും ബാലിശമല്ലേ? ഏതെങ്കിലും വ്യക്തിയെ സഹായിക്കാനാണ് ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുന്നതെന്നു പറയുന്നത് ഈ സഭയുടെ അന്തസ്സിന് യോജിച്ചതാണോ? നാം ഗൗരവതരമായി ആലോചിക്കണം. ഒരു സമൂഹത്തിന് ഗുണംവരുന്ന നിയമനിർമ്മാണം നടത്തുമ്പോൾ അതിൽ ഏതെല്ലാം വ്യക്തികൾക്ക് എന്നു പ്രത്യേകം എടുത്തുനോക്കേണ്ട കാര്യമില്ല. ഒരുപക്ഷേ സി. എച്ച്. മുഹമ്മദ്കോയക്ക് കിട്ടുമായിരിക്കാം. അതിൽ എന്താണ് അപാകടം? ശ്രീമാൻ ചെറിയ മമ്മുക്കേയിയുടെ അമ്മ ഒരു ലീസ് കൊടുത്താൽ ആ ഭൂവുടമക്ക് ടെനൻറിനെ ക്രിയേറ്റ് ചെയ്യാമെങ്കിൽ അതുകൊണ്ട് നഷ്ടം ആ ഭൂവുടമക്ക്വരണമെന്നു പറഞ്ഞാൽ വലിയ അപാകടമാണോ സർ? ഇത് എന്തു ഏർപ്പാടാണ്? ഇവിടെ പിന്നെ എന്തു സംഗതിയാണ് പ്രധാനമായി പറഞ്ഞിട്ടുള്ളത്? പ്രധാനമായി സെക്ഷൻ 74 ഇൻവാലിഡേറ്റ് ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. വളരെ ക്ലിയറായി സെക്ഷൻ 74 ഇൻവാലിഡേറ്റ് ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. *Section 74—Prohibition of future tenancies*:—After the commencement of this Act, no tenancy shall be created in respect of any land. Any tenancy created in contravention of the provisions of sub-section (1) shall be invalid. After the commencement of this Act, എന്നു പറഞ്ഞാൽ എപ്പോഴും 1963-ആണ് ഉദ്ദേശിക്കുന്നത്. 1969-ലെ അമെൻറുമെൻറിലുള്ളതാണ്. വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്. എന്താണ്? ഒരു സിസ്റ്റം അവസാനിപ്പിക്കുക എന്നുള്ളതാണ്. ഭൂവുടമാ സമ്പ്രദായത്തിൽ ആ സിസ്റ്റം നിലനിൽക്കരുതെന്നുള്ളതാണ് ഉദ്ദേശം. അതുപോലെതന്നെ, Any tenancy created shall be invalid എന്നും പറയുന്നുണ്ട്. എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്? പല സ്ഥലത്തുനിന്നും ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ആശങ്കകൾ ഉണ്ടായിരുന്നു; മിച്ചഭൂമിയിൽനിന്നു മറികടക്കുന്നതിനുവേണ്ടിയാണെന്ന്. മിച്ചഭൂമി തിരിമറി നടത്തും ടെനൻസി ക്രിയേറ്റ് ചെയ്താൽ എന്ന്. ശരിയാണ്. ചിലപ്പോൾ അതിനുള്ള അവസരങ്ങൾ ഉണ്ടാകും. നമ്മൾ ഈ നിയമനിർമ്മാണം ആകെക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

നോക്കുമ്പോൾ ഈ തിരിമറി നടത്തുന്നതിനെ ന്യായീകരിക്കാൻ ശ്രമിക്കുകയാണെന്നു ഒരു നിമിഷംപോലും ആരും വിചാരിക്കരുത്. പക്ഷേ നമ്മുടെ നിയമനിർമ്മാണത്തിൽ ആകെക്കൂടി നോക്കുമ്പോൾ ഊന്നൽ നൽകിയിട്ടുള്ളത് എന്തിനാണ്? എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ഇ. പി. ഗോപാലൻ ഇന്നലെ ഇവിടെ പറഞ്ഞു. കേരളത്തിലെ കുടിയായ്മ അവസാനിപ്പിക്കുക എന്നുള്ളത്. കർഷകജനത ഐതിഹാസികമായ സമരങ്ങൾ നടത്തിയത്, ജന്മിത്വത്തിന് എതിരായ പോരാട്ടങ്ങൾ നടത്തിയത് നമുക്കറിയാം. കർഷകജനത എത്രയോ ഐതിഹാസികമായ സമരങ്ങൾ നടത്തി എത്രയോ സഖാക്കൾ ജീവൻ ബലി അർപ്പിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെയൊരു നിയമനിർമ്മാണം ഉണ്ടായത്. ഒരു സുപ്രഭാതത്തിൽ ആരുടേയും കാരുണ്യംകൊണ്ട് ഉണ്ടായ ഒരു നിയമനിർമ്മാണമല്ല ഇത്. എത്രയോ സഖാക്കൾ ഐതിഹാസികമായ സമരങ്ങൾ നടത്തിയതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. കുടിയാനെ സഹായിക്കുന്നതിനുവേണ്ടിയുള്ള വ്യഗ്രതകൊണ്ട് നാം 1969-ൽ എഴുതിച്ചേർത്ത ചില വകുപ്പുകൾ പ്രകാരം ദുരുദ്ദേശപരമാണെന്നു ഞാൻ പറയുന്നില്ല, ആത്മാർത്ഥതയോടുകൂടി ചെയ്യേണ്ടതുതന്നെയാണ് എന്റെ വാദം, ഡീഡ് ടെനൻസിനെ ക്രിയേറ്റ് ചെയ്തപ്പോൾ ആ പഴുതിൽകൂടി എത്രയോ ഭൂവുടമകൾ മിച്ചഭൂമിയിൽനിന്ന് വഴുതിമാറാൻ പരിശ്രമിച്ചിട്ടുള്ളത് നമുക്കറിയാം. പക്ഷേ അങ്ങനെ ചില ഭൂഉടമകൾ മിച്ചഭൂമിയിൽനിന്നു രക്ഷപ്പെടുന്നതിനുവേണ്ടി അതു ഉപയോഗിക്കുമെന്നു കണ്ട് ഭയന്നിട്ട് നൂറുകണക്കിന്, ആയിരക്കണക്കിന് കർഷകർക്ക് ലഭിക്കാവുന്ന അവകാശങ്ങളും നേട്ടങ്ങളും ഇല്ലാതാക്കുക എന്നുപറയുന്നതു ശരിയല്ല. അതുകൊണ്ടാണ് സെക്ഷൻ 7-നെ ഞാൻ ന്യായീകരിക്കുന്നത്. മൂന്നോ നാലോ അല്ലെങ്കിൽ എട്ടോ പത്തോ ഭൂഉടമകൾ സെക്ഷൻ 7-ന്റെ മറവിൽനിന്നുകൊണ്ട് മിച്ചഭൂമി മറികടക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ആ സ്ഥാനത്ത് ആയിരക്കണക്കിന് കർഷകർക്ക്, കുടിയാന്മാർക്ക് ഉടമസ്ഥാവകാശം കിട്ടുന്നുണ്ട് സെക്ഷൻ 7 മുഖാന്തിരം. അതുകൊണ്ടാണ് ആ സെക്ഷനെ ഞാൻ അനുകൂലിക്കുന്നത്. അവിടെയുമുണ്ട് പഴുതുകൾ. ആ പഴുതുകൾ ഉപയോഗിച്ച് ഭൂഉടമസ്ഥർ മാറിയിട്ടുണ്ട്, മാറ്റിയിട്ടുണ്ട്. ഇല്ലെന്നുപറയാൻ ഒക്കുകയില്ല. ഇവിടത്തെ മിച്ചഭൂമി മുഴുവൻ പോകുമെന്നു പറയുന്ന ചില സ്നേഹിതന്മാർ ഉപയോഗിക്കുന്ന ഈ പ്രചരണായുധം എന്തു ഭയങ്കരമാണ്? എന്തെല്ലാം സ്വാധീനശക്തി അതിന് ഉണ്ടാക്കാൻ സാധിക്കുമെന്നുള്ളത് എനിക്ക് ഇപ്പോഴാണ് മനസിലാക്കാൻ സാധിച്ചത്. എന്നാൽ മിച്ചഭൂമിയെല്ലാം മറികടന്നുപോകുമെന്ന് വ്യാഖ്യാനിക്കുന്ന സ്നേഹിതന്മാരോട് മിച്ചഭൂമി തിട്ടപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന സെക്ഷൻ 84 ഒന്നു വായിച്ചു നോക്കണമെന്നു ഞാൻ പറയുകയാണ്. അതു വായിച്ചു സമയം കളയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

<u>മി. സ്പീക്കർ:</u> അൽപ്പസമയംകൂടിയിരിക്കണം. അതിനു എല്ലാവരും സഹകരിക്കണം.

<u>ശ്രീ. ബേബിജോൺ:</u> സർ, സെക്ഷൻ 84-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്, എങ്ങനെവേണം മിച്ചഭൂമി തിട്ടപ്പെടുത്തേണ്ടതെന്ന്. സെക്ഷൻ 72 അനുസരിച്ചുള്ള ബനിഫിറ്റ് കിട്ടുന്നതൊഴികെ ബാക്കി ഒന്നിനും...............

<u>ശ്രീ. എം. വി. രാഘവൻ:</u> മണി ഒന്നരയായല്ലോ. ബഹുമാനപ്പെട്ട മെമ്പർ നാളെ പ്രസംഗിച്ചാൽ മതിയല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സ്വൽപ്പസമയംകൂടി ഇരുന്നാൽ മതി. അതിനു എല്ലാ അംഗങ്ങളും സഹകരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം കേൾക്കാനുള്ള വിഷമംകൊണ്ടായിരിക്കാം അവസാനിപ്പിക്കണമെന്നു പറയുന്നത്.

ശ്രീ. ബേബി ജോൺ: ഓരോ പാർട്ടിയുടേയും പൊസിഷൻ എക്സ്പ്ലെയിൻ ചെയ്യുന്നതുകൊണ്ട് ഭിന്നിപ്പിക്കാമെന്ന് ആരും തെറ്റിദ്ധരിക്കേണ്ട. അതു വേണ്ട. മിച്ചഭൂമിയുടെ പരിധി മറികടക്കാൻ സാധിക്കുകയില്ല എന്നുള്ളത് സെക്ഷൻ 84-ൽ പറയുന്നുണ്ട്. Certain voluntary transfers to be null and void—(1) notwithstanding anything contained in any law for the time being in force, all voluntary transfers effected after the date of publication of the Kerala Land Reforms Bill, 1963, in the Gazette, otherwise than—എന്നു പറഞ്ഞു വരുന്നതിൽ ഇതു വരുന്നില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ പുത്തനായി ക്രീയേറ്റ് ചെയ്യുന്ന ഗ്രാൻറായിട്ടുള്ള പുതിയ ടെനൻസിയുള്ള ആളുകൾ 1964-നു ശേഷവും 1970-നുള്ളിലും ആയിട്ട് ഈ പറഞ്ഞിട്ടുള്ള ഭൂമി വാങ്ങിയത് ഞാനാണെന്നു പറയുകയും ജന്മി അത് സമ്മതിക്കുകയും ചെയ്യുകയാണെങ്കിൽ എന്തു സംഭവിക്കുകയില്ല.' അതിനുശേഷമാണ് പരിധി നിശ്ചയിക്കുന്നതിന്റെ തീരുമാനം വന്നിരിക്കുന്നത്. 1970 ജനുവരിക്കു ശേഷമാണ് തിട്ടപ്പെടുത്താനുള്ള തീരുമാനം എടുക്കുന്നത്. ഈ 1970 ജനുവരി ഒന്നിനും 64-നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ മിച്ചഭൂമിയായിരുന്നത് ആരുടെയെങ്കിലും കൈവശമുണ്ടെന്ന് ഇപ്പോൾ അവകാശപ്പെടുകയും അതങ്ങനെയാണെന്ന് ജന്മിമാർ പറയുകയും ചെയ്താൽ എന്തായിരിക്കും സംഭവിക്കുക?

ശ്രീ. ബേബി ജോൺ: ഒക്കുകയില്ല. മിച്ചഭൂമിയുടെ സ്റ്റേറ്റ്മെൻറ് കൊടുത്തിട്ടുണ്ട്. ഓരോരുത്തരുടെ പൊസഷൻവച്ച് സ്റ്റേറ്റ്മെൻറ് കൊടുത്തിട്ടുണ്ട്. മറ്റുള്ളവരുടെ കയ്യിലുള്ള പൊസഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: കൃഷികാരൻ വാദിക്കുന്നത് അങ്ങനെയുള്ള സ്റ്റേറ്റുമെൻറ് കള്ള സ്റ്റേറ്റുമെൻറ് ആണെന്നാണ്.

ശ്രീ. ബേബിജോൺ: ഞാനും ബഹുമാനപ്പെട്ട ശ്രീനിവാസനുമായി ഈ നിയമസഭയിൽനിന്ന് പരസ്യമായി ഇക്കാര്യത്തെക്കുറിച്ച് ഒരു വാദപ്രതിവാദം നടത്തുന്നത് ശരിയായിരിക്കയില്ല. ഞാൻ പറഞ്ഞത് പ്രത്യേകമായി ആരെയെങ്കിലും സഹായിക്കാനാണെന്ന രീതിയിൽ പറയുന്നത് ശരിയല്ലെന്നാണ്. മിച്ചഭൂമിയിൽനിന്നു പോകുമെന്നു പറയുന്നത് ശരിയല്ല. അതേസമയത്ത് ബഹുമാനപ്പെട്ട ഇ. എം. എസ്. ഇതിനെ സംബന്ധിച്ച് ഒരു ക്രിട്ടിസിസം ഉന്നയിച്ചപ്പോൾ വളരെ ഗൗരവതരമായി ഞാൻ അതു കണക്കിലെടുത്തു. അദ്ദേഹം മിച്ചഭൂമി ലഭിക്കാനുള്ളതിൽ കുറവു വന്നേക്കുമെന്നുള്ള ആശങ്ക പ്രകടിപ്പിച്ചു. ഞാൻ മന്ത്രിയായിരിക്കുമ്പോൾ തന്നെ ക്രിട്ടിസിസം വന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ആലോചിച്ചു. ആലോചിച്ചപ്പോഴും ഞാൻ പറഞ്ഞ നിയമോപദേശമാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ലഭിച്ചത്. ഞാൻ വലിയ നിയമജ്ഞനല്ല, ചെറിയ നിയമം പോലും അറിഞ്ഞുകൂടാ. ഉദ്യോഗസ്ഥൻമാരിൽനിന്നുലഭിച്ച നിയമോപദേശം ഇതിൻെറ ആവശ്യമില്ലെന്നാണ്. എങ്കിലും ഞാൻ മന്ത്രിയായിരിക്കുമ്പോൾ തന്നെപറഞ്ഞു, ഒരു ആമ്പിഗുറ്റി ഉണ്ടാകാതിരിക്കാൻ, ആവർത്തനമുണ്ടെങ്കിൽതന്നെയും അതിൽ പ്രൊവൈസോയായി എഴുതിച്ചേർത്തിരിക്കണമെന്ന്. മിച്ചഭൂമിയെ ഇതു ബാധിക്കുന്നതല്ലെന്ന് ഒരു പ്രൊവൈസോ എഴുതിച്ചേർത്തിരിക്കണമെന്ന്. ഇങ്ങനെ ഗൗരവതരമായ ക്രിട്ടിസിസം വന്നപ്പോൾ ന്യായമായും ധാരാളം ആളുകൾക്ക് സന്ദേഹമുള്ളപ്പോൾ അങ്ങനെയൊരു ഉദ്ദേശം എനിക്കോ അന്നത്തെ ഗവൺമെൻറിനോ ഇല്ലായിരുന്നു എന്നുള്ളതുകൊണ്ട്, മിച്ചഭൂമി മറികടക്കാൻ ആളുകളെ സഹായിക്കണമെന്ന ഉദ്ദേശം ഇല്ലാതിരുന്നതുകൊണ്ട് ഇങ്ങനെ ജനുവിനായ സംശയം വന്നപ്പോൾ ആ സംശയം ദൂരീകരിക്കുന്നതിനുവേണ്ടി, ജനങ്ങളിൽനിന്ന് ആ സംശയം മാറ്റുന്നതിനുവേണ്ടി ഇങ്ങനെയൊരു പ്രൊവൈസോ എഴുതിച്ചേർക്കാൻ നിർദ്ദേശം കൊടുത്തിരുന്നു. അതാണ് ഇന്നു വന്നിട്ടുള്ളത്.

സർ, ഇവിടെ ബഹുമാനപ്പെട്ട ഇ. പി. ഗോപാലൻ പറഞ്ഞു ഇപ്പോഴും നടക്കുന്നുണ്ട് എന്നും ഒരേക്കറുകാരനും അരയേക്കറുകാരനും ഉണ്ടെന്ന്. മലയോരകർഷകരുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് ശ്രീ. കുഞ്ഞിക്കണ്ണൻ മെമ്മോറാണ്ടം തന്നിട്ടുണ്ട്, സിറിയക് ജോൺ മെമ്മോറാണ്ടം തന്നിട്ടുണ്ട്, ടി. എം. ജേക്കബ്ബ് തന്നിട്ടുണ്ട്, ദേവസ്സിക്കുട്ടി തന്നിട്ടുണ്ട്. ഇതിനെക്കുറിച്ചൊക്കെ ആലോചിച്ചിട്ടുണ്ട്. ഇങ്ങനെയൊരു വിഭാഗം ഉണ്ടെന്നുള്ളത് നമുക്കറിയാൻ സാധിക്കും. ഇ. പി. ഗോപാലൻ ഇന്നലെ പ്രസംഗിച്ചു. ഇങ്ങനെയൊരു വിഭാഗമുണ്ട്. ഇന്നല്ലെങ്കിൽ നാളെ ആ വിഭാഗത്തിന് എന്തെങ്കിലും സംരക്ഷണം നൽകേണ്ടതായിവരും. ഈ വകുപ്പ് ഇങ്ങനെ ഇരിക്കുന്നിടത്തോളം കാലം ഭൂവുടമാ സമ്പ്രദായം അവസാനിപ്പിക്കാൻ ശ്രമിച്ചോ ജൻമി കുടിയാൻ ബന്ധം അവസാനിപ്പിക്കാൻ ശ്രമിച്ചോ അത് പൂർണ്ണമാകുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം മറ്റൊന്നുകൊണ്ടുമല്ല. ഈ വകുപ്പിരിക്കുമ്പോൾ ആരെ വേണമെങ്കിലും ടെനൻറാക്കാൻ സാധിക്കും. ഒരു നഷ്ടവും ഉണ്ടാകാതെ. പക്ഷേ പിന്നെയും ഇങ്ങനെ ടെനൻറിനെ ക്രിയേറ്റ് ചെയ്താൽ നഷ്ടം വരുമെന്ന തോന്നൽ വരികയാണെങ്കിൽ തീർച്ചയായും പുതിയ ടെനൻസ് ഉണ്ടാകാതിരിക്കുമെന്നാണ് എൻെറ അഭിപ്രായം. അങ്ങനെ തോന്നിയതുകൊണ്ടാണ് അതു ചെയ്തത്. അല്ലാതെ ഭൂവുടമകളെ സഹായിക്കാനല്ല. ശ്രീ. ഇ. പി. ഗോപാലൻ സൂചിപ്പിച്ച ഒാരേക്കറും അരയേക്കറുമുള്ള നൂറു കണക്കിന് കുടിയാൻമാരെ സഹായിക്കുന്നതിനാണ്. ഇതുകൊണ്ട് ആകെകൂടി കുഴപ്പം വരും കേസുവരും എന്നുണ്ടെങ്കിൽ പരിശോധിക്കണം. എനിക്ക് അഭിപ്രായ വ്യത്യാസമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സെക്ഷൻ 72 നടപ്പാക്കുന്നതിനു മുൻപ് 1969-ൽ പുതിയ കുടിയായ്മകളെ അംഗീകരിക്കുന്നതും, സെക്ഷൻ 72 നടപ്പാക്കി 10 കൊല്ലം കഴിഞ്ഞിട്ട് പുതിയ കുടിയായ്മകളെ അംഗീകരിക്കുന്നതുമായി വ്യത്യാസപ്പെടുത്തേണ്ടേ? രണ്ടുഭാഗം ഉണ്ട് എന്നു പറഞ്ഞിട്ടാണ് ഞാൻ പറയുന്നത്,

ശ്രീ. ബേബിജോൺ: ഞാൻ പറഞ്ഞത് 1969-ലെ ആക്ടിൽ 1963-ലെ ആക്ടിൽ ഉള്ളതനുസരിച്ചുള്ള സെക്ഷൻ 72 അനുസരിച്ചുള്ള റൈറ്റ് കുടിയാൻമാർക്ക് കിട്ടിയിട്ടുണ്ട്. ആ റൈറ്റ് പ്രധാനമായും ഇപ്പോൾ അവസാനിച്ചുനിൽക്കുന്ന പ്രധാന റൈറ്റ് എന്നുപറയുന്നത് conferment of ownership right ആണ്, ഉടമസ്ഥാവകാശമാണ്. അതു കിട്ടിയിട്ടുണ്ട്. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

20 ലക്ഷം ആളുകൾക്കു കിട്ടിയത്. പിന്നെയും ചിലകേസുകൾ ഉണ്ടായിട്ടുള്ളതാണ്. ഈ സഭയിൽ ഇങ്ങനെ വല്ലാതെ ഒരു പ്രചരണം വന്നാൽ ഗൗരവമായി അതു പരിശോധിക്കണം. അതുകൊണ്ടാണ് ഞാൻ സെലക്ട് കമ്മിറ്റിക്കു കൊടുക്കണമെന്നു പറഞ്ഞത്. പ്രചരണം ഇങ്ങനെ വരുന്ന അവസരത്തിൽ പ്രചരണം ഇങ്ങനെ നിന്ന് നിയമസഭയിൽ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞു പരിഹാരം കാണാൻ സാധിക്കാത്ത പരിതസ്ഥിതിയിൽ ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് എല്ലാ കക്ഷികളും കൂടിയാലോചിച്ചിട്ട്, വേണ്ട എന്നു വച്ചാൽ വേണ്ടെന്നുവയ്ക്കാം. വെണമെന്നു വച്ചാൽ വേണമെന്നുവയ്ക്കാം. ഇതാണ് ഇതുകൊണ്ടുവന്നതിന്റെ ഉദ്ദേശമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനകത്ത് ആരും ദുരുദ്ദേശമൊന്നും കൊണ്ടുവരരുതെന്നാണ് എനിക്കു പറയാനുള്ളത്, പിന്നെ പ്രധാനമായുള്ളത് സ്നേഹവാൽസല്യത്തിന്റെ പേരിലാണ്. സർ, ചിലരുടെ പ്രസംഗം കേട്ടാൽ ഏതോ ഭയങ്കരമായ അപകടം കഴിഞ്ഞ ഗവൺമെന്റ് ചെയ്തിരിക്കുന്നു എന്ന നിലയിലാണ്. മിച്ചഭൂമിയെല്ലാം ഇക്കഴിഞ്ഞ ഗവൺമെന്റ് ഈ നിയമനിർമ്മാണ നടപടിവഴി ഇല്ലാതാക്കുന്നു, അങ്ങനെ പുതുതായി എന്തോ ഒന്നു കൊണ്ടുവന്നിരിക്കുന്നു എന്നു ധാരണയാണു വന്നിരിക്കുന്നത്. ഇവിടെ പ്രസംഗിച്ചപ്പോൾ അതു വന്നില്ല. സ്നേഹവാൽസല്യത്തിന്റെ പേരിൽ ഭൂമി ആർക്കും കൊടുക്കാമെന്ന വകുപ്പ് ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല. കേരള സംസ്ഥാനത്തു സമഗ്രമായ ഭൂപരിഷ്ക്കരണനിയമം ഉണ്ടാക്കിയതിനു തീർച്ചയായും അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്കു അഭിമാനിക്കാം. 1957-ൽ വന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റാണ് സമഗ്രമായ ഭൂപരിഷ്ക്കരണ നിയമത്തിനു രൂപം നൽകിയത്. അന്നു കമ്മ്യൂണിസ്റ്റുപാർട്ടി മാത്രമായിരുന്നു. അതിൽ ബന്ധപ്പെട്ട് ജസ്റ്റീസ് കൃഷ്ണയ്യർ, പരേതനായ ഡോ. എ. ആർ. മേനോൻ പിന്നെ ഒരു രാമകൃഷ്ണപിള്ളയും ഉണ്ടായിരുന്നു എന്നു തോന്നുന്നു. കൂടുതൽ എനിക്കു ഓർമ്മയില്ല. ബാക്കി കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അംഗങ്ങൾ മാത്രമായിരുന്നു. മിച്ച ഭൂമി മറികടക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആരെയെങ്കിലും സഹായിക്കുവാൻവേണ്ടി ഒരു പാർട്ടിയും ഇങ്ങനെ ഒരു വകുപ്പ് എഴുതി ചേർക്കുകയില്ല. ഈ വകുപ്പ് 1960-ലെ ആക്ടിലുണ്ട്. അതിനു ചരിത്രപരമായ പല കാരണങ്ങളും കാണും. സെക്ഷൻ 60-ൽ പറയുന്നത് ഇതാണ്:

Certain voluntary transfers to be null and void—(1) Notwithstanding anything contained in any law for the time being in force, all voluntary transfers effected after the date of publication of the Kerala Land Reforms Bill, 1963, in the Gazette, otherwise than-

(*i*) by way of partition; or

(*ii*) on account of natural love and effected affection; or

(*iii*) in favour of a person who was a tenant of the holding before the 27th July 1960, and continued to be so till the date of transfer.

ഇത് 1960-ലെ ആക്ടിലുള്ളതാണ്. എന്താണു സർ ഇതിന്റെ കാരണം ? അന്നു നിലവിലിരുന്ന സാമൂഹ്യമായ സാഹചര്യങ്ങൾകൊണ്ട് ഒരു പക്ഷേ ഇങ്ങനെയൊരു വകുപ്പ് എഴുതിചേർക്കാൻ നിർബന്ധിതരായിരിക്കാം. ഒരുപക്ഷേ അന്നു നിലവിലിരുന്ന കേന്ദ്ര ഗവൺമെന്റ് ഇങ്ങനെയൊരു വകുപ്പു വേണമെന്നു നിർബന്ധം പിടിച്ചിരിക്കാം,

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ രേഖകളിൽ കാണുന്നില്ല. എനിക്കു അറിയാൻ സാധിച്ചത് പ്ലാനിംഗ് ഡിപ്പാർട്ട്മെൻറ് ഇങ്ങനെയൊരു വകുപ്പു വേണമെന്നു പറഞ്ഞിട്ടുള്ളതായിട്ടാണ്. ഏതായാലും ഇങ്ങനെയൊരു വകുപ്പ് അന്നുണ്ടായിരുന്നു. അതിനുശേഷം കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശങ്ങളോടുകൂടി അതു തിരിച്ചു വന്നു. ആ നിർദ്ദേശങ്ങളിലും ഗിഫ്റ്റിനെ സംബന്ധിച്ച് ഒന്നുമില്ലായിരുന്നോ? ഇന്നു ഗിഫ്റ്റിനെ എതിർക്കുന്ന ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ അന്നു റവന്യൂ വകുപ്പുമന്ത്രിയായിരുന്നു. ഏതായാലും 1960-ലും ഗിഫ്റ്റിനുള്ള വ്യവസ്ഥ ഉണ്ടായിരുന്നു. ഇന്നു ഗിഫ്റ്റിനെ എതിർക്കുന്ന ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ 1960-ൽ റവന്യൂ മന്ത്രിയായിരിക്കുമ്പോൾ....

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഒരു ചോദ്യം. 1957–59 കാലത്തും കേന്ദ്ര ഗവൺമെൻറ് കാർഷിക പരിഷ്ക്കരണത്തെ സംബന്ധിച്ച് എടുത്ത നയവും അതിനുശേഷം 1960-ലും 1963-ലും 1969-ലും കേന്ദ്ര ഗവൺമെൻറ് അനുവർത്തിച്ച നയവും ഉണ്ട്. അതിൽനിന്നും വ്യത്യസ്തമായി ഒരുനയം സ്വീകരിച്ച് ഇത്തരമൊരു നിയമനിർമ്മാണം ചെയ്യേണ്ട എന്നു കേന്ദ്ര ഗവൺമെൻറ് ആവശ്യപ്പെട്ടതിനുശേഷവും കേരളത്തിലെ ജനങ്ങളുടെ വികാരങ്ങൾക്കു വിരുദ്ധമായി ഒരു നടപടിയുമായി മുന്നോട്ടുവരാൻ പ്രേരിപ്പിച്ച കാര്യമെന്താണ്?

ശ്രീ. ബേബിജോൺ: അതു ഞാൻ പറയാം. വികാരത്തിനു വിരുദ്ധമെന്നൊന്നും ഞാൻ പറയുന്നില്ല. സർ, എന്നോടു നീതികാണിക്കണം. ഞാൻ ചരിത്രപരമായ പശ്ചാത്തലത്തെക്കുറിച്ച് പറയുകയാണ്. ശരിയായ കാര്യങ്ങൾ ശരിയാണെന്നു പറയും. അതല്ലാതെ പറയാൻ എനിക്കു ബുദ്ധിമുട്ടുണ്ട്. തെറ്റുസമ്മതിക്കാനും ഞാൻ തയ്യാറാണ്. യാതൊരു മനഃപ്രയാസവും കൂടാതെ തെറ്റു തെറ്റാണെന്നു സമ്മതിക്കുവാൻ ഞാൻ തയ്യാറാണ്. അതിന് ബുദ്ധിമുട്ടില്ല. പക്ഷേ ഇതിനെ എതിർക്കുന്ന ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഞാൻ എതിർക്കുന്നു എന്നു പറയുന്നതു ശരിയല്ല: ഞാൻ പശ്ചാത്തലം വിവരിച്ചശേഷം പറഞ്ഞത് 1–1–1970-ൽ ഇതവസാനിച്ച്, 1–1–1970–നു അവസാനിച്ച ശേഷം 5–11–1974 വരെ നീട്ടികൊടുക്കുന്നത് തെറ്റാണെന്നു പറഞ്ഞു. ഞാൻ വളരെ ക്ലിയറായിട്ടു പറഞ്ഞതാണ്.

ശ്രീ. ബേബിജോൺ: ഇപ്പോൾ അനുകൂലിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു. നമുക്കതു പരിമിതപ്പെടുത്താം. 1–1–1970-നുശേഷം ഉള്ളതു പരിമിതപ്പെടുത്താം. ഭൂ ഉടമസ്ഥർക്കു ആർക്കുവേണമെങ്കിലും സ്നേഹവാൽസല്യത്തിൻെറ പേരിൽ ഭൂമി കൊടുക്കാമായിരുന്നു. 1960 ലേയും 1963-ലേയും 1964-ലേയും നിയമങ്ങളിൽ അതുണ്ടായിരുന്നു.

മി. സ്പീക്കർ: ഇനി എത്ര സമയം വേണ്ടിവരും?

ശ്രീ. ബേബിജോൺ: എനിക്കു കുറച്ചുസമയംകൂടി വേണം.

മി. സ്പീക്കർ: എങ്കിൽ നാളെ തുടരാം. സഭ ഇപ്പോൾ പിരിയുന്നതും നാളെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

1979 ഒക്ടോബർ 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 1-45–ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS—(Continued from outer cover)

72. A. Poornambal, Proprietor, Bhagy Enterprises, M. G. Road, Trivandrum
73. K. J. Cherian, Manager, Victory Book House, Muvattupuzha
74. M. C. Cherian, M.C.C. Book Depot, Chengannur
75. M/s Radha Stores, Shoranur
76. A. T. A. Musthafa, Musthafa Book Company, P.O. Payangad, Cannanore
77. S.M.C. Babu, Babu Brothers Book Depot, Alwaye-1
78. P. C. Cherian, St. Mary's Press and Book Depot, Changanacherry-1
79. R. Radhakrishnan Nair, Proprietor, Modern Books, Near Boat Jetty Road, Quilon
80. Smt. K. Thankamma, Contractor of K.G.'s Book Stall, Kottayam
81. M. A. Joseph, Proprietor, House of Knowledge, Publishers and Book Sellers, Round South, Trichur
82. V. Krishna Iyer, Retired R.T.O., T.C. 18/201, Valiachala, Trivandrum
83. C. I. Varghese, son of Chalissery Ittiachan, Central Book Stall, Palace Road, Trichur
84. New Ladies Fancy Centre, Mannarghat
85. T. V. Thomas Panicker, Indu Book Depot, Angamali P.O., Ernakulam
86. M. M. Varghese, Book Centre, West Nada, Guruvayur
87. K. J. Raphael, Santha Book Stall, Book Sellers and Stationery Merchants, G. B. Road, Sultanpet, Palghat
88. M/s Asoka Book Agency, 2/27, Roop Nagar, Delhi-7
89. M/s St. Joseph's Book Stall, Convent Square, Alleppey
90. V. G. Abraham, St. Thomas Press and Book Depot, Kozhencherry
91. N. Sadanandan, Proprietor, Sadananda Printers, Publishers and Book Sellers, P. O. Alathur, Palghat District
92. K. R. Sukumaran Nair, Sukumar Book Stall, T. C. 23/652, Thampanoor, Tvm.
93. P. Aravindakshan, Book Seller, Near Post Office, Kottakkal
94. M/s D. K. Book Organisations, 74-D, Anand Nagar, (Inderlok) Delhi-110035
95. M/s Ashok Trades, Book Sellers, Market Junction, Kottarakkara
96. R. Viswanathan, Viswanath Stores, P.O. Chelakkara, Trichur
97. M/s Vijnanabhavan Book Stall, Publishers & Book Sellers, Kayamkulam, Alleppey
98. N. Krishnan Nair, Edupadickal Puthen Veedu, Kattakkada P.O., Neyyattinkara Taluk
99. K. Mohanan, Proprietor, S.N.V. Press and Book Depot, Kottarakkara
100. M/s Students Centre, Ottappalam.
101. T. G. Jacob, Pavoor House, Inchavila, Perinad, P.O. Quilon
102. Kallingal Ali, Ali Stores Badagar.
103. P. Madhavan Nair, M. S. Book Depot, Main Road, Quilon
104. K. C. Balan Nair, Book Centre, Opp. E.E.M.P. High School, Tellicherry-1
105. C. Parameswaran Nair, Ceepees Books and Periodicals, Kaithamukku, T. C. 27/178, Trivandrum-24
106. K. T. Varkey, Sam Agencies, Ponkunnam
107. N. G. Raveendranathan Nair, Rajashree, Traders, P.O. Road, Perumbavoor
108. Jyothi Book Centre, Round West, Trichur
109. M. Subbain, Students Stores, Kesavadasapuram, Ulloor Village, Trivandrum
110 M. P. Rajendran the Proprietor of M/s Gift House, Convent Road, Badagara
111. A. P. Thankappan Nair, New College Book Stall, Book Sellers, Muvattupuzha-686 661
112. P. R. Rajasekharan, Sree Lakshmivilasam Book Depot, Broadway, Ernakulam
113. Pandarathodi Hamsa, s/o P. Hydru, The Proprietor, Premier Book Stall, Opposite Government Hospital, Manjeri Road, Malappuram
114. V. Ramakrishna Pillai, Proprietor, Raja Stores, Karunagappally
115. R. Radhakrishna Pillai, Kallidukkil Veedu, Chadayamangalam, Kottarakkara, Quilon District
116. N. E. Balakesavan, Proprietor, Modern Book Centre, Trivandrum
117. K. Vasu Pillai, Nalloor, Mani Mandiram, Kanjiracode, Kundara, Quilon
118. N. Bhoothalingam Pillai, Swamy Book Centre, Trivandrum
119. S. Parameswaran Namboodiri, Saradhi Book Dealers, Kottayam
120. M. M. Job, Book Centre, Ottappalam
121. Parishat Book Stall, Court Road, Manjeri
122. M/s General Papers, Perinthalmanna
123. M/s Sahitya Pravarthaka Co-operative Society, Kottayam, Proprietor of National Book Stalls
124. T. Kanaran, M/s Santha Store, Court Road, Tellicherry
125. A. Sreedharan, Kottuvallil Veettil, Cheravally Muri, Kayamkulam, owner of Sreedhar Binding Works and Book Depot, Kayamkulam
126. T. Mohammed Hussan, Vadakke Panayullathil Parambil Thiruvil, Ezhamkulam Village, Quilon
127. George Avokaran, Janatha Stores, College Road, Trichur-1
128. Elsamma Joseph, Proprietor, Priya Store, Palai Road, Thodupuzha
129. N. Kumaran, Proprietor, Kumar Printers, Ottappalam
130. M. K. Sumathy, Proprietor, Wynad Book House, (MPV. 250), Down Bazar, Manantody
131. Kerala Cardamom Grower's Union, Giri Bhavan, Vandanmettu, Idikki District

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS IN THE KERALA STATE

1. J. S. Paul and Sons, Cannanore
2. G. Vital Prabhu, News Agent, Manjeswar
3. K. R. Brothers, Calicut
4. Moulavi Book Depot, Kasargode
5. Kottayi Gopalan, Tellicherry
6. Touring Book Stall, Calicut
7. K. P. Ahamed Kunhi and Brothers, Cannanore
8. Pallipat Stores, Irinjalakuda
9. St. Joseph's Press, Perinthalmanna
10. George Press, Ottapalam
11. Travancore Law House, Ernakulam
12. P. K. Brothers, Calicut
13. M. V. John, Law Book Seller, New Civil Courts, Tellicherry
14. Manager, Higginbothams (Private) Ltd., Trivandrum
15. Current Books, Publishers and Book Sellers, Trichur
16. Educational Supplies Book Sellers, Publishers and Printers, Palghat
17. H. and C. Stores, Dealers in Books, Kunnamkulam
18. Manager, Reddiar Press and Book Depot, Trivandrum
19. K. Parameswaran Pillai, Stamp Vendor, Pulimoodu, Trivandrum
20. Educational Supplies Depot, Trivandrum
21. Jayachandra Book Depot, Chalai, Trivandrum
22. S. Subramonia Iyer, Book Seller and Stamp Vendor, Kazhakootam
23. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum
24. N. Parameswa'ran Pillai, Alummoodu Veedu, Stamp Vendor, Kottarakkara
25. N. Neelakanta Iyer, Stamp Vendor, Padmavilasom Street, Fort, Trivandrum
26. The Manager, K. V. Press and Book Depot, Main Road, Attingal
27. K. Bhaskaran Nair, News Agent, Trivandrum
28. The Proprietor, Kerala Book House, Cranganore
29. K. K. Raghava Menon, Popular Book Depot, Crangaore
30. C. M. Book Stall, Publishers, Parayil, Kunnamkulam
31. A. Jose, Proprietor, S. V. Press and Book Depot, Neyyattinkara
32. N. Paramanandam, Proprietor, Ambika Press and Book Depot, Neyyattinkara
33. The New Order Book Company, Ellis Bridge, Ahmedabad
34. Pai and Company, Broadway, Ernakulam
35. S. Hariharakrishna Iyer, Vinayaka Book Stall, Pazhavangadi, Trivandrum
36. K. P. Gopalan, Swaraj Book Stall, Court Road, Quilandy
37. Ambat Sekhara Menon, Proprietor, Menon Stores, Chittur-Cochin
38. M. I. Abraham, News Agent and Book Seller, PunalurP .O.
39. K. G. Thomas, K. V. Book Depot, Chengannur
40. C. L. Joseph, The National Stores, Thana, Irinjalakuda
41. N. Krishnamoorthy, Merchant, Manantoddy
42. T. I. Joseph and Sons/ Prakasom Press and Book Depot, Irinjalakuda
43. P. Radhakrishna Pillai, Sivavilasom, Kizhakkekara, Kottarakara
44. Vidyarambham Press and Book Depot (P) Ltd., Mullakkal, Alleppey
45. K. S. Kumara Pillai, Sreekumar Stores, Nedumangad
46. E. K. John, Stamp Vendor, c/o Popular Trading Co., Kottayam
47. The Mahatma Press, Palace Road, Trichur
48. P. K. Chacko, Proprietor, Peekaycee Trades, Kottayam
49. Janatha Book Stall, Near P.M.G's Office, Trivandrum
50. The Secretary, Govt. Servants Co-operative Society Ltd., No. A208, Alleppey
51. The Manager, St. Thomas Press, Palai
52. The National Stores, Cannanore
53. N. Chellappan Pillai, Narayana Press and Book Stall, Attingal
54. K. Kunhambu, Bharath Printing Press Kanhangad (P.O.), Cannanore
55. Kozhy P. John, Vidyarthy Mithram Press and Book Depot, Kottayam
56. Y. Habeebulla, Proprietor, New Book Centre, Near Collectorate, Quilon
57. Vijayakumar Jain, Prabhu Book Service Gurgoan, Hariyana
58. Haji Abdul Rahiman Sait, Merchant, Kesavadasapuram, Trivandrum-4
59. M. Balan Manager, City Book Stall, R. S. Road, Ottappalam
60. K. Kunhiraman, Manager, Jaya Stores, Vazhuthacaud, Trivandrum
61. P. N. Narayana Pillai, M. N. Printers, Adoor
62. V. M. Noohu, Book Seller, Ansari Book Stall, Nilamel
63. A. Narayanan Potti, Book Seller, Near Civil Station, Quilon-9
64. Guru Book Stall, Palayam Road, Calicut
65. G. Prabhakaran Nair, Manager, Premier Book House, Muvattupuzha
66. Manager, Desabhimani Book House, M. G. Road, Trivandrum-1
67. K. V. Devassy, Manager, Perinthalmanna Printing Works, Perinthalmanna
68. K. Bhaskara Pillai, Prahla Book Depot, Attingal P.O.
69. K. A. George, Proprietor, Students Stores 74/XII Sub Jail Road, Alwaye
70. V. K. N. Pillai, Polayil Veedu, Manayilkulangara, Quilon-12
71. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad

(Continued to inside cover)

LIBRARY ARCHIVES Kerala Legislative Assembly